# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ജനുവരി 21, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 196 - നമ്പർ 3

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ജനുവരി 21, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീ. ഷാജി സി. ബേബി

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ജനുവരി 21, ചൊവ്വ

---

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 3

---

നിയമസഭ 2025 ജനുവരി മാസം 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

P.21-01-2025
RL-VS-1
9.00-9.10
SN

മി. സ്പീക്കർ: ഓർഡർ........... ഓർഡർ............

**ചരമോപചാരം**

മി. സ്പീക്കർ: മുൻ മന്ത്രി എം. ടി. പത്മ 2024 നവംബർ 12-നും മുൻ എം.എൽ.എ. കെ. മുഹമ്മദുണ്ണി ഹാജി 2025 ജനുവരി 18-നും പ്രിയകഥാകാരൻ എം. ടി. വാസുദേവൻ നായർ, 2024 ഡിസംബർ 25-നും അന്തരിച്ചു.

**എം. ടി. പത്മ**

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന എം. ടി. പത്മ 2024 നവംബർ 12-ന് അന്തരിച്ചു.

1943 ജനുവരി 9-ന് എം. ഗോവിന്ദന്റെയും സി. ടി. കൗസല്യയുടെയും മകളായി കണ്ണൂരിൽ ജനിച്ച എം. ടി. പത്മ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പാർട്ടിയിൽ ഉയർന്നുവന്ന് ഉന്നതപദവികൾ അലങ്കരിച്ച നേതാവായിരുന്നു. നിയമത്തിൽ ബിരുദവും ആർട്ട്സിൽ ബിരുദാനന്തര ബിരുദവും നേടിയ എം. ടി. പത്മ വിദ്യാർഥി പ്രസ്ഥാനമായ കെ.എസ്.യു.-വിലൂടെയാണ് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നത്. കെ.എസ്.യു. സംസ്ഥാന വൈസ്

പ്രസിഡന്റ്, കെ.പി.സി.സി. അംഗം, മഹിളാ കോൺഗ്രസ് ജനറൽ സെക്രട്ടറി, കോഴിക്കോട് ഡി.സി.സി. സെക്രട്ടറി, ട്രഷറർ, കോഴിക്കോട് നഗരസഭ പ്രതിപക്ഷ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

1987-ൽ കൊയിലാണ്ടി മണ്ഡലത്തിൽനിന്ന് എട്ടാം കേരള നിയമസഭയിലെത്തിയ പത്മ പിന്നീട് തുടർന്ന് 1991-ൽ ഒൻപതാം കേരള നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും അതേ മണ്ഡലത്തിൽനിന്ന് വിജയിച്ചു. 1991-ൽ കെ. കരുണാകരൻ മന്ത്രിസഭയിൽ ഫിഷറീസ്-ഗ്രാമ വികസന-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയായിരുന്നു. കേരള മന്ത്രിസഭയിൽ അംഗമായ മൂന്നാമത്തെ വനിതയായിരുന്നു എം. ടി. പത്മ. പൊതുജീവിതത്തിൽ ആത്മാർത്ഥതയും അർപ്പണബോധവും ഉറച്ച പ്രതിബദ്ധതയും ഉൾക്കൊള്ളുന്ന നേതാവായിരുന്ന പത്മ വേരുകൾ കണ്ണൂരിലായിരുന്നിട്ടും കോഴിക്കോടുമായുള്ള വ്യക്തിബന്ധം കാത്തുസൂക്ഷിച്ചിരുന്നു. കോഴിക്കോട് കോർപ്പറേഷനിൽ പ്രതിപക്ഷ നേതാവെന്നനിലയിൽ അവർ നൽകിയ സംഭാവനകളും പൊതുജനങ്ങളെ, പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അവരുടെ കഴിവും പരക്കെ അംഗീകരിക്കപ്പെട്ടു. തീരദേശ ജനതയുടെ ക്ഷേമത്തിനും കേരളത്തിന്റെ വികസനത്തിനുമുള്ള അവരുടെ

പ്രതിബദ്ധത എല്ലാക്കാലവും ഓർമ്മിക്കപ്പെടും.

പ്രതിബദ്ധത കൈമുതലാക്കിയ മനുഷ്യസ്നേഹിയായ ഒരു നേതാവിനെയാണ് എം. ടി. പത്മയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## കെ. മുഹമ്മദുണ്ണി ഹാജി

മുൻ നിയമസഭാംഗവും മുതിർന്ന മുസ്ലീം ലീഗ് നേതാവുമായിരുന്ന കെ. മുഹമ്മദുണ്ണി ഹാജി 2025 ജനുവരി 18-ന് അന്തരിച്ചു.

1943 ജൂലൈ 1-ന് കോടാലി വീട്ടിൽ കെ. ഹസ്സന്റെയും പാത്തുവിന്റെയും മകനായി മലപ്പുറത്ത് ജനിച്ച കെ. മുഹമ്മദുണ്ണി ഹാജി ചെറുപ്രായത്തിൽത്തന്നെ പൊതുപ്രവർത്തനം ആരംഭിച്ചു. വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിലൂടെയായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ രംഗത്തേക്കുള്ള പ്രവേശനം. ദീർഘകാലം കൊണ്ടോട്ടി മണ്ഡലം മുസ്ലീംലീഗ് സെക്രട്ടറിയായും മുസ്ലീംലീഗ് മലപ്പുറം ജില്ലാ സെക്രട്ടറിയായും പ്രവർത്തിച്ചു. കാൽ നൂറ്റാണ്ടുകാലം പൂക്കോട്ടൂർ പഞ്ചായത്ത് അംഗവും പതിനാല് വർഷത്തോളം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു.

ചന്ദ്രിക ദിനപത്രത്തിന്റെ ജില്ലാ കോ-ഓർഡിനേറ്റർ, മലപ്പുറം

കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ചെയർമാൻ, കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ചെയർമാൻ, ഏറനാട് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ബാങ്ക് മെമ്പർ, സ്വതന്ത്ര കർഷക സംഘം മലപ്പുറം ജില്ലാ കമ്മിറ്റി പ്രസിഡന്റ്, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി അംഗം, റെയിൽവേ അഡ്വൈസറി ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 2006-2011 വർഷങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ നിന്നും വിജയിച്ച് യഥാക്രമം പന്ത്രണ്ടാം കേരള നിയമസഭയുടെയും പതിമൂന്നാം കേരള നിയമസഭയുടെയും ഭാഗമായി.

സഹകരണ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തിത്വമായിരുന്ന കെ. മുഹമ്മദുണ്ണി ഹാജി. മികച്ച നിയമസഭാ സാമാജികനും സഹകാരിയുമായിരുന്ന അദ്ദേഹം സമൂഹത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

പ്രതിബദ്ധതയും സഹജീവിസ്നേഹവും കൈമുതലാക്കിയ മനുഷ്യസ്നേഹിയായ ഒരു നേതാവിനെയാണ് കെ. മുഹമ്മദുണ്ണി ഹാജിയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

**എം.ടി. വാസുദേവൻ നായർ**

മലയാളികളുടെ പ്രിയകഥാകാരൻ എം.ടി. വാസുദേവൻ നായർ, 2024

ഡിസംബർ 25-ന് അന്തരിച്ചു.

1933 ജൂലൈ 15-ന് പാലക്കാട് ജില്ലയിലെ കൂടല്ലൂരിൽ, നാരായണൻ നായരുടെയും അമ്മാളു അമ്മയുടെയും മകനായിട്ടാണ് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്ന എം. ടി. വാസുദേവൻ നായർ ജനിച്ചത്. അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം പിന്നീട് മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായി ഏറെ കാലം പ്രവർത്തിച്ചു. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, നാടകകൃത്ത്, തിരക്കഥാകൃത്ത്, ചലച്ചിത്രസംവിധായകൻ, പത്രാധിപർ എന്നീ നിലകളിൽ കേരളത്തിന്റെ സാംസ്കാരിക ഭൂമികയിൽ മായാത്ത മുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഏഴ് പതിറ്റാണ്ടോളം മലയാളസാഹിത്യത്തിൽ നിർണ്ണായക സ്വാധീനശക്തിയാകാൻ അദ്ദേഹത്തിന് സാധിച്ചു.

1954 ൽ ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ സംഘടിപ്പിച്ച ലോക ചെറുകഥാമത്സരത്തിന്റെ ഭാഗമായി മാതൃഭൂമി നടത്തിയ കഥാമത്സരത്തിൽ എം.ടി രചിച്ച 'വളർത്തുമൃഗങ്ങൾ' എന്ന കഥ ഒന്നാം സ്ഥാനം നേടിയതോടെ അദ്ദേഹം ശ്രദ്ധേയനായിത്തീർന്നു. മനുഷ്യബന്ധങ്ങളിൽ കൈകടത്തുന്ന മതബോധങ്ങളെ വിമർശിക്കുന്ന 'പാതിരാവും പകൽവെളിച്ചവും' എന്ന അദ്ദേഹത്തിന്റെ നോവൽ അക്കാലത്ത് ഖണ്ഡശ്ശ പ്രസിദ്ധീകരിക്കപ്പെട്ടു.

1958-ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യനോവലായ 'നാലുകെട്ട്' കേരള സാഹിത്യ അക്കാദമി അവാർഡിനർഹമായി. മനുഷ്യബന്ധങ്ങളുടെ സങ്കീർണതകളും മനുഷ്യമനസ്സുകളുടെ സംഘർഷങ്ങളും അത്രയും സൂക്ഷ്മമായി അവതരിപ്പിച്ച കഥാകാരനാണ് എം.ടി. അദ്ദേഹത്തിന്റെ നിരവധി കൃതികൾ മറ്റു ഇന്ത്യൻ ഭാഷകളിലേയ്ക്കും വിദേശ ഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

1995-ൽ ഭാരതത്തിലെ സാഹിത്യരംഗത്തെ ഏറ്റവും ഉയർന്ന പുരസ്കാരമായ ജ്ഞാനപീഠത്തിന് എം.ടി. അർഹനായി. മലയാളസാഹിത്യത്തിന് അദ്ദേഹം നൽകിയ അമൂല്യ സംഭാവനകൾ കണക്കിലെടുത്ത്, 1996-ൽ കാലിക്കറ്റ് സർവകലാശാല ബഹുമാന സൂചകമായി ഡി.ലിറ്റ്. ബിരുദം നൽകി ആദരിക്കുകയുണ്ടായി. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, നാലപ്പാടൻ പുരസ്കാരം, ദേശാഭിമാനി സാഹിത്യ പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങിയ നിരവധി പുരസ്കാരങ്ങൾ നേടിയ എം.ടി. വാസുദേവൻ നായരെ 2005-ൽ രാജ്യം പത്മഭൂഷൺ നല്കി ആദരിച്ചു. 2022-ൽ പ്രഥമ കേരളജ്യോതി പുരസ്കാരം നല്കി കേരള സർക്കാരും അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

2023-ലാണ് കല, സാഹിത്യം, സാംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവനയ്ക്കുള്ള നിയമസഭാ പുരസ്കാരം നൽകിക്കൊണ്ട് കേരള നിയമസഭ അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിച്ചത്.

എം.ടി. രചിച്ച 'സ്നേഹത്തിന്റെ മുഖങ്ങൾ' 'മുറപ്പെണ്ണ്' എന്ന പേരിൽ സിനിമയായപ്പോൾ അതിന് തിരക്കഥ എഴുതിക്കൊണ്ട് അദ്ദേഹം ചലച്ചിത്രലോകത്തേയ്ക്ക് പ്രവേശിച്ചു. 1973-ൽ അദ്ദേഹം ആദ്യമായി സംവിധാനം ചെയ്ത് നിർമ്മിച്ച 'നിർമാല്യം' എന്ന ചിത്രത്തിന് രാഷ്ട്രപതിയുടെ സ്വർണ്ണപ്പതക്കം ലഭിച്ചു. അദ്ദേഹത്തിന്റെതന്നെ 'പള്ളിവാളും കാൽച്ചിലമ്പും' എന്ന കഥയാണ് നിർമ്മാല്യം എന്ന സിനിമയ്ക്കാധാരം. പ്രമേയത്തിന്റെയും അവതരണത്തിന്റെയും ശക്തിക്കൊണ്ട് ഇന്നും ചർച്ച ചെയ്യപ്പെടുന്ന ഒന്നാണത്. അറുപതോളം തിരക്കഥകൾ രചിക്കുകയും ഏഴ് ചിത്രങ്ങൾ സംവിധാനം ചെയ്യുകയും ചെയ്ത എം.ടി., നാലു തവണ മികച്ച തിരക്കഥാകൃത്തിനുള്ള ദേശീയപുരസ്കാരത്തിന് അർഹനായിട്ടുണ്ട്. 2013-ൽ സിനിമയിലെ സമഗ്രസംഭാവനകൾക്കുള്ള ജെ. സി ഡാനിയേൽ പുരസ്കാരവും എം.ടി-യെ തേടിയെത്തി.

മലയാളത്തിന് എം.ടി. തയ്യാറാക്കിയ മാതൃഭാഷാ പ്രതിജ്ഞ 2018-ൽ സർക്കാർ ഔദ്യോഗികമായി അംഗീകരിച്ചു. " ഞാൻ സ്വപ്നം കാണുന്നത്

എന്റെ ഭാഷയിലാണ്, എന്റെ ഭാഷ ഞാൻ തന്നെയാണ്." എന്ന പ്രതിജ്ഞാവാചകം കാല്പനിക സൗന്ദര്യത്തിനൊപ്പം മാതൃഭാഷ എന്ന സങ്കല്പത്തിന്റെ യാഥാർത്ഥ്യംകൂടി നമ്മെ ഓർമ്മിപ്പിക്കുന്നു. മാതൃഭൂമി ആഴ്ചപതിപ്പിന്റെ പത്രാധിപസ്ഥാനത്തുനിന്ന് വിരമിച്ചതിനുശേഷം, 1993 മുതൽ തുഞ്ചൻ സ്മാരക സമിതിയുടെ അദ്ധ്യക്ഷനെന്ന നിലയ്ക്ക് അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ നിസ്തുലമാണ്. തുഞ്ചൻ സാഹിത്യോത്സവങ്ങളിലൂടെ മലയാളസാഹിത്യത്തിന്റെ പെരുമ ലോകമറിഞ്ഞിരുന്നതുപോലെതന്നെ, മറ്റു ഭാഷകളിലെ സാഹിത്യപ്രതിഭകളെ മലയാളികൾക്ക് പരിചയപ്പെടാനും അവസരമൊരുക്കികൊണ്ട് തുഞ്ചൻപറമ്പിനെ സാർത്ഥകമാക്കി. 1995-2001 കാലയളവിൽ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് എന്ന നിലയ്ക്കും ശ്രദ്ധേയമായ സേവനം അദ്ദേഹം കാഴ്ചവെച്ചു. നിള നീരേറ്റിയ ആ കഥാകാരൻ എന്നും നിളയ്ക്കും പ്രകൃതിയ്ക്കുംവേണ്ടി നിലകൊണ്ട പരിസ്ഥിതി പ്രവർത്തകൻ കൂടിയായിരുന്നു.

കാലം മാറ്റുരച്ച എക്കാലത്തെയും മികച്ച ക്ലാസിക് കൃതികളിലൂടെയും വിവിധ തുറകളിലുള്ള പ്രവർത്തനങ്ങളിലൂടെയും അദ്ദേഹം അവിസ്മരണീയനായിരിക്കും എന്നതിൽ സംശയമില്ല. എം. ടി.-യുടെ വിയോഗത്തിലൂടെ കേരളത്തിന് നഷ്ടമായത് കേരളത്തിന്റെ സാമൂഹിക-

കലാ-സാഹിത്യ-സാംസ്കാരിക മേഖലകളിലെ ചലനാത്മക ശക്തിയെയാണ്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

(ചെയർപേഴ്സൺമാരുടെ പാനൽ)

P.21-01-2025

RL-VS-1
9.00-9.10

**ചെയർപേഴ്സൺമാരുടെ പാനൽ**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. സി. കെ. ഹരീന്ദ്രൻ, ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീ. ടി. ജെ. വിനോദ് എന്നിവരെ പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലേയ്ക്കുള്ള ചെയർപേഴ്സൺമാരുടെ പാനലിലേയ്ക്ക് നാമനിർദേശം ചെയ്യുന്നു.

(ശ്രദ്ധക്ഷണിക്കൽ)

P.21-01-2025
RL-VS-1
9.00-9.10
**ശ്രദ്ധക്ഷണിക്കൽ**

ട്രെയിനുകളിൽ സ്ലീപ്പർ കോച്ചുകൾ കുറയ്ക്കുന്നതുമൂലമുള്ള യാത്രാ ക്ലേശം

ശ്രീ. പി. നന്ദകുമാർ: സർ, വളരെ ഗൗരവതരമായ ഒരു വിഷയമാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ അവതരിപ്പിക്കുന്നത്. ചെറിയ സംസ്ഥാനമാണെങ്കിലും യാത്രക്കാർ കൂടുതലുള്ള സംസ്ഥാനമാണ് കേരളം. മറ്റുപല ഡിവിഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം വരുമാനത്തിന്റെ കാര്യത്തിൽ മുന്നിട്ടുനിൽക്കുകയാണ്. എന്നാൽ യാത്രക്കാർ ദുരിതമനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാനവും കേരളംതന്നെയാണ്. തിരുവനന്തപുരം ഡിവിഷനിൽ കഴിഞ്ഞവർഷത്തെ വരുമാനം 2156 കോടി രൂപയും പാലക്കാട് ഡിവിഷനിൽ 1576 കോടി രൂപയുമാണ്. രണ്ടുഡിവിഷനിലുംകൂടി കഴിഞ്ഞ വർഷത്തെ വർധനവ് 224 കോടി രൂപയാണ്. സതേൺ റെയിൽവേയിലെ ഏറ്റവും വരുമാനമുള്ള 25 സ്റ്റേഷനുകളിൽ 17 എണ്ണം കേരളത്തിലാണ്. വടക്കേ മലബാറിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് എത്തിച്ചേരാൻ, സാധാരണക്കാർക്കും ക്യാൻസർ രോഗികൾക്കും ടിക്കറ്റ് പലപ്പോഴും ലഭിക്കാറില്ല. എം.എൽ.എ.-മാർക്കുപോലും അർഹതപ്പെട്ട രീതിയിൽ ടിക്കറ്റ് ലഭിക്കാത്ത

അവസ്ഥയുമുണ്ടായിട്ടുണ്ട്. ഷൊർണ്ണൂരിൽനിന്ന് വൈകിട്ട് നാലുമണിക്കുശേഷം നാലുമണിക്കൂർ കഴിഞ്ഞാണ് സാധാരണ യാത്രക്കാർക്ക് വടക്കോട്ട് യാത്ര ചെയ്യാനുള്ള ട്രെയിനുള്ളത്. അതിനിടയിൽ വരുന്ന വണ്ടിക്ക് പല പ്രധാനപ്പെട്ട സ്റ്റേഷനിലും സ്റ്റോപ്പില്ല എന്നതാണ്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വികസനം സ്വപ്നം മാത്രമാണ്. അഞ്ച് പ്ലാറ്റുഫോമുകൾ മാത്രമുള്ള തിരുവനന്തപുരത്ത് വണ്ടികൾ പലപ്പോഴും പ്രവേശിക്കാൻ കഴിയാതെ തൊട്ടടുത്ത സ്റ്റേഷനുകളിൽ പിടിച്ചിടുകയാണ്. ഇതിന്റെ ഫലമായി തൊഴിലിടങ്ങളിൽ പലർക്കും എത്തിച്ചേരാൻ കഴിയുന്നില്ല. നേമം, കൊച്ചുവേളി ടെർമിനൽ പ്രവർത്തനങ്ങൾ വേഗതയിൽ നടക്കുന്നില്ല. നാഗർകോവിൽ തിരുവനന്തപുരം റെയിൽ സിംഗിൾ ലൈനാണ്. വിഴിഞ്ഞം പോർട്ട് പൂർണ്ണതയിലേയ്ക്കുവരുന്നതോടെ ചരക്കുഗതാഗതം വർധിക്കുന്നതിനാൽ ഗതാഗതകുരുക്ക് ഇനിയും വർധിക്കും. മറ്റൊരു പ്രധാനപ്പെട്ട സ്റ്റേഷനാണ് എറണാകുളം. ഏറ്റവും കൂടുതൽ ട്രെയിനുകൾ കടന്നുപോകുന്ന ട്രാക്കാണ് എറണാകുളം. ഷൊർണ്ണൂർ - എറണാകുളം മൂന്നാം പാത നിർമ്മാണം ഇപ്പോഴും സ്വപ്നംമാത്രമായി അവശേഷിക്കുന്നു. കൊച്ചിൻ ഹാർബർ ടെർമിനലും എറണാകുളം മാർഷലിംഗ് യാർഡും ഉപയോഗപ്പെടുത്തി വികസന സാധ്യത വർധിപ്പിക്കാൻ ശക്തമായ

ഇടപെടലുകൾവേണം.

(തുടരും.....)

പി. 21.01.2025
പി.എസ്./വി.എസ്. (1)
09:10 - 09:20

(ശ്രീ. പി. നന്ദകുമാർ) തുടർച്ച...

ഷൊർണ്ണൂരിൽ 180-ഓളം ഏക്കർ സ്ഥലം ഒഴിഞ്ഞു കിടക്കുകയാണ്. കോച്ചിങ്ങ് ടെർമിനലും ടെർമിനൽ ഓപ്പറേറ്റിങ്ങ് സെന്ററും വേണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടതാണ്. ഇപ്പോഴും അതിനെ സംബന്ധിച്ചിടത്തോളം യാതൊരു ഇടപെടലും നടക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം ശക്തിപ്പെടുത്തിയാൽ മാത്രമേ യാത്രാ സൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ. സാധാരണക്കാരന് യാത്രാ സൗകര്യം വർദ്ധിപ്പിക്കാൻ മെമു ട്രെയിനുകളുടെ എണ്ണം വർദ്ധിപ്പിക്കണം. നിലവിലോടുന്ന ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നില്ലെന്ന് മാത്രമല്ല കോച്ചുകൾ വെട്ടിക്കുറയ്ക്കുന്നത് ക്രൂരമായ നടപടിയാണ്. കേരളത്തിന്റെ ആവശ്യങ്ങളോട് കേന്ദ്രം ചിറ്റമ്മ നയമാണ് അനുവർത്തിക്കുന്നത്. സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ ശക്തമായി ഇടപെടണം. ബന്ധപ്പെട്ട റെയിൽവേ അതോറിറ്റി ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുചേർക്കണം. ഈ പ്രശ്നം കേരളത്തിന്റ പൊതുയാത്രാ

പ്രശ്നമായി ഉയർത്തിക്കൊണ്ടുവരാൻ നമ്മൾ ശക്തമായി ഇടപെടണം. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഈ പ്രമേയത്തിലൂടെ ഞാൻ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട പൊന്നാനി അംഗം ഏറ്റവും പ്രാധാന്യമേറിയൊരു കാര്യമാണ് സഭയുടെ മുമ്പാകെ അവതരിപ്പിച്ചത്. സംസ്ഥാന ഗവൺമെന്റ് കേരളത്തിലെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവെ മന്ത്രാലയവുമായും/ ബോർഡുമായും നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. റെയിൽവെ സംസ്ഥാനത്തോടു കാണിക്കുന്ന അവഗണന സംബന്ധിച്ച് കേന്ദ്ര-റെയിൽവെ വകുപ്പു മന്ത്രിയുമായി ഈ ഗവൺമെന്റ് ഏറ്റവും കുറഞ്ഞത് 20 തവണയെങ്കിലും ചർച്ച നടത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് മാസങ്ങൾക്ക് മുമ്പ് (16-10-2024) ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയിൽവെ വകുപ്പുമന്ത്രിയോട് അദ്ദേഹത്തിന്റെ ഡൽഹി ഓഫീസിൽ വച്ച് കേരളത്തിലെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. 2024 ജൂലൈ 30-ന് റെയിൽവെ അധികൃതരുമായി നടത്തിയ ചർച്ചയിൽ പാസഞ്ചർ ട്രെയിനുകളുടെ എണ്ണം വെട്ടിച്ചുരുക്കുന്നതും മറ്റ് ട്രെയിനുകളിൽ സ്ലീപ്പർ

കോച്ചുകൾ വെട്ടിക്കുറച്ച വിഷയവും ചർച്ച ചെയ്യുകയുണ്ടായി. റെയിൽ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് റെയിൽവെ അധികൃതരോട് ആവശ്യപ്പെടുകയും നടപടി സ്വീകരിക്കാമെന്ന് റെയിൽവെ ഉറപ്പും നൽകിയതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ പരശുറാം എക്സ്പ്രസ്സിന് രണ്ട് കോച്ചുകൾ മാത്രമാണ് ഘടിപ്പിച്ചത്. മിക്ക ട്രെയിനുകളിലും ഏറ്റവും കൂടുതൽ യാത്രക്കാർ ബുക്കിംഗ് സമയത്ത് ആവശ്യപ്പെടുന്നത് എ.സി. 3 ടയർ കമ്പാർട്ടുമെന്റുകളാണെന്നാണ് റെയിൽവെ സംസ്ഥാനത്തെ അറിയിച്ചിട്ടുള്ളത്. അതേസമയം ട്രെയിനിൽ ഉൾപ്പെടുത്താൻ കഴിയുന്ന പരമാവധി ബോഗികളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താൻ സാധിക്കില്ലെന്നാണ് റെയിൽവെ അറിയിച്ചത്. ഓരോ ട്രെയിനിലും അതിൽ ഉൾപ്പെടുത്താവുന്ന ബോഗികളുടെ എണ്ണം (എൽ.എച്ച്.പി. ആണെങ്കിൽ) 22 എണ്ണമാണ്. അതിൽ 11 എ.സി. കോച്ചുകളാണ് നിലവിലുള്ളത്. ഇതിൽ മറ്റൊരു കാര്യം, കോച്ചുകൾക്കപ്പുറം കേരളത്തിൽ കൂടുതൽ മെമു ട്രെയിനുകൾ അനുവദിക്കണമെങ്കിൽ നിലവിലുള്ള മൂന്നും നാലും പാതകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും ബഹുമാനപ്പെട്ട റെയിൽവെ വകുപ്പുമന്ത്രിയുമായി ചർച്ച

നടത്തിയതാണ്. കേരള സർക്കാരിന്റെ സ്വന്തം ചെലവിൽ ട്രാക്കുകൾ നിർമ്മിക്കാൻ കഴിയുമെങ്കിൽ വേഗത്തിൽ നിർമ്മിക്കണമെന്ന ഉപദേശമാണ് റെയിൽവെ നൽകിയത്. റെയിൽവെയുടെ പ്രോപ്പർട്ടിയിൽ റെയിൽവെ ആണ് ട്രാക്കുകൾ നിർമ്മിക്കേണ്ടതെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. ഇതോടൊപ്പംതന്നെ ശബരി പാതയുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏറ്റവുമധികം തീർത്ഥാടകർ വന്നുപോകുന്ന ശബരിമലയിലേക്കുള്ള റെയിൽവെ ലൈയിനുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. നിരവധി തവണ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവെങ്കിലും റെയിൽവെ കൃത്യമായിട്ടുള്ളൊരു നിലപാട് വ്യക്തമാക്കിയില്ല. കേരളത്തിന്റെ അഭിപ്രായത്തിൽ ശബരി റെയിൽ അങ്കമാലിയിൽ നിന്ന് ആരംഭിക്കണമെന്നുള്ളത് തന്നെയാണ്. ഇത്തരം കാര്യങ്ങളിലൊക്കെതന്നെ നല്ല രീതിയിൽ റെയിൽവെയുമായി ബന്ധപ്പെട്ട് വരികയാണ്. ഇതിൽ സാധാരണക്കാരായ ട്രെയിൻ യാത്രക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്ന നിരവധി പ്രശ്നങ്ങളാണ് ഞാൻ ആദ്യം സൂചിപ്പിച്ചത്. 22 കോച്ചുകളിൽ 11 കോച്ചുകൾ എ.സി. കോച്ചുകളാണ്. ഇതെല്ലാംതന്നെ യാത്രക്കാർക്ക് പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന് നമുക്കറിയാം. തത്കാൽ/പ്രീമിയം തത്കാൽ എന്നിവയിൽ വളരെ കൂടിയ നിരക്കാണ് റെയിൽവെ

ഏർപ്പെടുത്തിയിട്ടുള്ളത്. അതിൽ യാത്രക്കാർക്ക് വലിയ തോതിൽ പണം മുടക്കേണ്ട അവസ്ഥയാണ് സംജാതമായിട്ടുള്ളത്. കേരളത്തിലെ റെയിൽ യാത്രക്കാർ നേരിടുന്ന ഇത്തരം പ്രശ്നങ്ങളെല്ലാംതന്നെ റെയിൽവെ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇനിയും അക്കാര്യത്തിൽ അവരുടെ ശ്രദ്ധപതിപ്പിക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധ ക്ഷണിക്കലുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. നന്ദകുമാർ: സർ, ഈ പൊതുവിഷയത്തോടൊപ്പംതന്നെ റെയിൽവെ ഡിവിഷനിൽ അടിയന്തിരമായി യാത്രാ ക്ലേശം പരിഹരിക്കാൻ ഇടക്കാലത്തുതന്നെ ചെയ്യാൻ കഴിയുന്ന കാര്യങ്ങളുമുണ്ട്. റെയിൽവെ ഉദ്യോഗസ്ഥന്മാരുമായി അത്തരം വിഷയം മാത്രം ഉൾപ്പെടുത്തിക്കൊണ്ടൊരു ചർച്ച നടത്തേണ്ടതുണ്ട്. ഇപ്പോൾ മെമു ട്രെയിൻ ഓടിക്കുന്നത് ഉൾപ്പെടെയുള്ള ചെറിയ ചെറിയ കാര്യങ്ങളുണ്ട്. അതെല്ലാം നിർവഹിക്കാൻ ഇവർക്ക് കഴിയും. സാധാരണക്കാരന്റെ യാത്രാ ക്ലേശം പരിഹരിക്കാനാവശ്യമായ ഇടപെടൽ അടിയന്തിരമായി നടത്തുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ക്രിസ്തുമസ്സ്, ഓണം, വിഷു, ഈദ്, ന്യൂ-ഇയർ തുടങ്ങി പ്രത്യേക സീസണുകൾ വരുന്ന സമയത്ത് കൂടുതൽ സ്പെഷ്യൽ ട്രെയിനുകൾ

ഓടിക്കണമെന്ന് നിരന്തരമായി നമ്മൾ ആവശ്യപ്പെടുകയാണ്. ഈ സമയങ്ങളിൽ യാത്രക്കാരുടെ ബാഹുല്യം കാരണം ടിക്കറ്റ് ലഭ്യമാകാത്ത കാര്യം വരെ നമ്മൾ സംസാരിച്ചു കഴിഞ്ഞതാണ്. സംസ്ഥാന സർക്കാർ സീസൺ സമയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക കലണ്ടർ തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിക്കുകയുണ്ടായി. ഇത് പ്രകാരം സ്പെഷ്യൽ ട്രെയിനുകൾ അതിന്റെ സർവ്വീസുകൾ നടത്താനും അനുസംബന്ധിച്ച് മുൻകൂട്ടി അറിയിപ്പുകൾ നൽകാനും കഴിഞ്ഞ യോഗത്തിൽ തീരുമാനമുണ്ടായിരുന്നു. വിശേഷ ദിവസങ്ങളും തിരക്ക് അധികമാകുന്ന അവധി ദിവസങ്ങളും ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ കലണ്ടർ 27-07-2024-ന് റെയിൽവെയ്ക്ക് നൽകുകയുണ്ടായി. തിരിക്ക് കൂടുന്ന അവസരങ്ങളിൽ ചെന്നൈ, ബാംഗ്ലൂർ, ഹൈദരാബാദ്, മുംബൈ, ഡൽഹി തുടങ്ങിയ നഗരങ്ങളിൽ നിന്നും പ്രത്യേക ട്രെയിനുകൾ കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് സ്പെഷ്യൽ തീവണ്ടികളായി ആരംഭിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇതിന് റെയിൽവെ അധികാരികളിൽ നിന്ന് അനുകൂല മറുപടിയാണ് ലഭിച്ചത്. ഓണം, നവരാത്രി, ശബരിമല തീർത്ഥാടന കാലം എന്നീ സമയങ്ങളിൽ ചെന്നൈ, ബാംഗ്ലൂർ, ഹൈദരാബാദ് നഗരങ്ങളിൽ നിന്നും കൂടുതൽ സ്പെഷ്യൽ ട്രെയിനുകൾ അനുവദിക്കുകയുണ്ടായി. എന്നാൽ ഈ ക്രമീകരണങ്ങളൊന്നും

ഉത്സവകാലത്തെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് പര്യാപ്തമല്ലെന്നത് വസ്തുതയാണ്. ഇക്കാര്യത്തിലും സംസ്ഥാന സർക്കാർ ഇടപെടുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(ശ്രീ. അൻവർ സാദത്ത്)

P.- 21.01.2025
9.20-9.30 am
KA/VS(1)

**ലഹരി വിരുദ്ധ ബോധവൽക്കരണം പാഠ്യപദ്ധതിയിൽ**

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇന്ന് വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം കൂടുന്നതായാണ് പല കണക്കുകളും ബോധ്യപ്പെടുത്തുന്നത്. പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പലപ്പോഴും ഞെട്ടിക്കുന്ന സംഭവങ്ങളാണ് കാണുന്നത്. ലഹരി ഉപയോഗിച്ചുകൊണ്ട് മാതാപിതാക്കളെ ഉപദ്രവിക്കുകയും കൊലചെയ്യുകയും ചെയ്യുന്ന സാഹചര്യം വരെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അടുത്ത കാലത്ത് തൃശ്ശൂരിൽ 15 വയസ്സുള്ള ഒരു കുട്ടി കൊലപാതകം ചെയ്തതായി നമുക്കറിയാൻ സാധിച്ചു. ലഹരി ഉപയോഗത്തിന്റെ അമിത സ്വാധീനമാണ് നമുക്കിതിലൂടെ കാണാൻ കഴിയുന്നത്. ലഹരി ഉപയോഗത്തിനെതിരെ വിദ്യാഭ്യാസം, എക്സൈസ്

വകുപ്പുകളും ഗവൺമെന്റും കാലാകാലങ്ങളിൽ ക്യാമ്പെയ്ൻ നടത്തുന്നുണ്ട്. പക്ഷെ, അത് കുട്ടികളെ എത്രമാത്രം സ്വാധീനിക്കുന്നുവെന്നത് സംശയകരമാണ്. ഇതിനെതിരെ വലിയ പരിപാടികൾ സംഘടിപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്യുന്നുണ്ടെങ്കിലും അതൊക്കെ അവിടെ വച്ച് അവസാനിക്കുകയാണ്. അത് കുട്ടികളുടെ മനസ്സിലേക്ക് വേണ്ടരീതിയിൽ കയറുന്നില്ല എന്നത് ഒരു വസ്തുതയാണ്. നമ്മുടെ കുട്ടികളൊക്കെ പഠനകാലങ്ങളിൽ അധ്യാപകരുമായിട്ടാണ് കൂടുതലും കമ്മ്യൂണിക്കേറ്റ് ചെയ്യുന്നത്. അധ്യാപകർ പറയുന്ന പല കാര്യങ്ങളും കുട്ടികൾക്ക് ഇറിറ്റേഷൻ ഉണ്ടാക്കുമെങ്കിലും അതവരുടെ ജീവിതത്തെ അന്വർത്ഥമാക്കുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള ഒരു അവബോധം നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. മാതാപിതാക്കൾ പറയുന്നതിനേക്കാൾ, അധ്യാപകർ പറയുന്ന കാര്യങ്ങളാണ് അവരുടെ മനസ്സിനെ കൂടുതൽ സ്വാധീനിക്കുന്നത്.

2018 ഏപ്രിൽ 4-ാം തീയതി കൂടിയ കേരള നിയമസഭാ സബ്ജക്റ്റ് കമ്മിറ്റി (സബ്ജക്റ്റ് കമ്മിറ്റി VI) സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ, ഖണ്ഡിക 11-ൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് ഒന്നാം ക്ലാസ് മുതൽ

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പംതന്നെ രക്ഷകർത്താക്കൾക്കുകൂടി ബോധവത്ക്കരണം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള ഒരു ശിപാർശ ഈ കമ്മിറ്റി നൽകിയിട്ടുണ്ട്. സാധാരണയായി തെറ്റ് തിരുത്താനും അത് മായ്ച്ച കളയാനുമാണ് വൈറ്റ്നർ ഉപയോഗിക്കുന്നത്. പക്ഷേ തെറ്റിലേക്ക് പോകാനാണ് ഇപ്പോൾ കുട്ടികൾ വൈറ്റ്നർ ഉപയോഗിക്കുന്നത്. വൈറ്റ്നറും കഫ് സിറപ്പും കൂടി കൂട്ടിച്ചേർത്ത് ലഹരിക്കായി കുട്ടികൾ ഉപയോഗിക്കുന്നു. ലഹരി എന്താണെന്നറിയാനുള്ള ടെൻഡൻസിയാണ് കുട്ടികളിലുള്ളത്. ആ ടെൻഡൻസി സുഹൃത്തുക്കൾ മുഖേനയും കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. നാട്ടിൻപ്രദേശങ്ങളിലും സ്കൂളിന്റെ പരിസരങ്ങളിലും ധാരാളം സംഘങ്ങളുണ്ട്. നമുക്ക് നിയന്ത്രിക്കാൻ കഴിയുന്നതിനപ്പുറമാണ് ഇതിന്റെ ശൃംഖല. ലഹരി ഉപയോഗിക്കാനുള്ള ടെൻഡൻസി കുട്ടികളെ ഇതിലേക്ക് എത്തിക്കുകയും അത് വലിയ അപകടത്തിലേക്ക് എത്തിച്ചേരുകയും പിന്നീട് അതിന് അഡിക്റ്റാവുകയും ചെയ്യുന്നു. ഇത് അവരെ ക്രിമിനൽ പശ്ചാത്തലത്തിലേക്ക് എത്തിക്കുന്നു. ലഹരി കിട്ടാൻ വേണ്ടി എന്തും ചെയ്യുന്ന ഒരു സാഹചര്യത്തിലേക്ക് എത്തിച്ചേരുന്ന സ്ഥിതി വരെയുണ്ടാകുന്നുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ മാതാപിതാക്കളെപോലും ഉപദ്രവിക്കുന്ന ഒരു

കാലഘട്ടത്തിലേക്ക് പോവുകയാണ്. 2024-ലെ കണക്കുപ്രകാരം 4,01,369 മയക്കുമരുന്ന് കേസുകളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. പതിനെട്ടുവയസ്സിനു താഴെയുള്ള കുട്ടികൾ ഉൾപ്പെട്ട 39 കേസുകൾ 2024 ആഗസ്റ്റ് വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റു കുറ്റകൃത്യങ്ങളിൽ ഉൾപ്പെടെ 743 കേസുകളിൽ 1510 കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ 2 murder കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 1600-ലധികം കുട്ടികളാണ് മയക്കുമരുന്നുമായി പിടിയിലായിട്ടുള്ളതെന്നാണ് കണക്കുകൾ ബോധിപ്പിക്കുന്നത്. ഇതെല്ലാം കണക്കിലെടുത്താണ് ഞാൻ നേരത്തേ പറഞ്ഞതുപോലെ ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അധ്യാപകർ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുമ്പോൾ അവരത് കേൾക്കുവാനും മനസ്സിലിരുത്തുവാനും തെറ്റിലേക്ക് പോകാതിരിക്കാനുമുള്ള സാഹചര്യമുണ്ടാകും. അതുകൊണ്ടാണ് ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുപറഞ്ഞത്. ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എൽ.എൻ.എസ്. എന്ന സംഘടനയിലെ നേതാക്കൾ കഴിഞ്ഞ ദിവസം നിവേദനം നൽകിയിട്ടുണ്ട്. അപ്പോഴാണ് ഇതെന്റെ ശ്രദ്ധയിലേക്ക് വന്നത്. നമ്മുടെ അധ്യാപകരോട് പുസ്തകതാളുകളിലുള്ളത് മാത്രം പഠിപ്പിക്കാതെ പ്രായോഗികമായ

വിദ്യാഭ്യാസം കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിക്കണം. ഒരു period-ലെ 45 മിനിറ്റിൽ 3 മിനിറ്റ് പ്രായോഗിക വിദ്യാഭ്യാസം കൊടുത്താൽതന്നെ അത് വളരെയേറെ ഗുണം ചെയ്യും. ഇത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അതിന്റെ റിസൾട്ട് വലുതായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എക്സൈസ് വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ക്യാമ്പെയ്ൻ ഇതിനോടൊപ്പം നടക്കട്ടെ. ലഹരി വിരുദ്ധ ബോധവൽക്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

P.- 21.01.2025
9.20-9.30 am
KA/VS(1)

**ലഹരി വിരുദ്ധ ബോധവൽക്കരണം പാഠ്യപദ്ധതിയിൽ**

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ക്യാമ്പെയ്ൻ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി

വരികയാണ്. ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്ക്കരണം, സമൂഹത്തെ ശാക്തീകരിക്കൽ, ആരോഗ്യപരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പിന്തുണാ സംവിധാനങ്ങൾ എന്നിവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾതലത്തിൽ നടത്തേണ്ട ജാഗ്രതാപ്രവർത്തനങ്ങൾ, ജനജാഗ്രതാസമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങളിലും നൽകിയിരിക്കുകയാണ്. ലഹരിവിരുദ്ധ ബോധവത്ക്കരണത്തോടൊപ്പം കുട്ടികളെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനും അധ്യാപകരെ ശക്തമാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾ സ്കൂൾ ക്യാമ്പസിലേക്ക് എത്തിക്കുന്നതിനെതിരെ ജാഗ്രത പുലർത്തുന്നതിന് രക്ഷാകർത്താക്കളെ ബോധവത്ക്കരിക്കുന്നതിനും രക്ഷാകർത്തൃഗ്രൂപ്പുകൾ ചേർന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്ത് അവരുടെ അവകാശ സംരക്ഷണത്തിന്റെ കാതലായ പരിരക്ഷ, സുരക്ഷാ പങ്കാളിത്തം എന്നീ ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു കർമ്മപദ്ധതി സ്കൂൾതലത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിലുള്ള ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി ചെറുവീഡിയോകൾ,

ഹ്രസ്വചിത്രങ്ങൾ, റീലുകൾ എന്നിവ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ടെക്നോളജി മുഖേന തയ്യാറാക്കി എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഇവിടെ സൂചിപ്പിച്ചത്, ഈ വിഷയം മുഖ്യമായും പാഠപുസ്തകത്തിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. ഈ വർഷം ഇറങ്ങിയ സാമൂഹ്യശാസ്ത്രം - സ്റ്റാൻഡേർഡ് ഏഴ്, കേരള അറബിക് റീഡർ - സ്റ്റാൻഡേർഡ് ഏഴ്, ജീവശാസ്ത്രം - സ്റ്റാൻഡേർഡ് ഒമ്പത് ഭാഗം 1, അടിസ്ഥാന ശാസ്ത്രം - സ്റ്റാൻഡേർഡ് ഏഴ്, ജീവശാസ്ത്രം - സ്റ്റാൻഡേർഡ് ഒമ്പത് എന്നീ പാഠപുസ്തകങ്ങളിൽ ലഹരിവിരുദ്ധ പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഞാൻ സഭയുടെ മുമ്പിൽ കാണിക്കുകയാണ്. 'ജീവിതമാണ് ലഹരി' എന്നുള്ള ഒരു ലഘുലേഖ എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ വീട്ടുകാർക്കും എത്തിച്ചിട്ടുണ്ട്. 'തെളിവാനം വരയ്ക്കുന്നവർ' എന്ന കൈപ്പുസ്തകം ലഹരി വർജ്ജന മിഷൻ പുറത്തിറക്കിയിട്ടുണ്ട്. ഈ നിലയിൽ കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള, ബോധവത്കരണം നടത്തുന്നതിനുള്ള പരമാവധി പരിശ്രമങ്ങൾ നടത്തുന്നുണ്ട്. വിദ്യാലയ പരിസരങ്ങളിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കാൻ ശക്തമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(ശ്രീ. അൻവർ സാദത്ത്)

P-21-1-2025-UV-NV(1)-LV
9.30-9.40

ശ്രീ. അൻവർ സാദത്ത്: സർ, സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചതൊക്കെ വളരെ നല്ല കാര്യങ്ങളാണ്. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ, അതൊക്കെ വളരെ പ്രായോഗികമായ രീതിയിൽ അതീവ ഗൗരവത്തോടെ നടപ്പിലാക്കണമെന്നാണ് ഈയവസരത്തിൽ പറയാനുള്ളത്. ഞാൻ പല അധ്യാപകരോടും ഇക്കാര്യങ്ങളെപ്പറ്റി സംസാരിച്ചപ്പോൾ അവർതന്നെ അറിഞ്ഞോയെന്ന് സംശയമുണ്ട്. കാരണം, ഞാൻ പറഞ്ഞ പല സ്കൂളുകളിലെയും അധ്യാപകരുമായി സംസാരിച്ചപ്പോൾ അങ്ങനെയൊന്നും ക്ലാസിൽ പാഠ്യപദ്ധതിയുടെ ഭാഗമായി എടുക്കുന്നില്ലെന്ന മറുപടിയാണ് നൽകിയത്. അതുകൊണ്ടാണ് ഈ വിഷയം ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിച്ചത്. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ പ്രായോഗികമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നമുക്കെല്ലാവർക്കും കൂട്ടായി ആലോചിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദത്തോടുകൂടി മാസത്തിൽ ഒരു തവണ ഒരു പീരിയഡ് സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി മാറ്റിവയ്ക്കുന്നകാര്യത്തെക്കുറിച്ച്

ആലോചിക്കാവുന്നതാണ്. നിലവിൽ വിദ്യാലയങ്ങളിൽ ഒരു ദിവസം എട്ട് പീരിയഡാണുള്ളത്. ആറ് മണിക്കൂറാണ് കുട്ടികളെ പഠിപ്പിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നത്. ഇതിൽ മാസത്തിലൊരു പിരീഡ് ലഹരി, മാലിന്യനിർമ്മാർജ്ജനം, കുട്ടികൾക്കെതിരെയുള്ള അതിക്രമം തുടങ്ങിയ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളിന്മേൽ ക്ലാസെടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഒരു മാസത്തിലെ ഒരു പീരിയഡ് ഇതിനായി മാറ്റിവയ്ക്കും. ലഹരി നിർമ്മാർജ്ജനം പോലുള്ള വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനായി മാസത്തിൽ ഒരു സ്പെഷ്യൽ അസംബ്ലി സംഘടിപ്പിക്കുന്നതാണ്. മാത്രമല്ല, ലഹരി നിർമ്മാർജ്ജനംപോലുള്ള സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങളിൽ മാതൃകാപരമായ പ്രവർത്തനം നടത്തുന്ന വിദ്യാർഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിൽ മുൻഗണന നൽകണമെന്ന് നിരന്തരം മൂല്യനിർണ്ണയം നടത്തുന്ന അധ്യാപകർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. (സബ്മിഷൻ)

P-21-1-2025-UV-NV(1)-9.30-9.40

**സബ്മിഷൻ**

ചെറുകിട ലോട്ടറി ഏജന്റുമാരോടുള്ള വിവേചനം

ശ്രീ. കെ. ജെ. മാക്സി: സർ, സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റ് വിൽപനയിലൂടെ ഉപജീവനം നടത്തുന്ന ചെറുകിട ഏജന്റുമാരും സബ് ഏജന്റുമാരുമുൾപ്പെടെ ഏകദേശം ഒരു ലക്ഷത്തോളംപേരാണുള്ളത്. അവർ വഴിയോരങ്ങളിലും റെയിൽവെസ്റ്റേഷനുകളിലും ബസ്റ്റാന്റുകളിലുമൊക്കെ ടിക്കറ്റ് വിറ്റ് ഉപജീവനം നടത്തുന്നവരാണ്. അതിൽ അംഗവൈകല്യമുള്ളവരും ഒരു തൊഴിലും ചെയ്യാനാകാത്തവരുമായ നിരവധി ആളുകളുണ്ട്. പക്ഷെ, അവർക്കാവശ്യമായ ലോട്ടറി ടിക്കറ്റ് ജില്ലാ ഓഫീസുകളിൽനിന്നും ലഭിക്കുന്നില്ലെന്ന് മാത്രമല്ല, വൻകിട ഏജന്റുമാർക്ക് ആവശ്യത്തിലധികം ടിക്കറ്റുകൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണാടകയിലും പ്രതിദിനം നമ്മുടെ സംസ്ഥാനത്തെ മുപ്പത് ലക്ഷത്തോളം ടിക്കറ്റുകളാണ് വിറ്റഴിക്കുന്നത്. എന്നാൽ, സംസ്ഥാനത്ത് ഇത്തരത്തിൽ ഉപജീവനം നടത്തുന്നവർക്ക് ആവശ്യാനുസരണം ടിക്കറ്റുകൾ നൽകാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

(ശ്രീ. കെ. എൻ. ബാലഗോപാൽ)

P-21-1-2025-UV-NV(1)-9.30-9.40

## ചെറുകിട ലോട്ടറി ഏജന്റുമാരോടുള്ള വിവേചനം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാനത്ത് ഒരു ലക്ഷം മുതൽ ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊൻപത് വരെയുള്ള നമ്പരുകളിലായി ഒരു സീരീസിൽ ആകെ ഒൻപത് ലക്ഷം ഭാഗ്യക്കുറി ടിക്കറ്റുകളാണ് അച്ചടിക്കുന്നത്. നിലവിലെ സമ്മാന ഘടനപ്രകാരം അച്ചടിക്കാവുന്നതിന്റെ പരമാവധിയായ 12 സീരീസുകളിലായി ആകെ ഒരു കോടി എട്ട് ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുന്നുണ്ട്. ഇപ്രകാരം അച്ചടിക്കുന്ന മുഴുവൻ ടിക്കറ്റുകളും മിക്കവാറും ദിവസങ്ങളിൽ ഓഫീസിൽനിന്നും വിറ്റഴിയുന്നുമുണ്ട്. ഒരോ ഓഫീസിൽനിന്നും ലഭിക്കുന്ന ടിക്കറ്റുകൾ അതേ ഓഫീസിലെത്തുന്ന ഏജന്റുമാരുടെ അപേക്ഷയുടെ സീനിയോരിറ്റി, ഏജൻസി സീനിയോരിറ്റി, ടിക്കറ്റെടുക്കുന്നതിലെ കൃത്യത, ഓഫീസിലെ ടിക്കറ്റ് ലഭ്യത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് ക്വാട്ട നിശ്ചയിച്ചാണ് അനുവദിച്ചുനൽകുന്നത്. ടി ക്വാട്ട പ്രകാരമുള്ള ടിക്കറ്റുകൾ ഏജന്റുമാർ കൃത്യമായി ലഭ്യമാക്കാറുണ്ട്. അവ അകാരണമായി വെട്ടികുറയ്ക്കാറില്ല. ഇപ്രകാരം കോട്ടയായി അനുവദിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ മാത്രമെ

ഓഫീസിൽനിന്നും ഏജന്റുമാർക്ക് വിതരണം ചെയ്യുന്നുള്ളൂ. അതുകൊണ്ടുതന്നെ ഏതെങ്കിലുമൊരു പ്രത്യേക വിഭാഗം ഏജന്റുമാർക്ക് ടിക്കറ്റുകൾ കൂടുതലായോ ആവശ്യത്തിലധികമായോ വകുപ്പിൽനിന്നും നൽകുന്നില്ല. ഏജന്റുമാരോട് വിവേചനപരമായി യാതൊരുവിധ പ്രവർത്തനങ്ങളും താഴെതട്ടിലുള്ള ഓഫീസുകളിൽ നിന്നുണ്ടാകുന്നില്ല. പക്ഷേ, കോവിഡിനുശേഷം പല മേഖലകളിലും തൊഴിൽനഷ്ടപ്പെട്ടവരും കായികമായി അധ്വാനമുള്ള മറ്റുജോലികൾ ചെയ്യാൻ സാധിക്കാത്തവരുമായ ധാരാളം ആളുകൾ ഈ മേഖലയിലേയ്ക്ക് കടന്നുവന്നതിന്റെ ഭാഗമായി നിലവിൽ അച്ചടിക്കുന്ന ടിക്കറ്റുകൾ എല്ലാവരെയും തൃപ്തിപ്പെടുത്തിക്കൊണ്ട് വിതരണം ചെയ്യാനാകാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഏജന്റുമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് മറികടക്കുന്നതിനായി ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ ഉയർന്ന സ്ലാബിൽ ടിക്കറ്റെടുക്കുന്ന ഏജന്റുമാരുടെ പക്കൽനിന്നും മൂന്ന് ഘട്ടങ്ങളിലായി രണ്ട് ശതമാനം ടിക്കറ്റുകൾ വെട്ടിക്കുറച്ച് ഭിന്നശേഷിക്കാർ, കാഴ്ചപരിമിതർക്ക് മുൻഗണനന, വയോജനങ്ങൾ, സ്ത്രീകൾ, പരിഗണന അർഹിക്കുന്ന മറ്റുള്ളവർ,, 300-ൽ താഴെ ടിക്കറ്റെടുക്കുന്നവർ എന്നിവർക്ക് നൽകുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പരിഗണനയർഹിക്കുന്ന വിഭാഗം ഏജന്റുമാർക്ക് ടിക്കറ്റ് ലഭ്യത ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി വിപണനമേഖലയിൽ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് ചെറുകിട ഏജന്റുമാർക്കുള്ള ടിക്കറ്റ് ലഭ്യത ഉറപ്പാക്കുന്നതിനും ഈ മേഖലയിൽ മുപ്പതിനായിരത്തോളം അധിക തൊഴിൽ സൃഷ്ടിക്കുന്നതിനുമായി ഭാഗ്യക്കുറിയുടെ സീരീസ് വർധിപ്പിച്ച് അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും സമ്മാനഘടന പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. ഈ പ്രഖ്യാപനം സംബന്ധിച്ച് തുടർനടപടികൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സ്വീകരിച്ചുവരികയാണ്. ഈ പ്രക്രിയ പൂർണ്ണമാകുന്നതോടുകൂടി ഈ പ്രശ്നങ്ങൾ കുറെയേറെ പരിഹരിക്കാനും ആവശ്യമായ സഹായങ്ങൾ ആ മേഖലയ്ക്ക് ചെയ്യാനും കഴിയും.

(ശ്രീ. വാഴൂർ സോമൻ)

P-21-1-2025-UV-NV(1)
9.30-9.40

## പശുപ്പാറ ഏഴാംനമ്പർ-വാഗമൺ ലിങ്ക് റോഡ് പുനർനിർമ്മാണം

ശ്രീ. വാഴൂർ സോമൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പതിനാറ് വർഷമായി തകർന്നുകിടക്കുന്ന റോഡിന്റെ പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പീരുമേട് നിയോജകമണ്ഡലത്തിൽ ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ പശുപ്പാറ ഏഴാംനമ്പർ വാഗമൺ ലിങ്ക് റോഡ് പുനർനിർമ്മിക്കാൻ ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി മൂന്ന് കോടി രൂപ അനുവദിക്കുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് കരാറുകാരൻ പണി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. പതിനാറുവർഷമായി തകർന്നുകിടന്ന ടി റോഡ് ഗതാഗതയോഗ്യമാക്കേണ്ടത് അനിവാര്യമാണ്. ഫണ്ടനുവദിച്ചശേഷം തുടർനടപടികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടാൻ 2021-ലെ പ്രളയവും കോവിഡ് മഹാമാരിയും കാരണമാവുകയും ചെയ്തു. പിന്നീട് നടപടികൾ പൂർത്തിയാക്കി രണ്ടുതവണ ടെൻഡർ ക്ഷണിച്ചിട്ടും കരാറുകാരാരുംതന്നെ ടെൻഡർ ഏറ്റെടുക്കാത്തതിനാൽ വീണ്ടും കാലതാമസം നേരിടുകയുണ്ടായി. തുടർന്ന്, മൂന്നാമത്തെ ടെൻഡറിൽ സിംഗിൾ ബിഡ് വരികയും പ്രവൃത്തിക്ക് ടെൻഡർ എക്സസ് വരികയും അധികമായി വരുന്ന തുക ഇടുക്കി ജില്ലാ

പഞ്ചായത്ത് നൽകാമെന്ന് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 15-3-2004-ൽ കരാറുകാരന് ടെൻഡർ എക്സസ് അംഗീകരിച്ച് നൽകുകയും കരാർ പ്രകാരം കരാറുകാരന് സൈറ്റ് കൈമാറുകയും പ്രാഥമിക പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ഭരണാനുമതിയുടെ കാലാവധി 6-02-2024-ന് അവസാനിച്ചുവെന്ന കാരണത്താൽ നിലവിൽ ടി പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. 16 വർഷമായി തകർന്നുകിടക്കുന്ന ഈ റോഡ് പുനർനിർമ്മിക്കേണ്ടത് പ്രദേശത്തെ ആയിര കണക്കിന് തോട്ടം തൊഴിലാളികളുടെയും കർഷകരുടെയും നിരന്തര ആവശ്യമാണ്. മാത്രമല്ല, 100 കണക്കിന് വിദ്യാർത്ഥികൾ സ്കൂളുകളിലേയ്ക്ക് പോകാൻ ആശ്രയിക്കുന്ന പ്രധാന റോഡുകൂടിയാണിത്. ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാരനും എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ എഗ്രിമെന്റ് ഒപ്പിട്ട് ആരംഭിച്ച പ്രവൃത്തി പൂർത്തിയാക്കുവാൻ ആറുമാസത്തേയ്ക്ക് ഭരണാനുമതി ദീർഘിപ്പിച്ചുനൽകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

(ശ്രീ. കെ. എൻ. ബാലഗോപാൽ)

P-21-1-2025-UV-NV(1)
9.30-9.40

## പശുപ്പാറ ഏഴാംനമ്പർ-വാഗമൺ ലിങ്ക് റോഡ് പുനർനിർമ്മാണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 4-11-2020, 6-2-2021 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾപ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തിയാണ് ഉപ്പുതറ പഞ്ചായത്തിൽ പശുപ്പാറ ഏഴാംനമ്പർ വാഗമൺ ലിങ്ക് റോഡ്. ഈ ഉത്തരവിന്റെ ഭരണാനുമതി കാലാവധി അവസാനിച്ചതിനാൽ ഉപ്പുതറ പഞ്ചായത്തിൽ പശുപ്പാറ ഏഴാംനമ്പർ വാഗമൺ ലിങ്ക് റോഡുൾപ്പെടെ കരാറിലേർപ്പെടാത്ത 31 പ്രവൃത്തികൾക്ക് ഭരണാനുമതി ദീർഘിപ്പിച്ച് നൽകുന്നതിന് ഭരണവകുപ്പ് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധിച്ച് അടിയന്തരമായി തീരുമാനമെടുക്കുന്നതാണ്.

(ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ)

P-21-1-2025-UV-NV(1)
9.30-9.40

## വൈപ്പിൻകരയിലെ ജലാശയങ്ങളിലെ എക്കൽ നീക്കം ചെയ്യൽ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കാലാവസ്ഥാ വ്യതിയാനം, കടലാക്രമണം, വേലിയേറ്റം എന്നിവയുടെ ഭാഗമായി കേരള ജനത ഒന്നാകെയും പ്രത്യേകിച്ചും വൈപ്പിൻകരപോലുള്ള പ്രദേശത്തെ ജനങ്ങളും അനുഭവിക്കുന്ന പ്രയാസങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 590 കിലോമീറ്റർ ദൈർഘ്യമുള്ള സംസ്ഥാനത്തിന്റെ തീരദേശത്ത് 55 ശതമാനത്തിൽകൂടുതൽ പ്രദേശങ്ങൾ തീരശോഷണ സാധ്യതാ പ്രദേശങ്ങളായാണ് പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുള്ളത്. ദ്രുതഗതിയിലുള്ള തീരശോഷണം പ്രകൃതിദത്തമായ ഭൂപ്രകൃതിയെ മാത്രമല്ല, ഒൻപത് ജില്ലയിലെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന 9.3 മില്ല്യൺ ജനങ്ങളെയും അവരുടെ ജീവനോപാധികളെയും സാരമായി ബാധിക്കുന്നുണ്ട്. സമൂഹത്തിൽ താഴെത്തട്ടിലുൾപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ 10 ലക്ഷത്തോളം പേരിൽ മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും ഉൾപ്പെടുന്നുണ്ട്. തീരശോഷണം കാലാവസ്ഥാ വ്യതിയാനവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന ഒരു പ്രതിഭാസമാണെന്നാണ് ചെന്നൈ ആസ്ഥാനമായ

ദേശീയ ഗവേഷണ സ്ഥാപനങ്ങളായ എൻ.സി.സി.ആർ., INCOIS (Indian National Centre for Ocean Information Services), CUSAT (Cochin University of Science and Technology) എന്നീ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്. അപ്രതീക്ഷിതവും അനിയന്ത്രിതവുമായ വേലിയേറ്റം, കള്ളക്കടൽ പ്രതിഭാസങ്ങൾ, അതിതീവ്ര ന്യൂനമർദ്ദനങ്ങളും ചുഴലിക്കാറ്റുകളും അപ്രതീക്ഷിതമായ മഴക്കെടുതികൾ എന്നിവയുടെയെല്ലാം മുഖ്യഹേതു ആഗോളതാപനം അഥവാ ഗ്ലോബൽ വാമിങ് പ്രതിഭാസമാണ്. നിലവിൽ കടലിലെ ജലനിരപ്പ് ആഗോളതലത്തിൽ പ്രതിവർഷം 3.4 എം.എം. അഥവാ 0.13 ഇഞ്ച് കൂടുന്നതായാണ് ഉപഗ്രഹപഠനങ്ങൾ കാണിക്കുന്നത്. ഒറ്റനോട്ടത്തിൽ ഇത് ചെറിയൊരു സംഖ്യയായി തോന്നാമെങ്കിലും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. കാലവർഷക്കാലത്ത് പടിഞ്ഞാറൻതീരം കടലാക്രമണത്താലും ഡിസംബർ/ജനവരി മാസങ്ങൾ വേലിയേറ്റത്തിൽ കിഴക്കൻ തീരം ഓരുവെള്ളം കയറിയും വൈപ്പിൻ കരയിലെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാവുകയാണ്.

(തുടരും)

P. 21.01.2025-LJ/ NV -(1)
09.40-09.50

(ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ തുടർച്ച...)

കടൽഭിത്തികളില്ലാത്ത കടൽത്തീരവും പാർശ്വഭിത്തിയില്ലാത്ത പുഴയോരവും ഇടത്തോടുകളും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുകയാണ്. രൂക്ഷമായ കടലാക്രമണം നേരിട്ടിട്ടും പടിഞ്ഞാറൻഭാഗം മുഴുവൻ കടൽത്തീരത്താൽ അതിർത്തി പങ്കിട്ടിട്ടും ഹോട്ട്സ് സ്പോട്ടുകളിലുൾപ്പെടാത്ത മണ്ഡലമാണ് വൈപ്പിൻ. കടൽഭിത്തി നിർമ്മാണം സംബന്ധിച്ച് നിരവധി സ്ഥാപനങ്ങളുടെ പഠനങ്ങൾ നടക്കുമ്പോഴും അടുത്ത കാലവർഷത്തിനുമുമ്പെങ്കിലും കടലാക്രമണത്തിന് ശാശ്വതപരിഹാരം കാണാനാകുമെന്ന പ്രതീക്ഷയിലാണ് കടലോരനിവാസികളായ മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള കുടുംബങ്ങൾ. കാലാവസ്ഥാവ്യതിയാനത്തിന്റെ തീവ്രമായ പരിണിതഫലങ്ങൾ മുൻകൂട്ടിക്കണ്ട് പ്രതിരോധനടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. കടൽഭിത്തി നിർമ്മാണം, പുഴകളുടെയും തോടുകളുടെയും പാർശ്വഭിത്തി നിർമ്മാണം, കായലിലും പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ കരഭൂമിയിൽ നിക്ഷേപിച്ച് കരഭൂമി ഉയർത്തുക തുടങ്ങിയ പ്രവൃത്തികൾ നബാർഡ് പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ

ഉൾപ്പെടുത്തി യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കേണ്ടതുണ്ട്. കേരളത്തെ പൊതുവിലും വൈപ്പിൻകരയെ പ്രത്യേകിച്ചും ബാധിക്കുന്നൊരു ജനകീയപ്രശ്നം ഈ സബ്മിഷനിലൂടെ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(ശ്രീ. റോഷി അഗസ്റ്റിൻ)

P. 21.01.2025-LJ/ NV -(1)

09.40-09.50

## വൈപ്പിൻ കരയിലെ ജലാശയങ്ങളിലെ എക്കൽ നീക്കൽ ചെയ്യൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് കായൽ, തെക്ക് മുനമ്പം ഹാർബർ, വടക്ക് കൊച്ചിക്കായൽ എന്നിവയാൽ ചുറ്റപ്പെട്ട ഇടുങ്ങിയ കരയാണ് വൈപ്പിൻ ദ്വീപ്. മൺസൂൺ കാലത്തെ അതിരൂക്ഷമായ തിരമാലകളാൽ വൈപ്പിൻ ദ്വീപിന്റെ ഭൂരിഭാഗവും കടുത്ത കടൽക്ഷോഭത്തിന് വിധേയമാണ്. എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്കിനുകീഴിലുള്ള എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകളാണ് വൈപ്പിനിലുൾപ്പെടുന്നത്. ഇതിൽ

നായരമ്പലം, എടവനക്കാട് തീരങ്ങളിലെ കടൽഭിത്തി തകർന്ന നിലയിലായതിനാൽ ടി ഭാഗങ്ങളിൽ കടുത്ത കടലാക്രമണം നേരിടുകയും കടൽവെള്ളം നേരിട്ട് ശക്തമായി കരയിലേയ്ക്ക് പ്രവേശിച്ച് പ്രദേശവാസികൾക്ക് പലവിധത്തിലുള്ള നഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്നു. വൈപ്പിൻ ഏരിയയിൽ ആറ് പഞ്ചായത്തുകൾ തീരപ്രദേശമായതിനാൽ നായരമ്പലം, എടവനക്കാട് പഞ്ചായത്തുകളിലാണ് കടലാക്രമണം കൂടുതലായി അനുഭവപ്പെടുന്നത്. ഞാറയ്ക്കൽ, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിലെ തീരങ്ങളിൽ ശക്തമായി തിരയടിക്കുന്നതിന്റെ ഫലമായി രൂക്ഷമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കണമെന്നാണ് എടവനക്കാട്, നായരമ്പലം പഞ്ചായത്ത് നിവാസികളുടെ ആവശ്യം. വൈപ്പിൻ പ്രദേശത്ത് അനുയോജ്യമായ ശാശ്വത തീരസംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി Bathymetric Survey Report, Topographic Survey Report, Necessity Report എന്നിവ തയ്യാറാക്കി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ചെന്നൈയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ ശാസ്ത്രീയപഠനവും ഡിസൈൻ നടപടികളും NCCR (National Centre for Coastal Research)-ൽ പുരോഗമിച്ചുവരുന്നു.

2024-25 സാമ്പത്തികവർഷത്തിൽ 59.59 ലക്ഷം രൂപയുടെ അടങ്കൽ വരുന്ന ജിയോബാഗ് പദ്ധതികൾ വഴി 615 മീറ്ററോളം തീരം സംരക്ഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, താൽക്കാലിക സംരക്ഷണം നൽകുന്നതിന് ജിയോബാഗ് ഉപയോഗിച്ചുള്ള 8 താൽക്കാലിക സംരക്ഷണ പ്രവൃത്തികൾക്കായി 139.10 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുള്ളതും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതുമാണ്. നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 20 കോടിരൂപയുടെ പ്രൊപ്പോസൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണമാരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വേലിയേറ്റംമൂലമുള്ള വെള്ളപ്പൊക്കം ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി തുടങ്ങിയ പഞ്ചായത്തുകളിലെ വീടുകളിലും നിരത്തുകളിലും വെള്ളംകയറുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. തോടുകളുടെ സംരക്ഷണഭിത്തി ഉയർത്തിയും കായൽപ്രദേശങ്ങളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്നതിലൂടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. കായൽതീരങ്ങളിൽ സ്പോയിൽ

ഘടിപ്പിക്കുകവഴി വേലിയേറ്റത്തിലൂടെ കരപ്രദേശങ്ങളിലേയ്ക്ക് വെള്ളം കയറുന്നത് തടയാൻ സാധിക്കും. 2022 ഓപ്പറേഷൻ വാഹിനി പദ്ധതിയിലുൾപ്പെടുത്തി എടവനക്കാട് പഞ്ചായത്തിൽ 2.548 ലക്ഷം രൂപയുടെയും നായരമ്പലം പഞ്ചായത്തിൽ 2.492 ലക്ഷം രൂപയുടെയും പള്ളിപ്പുറം പഞ്ചായത്തിൽ 11.517 ലക്ഷം രൂപയുടെയും കുഴുപ്പിള്ളി പഞ്ചായത്തിൽ 5.84 ലക്ഷം രൂപയുടെയും ഡീസിൽറ്റേഷൻ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2023 ഓപ്പറേഷൻ വാഹിനി പദ്ധതിയിലുൾപ്പെടുത്തി തോടുകളുടെ പുനരുജ്ജീവനത്തിനായി ഞാറയ്ക്കൽ പഞ്ചായത്തിൽ 32.44 ലക്ഷം രൂപയുടെയും എളങ്കുന്നപ്പുഴ പഞ്ചായത്തിൽ 4.386 ലക്ഷം രൂപയുടെയും നായരമ്പലം പഞ്ചായത്തിൽ 5.278 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2024 ഓപ്പറേഷൻ വാഹിനി പദ്ധതിയിലുൾപ്പെടുത്തി ഞാറയ്ക്കൽ പഞ്ചായത്തിൽ 6.272 ലക്ഷം രൂപയുടെയും എടവനക്കാട് പഞ്ചായത്തിൽ 7.459 ലക്ഷം രൂപയുടെയും ഡീസിൽറ്റേഷൻ പ്രവൃത്തി ചെയ്തിട്ടുണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ പുഴകളുടെയും തോടുകളുടെയും എക്കൽ നീക്കി ആഴം കൂട്ടുന്നതിനും പാർശ്വഭിത്തികെട്ടി സംരക്ഷിക്കുന്നതിനുമായി നവകേരളസദസ്സിലും തീരസദസ്സിലും ലഭിച്ച അപേക്ഷകളുടെ

അടിസ്ഥാനത്തിൽ 1684 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് കാണുന്നത്. കള്ളക്കടൽ പ്രതിഭാസമുൾപ്പെടെയുള്ള വിഷയങ്ങളും വേലിയേറ്റവും ടി പ്രദേശത്തെ അതിരൂക്ഷമായി ബാധിക്കുന്ന സാഹചര്യത്തിൽ ലഭ്യമാകുന്ന സാമ്പത്തിക ഭദ്രതയുടെയും നിലപാടിന്റെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ഇത്തരം കാര്യങ്ങൾ ചെയ്യാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

(ശ്രീ. പി. അബ്ദുൽ ഹമീദ്)

P. 21.01.2025-LJ/ NV -(1)
09.40-09.50

ആലിങ്കടവിൽ റെഗുലേറ്റർ പദ്ധതിക്ക് ഭരണാനുമതി

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കടലുണ്ടിപ്പുഴയ്ക്കുകുറുകെ ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി കിഫ്ബിയിലുൾപ്പെടുത്തി 2017-ൽ 36 കോടിരൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചതനുസരിച്ച് മണ്ണ് പരിശോധനയും മറ്റനുബന്ധ പരിശോധനയും പൂർത്തീകരിച്ചുവെങ്കിലും Irrigation Design & Research Board (IDRB) പരിശോധനയിൽ പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വിശദ പരിശോധനയ്ക്കുശേഷം ആലിങ്കടവിലേയ്ക്ക് പദ്ധതി മാറ്റുകയായിരുന്നു.

വിദഗ്ധപഠനങ്ങളൊക്കെ കഴിഞ്ഞ് 49 കോടിരൂപയുടെ Detailed Project Report (DPR) ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചശേഷം ഒന്നര വർഷമായിട്ടും നാളിതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം ആർ.സി.ബി.-കൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി കിഫ്ബി വകയിരുത്തിയ സാമ്പത്തികപരിധിയായ 600 കോടിരൂപ മറികടന്നതിനാൽ അനുമതി നൽകാൻ നിർവാഹമില്ലെന്ന് സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടുള്ളതിനാൽ ഇരുമ്പോത്തിങ്ങൽ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ ചെയിനേജിൽ മാറ്റം വരുത്തി തയ്യാറാക്കിയ കടലുണ്ടിപ്പുഴയ്ക്കുകുറുകെയുള്ള ആലിങ്കടവിൽ റെഗുലേറ്റർ എന്ന പദ്ധതിക്ക് 2025-26 സാമ്പത്തികവർഷം കിഫ്ബി മുഖേന ഭരണാനുമതി നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീ. റോഷി അഗസ്റ്റിൻ)

P. 21.01.2025-LJ/ NV -(1)
09.40-09.50

<u>ആലിങ്കടവിൽ റെഗുലേറ്റർ പദ്ധതിക്ക് ഭരണാനുമതി</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ അതേ ഗൗരവത്തോടെ

അംഗീകരിക്കുന്നതിനാൽ അക്കാര്യത്തിൽ സുദീർഘമായ മറുപടിയുടെ ആവശ്യമില്ല. 2025-26 സാമ്പത്തികവർഷം ആലിങ്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്ക് മുൻഗണന നൽകി നടപ്പിലാക്കുന്നതാണ്. കിഫ്ബിയിൽ നിന്നും അനുവദനീയമായ 600 കോടിരൂപയുടെ പരിധി കഴിഞ്ഞതിനാലാണ് ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായത്. മാത്രമല്ല, ആദ്യം സമർപ്പിച്ച DPR പ്രകാരം തയ്യാറാക്കിയ റിപ്പോർട്ടിൽ IDRB-യുടെ പരിശോധനയിൽ പദ്ധതിക്കായി തിരഞ്ഞെടുത്ത സ്ഥലം ഉപയോഗശൂന്യമായതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്ന പശ്ചാത്തലത്തിൽ റീ എസ്റ്റിമേറ്റ് വന്നപ്പോൾ തുക വർധിച്ചു. വർധിച്ച തുക സംബന്ധിച്ച് പരിശോധന നടത്തിയപ്പോൾ 600 കോടി രൂപയെന്ന നിലവിലെ പരിധി കഴിഞ്ഞതിനാൽ കഴിഞ്ഞവർഷം ടി പദ്ധതി എടുക്കാൻ കഴിഞ്ഞില്ല. ഈ വർഷം ടി പദ്ധതിക്ക് പരിഗണന നൽകി പ്രവൃത്തിയാരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

(ശ്രീ. യു. ആർ. പ്രദീപ്)

P. 21.01.2025-LJ/ NV -(1)
09.40-09.50

## തിരുവില്വാമലക്ഷേത്രം ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. സ്റ്റേ സെന്റർ

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിൽ തിരുവില്വാമല വില്വാദ്രിനാഥക്ഷേത്രം വളരെ പ്രശസ്തമായതിനാൽ ദിനംപ്രതി ദർശനത്തിനായി നൂറുകണക്കിന് ഭക്തരാണ് അവിടേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ധാരാളം ആളുകൾ അവിടെ വന്നുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ, അതിനുസമീപത്തായി ലോകപ്രശസ്തമായ കുത്താമ്പുള്ളി നെയ്ത്തുഗ്രാമമുണ്ട്. അവിടേയ്ക്കും ധാരാളം ആളുകൾ ഒഴുകിയെത്തുന്നുണ്ട്. കൂടാതെ, ചേലക്കര മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദൂര വിദ്യാഭ്യാസാർത്ഥം പഠിക്കുന്ന കുട്ടികളും അവരെ കാണാനെത്തുന്ന രക്ഷിതാക്കളും അവിടെ ജോലിക്കായി അധ്യാപകർക്ക് എത്തുന്നതിനും മതിയായ യാത്രാസൗകര്യമില്ലാത്തൊരു സാഹചര്യമാണുള്ളത്. ആയതിനാൽ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവീസ് ആരംഭിക്കുന്നത്

ഉചിതമായിരിക്കും. തിരുവില്വാമലയിലെ പഞ്ചായത്തിനുകീഴിൽ ഒഴിഞ്ഞുകിടക്കുന്ന ബസ് സ്റ്റാൻഡ് എം.എൽ.എ. ഫണ്ടുപയോഗിച്ച് ആവശ്യമായ സൗകര്യമേർപ്പെടുത്തുന്നതോടൊപ്പം അവിടത്തെ ജീവനക്കാർക്ക് താമസിക്കാനുള്ള സൗകര്യം കൂടിയൊരുക്കിയാൽ കെ.എസ്.ആർ.ടി.സി.-ക്ക് ചെലവില്ലാത്ത രീതിയിൽ ഒരു ദീർഘദൂര സർവീസ് ആരംഭിക്കാൻ കഴിയും. അതിനൊരു സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുമോ എന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ)

P. 21.01.2025
LJ/ NV -(1)
09.40-09.50

തിരുവില്വാമലക്ഷേത്രം ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. സ്റ്റേ സെന്റർ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, തിരുവില്വാമല ക്ഷേത്രവും കുത്താമ്പുള്ളി കൈത്തറി മേഖലയുമുൾപ്പെട്ട ടി പ്രദേശത്ത് കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിട്ടുള്ളത്. ബസ് സർവ്വീസ് ആരംഭിച്ചുകഴിഞ്ഞാൽ അവിടെ ബസ് പാർക്ക് ചെയ്യുന്നതിനോ

ജീവനക്കാർക്ക് വിശ്രമിക്കുന്നതിനോ ഉള്ള യാതൊരു സൗകര്യവുമില്ലെന്ന് അദ്ദേഹം തന്നെ സൂചിപ്പിച്ചു. തിരുവനന്തപുരത്തുനിന്നും ഒരു സൂപ്പർ ഫാസ്റ്റ് ബസ് തിരുവില്വാമല ക്ഷേത്രത്തിലേയ്ക്ക് നേരിട്ട് സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ, ഗുരുവായൂർ, പാലക്കാട്, മണ്ണാർകാട്, വടക്കാഞ്ചേരി എന്നീ ഡിപ്പോകളിൽനിന്നും തിരുവില്വാമല വഴി ധാരാളം കെ.എസ്.ആർ.ടി.സി. ബസുകളും സർവ്വീസ് നടത്തുന്നുണ്ട്. മാത്രമല്ല, ഈ മേഖലകൾ പ്രൈവറ്റ് ബസ് സർവ്വീസ് ധാരാളമുള്ള സ്ഥലമായതിനാൽ കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തി പ്രൈവറ്റ് ബസുകളുമായി മത്സരിച്ച് നഷ്ടം ഏറ്റുവാങ്ങാൻ പറ്റുന്നൊരു സാഹചര്യമല്ല നിലവിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ളത്. ഡ്രൈവർക്കും കണ്ടക്ടർക്കും കിടക്കാനുള്ള കട്ടിൽ, മെത്ത, ഫാനുള്ള മുറി, ടോയ്ലെറ്റ് സൗകര്യങ്ങൾ എന്നിവ നൽകുന്ന സ്ഥലങ്ങളിലെല്ലാം കെ.എസ്.ആർ.ടി.സി. സ്റ്റേ ബസുകളാരംഭിച്ചിട്ടുണ്ട്. അത് കെ.എസ്.ആർ.ടി.സി.-ക്ക് വലിയ സാമ്പത്തിക ലാഭമുണ്ടാക്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽ 11 ബസുകൾക്ക് രാത്രിയിൽ സ്റ്റേ ചെയ്യാനുള്ള സൗകര്യം ആശ്രമം ഒരുക്കിത്തന്നിട്ടുണ്ട്. അതുപോലെ പല സ്ഥലങ്ങളിലും പള്ളികളിലുമൊക്കെ ഇതുപോലുള്ള സൗകര്യങ്ങൾ ഒരുക്കിത്തന്നിട്ടുണ്ട്. ഇവിടെയും ഈ

ക്ഷേത്രത്തോടനുബന്ധിച്ച് അത്തരം ഒരു സൗകര്യമൊരുക്കിത്തരാൻ ബഹുമാനപ്പെട്ട അംഗം മുൻകയ്യെടുത്താൽ തീർച്ചയായും കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. കൂടാതെ, ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഈ കൈത്തറി മേഖല സന്ദർശിക്കാനും ക്ഷേത്രത്തിലേയ്ക്ക് പോകാനുമായി ബജറ്റ് ടൂറിസം ഓപ്പറേഷൻസ് ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി.-യിലെ ബജറ്റ് ടൂറിസം വിഭാഗത്തിന് നിർദേശം കൊടുക്കുന്നതായിരിക്കും. ഇതിലൂടെ കേരളത്തിലെ വിവിധ ഭാഗങ്ങളിൽനിന്നും ധാരാളമാളുകൾക്ക് ഈ ക്ഷേത്രത്തിലേയ്ക്കും ഈ പ്രദേശത്തേയ്ക്കും എത്തിച്ചേരാൻ കഴിയുന്നതാണ്.

(ശ്രീ. എ. പി. അനിൽകുമാർ)

P 21-01-2025 -SS-NV (1)

09.50- 10.00

## കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയിലേയ്ക്ക് നേരിട്ട് പ്രവേശനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ കരുവാരക്കുണ്ട് തുവൂർ പഞ്ചായത്തിലൂടെയാണ് നിർദിഷ്ട പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവെ കടന്നുപോകുന്നത്. തുവൂർ പ്രദേശത്തെ

ജനങ്ങൾക്ക് നാഷണൽ ഹൈവേയിലേയ്ക്ക് കടക്കാൻ ഒരു എൻട്രിയോ സർവീസ് റോഡോ ഇല്ല. കിലോമീറ്ററുകളോളം യാത്രചെയ്തശേഷമാണ് അവർ ഈ ഹൈവേയിലേയ്ക്ക് കടക്കേണ്ടത്. മലപ്പുറം ജില്ലയിലൂടെ ഏകദേശം അമ്പത്തിമൂന്ന് കിലോമീറ്ററോളമാണ് നിർദിഷ്ട ഹൈവേ കടന്നുപോകുന്നത്. ഇതിന്റെ ഭാഗമായി പത്തൊൻപത് സ്ഥലത്ത് സർവീസ് റോഡ് ബ്രേക്ക് ചെയ്യുന്നുണ്ട്. എൻട്രി കൊടുക്കുകയെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ആധുനിക കാലഘട്ടത്തിൽ ഹൈവേ നിർമ്മാണത്തോടൊപ്പം സർവീസ് റോഡുകൾ പ്രൊവൈഡ് ചെയ്യുകയെന്നതും വളരെ പ്രധാനപ്പെട്ടതാണ്. പക്ഷെ, അമ്പത്തിമൂന്ന് കിലോമീറ്ററോളമുള്ള നിർദിഷ്ട ഹൈവേയുടെ പത്തൊൻപത് സ്ഥലത്ത് സർവീസ് റോഡ് ബ്രേക്ക് ചെയ്യുന്നുവെന്ന് പറയുമ്പോൾ അതിൽ രണ്ടെണ്ണം എന്റെ മണ്ഡലത്തിലെ തുവ്വൂർ പഞ്ചായത്തിലാണ്. തുവ്വൂർ പഞ്ചായത്തിലെ ജനങ്ങൾ ഇന്ന് ഒറ്റക്കെട്ടായി സമരത്തിലാണ്. തുവ്വൂർ റെയിൽവേ സ്റ്റേഷൻ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലേയ്ക്ക് ആളുകൾക്ക് കടന്നുവരാൻ സൗകര്യമില്ല. 10 കിലോമീറ്ററിനുള്ളിൽ ഏതാണ്ട് 2 സ്ഥലത്ത് സർവീസ് റോഡ് ബ്രേക്ക് ചെയ്തിരിക്കുകയാണ്. ടി പ്രദേശത്ത് സർവീസ് റോഡുപോലും പ്രൊവൈഡ് ചെയ്യാൻ കഴിയുന്നില്ലെന്ന് മാത്രമല്ല, നാഷണൽ ഹൈവേയിലേയ്ക്ക്

പ്രവേശിക്കാനും സാധിക്കുന്നില്ല. പിന്നെ എന്തിനുവേണ്ടിയാണ് ഇങ്ങനെയൊരു ഹൈവേ നിർമ്മിക്കുന്നത്? മാത്രമല്ല, അവിടെ ജനങ്ങൾക്കും നാടിനും യാതൊരു തരത്തിലും ഗുണകരമല്ലാത്തൊരു വികസനമായി ഈ ഹൈവേ നിർമ്മാണം മാറുകയാണ്. അതുകൊണ്ട് ഉൗർ പഞ്ചായത്തിലെ ജനങ്ങൾക്ക് ടി നാഷണൽ ഹൈവേയിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കണമെന്നതാണ് പ്രധാപ്പെട്ടൊരവശ്യം. അതോടൊപ്പംതന്നെ സർവീസ് റോഡുകൾ ബ്രേക്ക് ചെയ്യാതെ പൂർണമായി അത് പൂർത്തീകരിക്കുന്നതിനും ഇരുഭാഗങ്ങളിലും സർവീസ് റോഡുകൾ നിർമ്മിക്കാനാവശ്യമായ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകാൻ സർക്കാർ സമ്മർദ്ദം ചെലുത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P 21-01-2025 -SS-NV (1)
09.50- 10.00

## (6) കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയിലേയ്ക്ക് നേരിട്ട് പ്രവേശനം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മുൻ മന്ത്രികൂടിയായ ബഹുമാനപ്പെട്ട അംഗം ഇവിടെ

ഉന്നയിച്ച വിഷയം തുടർന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ഈ വിഷയത്തിൽ നേരത്തെ സർക്കാർ ഇടപെടൽ നടത്തിയിട്ടുള്ളതാണ്. മലപ്പുറം ജില്ലയിലെ പല ഭാഗങ്ങളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ് ഹൈവേ ഒരു ഹൈ സ്പീഡ് ഗ്രീൻഫീൽഡ് കോറിഡോർ എന്ന നിലയിൽ നിർമ്മിക്കുമെന്നാണ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് അറിയിച്ചിരിക്കുന്നത്. ഈ പാതയ്ക്കാവശ്യമായ 569.3 ഹെക്ടർ ഭൂമിയിൽ 42 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതി ഒരു ഹൈസ്പീഡ് കോറിഡോറായി ഡിസൈൻ ചെയ്തിരിക്കുന്നതിനാൽ യാത്രക്കാരുടെ സുരക്ഷ പരിഗണിച്ചും ഗതാഗതം സുഗമമാക്കുന്നതിന് ഹൈവേയിലേയ്ക്കുള്ള പ്രവേശനം നിയന്ത്രിച്ചിരിക്കുന്ന നിലയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയിലേയ്ക്ക് പന്ത്രണ്ട് ആക്സസ് പോയിന്റുകളാണ് ദേശീയപാത അതോറിറ്റി നിർദേശിച്ചിരിക്കുന്നത്. എന്നാൽ, പുതിയ ട്രാഫിക്സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ഇത്രയും പോയിന്റുകൾ വേണ്ടെന്ന് തീരുമാനിച്ചതായും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് വിശദമായ പദ്ധതി രേഖയിൽ മാറ്റം വരുത്തുന്ന വിഷയത്തെപ്പറ്റി പരിശോധിച്ചുവരികയാണെന്ന്

നാഷണൽ ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നേരത്തെ സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ടെങ്കിലും ഹൈസ്പീഡ് കോറിഡോർ എന്ന നിലയിൽ വിഭാവനം ചെയ്തതിനാലാണ് ഇത്തരം നിയന്ത്രണം ഏർപ്പെടുത്തിയതെന്നാണ് നാഷണൽ ഹൈവേ അതോറിറ്റി വിശദീകരിക്കുന്നത്. ഈ വിഷയം നാഷണൽ ഹൈവേ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. എന്നാൽ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ യാതൊരു നിലയിലും ജനങ്ങൾക്കും നാടിനും ഗുണകരമല്ലാത്ത വികസനമാണ് നടത്തുന്നതെന്ന പരാമർശത്തോട് യോജിക്കാൻ സാധിക്കില്ല. പലരീതിയിലും ഗുണകരമായ വികസനമാണിതെങ്കിലും പരിഹരിക്കപ്പെടേണ്ട ചില പ്രശ്നങ്ങൾ അവിടെയുണ്ട്. അവയെല്ലാം കൂട്ടായ ഇടപെടലിലൂടെ പരിഹരിക്കാവുന്നവയാണ്.

(ശ്രീ. മോൻസ് ജോസഫ്)

P 21-1-2025-SS-NV (1)
09.50- 10.00

## (7) കടുത്തുരുത്തി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി മണ്ഡലത്തിലുൾപ്പെട്ട പ്രധാനപ്പെട്ട ചില റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത വിധത്തിൽ തകർന്നു കിടക്കുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ

ശ്രദ്ധക്ഷണിക്കലിലൂടെ ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. എന്നാൽ, നാളിതുവരെ ആയതിന് പരിഹാരമുണ്ടാകാത്ത സാഹചര്യത്തിലാണ് വീണ്ടും ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോട്ടയം-എറണാകുളം ജില്ലകളെ ബന്ധിപ്പിക്കുന്നതും കടുത്തുരുത്തി-പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതുമായ കടുത്തുരുത്തി മുതൽ അറുന്നൂറ്റിമംഗലം ജംഗ്ഷൻ വരെയുള്ള റോഡ് വാട്ടർ അതോറിറ്റിക്ക് പൈപ്പിടാൻ കൊടുത്തതാണ്. വർക്ക് ഏൽപ്പിച്ച് മൂന്നുവർഷങ്ങൾ കഴിഞ്ഞിട്ടും ഏകദേശം ആറുമാസം മുമ്പാണ് വാട്ടർ അതോറിറ്റിയുടെ വർക്കുകൾ പൂർത്തീകരിച്ചത്. വർക്ക് പൂർത്തിയായ ഉടൻതന്നെ പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്തുനിന്നുള്ള ഫണ്ടും വാട്ടർ അതോറിറ്റിയുടെ റോഡ് റീസ്റ്റോർ ചെയ്യാനായി അടച്ച ഫണ്ടും സംയുക്തമായി വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് തീരുമാനമെടുക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് രണ്ട് കോടി അറുപത്തേഴ് ലക്ഷം രൂപയുടെ ഫയൽ ആറ് മാസമായി പി.ഡബ്ല്യു.ഡി.-യുടെ അനുമതി ലഭിക്കാതെ പെൻഡിംഗിലായിരുന്നു. എന്നാൽ, ടി ഫയൽ പി.ഡബ്ല്യു.ഡി. പരിശോധിച്ചതിനുശേഷം ആയത് ധനകാര്യവകുപ്പിലേക്ക് അയച്ചുവെങ്കിലും നിലവിൽ ഒരു മാസമായി ഫയൽ ധനകാര്യവകുപ്പിന്റെ

അനുമതിക്കായി കാത്തിരിക്കുകയാണ്. ടി റോഡ് സഞ്ചാരയോഗ്യമല്ലാത്തതിനാൽ ഈ പ്രദേശത്തെ ജനങ്ങൾ വളരെയേറെ ദുരിതത്തിലാണ്. മാത്രമല്ല, രാഷ്ട്രീയത്തിനതീതമായി അവിടത്തെ ജനങ്ങളെല്ലാവരും ചേർന്ന് മനുഷ്യച്ചങ്ങല തീർത്ത് സമരരംഗത്തെത്തുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. അതുകൊണ്ട് കടുത്തുരുത്തി-പിറവം റോഡിന്റെ കാര്യത്തിൽ വാട്ടർ അതോറിറ്റി അടച്ച തുകയുള്ള ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ റോഡിന്റെ തുടർച്ചയായി കടുത്തുരുത്തി - പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന റോഡായ പെരുവ-പിറവം-പെരുവംമൂഴി റോഡിന്റെ വർക്ക് മുടങ്ങിക്കിടക്കുകയാണ്. ഇതുസംബന്ധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വളരെ പ്രധാനപ്പെട്ടൊരു വർക്കായിട്ടുപോലും ആയത് അടിയന്തരമായി പുനരാരംഭിക്കാനുള്ള എസ്റ്റിമേറ്റോ തുടർ നടപടികളോ നാളിതുവരെ സ്വീകരിച്ചിട്ടില്ല. കടുത്തുരുത്തി മണ്ഡലത്തിൽപ്പെട്ടതും വാട്ടർ അതോറിറ്റിക്ക് പൈപ്പിടാൻ അനുമതി നൽകിയതുമായ മറ്റൊരു റോഡാണ് കീഴൂർ-അറുനൂറ്റിമംഗലം-ഞീഴൂർ റോഡ്. ടി റോഡിന്റെ നിർമ്മാണത്തിനായി നാല് പ്രാവശ്യം ടെൻഡർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി

ഏറ്റെടുത്തില്ല.

മി.സ്പീക്കർ: എല്ലാ റോഡിനുംവേണ്ടി ഉത്തരം പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ടി പ്രവൃത്തിക്കായി അഞ്ചാംതവണ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ ടി റോഡും മൂന്നുവർഷമായി തകർന്നുകിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കണം. കടുത്തുരുത്തി-വൈക്കം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മുട്ടുചിറ– വാലാച്ചിറ-എഴുമാന്തുരുത്ത് വഴി വെള്ളൂർ മുളക്കുളത്ത് എത്തുന്ന റോഡുപ്രവൃത്തിയും മുടങ്ങിക്കിടക്കുകയാണ്. ഇത് പുനരാരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളേയ്ക്കുപോലും കടക്കാൻ കഴിയുന്നില്ല. ഭരണതലത്തിൽ നടക്കേണ്ട ഇത്തരം കാര്യങ്ങളിന്മേൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാവണം. ഇതിനായി മൂന്ന് എം.എൽ.എ.മാരെയും കൂടെചേർത്ത് ഒരു യോഗം വിളിച്ചുചേർക്കുന്നത് വളരെ ഉചിതമായിരിക്കും.

മി. സ്പീക്കർ: യെസ്.....മിനിസ്റ്റർ.....പ്ലീസ്.....പ്ലീസ്... ബഹുമാനപ്പെട്ട അംഗം ഇത്തരത്തിൽ പത്തോളം റോഡുകളെപ്പറ്റിയുള്ള ചോദ്യങ്ങൾ ഉന്നയിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ സാധിക്കുമോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായ റോഡായതിനാൽ അടിയന്തരമായി പ്രവൃത്തി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P 21-1-2025 -SS-NV (1)
09.50- 10.00

## (7) <u>കടുത്തുരുത്തി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, സുദീർഘമായ മറുപടിയായതിനാൽ മുഴുവൻ വായിക്കുന്നില്ല. അതുകൊണ്ടുതന്നെ മറുപടി പൂർണമായി വായിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. വി. എൻ. വാസവൻ, റോഷി അഗസ്റ്റിനും ഞാനുമുൾപ്പെടെ എല്ലാവരും ടി വിഷയം വളരെ അനുഭാവപൂർവ്വം പരിഹരിക്കാനുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി കുറേയേറെ കാര്യങ്ങൾ ചെയ്തിട്ടുമുണ്ട്. മാത്രമല്ല, ഈ വിഷയം സംബന്ധിച്ച് അവിടത്തെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. കടുത്തുരുത്തി നിരത്ത് വിഭാഗത്തിനുകീഴിൽ വരുന്ന പിറവം-കടുത്തുരുത്തി റോഡിൽ ചെയിനേജ് പത്ത് മുതൽ പതിനാല് കിലോമീറ്റർ വരെ ബി.സി. ഓവർലേ

പ്രവൃത്തിക്ക് 299 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ടി പ്രവൃത്തി കരാർ കമ്പനിക്ക് കൈമാറിയെങ്കിലും എന്നാൽ വാട്ടർ അതോറിറ്റി പ്രവൃത്തിയുടെ ഭാഗമായി പൈപ്പിടുന്നതിനുള്ള ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയും ഇടപെടുകയും അദ്ദേഹത്തിന് അതുസംബന്ധിച്ച് വ്യക്തമായി അറിയാവുന്നതുമാണ്. ബഹുമാനപ്പെട്ട തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി വി. എൻ. വാസവനും ഈ വിഷയത്തിൽ തുടർച്ചയായ ഇടപെടൽ നടത്തിയിട്ടുണ്ട്. എല്ലാവരുടെയും കൂട്ടായ സഹകരണത്തോടെ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കാം. എന്നാൽ ഇത്തരത്തിലൊരു സമീപനം ബഹുമാനപ്പെട്ട കടുത്തുരുത്തി എം.എൽ.എ. ചെയർമാനായ സി.എം.ടി. മീറ്റിംഗുകളിൽ നിർദേശം വന്നിരുന്നു. അതുകൂടി പരിഗണിച്ചാണ് ശബരിമല പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പായി ജെ.ജെ.എം. പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ വാട്ടർ അതോറിറ്റിക്ക് കട്ടിംഗ് അനുമതി നൽകിയിട്ടുള്ളത്. കൂട്ടായ പരിശ്രമത്തിലൂടെ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കാം.

(ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ )

P 21-1-2025 -SS-NV (1)
09.50- 10.00

## മുണ്ടക്കയം-കൂട്ടിക്കൽ -ഏന്തയാർ വല്യേന്ത – വാഗമൺ റോഡ് പ്രവൃത്തി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: എന്റെ നിയോജക മണ്ഡലത്തിലെ മുണ്ടക്കയത്തെ നാഷണൽ ഹൈവേയിൽ നിന്നാരംഭിച്ച് വാഗമണിലേക്ക് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു പുതിയ റോഡിന്റെ നിർമ്മാണം നടന്നുവരികയാണ്. നാളിതുവരെ വാഗമണിലേക്ക് അതുവഴി പാതയില്ലായിരുന്നു. അതുകൊണ്ട് ഇനിയും സഞ്ചാരികൾക്ക് ആസ്വദിക്കാൻ കഴിയാത്ത വാഗമണിന്റെ പ്രകൃതി രമണീയതയുള്ളൊരു പ്രദേശത്തുകൂടിയാണ് ഈ പുതിയ റോഡ് കടന്നുവരുന്നത്. ആ റോഡിൽ വല്യേന്ത എന്നു പറയുന്ന സ്ഥലത്തുവരെ കൂട്ടിക്കൽ-ഏന്തയാർ-ഇളങ്കാടിനുശേഷം ഇതിനോടകം ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിച്ചു. അവശേഷിക്കുന്നത് ഏഴ് കിലോമീറ്ററാണ്. ആ ഏഴ് കിലോമീറ്റർ റോഡ് പൂർത്തീകരിക്കുന്നതിനുവേണ്ടി 2023-24-ലെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം പ്രൊവിഷൻ അനുവദിച്ചുകൊണ്ട് പന്ത്രണ്ട് കോടി രൂപ അനുവദിക്കപ്പെടുകയുണ്ടായി. സോയിൽ ടെസ്റ്റും ടോട്ടൽ സ്റ്റേഷൻ സർവേ അടക്കമുള്ള നടപടികളുടെ ഭാഗമായി ആ തുകകൊണ്ട് ആ റോഡ്

പൂർത്തീകരിക്കാൻ കഴിയില്ല. വലിയ ഹില്ലി ഏരിയ ആണ്.

മി. സ്പീക്കർ: യെസ്..... യെസ്......പ്ലീസ്....പ്ലീസ്..

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: വളരെ പ്രധാനപ്പെട്ട കാര്യമാണ് സർ.

മി. സ്പീക്കർ: എല്ലാം പ്രധാനപ്പെട്ടതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിക്കൊണ്ട് 2024-25 -ൽ വീണ്ടും അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ അടുത്ത ബഡ്ജറ്റ് ആയി. അപ്പോൾ ഈ രണ്ട് തുകകളും കൂടി സംയോജിപ്പിച്ച് ഒറ്റ വർക്കായിട്ട് ആ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. എരുമേലിയിൽ പുതിയതായി സ്ഥാപിക്കുന്ന എയർപോർട്ടും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട് വളരെ വേഗത്തിൽ വാഗമണിലേക്ക് എത്താൻ കഴിയുന്ന റോഡ് എന്ന നിലയിലും കേരളത്തിന്റെ തന്നെ ടൂറിസം രംഗത്ത് വലിയ വികസനത്തിനും മുന്നേറ്റത്തിനും ഇടയാക്കുന്ന ഒന്നാണ് ഈ റോഡ് പൂർത്തീകരിക്കപ്പെടുക എന്നുള്ളത്. അതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നുള്ളതും എത്രയും പെട്ടന്ന് ടെൻഡർ നടപടികളിലേക്ക് കടക്കണമെന്നുമുള്ള അഭ്യർത്ഥനയാണ് എനിക്ക് ഈ സബ്മിഷനിലൂടെ മുന്നോട്ടുവയ്ക്കാനുള്ളത്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P 21-1-2025-SS-NV (1)
09.50- 10.00

## (8) മുണ്ടക്കയം-കൂട്ടിക്കൽ -ഏന്തയാർ വല്യേന്ത -വാഗമൺ റോഡ് പ്രവൃത്തി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിശദമായ മറുപടിയായതിനാൽ പൂർണമായി വായിക്കുന്നില്ല. ഏതായാലും ഇതു രണ്ടും ഒറ്റ പ്രവൃത്തിയായി ചെയ്യുന്നത് ഉചിതമാണോയെന്ന അഭിപ്രായം പരിശോധിച്ചശേഷം ഇടപെടാം. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കാം.[1]

(ശ്രീ. ടി. ജെ. വിനോദ്)

1 അനുബന്ധമായി ചേർത്തിരിക്കുന്നു.

61

P 21-01-2025
PT-AN
10.00-10.10 (SV)

## ഭാരത് റാണി ജംഗ്ഷനിലും ചേരാനെല്ലൂർ തൈക്കാവ് ഭാഗത്തും അണ്ടർ പാസുകൾ

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിൽ ചേരാനെല്ലൂർ പഞ്ചായത്തിൽ നാഷണൽ ഹൈവേ-66 കടന്നുപോകുന്നത് ഇടപ്പള്ളി-കുന്നുംപുറം ജംഗ്ഷൻ മുതൽ വരാപ്പുഴ പാലംവരെയുള്ള ഏകദേശം നാല് കിലോമീറ്റർ ദൂരത്തിലാണ്. ചേരാനെല്ലൂർ പഞ്ചായത്തിലെ 90 ശതമാനം പ്രദേശവും നാഷണൽ ഹൈവെയുടെ പടിഞ്ഞാറുഭാഗത്തും ബാക്കി 10 ശതമാനം നാഷണൽ ഹൈവേയുടെ കിഴക്കുഭാഗത്തുമായി ഏകദേശം ആറ് അടി ഉയരത്തിൽ embankment കെട്ടി പഞ്ചായത്തിനെ രണ്ട് പ്രദേശങ്ങളായി വേർതിരിച്ചുനിർത്തിയാണ് നാഷണൽ ഹൈവേ കടന്നുപോകുന്നത്. ഇടപ്പള്ളി-കുന്നുംപുറം ജംഗ്ഷനിലെ ഒരു ഫ്ലൈ ഓവർ കഴിഞ്ഞാൽ പിന്നീട് രണ്ടര കിലോമീറ്റർ കഴിഞ്ഞ് കണ്ടെയ്നർ ജംഗ്ഷനിലാണ് അടുത്ത ഫ്ലൈ ഓവർ വരുന്നത്. പ്രസ്തുത രണ്ടര കിലോമീറ്റർ ദൂരത്തിൽ ജനങ്ങൾക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിന് യാതൊരു സൗകര്യവുമില്ല. നാഷണൽ ഹൈവേയുടെ നോംസ്പ്രകാരം രണ്ട് കിലോമീറ്റർ ദൂരത്തിനിടയിൽ ജനങ്ങൾക്ക് അങ്ങോട്ടുമിങ്ങോട്ടും

സഞ്ചരിക്കുന്നതിന് ഒരു അടിപ്പാതയെങ്കിലും നിർമ്മിക്കണമെന്നതാണ്. അവിടെ റോഡിന് ഇരുവശവും embankment കെട്ടിയതിനാൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്ര തടസ്സപ്പെട്ടിരിക്കുകയാണ്. പഞ്ചായത്ത് ഓഫീസ്, മാർക്കറ്റ്, വിദ്യാഭ്യാസ സ്ഥാപനം, മോസ്ക്, അമ്പലം, ആശുപത്രി, പഞ്ചായത്ത് ഓഫീസ് എന്നിങ്ങനെ ജനങ്ങൾക്ക് ദൈനംദിന ആവശ്യങ്ങളുമായി ബന്ധപ്പെടേണ്ട പല സ്ഥാപനങ്ങളും നാഷണൽ ഹൈവേയുടെ പടിഞ്ഞാറുഭാഗത്താണ് സ്ഥിതിചെയ്യുന്നത്. അവിടെയുള്ളവർക്ക് രണ്ടര കിലോമീറ്റർ ചുറ്റിയാണ് ഈ സ്ഥലങ്ങളിൽ എത്തേണ്ടത്. പടിഞ്ഞാറുഭാഗത്ത് താമസിക്കുന്ന ആളുകൾക്ക് എറണാകുളം ഭാഗത്തേയ്ക്ക് ബസ്സിലോ മറ്റോ പോകണമെങ്കിൽ രണ്ടര കിലോമീറ്റർ ചുറ്റി കിഴക്കുഭാഗത്ത് വന്നതിനുശേഷം മാത്രമേ ബസ്സിൽ കയറി യാത്ര ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് പഞ്ചായത്തിലെ ജനങ്ങൾ കഴിഞ്ഞ നവംബർ മാസം അഞ്ചാം തീയതി മുതൽ 76 ദിവസമായി സമരത്തിലാണ്. ഈ ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ.)-യ്ക്കും പരാതി നൽകിയെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അങ്ങിടപെട്ട് ആ

പ്രദേശത്തെ ജനങ്ങൾക്ക് സ്വൈര്യമായി യാത്ര ചെയ്യുന്നതിന് ഭാരത് റാണി ജംഗ്ഷനിലും ചേരാനെല്ലൂർ തൈക്കാവ് ഭാഗത്തും രണ്ട് അണ്ടർ പാസുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P 21-01-2025
PT-AN
10.00-10.10 (SV)

## ഭാരത് റാണി ജംഗ്ഷനിലും ചേരാനെല്ലൂർ തൈക്കാവ് ഭാഗത്തും അണ്ടർ പാസുകൾ

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നേരത്തെ ഈ വിഷയവുമായി ബന്ധപ്പെട്ട് വെഹിക്കിൾ അണ്ടർപാസ് ഉൾപ്പെടെയുള്ള ചില അണ്ടർ പാസുകൾ അനുവദിച്ചിട്ടുണ്ട്. വളരെ പോസിറ്റീവായാണ് അങ്ങ് ഈ വിഷയം ഉന്നയിക്കുന്നത്. നാഷണൽ ഹൈവെ-66 യാഥാർഥ്യമാകാൻ പോകുന്ന ഈ സമയത്ത് ഇത്തരത്തിലുള്ള ചില പ്രാദേശിക വിഷയങ്ങൾ ഉയർന്നുവരുന്നുണ്ട്. വളരെ നിഷ്കളങ്കമായി ഇത്തരം വിഷയങ്ങളിൽ ഇടപെട്ട് വളരെ പോസിറ്റീവായ നിലപാടുകളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ ഈ ഗവൺമെന്റിന്റെ കാലത്ത് അതൊന്നും പൂർത്തീകരിക്കരുതെന്നുള്ള രാഷ്ട്രീയ ദുഷ്ടലാക്കോടെ

ചില ഇടപെടലുകൾ നടന്നുവരുണ്ട്. അവരോട് വിനയത്തോടെ എനിക്ക് പറയാനുള്ളത്, മരണപ്പെട്ടൊരു പദ്ധതി ജീവൻ വയ്പ്പിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് അറിയാമെങ്കിൽ ജീവൻ വയ്പ്പിച്ച പദ്ധതി ലക്ഷ്യത്തിലെത്തിക്കാനും സർക്കാരിനറിയാമെന്നാണ്. ന്യായമായ വിഷയങ്ങളിൽ സംസ്ഥാന സർക്കാർ ഇടപെടും. ഇതുവരെ ഇടപെട്ടിട്ടുണ്ട്, ഇനിയും ഇടപെടും. എന്നാൽ നാടാഗ്രഹിക്കുന്നൊരു പദ്ധതി മുടക്കാനുള്ള കുത്സിത ശ്രമത്തെ അതേ അർത്ഥത്തിൽ സർക്കാർ തിരിച്ചറിയുകയും ചെയ്യുന്നതാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം)

P 21-01-2025
PT-AN
10.00-10.10 (SV)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

കൂത്താട്ടുകുളം നഗരസഭാ കൗൺസിലറെ തട്ടിക്കൊണ്ടുപേയ സംഭവം

മി.സ്പീക്കർ: കൂത്താട്ടുകുളം നഗരസഭയിലെ വനിതാ കൗൺസിലറെ പോലീസ് ഒത്താശയോടെ തട്ടിക്കൊണ്ടുപോയതായി പറയപ്പെടുന്ന സംഭവം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. പി. എ. മജീദ്, മോൻസ്

ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(മുഖ്യമന്ത്രി)

P 21-01-2025
PT-AN
10.00-10.10 (SV)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

കൂത്താട്ടുകുളം നഗരസഭാ കൗൺസിലറെ തട്ടിക്കൊണ്ടുപോയ സംഭവം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലുള്ള കൂത്താട്ടുകുളം നഗരസഭയിൽ ചെയർമാനും വൈസ്ചെയർമാനുമെതിരെ യു.ഡി.എഫ്. നോട്ടീസ് നൽകിയ അവിശ്വാസപ്രമേയ ചർച്ച 18-01-2025-ന് നടത്താൻ നിശ്ചയിച്ചിരുന്നു. 25 അംഗ നഗരസഭയിൽ 13 അംഗങ്ങൾ എൽ.ഡി.എഫ്.-ഉം 11 അംഗങ്ങൾ യു.ഡി.എഫ്.-ഉം ഒരാൾ സ്വതന്ത്രനുമാണ്. അവിശ്വാസ പ്രമേയാവതരണ ഘട്ടത്തിൽ ക്രമസമാധാനം ഉറപ്പാക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പോലീസ് ആവശ്യമായ സുരക്ഷ ഏർപ്പെടുത്തിയിരുന്നു. കൗൺസിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ

എൽ.ഡി.എഫ്.-ലെ ശ്രീമതി കലാരാജുവിനെ നഗരസഭാ ചെയർപേഴ്സന്റെ കാറിൽ കയറ്റിക്കൊണ്ടുപോയതായി പരാതിയുണ്ടായിട്ടുണ്ട്. സി.പി.ഐ. (എം.) കൗൺസിലറായ ശ്രീമതി കലാരാജുവിനെ ചെയർപേഴ്സന്റെ കാറിൽ കൂട്ടിക്കൊണ്ടുപോയത് യു.ഡി.എഫ്. കൊണ്ടുവന്ന അവിശ്വാസപ്രമേയം പരാജയപ്പെടുത്താൻ വേണ്ടിയായിരുന്നുവെന്ന ആക്ഷേപമുന്നയിച്ച് യു.ഡി.എഫ്. കൗൺസിലർമാരും പ്രവർത്തകരും നഗരസഭാ കാര്യാലയത്തിനുമുന്നിൽ പ്രതിഷേധം സംഘടിപ്പിക്കുന്ന നിലയുണ്ടായി. സംഭവത്തിൽ കൗൺസിലറുടെ മകൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 61/2025 ആയി കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ കേസുമായി ബന്ധപ്പെട്ട് നാലുപേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീമതി കലാരാജു വീട്ടിലുണ്ടെന്നറിഞ്ഞ് പോലീസ് സ്ഥലത്തെത്തുകയും തുടർന്ന് അവരെ കൂത്താട്ടുകുളം ഗവൺമെന്റ് ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പിറവം എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഇരുപത്തിയഞ്ചോളം പേർ കൂത്താട്ടുകുളം പോലീസ് സ്റ്റേഷന് മുൻവശത്തെ പ്രവേശന കവാടത്തിൽ നിയമവിരുദ്ധമായി കുത്തിയിരുന്ന് മാർഗതടസ്സം സൃഷ്ടിച്ചതിന് ക്രൈം നമ്പർ

65/2025 ആയും യു.ഡി.എഫ്. പ്രവർത്തകരെ സി.പി.ഐ.(എം.) പ്രവർത്തകർ മർദിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 63/2025 ആയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. നഗരസഭാ ചെയർപേഴ്സനെ യു.ഡി.എഫ്. പ്രവർത്തകർ ആക്രമിച്ച് പരിക്കേല്പിച്ചെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 64/2025 ആയി ഒരു കേസും ജാഥ നടത്തി മാർഗതടസ്സം സൃഷ്ടിച്ചതിന് ക്രൈം നമ്പർ 68/2025 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സ്ഥലത്ത് സംഘർഷാവസ്ഥയോ മറ്റ് ക്രമസമാധാന പ്രശ്നങ്ങളോ നിലവിലില്ല. ക്രമസമാധാനം ഉറപ്പുവരുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും പോലീസ് സ്വീകരിച്ചുവരുന്നു. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(ശ്രീ. അനൂപ് ജേക്കബ്)

P 21-01-2025
PT-AN
10.00-10.10 (SV)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

<u>കൂത്താട്ടുകുളം നഗരസഭാ കൗൺസിലറെ തട്ടിക്കൊണ്ടുപോയ സംഭവം</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സ്ത്രീകളുടെ അഭിമാനത്തെ ചോദ്യം

ചെയ്യുന്ന വാക്കോ, നോക്കോ, പ്രവൃത്തിയോ ഉണ്ടായാൽ കർശന നടപടിയുണ്ടാകുമെന്നും പൊതുഇടങ്ങളിൽ സ്ത്രീകൾ സുരക്ഷിതരായിരിക്കുമെന്നും അവിടങ്ങളിൽ തെറ്റായ നോട്ടമോ, തെറ്റായ രീതികളോ ആരുടെ ഭാഗത്തുനിന്നുമുണ്ടായാലും അത് കർക്കശമായി നേരിടുമെന്നും സ്ത്രീ സുരക്ഷയ്ക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന സർക്കാരാണിതെന്നുമാണ് കഴിഞ്ഞമാസം മൂന്നാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവന നടത്തിയത്. അങ്ങയുടെ ഈ പ്രസ്താവന വന്ന് രണ്ടാഴ്ചപോലും തികയുന്നതിനുമുമ്പാണ് കൂത്താട്ടുകുളം ടൗണിൽ ഒരു സി.പി.ഐ. (എം.) വനിതാ കൗൺസിലറെ സി.പി.ഐ. (എം.) നേതാക്കൾതന്നെ വസ്ത്രാക്ഷേപം ചെയ്ത് അടിച്ച് താഴെയിട്ട് ഒരു വാഹനത്തിൽ തട്ടിക്കൊണ്ടുപോയ സാഹചര്യമുണ്ടായിരിക്കുന്നത്. എന്ത് സ്ത്രീ സുരക്ഷിതത്വമാണ് കേരളത്തിലുള്ളത്; അങ്ങ് പറയുന്ന സ്ത്രീ സുരക്ഷ ഏത് അർഥത്തിലുള്ളതാണ്; ഒരു സ്ത്രീയെ പരസ്യമായി നടുറോഡിൽ വസ്ത്രാക്ഷേപം ചെയ്യുന്നതാണോ സ്ത്രീ സുരക്ഷിതത്വം; അവരുടെ കാൽ വെട്ടിയെടുക്കുമെന്ന് പറയുന്നതാണോ സ്ത്രീ സുരക്ഷിതത്വം; അവർക്കുനേരെ കൊലവിളി നടത്തുന്നതാണോ സ്ത്രീ സുരക്ഷിതത്വം; പോലീസ് നോക്കിനിൽക്കെ അവരെ വാഹനത്തിൽ തട്ടിക്കൊണ്ടുപോകുമ്പോൾ അങ്ങ്

പറയുന്ന സ്ത്രീ സുരക്ഷിതത്വം കേരളത്തിൽ എവിടെയാണുള്ളത്; ഉത്തരേന്ത്യയിലെല്ലാം സ്ത്രീകളെയും കുട്ടികളെയും തട്ടിക്കൊണ്ടുപോകുന്നതിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. പക്ഷെ ഈ സർക്കാരിന്റെ അവസാന കാലയളവിലേയ്ക്കെത്തുമ്പോൾ കേരളത്തിൽ സ്ത്രീകളെ പട്ടാപ്പകൽ പാർട്ടിക്കാർതന്നെ തട്ടിക്കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായിരിക്കുകയാണ്. കൂത്താട്ടുകുളം നഗരസഭയിലെ ഭരണത്തിനെതിരെ ഐക്യജനാധിപത്യ മുന്നണി അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകുന്നു. 18-ാം തീയതി ഈ വിഷയം ചർച്ച ചെയ്യാനെടുക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു free and fair election നടക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ പോലീസ് പ്രൊട്ടക്ഷൻ നൽകുകയാണ്. മൂവാറ്റുപുഴ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ നൂറോളം പോലീസുകാർ കൗൺസിലർമാർക്ക് സുരക്ഷ ഒരുക്കുമെന്ന വ്യാജേന അവിടെവന്ന് നിൽക്കുന്നു. അവിടെ വോട്ടെടുപ്പിൽ പങ്കെടുക്കാൻ വേണ്ടിയാണ് സി.പി.ഐ. (എം.) വനിതാ കൗൺസിലറായ ശ്രീമതി കലാരാജു വന്നിറങ്ങുന്നത്. അവർക്കുണ്ടായ ദുരനുഭവമാണ് ഞാൻ വിവരിച്ചത്. അവർ അവിടെ വന്നിറങ്ങുമ്പോൾ സി.പി.ഐ.(എം.)-ന്റെ ഏരിയാ സെക്രട്ടറി ശ്രീ. രതീഷിന്റെ നേതൃത്വത്തിൽ അവരെ തടയുകയും

അടിച്ചിടുകയും തട്ടിക്കൊണ്ടുപോകുകയും ചെയ്തതാണ് പിന്നീട് കേരളം കണ്ടത്. ജനാധിപത്യത്തിനേറ്റ ഏറ്റവും വലിയ കളങ്കമല്ലേയത്? ഒരു അവിശ്വാസ പ്രമേയത്തെ ആശയപരമായി നേരിടാനുള്ള കെൽപ്പ് എൽ.ഡി.എഫ്.-ന് ഇല്ലേയെന്നുള്ള ചോദ്യമാണ് ഇവിടെ ഉയരുന്നത്. കേരളത്തിൽ ജനാധിപത്യമല്ല ഗുണ്ടാധിപത്യമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ശ്രീമതി കലാരാജു അവിടെ വന്നിറങ്ങുന്നു. ഇവരെ കഴുത്തിന് കയറിപ്പിടിച്ച് ഒരു ഗുണ്ട പിടിച്ചുനിർത്തുന്നു. നിങ്ങൾ ആരാണെന്നും നിങ്ങൾക്ക് എന്തുവേണമെന്നും ഒരു പോലീസുകാരൻ അവിടേയ്ക്ക് ഓടിവന്ന് ആ സ്ത്രീയോട് ചോദിച്ചു. ഞാൻ കലാരാജുവാണ്/കൗൺസിലറാണെന്നും എനിക്ക് മുനിസിപ്പൽ ഓഫീസിൽ കയറണമെന്നും വോട്ടുചെയ്യണമെന്നും അവർ പറഞ്ഞു. ചട്ടുലമായി ചോദ്യങ്ങൾ ചോദിച്ച ആ പോലീസ് ഉദ്യോഗസ്ഥൻ അവരെ സുരക്ഷിതമായി ആ കെട്ടിടത്തിലേയ്ക്ക് കയറ്റുമെന്ന് കരുതിയിരുന്നുവെങ്കിൽ, നേരെതിരിച്ച് തട്ടിക്കൊണ്ടുപോകാൻ വന്ന വാഹനത്തിലേയ്ക്ക് കയറ്റിവിടുകയാണ് ചെയ്തത്. മൂവാറ്റുപുഴ ഡിവൈ.എസ്.പി. നോക്കിനൽക്കെയാണ് ഇതെല്ലാം നടക്കുന്നത്. ശ്രീമതി കലാരാജുവിനെ തട്ടിക്കൊണ്ടുപോകുന്നത് മുനിസിപ്പാലിറ്റി ചെയർപേഴ്സന്റെ ഔദ്യോഗിക വാഹനത്തിലാണ്. മൂവാറ്റുപുഴ

ഡിവൈ.എസ്.പി. വന്ന് ആ വാഹനത്തിന് വേഗത്തിൽ കടന്നുപോകാനുള്ള സൗകര്യമൊരുക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. അവിടെയുള്ള ആൾക്കാരെ പിടിച്ചുമാറ്റുന്ന, യു.ഡി.എഫ്. പ്രവർത്തകരെ ക്രൂരമായി മർദിക്കുന്ന, അവിടെയുള്ള വാഹനതടസ്സങ്ങൾ നീക്കി തട്ടിക്കൊണ്ടുപോകുന്ന വാഹനത്തിന് സുഗമമായി കടന്നുപോകാനുള്ള സൗകര്യമൊരുക്കുന്നു. സ്വാഭാവികമായും അവിടെ അപ്പോൾ പ്രതിഷേധമുയരും. ഞങ്ങൾ ഉൾപ്പെടെയുള്ളവർ അവിടെ കുത്തിയിരുന്നുവെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ഇക്കാര്യത്തിൽ കുത്തിയിരുന്നുപോകും. അത്രമാത്രം പ്രതിഷേധവും ജനങ്ങളുടെ ഇടയിലുള്ള ആശങ്കയും അവിടെ ഉയർന്നുവന്നു. ഒരു കൗൺസിലറെ പട്ടാപ്പകൽ തട്ടിക്കൊണ്ടുപോയിരിക്കുകയാണ്. പിന്നെ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്;

(തുടരും.........)

P 21-01-2025
BL-AN-1
10.10 -10.20 (SV)

(ശ്രീ. അനൂപ് ജേക്കബ്....തുടർച്ച)

പോലീസിന്റെ നിഷ്ക്രിയത്വമാണ് അവിടെ കണ്ടത്. അവിടത്തെ ഡിവൈ.എസ്.പി. - ആറ് മണിക്കൂർ കൈയും കെട്ടിയിരിക്കുകയാണ് ആ

ഉദ്യോഗസ്ഥൻ. വനിതാ കൗൺസിലറെ അന്വേഷിച്ച് കണ്ടുപിടിക്കണ്ടേ എന്ന് ഞങ്ങൾ ചോദിച്ചപ്പോൾ, അവർ എങ്ങോട്ടാണ് പോയതെന്നറിയില്ല, എനിക്ക് പരാതി ലഭിച്ചിട്ടില്ലെന്നായിരുന്നു അദ്ദേഹത്തിൽനിന്നും ഞങ്ങൾക്ക് ലഭിച്ച മറുപടി. അദ്ദേഹത്തിന്റെ മുന്നിലുണ്ടായൊരു ഒഫൻസ്, അട്രോസിറ്റി കണ്ടിട്ട് ഉദ്യോഗസ്ഥൻ പറയുകയാണ്, എനിക്ക് എഫ്.ഐ.ആർ. ഇടാൻ കഴിയില്ല, പരാതി വേണമെന്ന്. തട്ടിക്കൊണ്ടുപോയ ആൾ വന്ന് പരാതി നൽകണോ? ഇവിടെ വിഷയങ്ങൾ ആളിക്കത്തുകയും മാധ്യമങ്ങളടക്കം എല്ലാം പ്രസിദ്ധീകരിക്കുകയും ചെയ്തു. ശ്രീമതി കലാരാജുവിന്റെ മക്കൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഡി.ജി.പി.-ക്കും ഉൾപ്പെടെ മെയിൽ അയച്ചു. യാതൊരു നടപടിയുമുണ്ടാകാതെ വന്നപ്പോൾ അവരും നേരിട്ടുവന്ന് പോലീസ് സ്റ്റേഷനിൽ കുത്തിയിരിക്കുന്ന സാഹചര്യമുണ്ടായി. സംഭവം കൈവിട്ടുപോകുമെന്ന അവസ്ഥ വന്നപ്പോൾ പോലീസുകാർ സി.പി.ഐ.(എം.) പ്രാദേശിക നേതൃത്വത്തിന്റെ കൈയുംകാലും പിടിക്കുകയാണുണ്ടായത്, എങ്ങനെയെങ്കിലും അവരെ അഴിച്ചുവിടൂ, തുറന്നുവിടൂ, എവിടെയാണ്?എന്നൊക്കെയുള്ള ചോദ്യം വന്നപ്പോൾ ഒരു രക്ഷയുമില്ല, കാര്യങ്ങൾ കൈവിട്ടുപോകുന്നു, അതിയായ സമ്മർദം വരുന്നുവെന്ന് മനസ്സിലായപ്പോൾ അവസാനം ഗത്യന്തരമില്ലാതെ പോലീസ്

സ്റ്റേഷനിൽനിന്നും 500 മീറ്റർ മാത്രം അകലെയുള്ള ഏരിയ കമ്മിറ്റി ഓഫീസിൽനിന്നും ഏഴ് മണിക്കൂറിനുശേഷം അവരെ ഇറക്കിവിടുകയാണ്. പോലീസിന്റെ മൂക്കിനുതാഴെയാണ് അവരെ പിടിച്ചുവച്ചിരുന്നത്. ഇവർ കാക്കിയിട്ട് നടക്കുന്നതെന്തിനാണ്? ശ്രീമതി കാലരാജുവിന്റെ മക്കളുടെ പരാതിവരെ നിലനിൽക്കുമ്പോൾ പോലീസുകാർക്ക് എന്തുകൊണ്ട് ഉണർന്ന് പ്രവൃത്തിക്കാൻ സാധിക്കുന്നില്ല. (....ബഹളം...)

<u>മി. സ്പീക്കർ</u>: യെസ്.. ഇങ്ങോട്ടു പറയൂ.. പറയൂ..

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അതിനുശേഷം അവരെ കൂത്താട്ടുകുളം ഗവൺമെന്റ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. ഞാൻ അവരെപ്പോയി കണ്ടപ്പോൾ അവർ എന്നോട് പറയുകയായിരുന്നു, (....ബഹളം...) (....ബഹളം...) നിങ്ങളിത് കേൾക്കണം, നിങ്ങളിത് കേൾക്കൂ. സമാധാനത്തോടെയിരുന്ന് കേൾക്കൂ, സംഭവിച്ച കാര്യങ്ങളാണ് പറയുന്നത്.

<u>മി. സ്പീക്കർ</u>: ഇങ്ങോട്ട് അഡ്രസ് ചെയ്യൂ..

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ആ വനിതാ കൗൺസിലർ, ശ്രീമതി കലാരാജു കണ്ണുനീരോടെ എന്നോട് പറയുകയാണ്, '25 വർഷമായി ഞാൻ ഈ പാർട്ടിക്കുവേണ്ടി ജീവിച്ച വ്യക്തിയാണ്, എന്നെ അവർ ചവിട്ടി താഴെയിട്ടു, എന്റെ മൂക്കിലൂടെ രക്തമൊഴുകി, എന്റെ മുടിക്കുത്തിന് പിടിച്ച്

വലിച്ചു, എന്റെ കഴുത്തിന് പിടിച്ചുമുറുക്കി ശ്വാസംമുട്ടി, ഞാൻ മരിച്ചുപോകുമോയെന്ന് ഭയപ്പെട്ടു. പക്ഷെ ഞാൻ തളർന്നില്ല, എന്നാൽ എന്റെ സാരി വലിച്ചുകീറിയപ്പോൾ, എന്റെ പാവാടയുടെ വള്ളി വലിച്ചുകീറിയപ്പോൾ ഞാൻ തകർന്നുപോയി, എന്റെ മാനം സംരക്ഷിക്കണമെന്ന നിലയിൽ എവിടെയെങ്കിലും മറവുവേണമെന്ന് ഞാൻ ആഗ്രഹിച്ചുപോയി'. അവിടെ നടന്ന രാഷ്ട്രീയം നിങ്ങൾ മാറ്റിവയ്ക്കു. (....ബഹളം...) എന്തിനാണ് ഇവർ ബഹളം വയ്ക്കുന്നത്; കാര്യമല്ലേ ഇവിടെ പറയുന്നത്? (....ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്...(....ബഹളം...) അവിടെയിരിക്കു. പ്ലീസ്.... പ്ലീസ്... (....ബഹളം...) അവിടെയിരിക്കു... പ്ലീസ്.... പ്ലീസ്...അങ്ങ് പറയൂ.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അവിടെ നടന്ന രാഷ്ട്രീയം മാറ്റിവയ്ക്കു, അവിശ്വാസ പ്രമേയ ചർച്ച മാറ്റിവയ്ക്കു, അവർ കൗൺസിലറാണെന്ന പദവിയും മാറ്റിവയ്ക്കു. ഒരു വിധവയായ സ്ത്രീ, ഒരമ്മ, അവർക്ക് നഗരമധ്യത്തിൽ, പൊതുജനമധ്യത്തിൽ വസ്ത്രാക്ഷേപത്തിന് വിധേയമാകേണ്ടിവരുന്ന ദുരവസ്ഥയാണോ ഈ കേരളത്തിലുണ്ടാകേണ്ടത്; ടി.പി.-യെയും ഷുഹൈബിനെയും കൃപേഷിനെയും ശരത് ലാലിനെയുമൊക്കെ വെട്ടിക്കൊന്ന കാടത്തം ഇപ്പോഴും തുടരുന്നുവെന്ന സന്ദേശമല്ലേ പൊതുസമൂഹത്തിലേയ്ക്ക്

ഇതുവഴി നൽകുന്നത്; ഇതിനുള്ള ധൈര്യം ഇവർക്ക് എവിടെ നിന്നാണ് ലഭിക്കുന്നത്; കലാരാജുവെന്ന വ്യക്തി രൂക്ഷമായ ഒട്ടനവധി ആരോപണങ്ങളാണ് പ്രാദേശിക നേതൃത്വത്തിനെതിരെ ഉയർത്തിയിരിക്കുന്നത്. സാമ്പത്തികമായി അവരെ തകർത്തുകളഞ്ഞു, അവരുടെ വീടും സ്വത്തും നിസ്സാരവിലയ്ക്ക് വിൽപിച്ചു. അതിനെതിരെ രണ്ടുദിവസം മുമ്പ് അവർ മാധ്യമങ്ങളോട് പറയുന്നതിന് എത്രയോ മുമ്പ്, ആറ് മാസങ്ങൾക്കുമുമ്പ് പാർട്ടി നേതൃത്വത്തിന് ഔദ്യോഗികമായി കത്ത് നൽകിയിരുന്നു. പാർട്ടി യാതൊരു നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, അവർക്കെതിരെ അപ്രഖ്യാപിത ഊരുവിലക്ക് പ്രഖ്യാപിച്ചു. 25 വർഷം പാർട്ടിക്കുവേണ്ടി ജീവിച്ച ഒരു കുടുംബത്തിനുണ്ടായ ദുരവസ്ഥയാണിത്. അവരെ തട്ടിക്കൊണ്ടുപോയപ്പോൾ, അവർക്ക് അപമാനം നേരിടേണ്ടി വന്നപ്പോൾ, (...ബഹളം...) നിങ്ങൾ ഈ ബഹളം വയ്ക്കുന്നതുപോലെയല്ല, അവിടെയുള്ള നല്ല കമ്മ്യൂണിസ്റ്റുകാർ, ഇടതുപക്ഷ സഹയാത്രികർ അവരുടെയെല്ലാം മനസ്സിൽ പ്രതിഷേധം ആളിക്കത്തുകയാണ്. ഒരാളുപോലും പേടിച്ചിട്ട് മിണ്ടുന്നില്ലെന്നേയുള്ളൂ. (...ബഹളം...) ഈ വ്യക്തിയെ, ശാരീരികമായും മാനസികമായും മാത്രമല്ല, സാമ്പത്തികമായും തകർക്കുകയെന്നുള്ളതാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്.

(...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്.... അവിടെയിരിക്കൂ... കംപ്ലീറ്റ് ചെയ്തോട്ടേ, പ്ലീസ്.. പ്ലീസ്...

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇക്കഴിഞ്ഞ ദിവസം ഒരു സെലിബ്രിറ്റിക്കുനേരെ ഒരു ആക്ഷേപം വന്നപ്പോൾ നമ്മുടെ പോലീസ് എത്ര വേഗത്തിലാണ് ആക്ഷനെടുത്തത്; ശരവേഗതയിൽ ഓടിനടന്ന് അറസ്റ്റുകൾ രേഖപ്പെടുത്തിയില്ലേ? ആ ശരവേഗത എല്ലായിടത്തും പ്രതീക്ഷിക്കുന്നു. സെലിബ്രിറ്റികൾക്കുള്ള അഭിമാനംതന്നെയാണ് എല്ലാ സ്ത്രീകൾക്കുമുള്ളത്. ഇവിടെ എഫ്.ഐ.ആർ. ഇട്ട് മൂന്നുദിവസം കഴിഞ്ഞിട്ടും യഥാർഥ പ്രതികളിൽ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ച നാല് പേരുകൾ, എവിടെ എന്തുപ്രശ്നമുണ്ടായാലും പോലീസിനുമുമ്പിൽ ഹാജരാക്കുന്ന 4 വ്യക്തികളാണ് അവർ. അവർ യഥാർഥ പ്രതികളല്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്....ശ്രീ. അനൂപ് ജേക്കബ്...പ്ലീസ്...

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, സ്ഥിരമായി ഹാജരാക്കപ്പെടുന്ന കുറച്ചുപേർ മാത്രമാണ് അവർ. ആ നാലുപേരെ അവിടെക്കൊണ്ടുവന്ന് വച്ചു. അവർ കൃത്യമായൊരു മൊഴി നൽകിയിട്ടുണ്ട്. സി.പി.ഐ.(എം.)-ന്റെ ഏര്യാ

സെക്രട്ടറി, ലോക്കൽ കമ്മിറ്റി ഉൾപ്പെടെ അവരുടെ വാഹനം ഓടിച്ചുകൊണ്ടുപോയ വ്യക്തി ഉൾപ്പെടെയുള്ളവരുടെ പേര് സഹിതം ഇവർ പറഞ്ഞിട്ടുണ്ട്. ഒരാളെപ്പോലും കസ്റ്റഡിയിൽ എടുക്കാനോ അറസ്റ്റ് ചെയ്യാനോ പോലീസ് ഇതുവരെ തയ്യാറായിട്ടില്ല. അതിനുപകരം ഇടതുപക്ഷ കൗൺസിലർമാരെ അങ്ങോട്ട് ആക്രമിച്ചുവെന്നുപറഞ്ഞ് യു.ഡി.എഫ്. നേതാക്കൾക്കെതിരെ കള്ളക്കേസെടുത്തിരിക്കുകയാണ്. ഒരു ഇടതുപക്ഷ കൗൺസിലറെയും യു.ഡി.എഫ്.-ന്റെ നേതാക്കൾ ആരുംതന്നെ ആക്രമിച്ചിട്ടില്ല. അവിടെ നടന്ന എല്ലാ സംഭവങ്ങളുടെയും വീഡിയോയും ചിത്രങ്ങളും ഞങ്ങളുടെ കൈയിലുണ്ട്. ഞങ്ങൾ നിയമപരമായി നേരിട്ടോളാം. നിയമവ്യവസ്ഥയിലും കോടതിയിലും ഞങ്ങൾക്ക് വിശ്വാസമുണ്ട്. ആ രീതിയിൽത്തന്നെ ഞങ്ങൾ പൊയ്ക്കോളാം. എന്നാൽ കള്ളക്കേസെടുത്ത് ഞങ്ങളെ തകർക്കാമെന്ന് ആരെങ്കിലും കരുതിയാൽ അത് വെറുതെയാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: യെസ്...കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ വ്യക്തിക്കുണ്ടായ അനുഭവം നാളെ ആവർത്തിക്കപ്പെടാൻ പാടില്ലെന്നാണ് എനിക്ക് ഈ ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. കൂത്താട്ടുകുളം പോലീസ് സ്റ്റേഷനെ സംബന്ധിച്ച്

നിരവധി ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ട്. ഞാൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിരവധി ചോദ്യങ്ങൾ നൽകിയിട്ടുണ്ട്. അതിനെല്ലാം അവ്യക്തമായ മറുപടികളാണ് എനിക്ക് രേഖാമൂലം ലഭിച്ചിട്ടുള്ളത്. കാര്യക്ഷമതയില്ലായ്മയുടെയും അഴിമതിയുടെയും പര്യായമായി ആ പോലീസ് സ്റ്റേഷൻ മാറിയിരിക്കുകയാണ്. ടി പോലീസ് സ്റ്റേഷൻ പരിധിയിൽ കവർച്ച, കൊള്ള, മദ്യ-മയക്കുമരുന്ന്-മണ്ണ് മാഫിയകൾ വിലസുകയാണ്. ഒരു ചെറുവിരൽപോലും അവർക്കെതിരെ ആരും അനക്കുന്നില്ല. അഴിമതിയുടെ എല്ലാ അർത്ഥവും ഇക്കഴിഞ്ഞ ഏതാനും മാസങ്ങളായി ആ പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് നടക്കുകയാണ്. കലാരാജു എന്ന വ്യക്തിയുടേത് വെറുമൊരു ഒറ്റപ്പെട്ട സംഭവമായി തള്ളിക്കളയാൻ പറ്റുന്ന ഒന്നല്ല. നാളെയിത് ആവർത്തിക്കപ്പെടാൻ പാടില്ല. ഇങ്ങനെയൊരു വിഷയം അവിടെ ഉണ്ടായിട്ടുണ്ടെങ്കിൽ, ഒന്നോരണ്ടോപേർ ചേർന്ന് ആസൂത്രിതമായി നടത്തുന്ന വെറുമൊരു സംഭവമല്ല ഇത്. ഇതിന്റെ പിന്നിൽ വലിയ ഗൂഢാലോചനയും കൃത്യമായ പിന്തുണയുമുണ്ട്. അതിനാൽ അവരെ തട്ടിക്കൊണ്ടുപോയ യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യാൻ സമഗ്രമായ ഉന്നതതല അന്വേഷണമുണ്ടാകണമെന്നതാണ് എന്റെ ആവശ്യം. ആ വാഹനം കസ്റ്റഡിയിലെടുക്കാനുള്ള നടപടിയുണ്ടാകണം. ഇതിന് നേതൃത്വം നൽകിയ

മൂവാറ്റുപുഴ ഡിവൈ.എസ്.പി. അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടി സ്വീകരിക്കാൻ കഴിയണം. ആ ഉറപ്പാണ് സ്ത്രീ സുരക്ഷിതത്വമെന്ന വാക്ക് പൂർണ്ണതയിലെത്തണമെങ്കിൽ ഉണ്ടാകേണ്ടതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

(ശ്രീ. പിണറായി വിജയൻ)

P 21-01-2025
BL-AN-1
10.10 -10.20 (SV)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ച 'സ്ത്രീ സുരക്ഷ' , നമ്മുടെ കേരളം അതിന് മാതൃകയായിത്തന്നെയാണ് നിൽക്കുന്നത്. സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാടാണ് സംസ്ഥാനം സ്വീകരിച്ചുവരുന്നത്, അത് പൊതുവെ അംഗീകരിക്കപ്പെട്ട കാര്യവുമാണ്. അദ്ദേഹം ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ, അദ്ദേഹം കുത്തിയിരുന്നുപോയി എന്ന് അദ്ദേഹംതന്നെ പറഞ്ഞു. ആ കുത്തിയിരിപ്പിന് ഇടയായ കാരണമെന്താണ്? അവിടെ ഒരു അവിശ്വാസ പ്രമേയം കൊടുക്കുന്നു, അവിശ്വാസ പ്രമേയം ചർച്ച ചെയ്യുന്നു, അത് സ്വാഭാവികമാണ്. ചർച്ച

ചെയ്യാനാവശ്യമായ അന്തരീക്ഷം, മറ്റ് ബഹളമൊന്നും ഉണ്ടാകരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഒരു പെറ്റീഷൻ പോകുന്നു, ആവശ്യമായ സുരക്ഷയൊരുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിക്കുന്നു. ആവശ്യമായ സുരക്ഷയും ഒരുക്കുന്നു. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സംഭവങ്ങളെത്തുടർന്ന് ഹൈക്കോടതിയിൽ വീണ്ടുമൊരു പെറ്റീഷൻ കൊടുക്കുന്നു, ഹൈക്കോടതി ആ പെറ്റീഷൻ തീർപ്പാക്കിക്കഴിഞ്ഞു. കാരണം ആവശ്യമായ സുരക്ഷാ നടപടികൾ അവിടെ സ്വീകരിച്ചിരുന്നുവെന്നുള്ള സർക്കാർ വാദം അംഗീകരിച്ചുകൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പരാതി തീർപ്പാക്കിയിട്ടുള്ളത്. ഹൈക്കോടതി നിർദേശം അവിടെ പാലിക്കപ്പെട്ടിട്ടുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. അവിശ്വാസ പ്രമേയത്തിന്റെ അടിസ്ഥാനമെന്താണ്? നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ അവിശ്വാസ പ്രമേയം കൊണ്ടുവരുമ്പോൾ, ആ നിലവിലുള്ള ഭരണ വിഭാഗത്തിനെതിരെയുള്ള അവിശ്വാസം രേഖപ്പെടുത്താനാണ് അവിശ്വാസ പ്രമേയം കൊണ്ടുവരുന്നത്. അവിശ്വാസം രേഖപ്പെടുത്താനുള്ള അവകാശം എപ്പോഴും പ്രതിപക്ഷത്തിനാണ്. അപ്രകാരം ഒരു അവിശ്വാസ പ്രമേയം ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും ജനാധിപത്യപരമായ

നടപടിക്രമങ്ങളൊക്കെ പാലിക്കണം. എവിടേയ്ക്കാണ് വാദം പോകുന്നത്? ഒരു 25 വർഷത്തിന്റെ കാര്യം പറഞ്ഞുകൊണ്ടിരുന്നല്ലോ? കഴിഞ്ഞ അഞ്ചുവർഷമായി ആ നഗരസഭയിൽ കൗൺസിലറായി ഇരിക്കുന്ന സി.പി.ഐ.(എം.)-ന്റെ ഭാഗമായ, അവിടത്തെ എൽ.ഡി.എഫ്.-ന്റെ ഭാഗമായ ഒരു കൗൺസിലറെ അവിടെനിന്നും മാറ്റാനുള്ള നീക്കം നടത്തിയെന്നാണ്. രാഷ്ട്രീയമായ അഭിപ്രായങ്ങൾ ചില ഘട്ടത്തിൽ മാറിയെന്നുവരാം. ആർക്കും അതിനെ തടയാൻ കഴിയില്ല. ചില ഘട്ടത്തിൽ ചിലർ ഏതൊരു പാർട്ടിയിൽനിന്നും മാറിപ്പോയി എന്നുവരും. അത് യു.ഡി.എഫ്.-ന്റെ ഭാഗമായാലും എൽ.ഡി.എഫ്.-ന്റെ ഭാഗമായാലും, യു.ഡി.എഫ്.-ലെ ഘടകകക്ഷികളായാലും എൽ.ഡി.എഫ്.-ലെ ഘടകകക്ഷികളായാലും ചിലപ്പോൾ അങ്ങനെ സംഭവിച്ചേക്കാം. അപ്രകാരം സംഭവിച്ചാൽ ചെയ്യേണ്ടതെന്താണ്; ഇവിടെ മറ്റുതരത്തിലുള്ള പ്രലോഭനങ്ങളുടെ ഭാഗമായി സ്വാധീനിക്കാനുള്ള ശ്രമം നടത്തി സ്വാധീനിക്കാൻ കഴിഞ്ഞെങ്കിൽ, ആ സ്വാധീനിക്കപ്പെട്ട വ്യക്തി ആ സ്ഥാനത്ത് ഇരുന്നുകൊണ്ടാണോ അപ്പുറത്തേയ്ക്ക് പോകേണ്ടത്; സാധാരണഗതിയിൽ ആ സ്ഥാനം രാജിവയ്ക്കുണ്ടേ; നിങ്ങളിപ്പോൾ എന്തിനെയാണ് പ്രോത്സാഹിപ്പിക്കുന്നത്?

(തുടരും...)

P 21.01.2025
TB - AN(I)
10.20 - 10.30 (SV)

(ശ്രീ. പിണറായി വിജയൻ തുടർച്ച .......)

ജനാധിപത്യ വ്യവസ്ഥയുടെ കാതലായ കാര്യങ്ങളാണല്ലോ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്; ജനാധിപത്യ വ്യവസ്ഥയിൽ ഇത് വളരെ പ്രധാനമാണല്ലോ? നിങ്ങൾ ഒരു പാർട്ടിയുടെ, നമ്മുടെ നാട്ടിൽ - ഒരു മുന്നണിയുടെ ഭാഗമായി നിൽക്കുകയാണ്. ഇവിടെ പാർട്ടിയുടേയും മുന്നണിയുടേയും ഭാഗമായി നിൽക്കുന്ന ഒരാളെ മറ്റുതരത്തിൽ പ്രലോഭിപ്പിച്ച് സ്വാധീനിക്കാൻ ശ്രമിക്കുന്നു, ചിലപ്പോൾ ശ്രമിച്ചേയ്ക്കാം. അങ്ങനെയുള്ള ശ്രമം വിജയിച്ചുകഴിഞ്ഞാൽ ആ കാലുമാറ്റത്തെ അതേ രീതിയിൽ അംഗീകരിച്ചു കൊടുക്കുകയാണോ വേണ്ടത്? ബഹുമാനപ്പെട്ട അംഗം അത്തരമൊരു വാദം ഉന്നയിക്കുമ്പോൾ കോൺഗ്രസ് എന്നൊരു പാർട്ടിയുടെ നേതൃത്വത്തിലാണല്ലോ യു.ഡി.എഫ്. പ്രവർത്തിക്കുന്നത്; കോൺഗ്രസ്സിന് ഇത് അംഗീകരിക്കാൻ സാധിക്കുമോ; സാധാരണഗതിയിൽ ഏതൊരംഗവും അങ്ങനെ പോകുന്നുണ്ടെങ്കിൽ രാജിവച്ച് പോകേണ്ടതല്ലേ? അതിന്റെ ഭാഗമായി അവിടെ കാലുമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു അന്തരീക്ഷം

സൃഷ്ടിച്ചുവെന്നുള്ളത്, അവിടെ പരാജയപ്പെട്ടിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇവിടെ കാണേണ്ട കാര്യം, നമ്മുടെ സംസ്ഥാനത്ത് ഒരു തരത്തിലുമുള്ള ക്രമസമാധാന പ്രശ്നവുമുണ്ടാക്കണമെന്ന് സാധാരണഗതിയിൽ നമ്മളാരും ആഗ്രഹിക്കുന്നില്ല. അത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ ശക്തമായ നടപടികൾ പോലീസ് സ്വീകരിക്കുകയും ചെയ്യും. ഇവിടെയുണ്ടായ പ്രശ്നങ്ങളിൽ ജനാധിപത്യത്തിന് നിരക്കാത്ത കാലുമാറ്റത്തിന്റെ പ്രോത്സാഹനം വന്നുവെന്നുള്ളതാണ് ഏറ്റവും ഗൗരവമായി കാണേണ്ടത്. അത് നമ്മുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന ഒരു പ്രവണതയല്ലെന്നുള്ളത് അംഗീകരിക്കാൻ സാധിക്കണം. ഇവിടെയുണ്ടായ പ്രശ്നം കലാരാജു എന്ന മഹതിക്ക് ചില പരാതികളുണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മറ്റ് ആശങ്കകളുണ്ടാകേണ്ടതില്ല. ഇവിടെ കോൺഗ്രസ്സിനെതിരായി വന്നുവെന്ന് പറയുന്ന കേസ് കള്ളക്കേസ്സും മറ്റേതെല്ലാം ശരിയായ കേസുമെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. ഏതായാലും ബഹുമാനപ്പെട്ട അംഗം തന്നെ പറഞ്ഞു വഴിമുടക്കലല്ല, ഞാൻ അവിടെ കുത്തിയിരുന്നിട്ടുണ്ട്, മറ്റ് ആളുകളുമുണ്ടായിരുന്നു, പിന്നെ മറ്റ് ആളുകൾ വന്നുചേർന്നുവെന്നൊക്കെ പറഞ്ഞിട്ടുണ്ട്. ഏതായാലും അത്തരം കാര്യങ്ങളിൽ സ്വാഭാവികമായ നിയമ

നടപടികൾ സ്വീകരിച്ചുപോകട്ടെ. നിയമനടപടികളുടെ കാര്യത്തിൽ തെറ്റ് ചെയ്തിട്ടുണ്ടോ അവർക്കെതിരെ കർക്കശമായ നടപടിയുണ്ടാകുമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. അക്കാര്യത്തിൽ ഒരാശങ്കയുമുണ്ടാകേണ്ടതില്ല. ഏതായാലും സ്ത്രീകൾക്കെതിരെയുള്ള ആക്രമണം ഗൗരവമായിത്തന്നെ കാണുന്നതാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അവരുടെ പരാതി ഗൗരവമായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യും. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(മി. സ്പീക്കർ)

P 21.01.2025
TB - AN(I)
10.20 - 10.30 (SV)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്നുള്ള ഉപക്ഷേത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(ശ്രീ. വി. ഡി. സതീശൻ)

P 21.01.2025
TB - AN(I)
10.20 - 10.30 (SV)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഇവിടെ ഈ വിഷയം അവതരിപ്പിച്ചപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി ആലപ്പുഴ സി.പി.ഐ.(എം.) ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സ്ത്രീ സുരക്ഷയെക്കുറിച്ച് പറഞ്ഞ പ്രസംഗം ഇവിടെ ഉദ്ധരിച്ചു. മുഖ്യമന്ത്രി തന്റെ മറുപടിയിൽ ഉറച്ചുനിൽക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷേ അദ്ദേഹം കാലുമാറ്റത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസ്, തട്ടിക്കൊണ്ടുപോകലിന് കേസെടുത്ത ആ ക്രിമിനലുകളെ ന്യായീകരിക്കുകയാണ്. മുഖ്യമന്ത്രിയുടെ വാക്കിനും പഴയ ചാക്കിനും ഒരേ വിലയാണെന്നാണ് ഇന്ന് അങ്ങയുടെ മറുപടിയിലൂടെ പുറത്തുവന്നത്. ഇവിടെ കാലുമാറ്റമാണ് അദ്ദേഹത്തിന് ഭയങ്കമായ വിഷമമുണ്ടാക്കിയ സംഭവം. കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ എത്രപേർ കാലുമാറിയിരിക്കുന്നു. അവരെയൊക്കെ തട്ടിക്കൊണ്ടുപോകുകയാണോ ചെയ്യുന്നത്? ഒരു മാസം മുമ്പ് വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ നിയോജകമണ്ഡലത്തിൽ കരുമാല്ലൂർ പഞ്ചായത്തിൽ യു.ഡി.എഫ്.-ന്റെ ഒരംഗം പ്രസിഡന്റ്

തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് അനുകൂലമായി വോട്ട് ചെയ്തു. സി.പി.ഐ.(എം.) അവരോട് പോയി രാജിവയ്ക്കാനാണോ പറഞ്ഞത്? അന്നുതന്നെ ഉച്ചകഴിഞ്ഞ് നടന്ന വൈസ്പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഈ കാലുമാറ്റക്കാരനെ വൈസ്പ്രസിഡന്റാക്കി. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുപോലെ ഇവിടെനിന്ന് സംസാരിക്കാൻ എങ്ങനെയാണ് സാധിക്കുന്നത്? രാവിലെ കാലുമാറിയവനെ ഉച്ചകഴിഞ്ഞ് വൈസ്പ്രസിഡന്റാക്കിയ പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറല്ലേ നിങ്ങൾ? ഒരു സ്ത്രീ അവരുടെ സങ്കടങ്ങൾ മുഴുവൻ അവരുടെ നേതൃത്വത്തോട് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരുടെ സങ്കടം എന്താണെന്ന് ഒന്ന് അന്വേഷിക്കണം. വിധവയായ ആ പാവപ്പെട്ട സ്ത്രീയ്ക്ക് കടം വന്നപ്പോൾ പാർട്ടി ഇടപെട്ട് അവരുടെ സ്ഥലം വിൽപ്പിക്കുകയാണ്. ആ സ്ഥലം പാർട്ടി പറഞ്ഞ വിലയ്ക്ക് അവർ വിൽക്കുകയാണ്, പാർട്ടി ഇടനിലക്കാരാണ്. എന്നിട്ട് പാർട്ടി അതിന്റെ നാല് ഇരട്ടി വിലയ്ക്ക് ആ സ്ഥലം വിൽക്കുകയാണ്. വസ്തു വാങ്ങിപ്പിച്ചിട്ട് വേറെ ആളെക്കൊണ്ട് വിൽപ്പിക്കുകയാണ്. കടബാധ്യത വന്നിട്ട് അവർ ധാരാളം പരാതി അയച്ചു. അവർക്കൊരു പരാതിയുണ്ട്. അവർ അവരുടെ തീരുമാനം മാറ്റി ഞങ്ങൾക്ക് അനുകൂലമായി വോട്ട് ചെയ്യാൻ വന്നതാണെന്നിരിക്കട്ടെ, നിങ്ങളുടെ ഈ തട്ടിക്കൊണ്ടുപോകലിനെ

ന്യായീകരിക്കാമോ; നിങ്ങൾ അവരോട് എന്താണ് ചെയ്തത്? ബഹുമാനപ്പെട്ട അംഗം അനൂപ് ജേക്കബ് അതിന് ദൃക്‌സാക്ഷിയാണ്. അവരെ വസ്ത്രാക്ഷേപം നടത്തി, അവരുടെ തലമുടിയിൽ ചുറ്റിപ്പിടിച്ച് സാരി വലിച്ചുകീറി, കാറിലേയ്ക്ക് കയറ്റിക്കൊണ്ടുപോകുകയാണ് ചെയ്തത്. (...... ബഹളം .....) നിങ്ങളൊക്കെ ഇത് ചെയ്യുന്ന ആളുകളാണെങ്കിൽ എനിക്ക് വിരോധമില്ല. (...... ബഹളം .....) ഈ ചെയ്ത കാര്യം ....

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ... അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു സ്ത്രീയോട് ചെയ്ത ദൃശ്യമാധ്യമങ്ങളിലുള്ള കാര്യമാണിത്. (.....ബഹളം...) നിങ്ങൾ അതിനെ ന്യായീകരിച്ചോളൂ. അവരുടെ കാൽ ഡോറിൽ കുടുങ്ങി. (...... ബഹളം .....) ഇത് ശരിയാണോ സർ.

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ... അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അവരുടെ കാൽ ഡോറിൽ കുടുങ്ങിയെന്ന് പറഞ്ഞപ്പോൾ അവരുടെ മകന്റെ പ്രായത്തേക്കാൾ പ്രായം കുറവുള്ള ഒരു പയ്യൻ, ഞാൻ കാൽ വെട്ടിയെടുത്ത് തരാമെന്ന് പറയുകയാണ്. ഒരു ചെറുപ്പക്കാരനാണ്, ഡി.വൈ.എഫ്.ഐ.-യുടെ ബ്ലോക്ക് സെക്രട്ടറിയാണ് അവരെ തട്ടിക്കൊണ്ടുപോയ കാർ ഓടിച്ചത്. നിങ്ങളുടെ

പുതിയ തലമുറയെ ഇത്തരം കാര്യങ്ങൾ ചെയ്യാനാണോ നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്? നിങ്ങൾ ക്രിമിനലുകളെ വളർത്തുകയാണ്. ആ സ്ത്രീയുടെ മകന്റെ പ്രായമുള്ള ചെറുപ്പക്കാരൻ പറയുകയാണ്, 'നിന്റെ കാൽ ഞാൻ വെട്ടിത്തരാം' . അവന്റെ അമ്മയുടെ പ്രായമുള്ള സ്ത്രീയോടാണ് അവനിത് പറയുന്നത്. എന്തെല്ലാം മോശമായ കാര്യങ്ങളാണ് അവൻ അവരോട് പറഞ്ഞിരിക്കുന്നത്. അമ്മമാരോടും പെൺമക്കളോടും സഹോദരിമാരോടുമുള്ള നിങ്ങളുടെ നീതിബോധം ഇതാണോ? നിങ്ങളുടെ പോലീസ് ചെയ്തതിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. പോലീസ് എല്ലാ സഹായവും ചെയ്തുകൊടുത്തു. തട്ടിക്കൊണ്ടുപോകുന്ന കാറിന്റെ മുമ്പിൽ ഒരു ലോറി വന്നുപെട്ടു, കാറെടുക്കാൻ സാധിക്കുന്നില്ല. പോലീസ് എന്താണ് ചെയ്തതെന്നറിയാമോ? ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ആ ലോറി മാറ്റിക്കൊടുത്തിട്ട് കാറുകാരന് തട്ടിക്കൊണ്ടുപോകാനുള്ള എല്ലാ സംവിധാനവും ചെയ്തുകൊടുത്തു. (....... ബഹളം .....)

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ... അവിടെ ഇരിക്ക്. അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ. അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടേത് ഒരു സിവിലൈസ്ഡ് സൊസൈറ്റിയാണ്. (....... ബഹളം .....)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുമ്പിലേയ്ക്ക് വന്ന് ബഹളം വച്ചു)

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ... അങ്ങ് പ്രകോപിതനാകരുത്. അങ്ങ് ഒരു സീനിയർ പൊളിറ്റീഷ്യനാണ്. എന്താണ് ഇങ്ങനെ പെരുമാറുന്നത്? അവിടെ ഇരിക്ക്. പ്ലീസ് ..... പ്ലീസ് ... അങ്ങ് സംസാരിച്ചോളൂ. എല്ലാവരും അവരവരുടെ സീറ്റിലിരിക്കണം. പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോകണം. അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, കേരളം ഒരു പരിഷ്കൃത സമൂഹമാണ്. ആ കേരളത്തിൽ എല്ലാവർക്കും ന്യായമായ സംരക്ഷണം നൽകേണ്ട പോലീസാണ് ഈ വൃത്തികേടിന് കൂട്ടുനിന്നത്. പോലീസ് സേന ഇത്രമാത്രം അധഃപതിക്കാമോ; കാക്കിയിട്ടുകൊണ്ട് ഈ വൃത്തികേടുകൾക്ക് കൂട്ടുനിൽക്കാമോ; അങ്ങല്ലേ പോലീസിന്റെ ഭരണാധികാരി? അങ്ങയുടെ കീഴിലുള്ള ......

മി. സ്പീക്കർ: പ്ലീസ് ..... പ്ലീസ് ...... അദ്ദേഹം സംസാരിച്ച് കൺക്ലൂഡ് ചെയ്യട്ടെ.... പ്ലീസ്.... അങ്ങ് സംസാരിച്ചോളൂ.

(ശ്രീ. വി. ഡി. സതീശൻ)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇതാണോ നീതി? ...(ബഹളം)...

<u>മി. സ്പീക്കർ</u>: ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം.. യെസ്.. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് തുടർന്ന് സംസാരിക്കാം. ...(ബഹളം)...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സി.പി.ഐ.(എം.) പാർട്ടി ഏരിയ കമ്മിറ്റി സെക്രട്ടറിയാണ് ഈ കേസിലെ ഒന്നാം പ്രതി. ...(ബഹളം)...

<u>മി. സ്പീക്കർ</u>: ദയവായി അങ്ങ് സംസാരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അംഗങ്ങൾ ബഹളമുണ്ടാക്കുന്ന അവസരത്തിൽ വീണ്ടും എന്നോട് സംസാരിക്കാനാണോ ചെയർ ആവശ്യപ്പെടുന്നത്?

<u>മി. സ്പീക്കർ</u>: ചെയറിന്റെ ഭാഗത്തുനിന്നും പറയാൻ കഴിയുന്ന കാര്യങ്ങളാണ് ഞാൻ അംഗങ്ങളോട് ആവശ്യപ്പെടുന്നത്. സ്പീക്കർ പറഞ്ഞിട്ടും അംഗങ്ങൾ കേൾക്കുന്നില്ല.. ഇക്കാര്യത്തിൽ എനിക്ക് എന്താണ് ചെയ്യാൻ കഴിയുന്നത്; ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. ....(ബഹളം)... പ്ലീസ്.... ....(ബഹളം)... അംഗങ്ങൾ സീറ്റിലിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രസ്തുത വിഷയത്തിൽ

പ്രതിഭാഗത്തുള്ളത് പാർട്ടി നേതാക്കളാണ്. സി.പി.ഐ.(എം) ഏരിയ കമ്മിറ്റി സെക്രട്ടറിയാണ് കേസിലെ ഒന്നാം പ്രതി. മുനിസിപ്പൽ ചെയർപേഴ്സൺ രണ്ടാം പ്രതിയും മുനിസിപ്പൽ വൈസ് ചെയർമാൻ മൂന്നാം പ്രതിയുമാണ്. നാലാം പ്രതി ലോക്കൽ കമ്മിറ്റി സെക്രട്ടറിയാണ്. ഏഴ് വർഷംവരെ തടവ് ശിക്ഷ ലഭിക്കത്തക്ക രീതിയുള്ള കുറ്റമാണ് നിങ്ങളുടെ പാർട്ടി നേതാക്കൾ ഒരു സ്ത്രീയോട് ചെയ്തിരിക്കുന്നത്. പട്ടാപ്പകൽ പരസ്യമായി സംഭവിച്ച ഒരു വിഷയത്തെ, പോലീസ് സേനാ വിഭാഗത്തിന്റെ ഉത്തരവാദിത്വമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാലുമാറ്റമെന്ന തരത്തിൽ അക്കാര്യത്തെ ലഘൂകരിക്കാൻ ശ്രമിക്കുകയാണുണ്ടായത്. പണ്ട് കൗരവസഭയിൽ ഇതുപോലൊരു സംഭവമുണ്ടായപ്പോൾ അവിടെ ദുശ്ശാസനന്മാരായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് ഇത്തരത്തിലൊരു വിഷയത്തിൽ ഇവിടെ സംസാരിക്കുന്ന അവസരത്തിൽ ബഹളമുണ്ടാക്കുമ്പോൾ ചരിത്രത്തിലെ അഭിനവ ദുശ്ശാസനന്മാരായി നിങ്ങൾ മാറുമെന്ന കാര്യം മറക്കരുത്. ....(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം അവസാനിപ്പിക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ....(ബഹളം).... എനിക്ക് പറയാനുള്ള

കാര്യങ്ങളൊന്നും ഞാനിവിടെ പറയാതെ പോകില്ല. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ആ കസേരയിലിരുന്ന് ബഹളമുണ്ടാക്കുന്നത് കണ്ടപ്പോൾ അത്ഭുതമാണുണ്ടായത്. കാരണം അവർ ഒരു സ്ത്രീയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സീറ്റിലിരിക്കണം. പ്രതിപക്ഷ നേതാവ് പ്രസംഗം അവസാനിപ്പിച്ചതിനുശേഷം അങ്ങേയ്ക്ക് സംസാരിക്കാൻ അവസരം നൽകാം.

ശ്രീ. വി. ഡി. സതീശൻ: സർ, സ്ത്രീകളെ ആക്രമിച്ച കേസിലെ പ്രതിയും അറിയപ്പെടുന്ന ക്രിമിനലുമായ ഇഡ്ഡലി ശരൺ എന്നുവിളിക്കുന്ന ശരത്ചന്ദ്രനെ പാർട്ടിയിലേക്ക് മാലയിട്ട് സ്വീകരിച്ച വ്യക്തിയാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി. ....(ബഹളം).... എന്നിട്ട് ഇവിടെനിന്ന് ബഹളമുണ്ടാക്കുകയാണ്. ഒരു സ്ത്രീ അപമാനിക്കപ്പെട്ട വിഷയത്തിൽ..

മി. സ്പീക്കർ: അങ്ങയുടെ സമയം അധികരിക്കുകയാണ്. ദയവായി കൺക്ലൂഡ് ചെയ്യണം. പ്രസംഗം തുടങ്ങിയിട്ട് ഏകദേശം 13 മിനിട്ടായി.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, താങ്കൾ എന്നെ സംസാരിക്കാൻ അനുവദിച്ചിട്ടില്ല. അങ്ങ് എന്നോട് സമയമൊന്നും പറയണ്ട. ഞാൻ എത്ര സമയം സംസാരിച്ചു?

<u>മി. സ്പീക്കർ</u>: ബഹളമയത്തിലാണ് സഭ നീങ്ങിയതെങ്കിലും താങ്കൾ സാധാരണഗതിയിൽ വാക്ക് ഔട്ട് പ്രസംഗത്തിനെടുക്കുന്ന സമയത്തിനടുത്ത് എത്തിയിട്ടുണ്ട്. ഇനിയൊരു തർക്കത്തിന്റെ ആവശ്യമില്ല. അങ്ങ് സംസാരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അംഗങ്ങളോട് മിണ്ടാതിരിക്കാൻ പറയണം.

<u>മി. സ്പീക്കർ</u>: അങ്ങനെ എല്ലാവരെയും സീറ്റിലിരുത്തിക്കാൻ കഴിയുന്ന കാര്യമൊന്നുമല്ല. അങ്ങ് സംസാരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങേയ്ക്ക് സഭയെ നിയന്ത്രിക്കാൻ കഴിയില്ലെന്ന് അങ്ങുതന്നെ പറഞ്ഞു. ചെയർ ഇക്കാര്യങ്ങൾക്കെല്ലാം കൂട്ടുനിൽക്കുകയാണ്.

<u>മി. സ്പീക്കർ</u>: അത്തരത്തിലുള്ള ആരോപണങ്ങൾ ചെയറിനെതിരെ ഉന്നയിക്കുന്നത് ശരിയല്ല. അങ്ങയെപ്പോലെ സീനിയറായ ഒരു ജനപ്രതിനിധി ഇത്തരത്തിൽ immature ആയി സംസാരിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്നെ maturity പഠിപ്പിക്കേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: അങ്ങ് ഈ രീതിയിൽ സംസാരിക്കാൻ പാടില്ല. ...(ബഹളം).... താങ്കൾ ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷനേതാവാണ്. അത് മറന്നുപോകരുത്.

ശ്രീ. വി. ഡി. സതീശൻ: അത് എന്നെ ഓർമ്മിപ്പിക്കണ്ട. ....(ബഹളം)....

മി. സ്പീക്കർ: ആരോപണം ഉന്നയിക്കുമ്പോൾ ഉത്തരവാദിത്വത്തോടെ ഉന്നയിക്കാൻ ശ്രദ്ധിക്കണം. ....(ബഹളം).... യെസ്.... പ്ലീസ്... പ്ലീസ്... ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗം അവസാനിപ്പിക്കണം. ....(ബഹളം).... അങ്ങ് സംസാരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു മുനിസിപ്പാലിറ്റിയിലെ അവിശ്വാസ പ്രമേയ ചർച്ചയുടെ...

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: അവിടെ ഇരിക്കണം. അദ്ദേഹം പ്രസംഗം

അവസാനിപ്പിക്കട്ടെ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വളരെ കൃത്യതയോടുകൂടിയാണ് സംസാരിച്ചത്. എന്നെ തുടർച്ചയായി സംസാരിക്കാൻ അനുവദിക്കാതിരിക്കുകയും 12 മിനിട്ടായപ്പോൾ പ്രസംഗം അവസാനിപ്പിക്കാൻ പറയുകയുമാണുണ്ടായത്. ഇക്കാര്യത്തിൽ എനിക്കുള്ള പ്രതിഷേധം ഞാൻ സ്പീക്കറോട് പ്രകടിപ്പിച്ചിട്ടുണ്ട്. ചെയറിനോട് പ്രതിഷേധം പ്രകടിപ്പിക്കാൻ പാടില്ലേ; പഴയ പ്രീസിഡന്റ്സൊക്കെ പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബ<u>ഹു</u>മാനപ്പെട്ട പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ മാനസിക വികാരം പ്രകടിപ്പിച്ചതൊക്കെ മനസ്സിലാക്കാം. പക്ഷെ സഭയിലെ സംഭവവികാസങ്ങൾക്ക് ചെയർ കൂട്ടുനിൽക്കുകയാണെന്ന പദം പ്രയോഗിച്ചത് ശരിയായില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എനിക്ക് ഇത് നിയന്ത്രിക്കാൻ പറ്റുന്നില്ലെന്നാണ് ബ<u>ഹു</u>മാനപ്പെട്ട ചെയർ പറഞ്ഞത്. വാക്കൗട്ട് പ്രസംഗത്തിനിടെ തുടരെ<u>ത്തു</u>ടരെ പ്രസംഗം തടസ്സപ്പെടുത്തിയതിന് സ്പീക്കറോട് പരാതി പറഞ്ഞപ്പോൾ എനിക്ക് അംഗങ്ങളെ നിയന്ത്രിക്കാൻ

പറ്റുന്നില്ലെന്നാണ് അദ്ദേഹം മറുപടി നൽകിയത്. എന്നാൽ അതേസമയം എന്നോട് പ്രസംഗം അവസാനിപ്പിക്കാൻ പറയുകയും ചെയ്തു. ഇത് എല്ലാവരും കാണുന്നുണ്ട്. അങ്ങ് എന്താണ് ചെയ്തതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞതെന്നും ഈ വിഷയം വന്നപ്പോൾ ഇവർ ബഹളമുണ്ടാക്കിയത് എന്താണെന്നും ഞങ്ങൾ പറഞ്ഞതെന്താണെന്നും രാജ്യത്തെ എല്ലാവരും കാണുന്നുണ്ട്. ഇത് കേരളത്തിലെ സ്ത്രീകളോടുള്ള അധിക്ഷേപമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് കൂട്ടുനിൽക്കുകയാണ്. (ബഹളം)

മി. സ്പീക്കർ: ശ്രീമതി കാനത്തിൽ ജമീല സീറ്റിലിരിക്കണം.. അദ്ദേഹം പ്രസംഗം അവസാനിപ്പിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു സി.പി.ഐ.(എം.) കൗൺസിലർക്കാണ് ഇത്തരത്തിലൊരു അനുഭവമുണ്ടായത്. നിങ്ങൾക്കാർക്കും നാളെയിത് സംഭവിക്കാതിരിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഈ സംഭവത്തിൽ ഉത്തരവാദികളായ പ്രതികളെ അറസ്റ്റ് ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദേശം നൽകണം. സ്ത്രീകളെ സംരക്ഷിക്കുമെന്ന അങ്ങയുടെ വാക്കിന് വിലയുണ്ടെങ്കിൽ ഈ കേസുമായി ബന്ധപ്പെട്ട എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതോടൊപ്പം ഇതിന്

കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യണം. അങ്ങയെപ്പോലെ ഒരാൾ ഇത് ചെയ്താൽ കേരളത്തിൽ ഇനിയൊരു സ്ഥലത്തും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടില്ല. അങ്ങ് പ്രതികളെ സംരക്ഷിക്കാൻ കൂട്ടുനിൽക്കുകയും ഇതുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് സംരക്ഷണം കൊടുക്കുകയുമാണെങ്കിൽ കേരളത്തിൽ ഇതുപോലുള്ള അനേകം സംഭവങ്ങൾ ആവർത്തിക്കപ്പെടും. അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കസേരയിലാണ് ഇരിക്കുന്നതെന്ന കാര്യം മറക്കരുതെന്ന് വിനയപൂർവം ഞാൻ ഓർമ്മിപ്പിക്കുകയാണ്. സർക്കാരിന്റെ നിഷേധാത്മകമായ നടപടിയിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.) (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)

P 21-01-2025
NR/SO (1)
10.40-10.50

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചർച്ചയുടെ ഒരു ഘട്ടത്തിൽ ഞാൻ

പറഞ്ഞിട്ട് അവർ കേൾക്കണ്ടേയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചു. ആ സ്ഥിതിയുണ്ടാകുന്നത് മോശമാണ്. ഞാൻ പറഞ്ഞിട്ട് കേൾക്കണ്ടേയെന്ന് അങ്ങ് പറഞ്ഞത് തന്നെയാണ്, അത് ശരിയല്ല. സഭയിൽ കാര്യങ്ങൾ പറയാൻ അവസരമുണ്ടാകണം. ഞാൻ പറഞ്ഞിട്ട് അവർ കേൾക്കുന്നില്ലെന്ന് പറഞ്ഞാൽ സഭയല്ലേ എന്നുപറയുന്നത് ശരിയല്ല. ഒരു പാർട്ടിയുടെ ആളായി ജയിച്ചുവന്നാൽ പിന്നെ മാറുന്നത് ശരിയാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇത് ഞങ്ങൾക്ക് മാത്രമുള്ള ഉപദേശമായി തോന്നുന്നില്ല. അത് ഞങ്ങൾക്ക് ബാധകമല്ല, നിങ്ങൾക്കുള്ള ഉപദേശമാണെന്നുകൂടി പറഞ്ഞാൽ പൂർത്തിയാകും. കാരണം ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് നമുക്ക് അറിയാമല്ലോ. പക്ഷേ അതിന് നിയമത്തിൽ വകുപ്പുണ്ട്. കൗൺസിലർ സ്ഥാനം കളയാമല്ലോ, ബാക്കി കാര്യങ്ങൾ ചെയ്യാമല്ലോ. ചുമന്നുകൊണ്ടുപോകാനുള്ള വകുപ്പ് നിയമത്തിലില്ല. ഇവിടെ പട്ടാപ്പകൽ ചുമന്നുകൊണ്ടുപോയി. അതുമാത്രമല്ല, വളരെ ക്രൂരമായ രീതിയിലാണ് അത് ചെയ്തത്. കാൽ കുടുങ്ങി നിലവിളിച്ചിട്ടും ഒന്നും ചെയ്തില്ല. കാൽ വേണമെങ്കിൽ വെട്ടിയെടുക്കാമെന്ന് പറഞ്ഞുയെന്നാണ് റിപ്പോർട്ട്. ഇത്തരം കാര്യങ്ങളാണ് ടി വിഷയത്തെ വളരെ മോശമായ അവസ്ഥയിലേക്കെത്തിച്ചത്. അതുകൊണ്ട് ടി വിഷയത്തിൽ criminal activity-യിൽ കേസ്സെടുക്കാതിരിക്കുമ്പോൾ

ഇതുവരെ പക്ഷപാതപരമായ നിലപാടാണെന്നുള്ള നിലയിലാണ് പ്രതിപക്ഷം ടി വിഷയം കൊണ്ടുവന്നത്. അതിന് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്തേണ്ട ഒരു ഗവൺമെന്റ് മറുപടി പറയേണ്ടത് ഇങ്ങനെയല്ല. ഈ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി).

(ശ്രീ. പി. ജെ. ജോസഫ്)

P 21-01-2025
NR/SO (1)
10.40-10.50

ശ്രീ. പി. ജെ. ജോസഫ്: സർ, കേരളം മുഴുവനും ശ്രദ്ധിക്കപ്പെട്ട വിഷയമായ ഒരു സ്ത്രീയുടെ നേരെയുള്ള ആക്രമണത്തിൽ യഥാർഥ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലെന്നുള്ളത് എല്ലാവരും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ശക്തമായ നടപടികൾ സ്വീകരിക്കാൻ ബാധ്യസ്ഥമായ ഗവൺമെന്റ് ഒന്നും ചെയ്യാതിരിക്കുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി).

(സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു).

(മേശപ്പുറത്തുവച്ച കടലാസുകൾ)

P 21-01-2025
NR/SO (1)
10.40 - 10.50
SM

## 2. മേശപ്പുറത്തുവച്ച കടലാസുകൾ

1. ലിസ്റ്റ് 2 പ്രകാരമുള്ള കടലാസുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |

| | | | | |
|---|---|---|---|---|
| 1. | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2023-24 | കേരള സർക്കാരിന്റെ 2023-24 വർഷത്തെ ഫിനാൻസ് അക്കൗണ്ട്സും (വാല്യം 1 & 2) അപ്രോപ്രിയേഷൻ അക്കൗണ്ട്സും | അല്ല |
| 2. | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2024 | 'പൊതുജന ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ സേവനങ്ങളുടെ പരിപാലനവും' സംബന്ധിച്ച സി & എ.ജി.-യുടെ പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | അല്ല |

2. ലിസ്റ്റ് I പ്രകാരമുള്ള കടലാസുകൾ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| **ക്രമ നമ്പർ** | **ഓർഡിനൻസിന്റെ** | | | **ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന്** |
|---|---|---|---|---|
| | **വർഷം** | **നമ്പർ** | **പേര്** | |
| 1. | 2024 | 3 | 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് | അല്ല |

## 3. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാ നേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## 4. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## 5. നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീമതി ഉമ തോമസ് അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

'കൊച്ചി-കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന

പൊതുപരിപാടിക്കിടെ 29-12-2024-ന് സംഭവിച്ച അപകടവുമായി ബന്ധപ്പെട്ട് ഞാനിപ്പോൾ എറണാകുളം റിനൈ മെഡിസിറ്റി ഹോസ്പിറ്റലിൽ ചികിത്സയിലാണ്. തുടർചികിത്സ ഡോക്ടർമാർ നിർദേശിച്ചിട്ടുള്ളതിനാൽ ഇപ്പോൾ നടക്കുന്ന നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് സാധിക്കുകയില്ല. ആയതിനാൽ നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽനിന്നും വിട്ടുനിൽക്കുന്നതിന് എനിക്ക് അവധി അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു.'

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളന കാലയളവിൽ ശ്രീമതി ഉമ തോമസിന് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

(സഭ അനുവാദം നൽകി)

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.

(ഗവൺമെന്റ് പ്രമേയം (ചട്ടം 118))

P 21-01-2025
NR/SO (1)
10.40-10.50

**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

യു.ജി.സി. പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജനുവരി 6, 2025-ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറത്തിറക്കിയ കരട് മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധരുടെയും ആശങ്കകൾ വലിയ തോതിൽ ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

1977 ജനുവരി 3-ന് പ്രാബല്യത്തിൽ വന്ന 42-ാം ഭരണഘടനാ ഭേദഗതി പ്രകാരം ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം സംസ്ഥാന ലിസ്റ്റിൽനിന്നും സമാവർത്തി ലിസ്റ്റിലെ ഇനം 25 ആയി മാറ്റപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിലെ സർവകലാശാലകൾ പ്രവർത്തിക്കുന്നത് അതത് സംസ്ഥാന നിയമസഭകൾ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായിട്ടാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ

സംസ്ഥാന ലിസ്റ്റിലെ ഇനം 32 പ്രകാരം സർവകലാശാലകളുടെ സ്ഥാപനം, മേൽനോട്ടം എന്നിവ സംബന്ധിച്ചുള്ള അധികാരം സംസ്ഥാനങ്ങൾക്കാണ്. യൂണിയൻ ലിസ്റ്റിലെ ഇനം 66 പ്രകാരം ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ ഏകോപനത്തിനും നിലവാരം നിശ്ചയിക്കുന്നതിലും മാത്രമാണ് കേന്ദ്ര സർക്കാരിന് അധികാരമുള്ളത്. ഇതിന്റെ പിൻബലത്തിലാണ് യു.ജി.സി. നിയമത്തിൻകീഴിൽ യു.ജി.സി. റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നത്.

ഭരണഘടനാ നിർമ്മാണ സഭയിൽ ആഗസ്റ്റ് 31, 1949-ന് നടന്ന സംവാദത്തിന് മറുപടി പറഞ്ഞുകൊണ്ട് ഡോ. ബി. ആർ. അംബേദ്കർ നടത്തിയ പ്രസംഗത്തിൽ യൂണിയൻ ലിസ്റ്റിലെ ഇനം 66-ന്റെ പരിധിയും പരിമിതിയും വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സർവകലാശാലകൾ നടത്തുന്ന ബിരുദ പരീക്ഷകൾക്കുള്ള പാസ് മാർക്കോ മാനദണ്ഡങ്ങളോ പല തരത്തിലായാൽ അത് വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇതുപോലുള്ള ഏകീകൃതമല്ലാത്ത വ്യവസ്ഥകൾ ഒഴിവാക്കാനും സംസ്ഥാനങ്ങളിൽ ഗൗരവമായ മാനദണ്ഡങ്ങളും ഏകീകൃത രീതികൾ ഉറപ്പുവരുത്താനും മാത്രമാണ് യൂണിയൻ ലിസ്റ്റിൽ ഇങ്ങനെയൊന്ന് ഉൾപ്പെടുത്തിയത് എന്നാണ് അദ്ദേഹം പറഞ്ഞത്.

ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയുള്ളതും വൈസ് ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളെ പൂർണ്ണമായും ഒഴിവാക്കുന്നതുമായ 2025-ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നിരക്കാത്ത ഒന്നാണെന്നാണ് ഈ സഭയുടെ വ്യക്തമായ അഭിപ്രായം.

സർവകലാശാലകളുടെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി ഏതാണ്ട് 80 ശതമാനത്തോളം തുക ചെലവിടുന്നത് സംസ്ഥാന സർക്കാരുകളാണ്. സർവകലാശാലകളുടെ ഗുണനിലവാരം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരുകൾക്ക് മുഖ്യമായ പങ്കുണ്ട്. ഇതിനെയെല്ലാം അവഗണിച്ചുകൊണ്ട് യാതൊരു ചർച്ചകളും കൂടാതെ, വൈസ് ചാൻസലർ നിയമനംപോലുള്ള സുപ്രധാന നിയമനങ്ങളിലും അധ്യാപകരുടെ യോഗ്യത, സേവനവ്യവസ്ഥ എന്നിവയെക്കുറിച്ചും ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ സംസ്ഥാന സർക്കാരുകളെ പൂർണ്ണമായും മാറ്റിനിർത്തുന്ന കേന്ദ്രസർക്കാരിന്റെയും യു.ജി.സി.-യുടെയും സമീപനം ജനാധിപത്യവിരുദ്ധവും തിരുത്തപ്പെടേണ്ടതുമാണെന്ന് ഈ സഭയ്ക്ക് അഭിപ്രായമുണ്ട്.

സർവകലാശാലകളിൽ അക്കാദമിക് വിദഗ്ധന്മാരെ വേണമെങ്കിൽ മാറ്റിനിർത്തി സ്വകാര്യ മേഖലയിൽനിന്നുപോലും വ്യക്തികളെ വൈസ് ചാൻസലർമാരാക്കാമെന്ന സമീപനം ഉന്നതവിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കാനുള്ള നീക്കമാണ്. ഇത് തീർത്തും പ്രതിഷേധാർഹമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്തെ ജനാധിപത്യമൂല്യങ്ങൾ തകർക്കാനും പ്രസ്തുത മേഖലയിൽ മത-വർഗീയ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരുടെ പിടിയിലൊതുക്കാനുമുള്ള നീക്കങ്ങളുടെ ഭാഗമായി മാത്രമേ 2025-ലെ കരട് യു.ജി.സി. മാനദണ്ഡങ്ങളെ കാണുവാൻ കഴിയൂ.

സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധന്മാരുടെയും അഭിപ്രായങ്ങളും ആശങ്കകളും പരിഗണിച്ച് 2025-ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഉടൻ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ ഗൗരവമായി കണക്കിലെടുത്തുകൊണ്ടുമാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(മി. സ്പീക്കർ)

P 21-01-2025
NR/SO (1)
10.40-10.50

മി. സ്പീക്കർ: താഴെപ്പറയുന്ന അംഗങ്ങൾക്ക് പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ അവസാന വരിയിലെ 'കച്ചവടവൽകരിക്കാനുള്ള' എന്നതിനു ശേഷം 'നീക്കവും നിലവിൽ കേരളത്തിൽ നിലനിൽക്കുന്ന നിരാക്ഷേപമായ സംവിധാനത്തിന് വിപരീത ഫലമുണ്ടാകുന്ന' എന്നത് കൂട്ടി ചേർക്കുക.

2. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

'വിദ്യാഭ്യാസ നിലവാരത്തിൽ രാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇത് വിപരീത ഫലം സൃഷ്ടിക്കുമെന്ന് ഈ സഭ ഭയപ്പെടുന്നു.' (ശ്രീ. എൻ. ഷംസുദ്ദീൻ)

P 21-01-2025
HS/SO -(1)
10.50-11.00

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ പ്രമേയത്തോട് തത്വത്തിൽ യോജിക്കുകയും ഫെഡറൽ സംവിധാനങ്ങളെ തകർക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പല നടപടികളിലൊന്നായി ഇതിനെ കാണുകയുമാണ്. അതുകൊണ്ട് ഇങ്ങനെയൊരു പ്രമേയം അനിവാര്യമാണ്. പ്രമേയത്തിന്റെ തത്വത്തോട് യോജിക്കുന്നു. പ്രമേയത്തെ ശാക്തീകരിക്കാനുള്ള ചില ഘടനാപരമായ നിർദേശങ്ങൾ മാത്രമാണ് ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നത്.

ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"ഇതിന്റെ മറവിൽ സംസ്ഥാനങ്ങളുടെ അധികാരം കവരുന്നതും ഫെഡറൽ തത്വങ്ങളെ വീണ്ടും ബലി കഴിക്കുന്നതും അംഗീകരിക്കാവുന്നതല്ല."

ഇവിടെ വീണ്ടും സംസ്ഥാനത്തിന്റെ ഒരു അധികാരം ഈ അമെന്റ്മെന്റിലൂടെ കേന്ദ്രം കവർന്നെടുക്കുകയാണ് ചെയ്യുന്നത്.

2. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയുടെ രണ്ടാമത്തെ വരിയിലെ 'മറുപടി പറഞ്ഞുകൊണ്ട്' എന്നീ വാക്കുകൾക്ക് ശേഷം "ഭരണഘടന ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാൻ" എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ 'മറുപടി പറഞ്ഞുകൊണ്ട്' എന്നതിനുശേഷം ഡോ. ബി. ആർ. അംബേദ്കർ ആരാണെന്ന് വ്യക്തമാക്കുന്നത് നന്നാകും. 'ഭരണഘടന ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാനായ ഡോ. ബി. ആർ. അംബേദ്കർ' എന്നാക്കുന്നത് പ്രമേയത്തിന് കുറച്ചുകൂടി ഘടനാപരമായി ഒരു ശക്തിയുണ്ടാകും.

3. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ അവസാനത്തെ വരിയിലെ "പ്രഖ്യാപിച്ചിട്ടുണ്ട്." എന്നതിനു പകരം "വിശദീകരിക്കുന്നുണ്ട്." എന്നത് ചേർക്കുക.

പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ നാലാം വരിയിലെ 'പ്രഖ്യാപിച്ചിട്ടുണ്ട്' എന്നത് മാറ്റേണ്ടതുണ്ട്. കാരണം അദ്ദേഹം അത് പ്രഖ്യാപിക്കുകയല്ല, വിശദീകരിക്കുകയാണ് ചെയ്യുന്നത്. It is explaining, not declaring. അതുകൊണ്ട് മൂന്നാം ഖണ്ഡികയിൽ 'പ്രഖ്യാപിച്ചിട്ടുണ്ട്' എന്നതിനുപകരം ഡോ. ബി. ആർ. അംബേദ്കർ അതിന്റെ കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട് എന്ന് മാറ്റണം. 66-ാമത്തെ ഇനമായി കൂട്ടിച്ചേർക്കുന്നതിന്റെ സാഹചര്യം എന്താണ്; കേന്ദ്രത്തിന് എത്രമാത്രം അതിൽ സ്കോപ്പുണ്ട്; കൺകറന്റ് ലിസ്റ്റിലേക്ക് വരാനുള്ള കാരണം ഇന്നതാണെന്ന് വിശദീകരിക്കുന്നുണ്ട് എന്നാണ് അവിടെ പറയേണ്ടത്.

4. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "പാസ് മാർക്കോ" എന്ന വാക്കിനു ശേഷം "മറ്റ്" എന്ന വാക്ക് കൂട്ടി ചേർക്കുക.

പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ 'പാസ് മാർക്കോ' എന്നതിനുശേഷം വേറെയും പല കാര്യങ്ങളും റെഗുലേറ്റ് ചെയ്യാനുള്ളതുകൊണ്ട് 'മറ്റ്' എന്ന പ്രയോഗം നന്നാകുമെന്ന് തോന്നുന്നു.

5. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ നാലാമത്തെ വരിയിലെ "രീതികൾ" എന്നതിനു പകരം "രീതികളും" എന്നത് ചേർക്കുക.

6. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "ഇങ്ങനെയൊന്ന്" എന്നതിനു പകരം "ഇങ്ങനെയൊരിനം" എന്നത് ചേർക്കുക.

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിലെ "പറഞ്ഞത്" എന്നതിന് പകരം "വിശദീകരിച്ചത്" എന്നത് ചേർക്കുക.

8. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ "ഒഴിവാക്കുന്നതുമായ" എന്നതിനു പകരം "ഒഴിവാക്കി കൊണ്ടുള്ളതുമായ" എന്നത് ചേർക്കുക.

9. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ നാലാമത്തെ വരിയിലെ "ഒന്നാണെന്നതാണ്" എന്നതിനു പകരം "നിരക്കാത്തതാണെന്നാണ്" എന്നത് ചേർക്കുക.

പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ നാലാമത്തെ വരിയിലെ 'നിരക്കാത്ത ഒന്നാണെന്നാണ്' എന്നതിനുപകരം 'നിരക്കാത്തതാണെന്നാണ്' എന്ന് ചേർക്കുമ്പോഴാണ് കുറച്ചുകൂടി ആ വാചകത്തിന് ഘടനയുണ്ടാകുന്നത്.

10. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ പത്താമത്തെ വരിയിലെ "ഈ സഭയ്ക്ക് അഭിപ്രായമുണ്ട്." എന്നതിനു പകരം "ഈ സഭ അഭിപ്രായപ്പെടുന്നു." എന്നത് ചേർക്കുക.

പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ പത്താമത്തെ വരിയിലെ 'ഈ സഭയ്ക്ക് അഭിപ്രായമുണ്ട്.' എന്നതിനുപകരം 'ഈ സഭ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു' എന്നാക്കി മാറ്റുക.

11. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ പന്ത്രണ്ടാമത്തെ വരിയിലെ "സമീപനം" എന്നതിനു പകരം "പുതിയ നിർദേശം" എന്നത് ചേർക്കുക.

അതായത്, കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ യു.ജി.സി. പുറപ്പെടുവിച്ച സർക്കുലറിൽ വൈസ് ചാൻസലറെ തീരുമാനിക്കുന്നതിൽ സംസ്ഥാനത്തിന്റെ പൂർണ്ണമായ അധികാരം കളയുന്ന പുതിയ നിർദേശമാണ് പറയുന്നത്. അതുകൊണ്ട് "സമീപനം" എന്നതിനുപകരം "പുതിയ നിർദേശം"

എന്ന് തന്നെ അവിടെ പറയണം.

12. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"കഴിഞ്ഞ കുറെ വർഷങ്ങളായി നടന്നുവരുന്ന വിദ്യാഭ്യാസ മേഖലയിലെ കാവിവൽക്കരണത്തിന്റെ ഒടുവിലത്തെ ഉദാഹരണമാണിത്."

Saffronisation-ന്റെ പല മുഖങ്ങൾ നമ്മൾ ഇന്ത്യയിൽ കണ്ടു. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് യു.ജി.സി.-യിലെ ചട്ടം ഭേദഗതി വരുത്തികൊണ്ട് സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുകയും വിദ്യാഭ്യാസ മേഖലയിൽ കാവിവൽക്കരണമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതെന്ന് ശക്തമായിട്ടുതന്നെ പറയണം.

13. പ്രമേയത്തിലെ എട്ടാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "വിദഗ്ധന്മാരുടെയും" എന്നതിനു ശേഷം "മതേതര വിദ്യാഭ്യാസവും ഫെഡറലിസവും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന മുഴുവൻ പൊതുസമൂഹത്തിന്റെയും" എന്നത് കൂട്ടി ചേർക്കുക.

പ്രമേയത്തിലെ എട്ടാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ 'വിദഗ്ധന്മാരുടെയും' എന്നതിനുശേഷം വിദഗ്ധരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും മാത്രം ആശങ്കയല്ല, എല്ലാവർക്കും ആശങ്കയുണ്ട്. മതേതര വിദ്യാഭ്യാസവും ഫെഡറലിസവും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന മുഴുവൻ പൊതുസമൂഹത്തിന്റെയും ആശങ്കയും വികാരവുമാണ്

ഈ പ്രശ്നമെന്ന രീതിയിൽ ആ വരി കൂടി ചേർക്കണം. ഇത്രയും ഭേദഗതികളാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, തികച്ചും സ്വാഗതാർഹവും അവസരോചിതവുമായ ഈ പ്രമേയത്തിൽ മൂന്ന് ഭേദഗതികളാണ് ഞാൻ നിർദേശിക്കുന്നത്.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ "അക്കാദമിക് വിദഗ്ധരുടേയും" എന്നീ വാക്കുകൾക്ക് ശേഷം "വിദ്യാർത്ഥികളുടേയും" എന്ന വാക്ക് കൂട്ടി ചേർക്കുക.

പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധരുടെയും" എന്നതിനുശേഷം "വിദ്യാർത്ഥികളുടേയും" എന്ന വാക്ക് കൂട്ടിച്ചേർക്കണം എന്നതാണ് എന്റെ ഒരു ഭേദഗതി. കാരണം ഇതിന്റെ ഏറ്റവും വലിയ സ്റ്റേക്ക് ഹോൾഡേഴ്സ് എന്ന് പറയുന്നത് വിദ്യാർഥികളാണ്. അവരെയാണ് ഇത് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത്.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"വൈസ് ചാൻസലറുടെ യോഗ്യതാ മാനദണ്ഡം വിശാലമാക്കുക വഴി അക്കാദമികയോഗ്യതയ്ക്കപ്പുറം ചാൻസലർക്കോ കേന്ദ്രസർക്കാറിനോ താൽപര്യമുള്ള ആരെയും വൈസ് ചാൻസലറായി നിയമിക്കാനാകും. കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം വൈസ് ചാൻസലറുടെ നിയന്ത്രണത്തിലാക്കാൻ പര്യാപ്തമായ നിർദ്ദേശവും, ബിരുദ, ബിരുദാനന്തര തലങ്ങളിൽ പഠിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ നെറ്റ് യോഗ്യതയോ, പി.എച്ച്.ഡി.യോ നേടിയവർക്ക് അധ്യാപകനാവാം എന്നതും ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഗുണകരമായ നിർദേശമായി കണക്കാക്കാനാകില്ല."

3. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ എട്ടാമത്തെ വരിയിലെ "സംസ്ഥാന സർക്കാരുകളെ പൂർണമായും മാറ്റി നിർത്തുന്നു" എന്ന വാക്കിന് മുൻപ് "സർവ്വകലാശാലകളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതും," എന്നീ വാക്കുകൾ ചേർക്കുക.

പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിലെ 'നിയമനം പോലുള്ള സുപ്രധാന നിയമനങ്ങളിലും അധ്യാപകരുടെ യോഗ്യത, സേവനവ്യവസ്ഥ എന്നിവയെക്കുറിച്ചും ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ' എന്നതിനുശേഷം 'സർവകലാശാലയുടെ ഗുണനിലവാരത്തെ പ്രതികൂലമായി

ബാധിക്കുന്നതും' എന്നത് കൂട്ടിച്ചേർക്കുക. ഇവയാണ് എന്റെ മൂന്ന് ഭേദഗതികൾ. അവ അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നതിനോടൊപ്പം എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"യു.ജി.സി. നയങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ സംസ്ഥാന സർക്കാറിന്റെ നിർദ്ദേശങ്ങൾ കണക്കിലെടുക്കുകയും അതിന്റെ അടിസ്ഥാന വെല്ലുവിളികൾ പരിഹരിക്കുകയും ചെയ്യണം."

2. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങളുടെ പൊതു ഘടന സംസ്ഥാനത്തെ വിദ്യാഭ്യാസ സവിശേഷതകളിൽ നിന്ന് പിന്മാറുന്ന സാഹചര്യത്തിൽ അവയെ പുനഃപരിശോധിക്കാനും ഭേദഗതി ആവശ്യപ്പെടാനും സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടായിരിക്കണം."

3. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"പ്രാദേശിക ഭാഷകളുടെ സവിശേഷതകളും സംരക്ഷണവും ആവശ്യമാണെന്നും, ഭാഷാ ശാസ്ത്രപരമായ സംരക്ഷണം എല്ലാ സംസ്ഥാനങ്ങൾക്കും ഉറപ്പാക്കണമെന്നും തദ്ദേശസ്ഥിതി, സംസ്കാരം, സാമ്പത്തിക സാഹചര്യങ്ങൾ എന്നിവയുമായി ബന്ധമുള്ള വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്ക് നിയമപരമായ ഭേദഗതികൾ ചെയ്യാനുള്ള അവകാശം ഉറപ്പാക്കണം" .

മൂന്ന് വളരെ പ്രധാനപ്പെട്ട ഭേദഗതികളാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇത് അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. സിദ്ദിഖിന്റെ നോട്ടീസ് വൈകിയാണ് ലഭിച്ചത്. എന്നാലും അദ്ദേഹത്തിന് ഭേദഗതി അവതരിപ്പിക്കാം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഭരണഘടനാവിരുദ്ധവും ഫെഡറൽ വിരുദ്ധവുമായ ഈ പ്രമേയത്തിന്റെ അന്തസത്തയോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഘടനാപരമായിട്ടുള്ള ചെറിയ ചില ഭേദഗതികൾമാത്രം അവതരിപ്പിക്കുകയാണ്.

1. പ്രമേയത്തിലെ അഞ്ചാം ഖണ്ഡികയിലെ നാലാമത്തെ വരിയിലെ "നിരക്കാത്ത" എന്നതിനു പകരം "നിരക്കാത്തതും സർവകലാശാല ഭരണം കൈപ്പിടിയിലൊതുക്കാനുള്ള ജനാധിപത്യവിരുദ്ധ മാർഗവുമാണ് " എന്ന് കൂട്ടിച്ചേർക്കുക.

അങ്ങനെ കൂട്ടിച്ചേർത്താൽ പ്രമേയത്തിന് കുറച്ചുകൂടി ശക്തികൂടും എന്നുള്ളത് പ്രത്യേകം പറയുന്നു.

2. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "ഏതാണ്ട്" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

കാരണം "ഏതാണ്ട് 80 ശതമാനത്തോളം" എന്ന വാക്കിലെ "ഏതാണ്ട്" എന്ന വാക്ക് പ്രമേയത്തിന്റെ കനം കുറയ്ക്കാനിടവരും എന്നുള്ളതുകൊണ്ട് ഒഴിവാക്കേണ്ടതാണ്.

3. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ അഞ്ചാം വരിയിലെ " ഇതിനെയെല്ലാം അവഗണിച്ചുകൊണ്ട് യാതൊരു ചർച്ചകളും കൂടാതെ," എന്നുള്ളത് ഒഴിവാക്കേണ്ടതാണ്.

4. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഏഴാമത്തെ വരിയിലെ " എന്നിവയെക്കുറിച്ചും" എന്നതിനു പകരം "എന്നിവ സംബന്ധിച്ചും" , അതേ വരിയിലെ "ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ" എന്നതിനുപകരം

"വ്യവസ്ഥകളിലും" എന്നതും ചേർക്കുക.

5. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഒൻപതാമത്തെ വരിയിലെ "യു.ജി.സി.യുടെയും" എന്നതിനുശേഷം "ഏകപക്ഷീയ" എന്ന വാക്ക് ചേർക്കുക.

6. പ്രമേയത്തിലെ ഒൻപതാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "ആശങ്കകളും പരിഗണിച്ച് " എന്നതിനുശേഷം "ഭരണഘടനാ വിരുദ്ധവും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധവുമായ" എന്നത് കൂട്ടിച്ചേർക്കേണ്ടതാണ്.

(മുഖ്യമന്ത്രി)

P 21-01-2025
HS/SO -(1)
10.50-11.00

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ ഭേദഗതികളെല്ലാം പൊതുവെ പ്രമേയത്തിന്റെ അന്തസത്തയോട് യോജിക്കുന്നവയാണ്. ഈ ഭേദഗതികളുടെ ഏറ്റവും വലിയ പ്രത്യേകത ആ നിർദേശങ്ങളെല്ലാം ഈ പ്രമേയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ളതാണ്. അതുകൊണ്ട് തന്നെ പ്രമേയം ഐകകണ്ഠ്യേന പാസാക്കാവുന്നതാണെന്നാണ് അഭിപ്രായപ്പെടാനുള്ളത്.

മി. സ്പീക്കർ: സർവ്വശ്രീ യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, ടി. വി.

ഇബ്രാഹിം, പി. ഉബൈദുള്ള, ടി. സിദ്ദിഖ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ച)

P 21-01-2025
HS/SO -(1)
10.50-11.00

## VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, "2025 ജനുവരി 17-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള ഇനി പറയുന്ന അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

(ശ്രീ. മോൻസ് ജോസഫ്, ശ്രീ. പി. ഉബൈദുള്ള, ഡോ. എം. കെ. മുനീർ എന്നിവർ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

9. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മതാടിസ്ഥാനത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചതായി പറയപ്പെടുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

(ശ്രീ. പി. കെ. ബഷീർ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

11. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പിന്നാക്ക ജില്ലയായി പറയപ്പെടുന്ന കാസറഗോഡിന്റെ വികസനത്തിനായി വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

12. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന റോഡപകടങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

13. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

14. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ യു.ജി.സി. പുറപ്പെടുവിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമാണെന്ന് പറയപ്പെടുന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

15. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സുഗമമായ റേഷൻ വിതരണത്തിന് തടസ്സമായതായി പറയപ്പെടുന്ന വാതിൽപ്പടി വിതരണത്തിലെ പ്രതിസന്ധിയും ഇ-പോസ് മെഷീനുകളിൽ തുടർച്ചയായ തടസ്സങ്ങളും പരിഹരിക്കുന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

16. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം യഥാസമയം വിതരണം ചെയ്യാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്ന നടപടികൾ അവസാനിപ്പിക്കുന്നതിനെ കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

17. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

> "എന്നാൽ, വനമേഖലയിൽ പാരിസ്ഥിതിക സന്തുലനത്തിന് സർക്കാർ കൃത്യമായ ഇടപെടലുകൾ നടത്താത്തതും വനമേഖലയിൽ നിന്ന് വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് പ്രവേശിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കാത്തതും പൊതുജനങ്ങളുടെ ജീവഹാനിക്കും കൃഷിനാശത്തിനും കാരണമാകുന്നതായി പറയപ്പെടുന്ന സാഹചര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

18. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

> "എന്നാൽ, ഉൽപ്പാദനചെലവിന്റെ രണ്ടിരട്ടി വിലയ്ക്ക് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയപ്പോൾ ഒന്നര ഇരട്ടി വിലയ്ക്ക് സംഭരിക്കുമെന്ന മുൻപ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ലാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച പരാമർശം ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

19. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

> "എന്നാൽ, ഉൾനാടൻ ജലഗതാഗതം പുനഃരുജ്ജീവിപ്പിക്കാൻ ദേശീയ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്ന

കോവളം മുതൽ ബേക്കൽ വരെ നീളുന്ന വെസ്റ്റ് കോസ്റ്റ് കനാൽ പ്രവർത്തനസജ്ജമാകുന്ന മേഖലകളിൽ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗവും കണ്ണൂരും കാസർഗോഡും പരാമർശിച്ചതിനോടൊപ്പം മറ്റ് പ്രദേശങ്ങളും ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു. "

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

20. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ജനങ്ങളുടെ മേൽ അധിക നികുതിഭാരം ചുമത്താത്ത വിധത്തിലുള്ള ഫലപ്രദമായ പദ്ധതികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

21. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അനുഭവപ്പെടുന്നതായി പറയപ്പെടുന്ന രൂക്ഷമായ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

22. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മാസങ്ങളായി മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്ന

സാമൂഹ്യക്ഷേമ പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ക്ഷേമ പെൻഷൻ കുടിശികകൾ യഥാസമയം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. നജീബ് കാന്തപുരം എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

36. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മുസ്ലീം ഉൾപ്പെടെയുള്ള പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ജാതി സെൻസസ് നടത്തണമെന്ന നിർദേശം ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിനാൽ ഖേദിക്കുന്നു."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

37. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മദ്യത്തിന്റെ ഉപയോഗം ക്രമേണ കുറയ്ക്കുമെന്ന വാഗ്ദാനത്തിന് വിരുദ്ധമായി കൂടുതൽ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന് പുതിയ ഡിസ്റ്റിലറികൾക്ക് അനുമതി നൽകിയതായി പറയപ്പെടുന്ന കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിനാൽ ഖേദിക്കുന്നു."

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

38. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെരിയ ഇരട്ടക്കൊലപാതക കേസിൽ ഭരണകക്ഷി പാർട്ടിയുടെ നേതാക്കൾ പ്രതികളായി പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി ഇത്തരം കൊലപാതക കേസുകളിലെ പ്രതികളെ സംരക്ഷിക്കുന്നതായി പറയപ്പെടുന്ന സമീപനത്തിൽ നിന്ന് സർക്കാർ പിൻമാറുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രഖ്യാപിക്കാത്തതിൽ ഖേദിക്കുന്നു."

39. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ദീർഘകാല വൈദ്യുത കരാറുകൾ റദ്ദാക്കിയ സർക്കാരിന്റെ തെറ്റായ നടപടിയുടെ ഫലമായി കൂടുതൽ ഉയർന്ന തുകയ്ക്ക് വൈദ്യുതി വാങ്ങേണ്ടി വന്നതിന്റെ അധിക ബാധ്യത വൈദ്യുതി ചാർജ് വർദ്ധനവായി ഉപഭോക്താക്കളിൽ അടിച്ചേൽപ്പിച്ചതായി പറയപ്പെടുന്ന നടപടി പിൻവലിക്കും എന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

40. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡ് എന്ന കമ്പനിയിൽ ചട്ടങ്ങൾ മറികടന്ന് കെ.എഫ്.സി. നടത്തിയതായി പറയപ്പെടുന്ന നിക്ഷേപത്തിലൂടെ കോടികൾ നഷ്ടമായ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

41. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെരിയ ഇരട്ട കൊലപാതക കേസിൽ സി.ബി.ഐ. അന്വേഷണം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചതും ടി.പി.ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്ക് തുടർച്ചയായി ജാമ്യം അനുവദിക്കുന്നതും ജയിലിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയതും ഉൾപ്പെടെയുള്ളതായി പറയപ്പെടുന്ന നടപടികളിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

42. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പുകളിൽ ഉള്ളതായി പറയപ്പെടുന്ന കുടിശിക തീർത്ത് വിതരണം ചെയ്യുന്നതിനും വിവിധ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

43. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന സർക്കാർ ജീവനക്കാർക്കും കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പെൻഷൻകാർക്കും വിതരണം ചെയ്യാനുള്ളതായി പറയപ്പെടുന്ന മുഴുവൻ ആനുകൂല്യങ്ങളും കുടിശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

44. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"കേരളത്തിൽ നിന്നുള്ള ബയോ മെഡിക്കൽ മാലിന്യങ്ങൾ അയൽ സംസ്ഥാനത്ത് ഉപേക്ഷിച്ചതായി പറയപ്പെടുന്ന വിഷയത്തിൽ ദേശീയ ഗ്രീൻ ട്രിബ്യൂണൽ ഇടപെടൽ ഉണ്ടായത് ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ പരിഗണിച്ച് വീഴ്ചകൾ പരിഹരിച്ച് മാലിന്യ സംസ്കരണം ഫലപ്രദമാക്കാൻ ആവശ്യമായ നടപടികളെ കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

45. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, യുവതലമുറ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ള പദ്ധതികളെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ശ്രീ. സി. ആർ. മഹേഷ് സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

48. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശിക തീർത്തു വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമെന്നും അനധികൃതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

49. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റോഡുകൾക്ക് ഉള്ളതായി പറയപ്പെടുന്ന ശോചനീയാവസ്ഥ പരിഹരിച്ചുകൊണ്ട് പൊതുഗതാഗതം സുഗമമാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

52. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സഹകരണ മേഖലയിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ജനാധിപത്യ വിരുദ്ധ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

53. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വലിയ പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുമെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ ഉയർന്നുവന്ന ജനകീയ പ്രതിഷേധങ്ങളെ തുടർന്ന് നിർത്തിവെച്ച സിൽവർ ലൈൻ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

54. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടതായും വർഗീയശക്തികൾക്ക് തിരഞ്ഞെടുപ്പ് നേട്ടം ഉണ്ടാക്കുവാൻ സംസ്ഥാന പോലീസ് സംവിധാനത്തെ ദുരുപയോഗം ചെയ്തതായും പറയപ്പെടുന്നതിനാൽ അപ്രകാരം ചെയ്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

55. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് വിഹിതം വെട്ടിക്കുറയ്ക്കുന്നതായും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പദ്ധതി നിർവ്വഹണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതായും പറയപ്പെടുന്ന സാഹചര്യം അവസാനിപ്പിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

56. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നെല്ല്, പച്ചത്തേങ്ങ, റബ്ബർ ഉൾപ്പെടെയുള്ളവയുടെ

വിലസ്ഥിരത ഉറപ്പാക്കുന്നതിനും വിപണി കണ്ടെത്തുന്നതിനുമുള്ള കർമ്മ പദ്ധതിയിലൂടെ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

57. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം വർഗീയ ശക്തികളുടെ ഇടപെടലുകളും തടയുന്നതിന് ജാഗ്രത്തായ നടപടികൾ സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ഡോ. മാത്യു കുഴൽനാടൻ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

60. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിദ്യാർത്ഥികളിൽ ലഹരി മരുന്ന് ഉപയോഗം വ്യാപകമാവുകയും ലഹരി മാഫിയ വിദ്യാർത്ഥികളെ ലഹരിവസ്തുക്കളുടെ വിപണനത്തിനായി ദുരുപയോഗം ചെയ്യുകയും ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

61. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ മുഴുവൻ അവശ്യസാധനങ്ങളും സബ്സിഡി നിരക്കിൽ ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ വിപണി ഇടപെടൽ നടത്തുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

62. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഉരുൾപൊട്ടൽ ദുരന്തം ഉണ്ടായ വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്കായി പ്രത്യേക കേന്ദ്രസഹായം അനുവദിക്കാത്തതിൽ പ്രതിഷേധം രേഖപ്പെടുത്തുന്നുവെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

63. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ തൊഴിലാളി ക്ഷേമനിധികൾ മുഖേന അംശദായമടച്ച തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമനിധി പെൻഷനുകൾ നിഷേധിക്കുന്നതായി പറയപ്പെടുന്ന സമീപനം അവസാനിപ്പിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീമതി ഉമ തോമസ്, ശ്രീ. അൻവർ സാദത്ത്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

72. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച ഇനത്തിൽ നൽകുവാനുള്ളതായി പറയപ്പെടുന്ന കുടിശിക അടിയന്തരമായി വിതരണം ചെയ്യുമെന്നും നെല്ലിന്റെ താങ്ങുവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമെന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

73. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് സി.എം.ഡി മുഖേന നടത്തുന്ന കരാർ നിയമനങ്ങളിലൂടെ മെറിറ്റും സംവരണ ക്രമവും അട്ടിമറിക്കപ്പെടുന്നതായി പറയപ്പെടുന്നത് അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

74. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം

താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പുതിയ ബ്രൂവറി യൂണിറ്റ് അനുവദിച്ചതിൽ അഴിമതി നടന്നതായി ആരോപണം ഉയർന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം റദ്ദാക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

75. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമെന്നും റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമെന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

76. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ സ്വർണ്ണ വ്യാപാരത്തിൽ നിന്ന് ഉൾപ്പെടെയുള്ള നികുതി ചോർച്ച ഒഴിവാക്കിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ധൂർത്തും ദുർചെലവുകളും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

77. നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്റെ അവസാനം

താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഇ-ഗ്രാൻഡ്സ് കുടിശിക തീർത്ത് വിതരണം ചെയ്യുന്നതിനും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികളിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

(ചർച്ച-ശ്രീ. ടി. പി. രാമകൃഷ്ണൻ)

P-21-01-2025
AK-AY (1)
11.00-11.10 (RC)

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, കേരളത്തിന്റെ വർത്തമാനകാല പ്രശ്നങ്ങളെ മറികടക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകളുടെ നേർരേഖയാണ് ഗവർണ്ണറുടെ പ്രസംഗം. അതോടൊപ്പം കേരളത്തിലെ വികസനമുന്നേറ്റത്തിൽ എൽ.ഡി.എഫ്. സർക്കാർ വഹിക്കുന്ന പങ്കെന്തെന്നും പ്രസംഗം വ്യക്തമാക്കുന്നു. ആഗോളവൽക്കരണനയങ്ങൾ നാടിന്റെ വികസനത്തിന് വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന സാമ്പത്തിക ഉപരോധവും കേരളത്തിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സം സൃഷ്ടിക്കുന്നതാണ്.

ഇത്തരം നിലപാടുകളുടെ ഭാഗമായി 1,63,000 കോടി രൂപ സംസ്ഥാനത്തിന്റെ വികസനത്തിന് ലഭിക്കാത്ത സാഹചര്യമുണ്ട്. ഈ പ്രതിസന്ധിക്കിടയിലും സംസ്ഥാനത്തിന്റെ വികസനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാരിന് കഴിഞ്ഞിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. ആഗോളവൽക്കരണനയങ്ങൾ നടപ്പിലാക്കപ്പെട്ടുമ്പോൾ അതിനെതിരായി ഉയർന്നുവരുന്ന ജനകീയ പ്രതിഷേധങ്ങളെ ദുർബലപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ വർഗീയ ധ്രുവീകരണത്തിനുള്ള ഇടപെടലുകളും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയാണ്. ഏകീകൃതമായ കമ്പോളമെന്ന കാഴ്ചപ്പാടിന് തടസ്സമായി നിൽക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ഫെഡറൽ സംവിധാനങ്ങളെ തകർക്കാനുള്ള നടപടികളും കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുകയാണ്. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന കാഴ്ചപ്പാടും ഇതിന്റെ ഭാഗമായിത്തന്നെയാണ് നിലനിൽക്കുന്നത്. ഇത്തരം നയങ്ങൾക്കെതിരായി ജനകീയ താൽപര്യം മുന്നോട്ടുവച്ചുകൊണ്ടുള്ള സർക്കാരിന്റെ നയപ്രഖ്യാപനം രാജ്യത്തെമ്പാടുമുള്ള ജനകീയ പോരാട്ടങ്ങൾക്ക് കരുത്ത് പകരുന്നതാണ്. പൊതുമേഖലാസ്ഥാപനങ്ങളെ തകർക്കുകയും കാർഷിക, വിദ്യാഭ്യാസ, ആരോഗ്യമേഖലകളിൽനിന്നും പിന്മാറുകയും ചെയ്യുന്ന

ആഗോളവൽക്കരണനയങ്ങൾക്കെതിരെ അവയെ സംരക്ഷിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് ജനകീയബദൽ ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നുവെന്നതും ഏറ്റവും പ്രധാനമാണ്. സർക്കാരിന്റെ നയങ്ങളിൽ ഇത് പ്രകടമാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ഒരു വിഭാഗത്തിനുമാത്രം ലഭ്യമാക്കുന്ന സമീപനത്തിൽനിന്നും വ്യത്യസ്തമായി ഡിജിറ്റൽ വേർതിരിവില്ലാത്ത സാമൂഹ്യസൃഷ്ടിയെന്ന കാഴ്ചപ്പാട് പുതിയ കാലത്ത് എല്ലാവർക്കും പിന്തുടരാൻ പറ്റുന്നതാണ്. ആഗോളവൽക്കരണനയങ്ങൾ പാവപ്പെട്ട ജനവിഭാഗങ്ങളെ ദുരിതത്തിലേയ്ക്ക് നയിക്കുന്നതാണ്. ആ കാലഘട്ടത്തിലാണ് 538515 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം നൽകുകയെന്ന നയം ലൈഫ് മിഷനിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. അതിദാരിദ്ര്യം പരിഹരിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പിലാക്കുന്നതിനുള്ള സർക്കാരിന്റെ നടപടി ലോകത്തിനുതന്നെ മാതൃകയാണ്. 64006 കുടുംബങ്ങൾക്ക് ഇത്തരത്തിൽ മുന്നോട്ടുപോകാനുള്ള പ്രവർത്തനങ്ങളും മുന്നോട്ടുവയ്ക്കുകയാണ്. 62 ലക്ഷംപേർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന സാമൂഹ്യക്ഷേമപദ്ധതിയും കേരളത്തിന്റെ അടിസ്ഥാനജനവിഭാഗത്തോടും വയോജനങ്ങളോടും കാണിക്കുന്ന കരുതലിന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാളമായി

നിലനിൽക്കുകയാണ്.

കൃഷിഭൂമി കൃഷിക്കാരന് എത്തിക്കുന്നതിനും കുടികിടപ്പവകാശം ഉറപ്പുവരുത്തുന്നതിനും ഇടതുപക്ഷ സർക്കാരുകൾ നടത്തിയിട്ടുള്ള ഇടപെടലിന്റെ തുടർച്ചതന്നെയാണ് ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ 180887 കുടുംബങ്ങൾക്ക് പട്ടയം നൽകിയ നടപടി. ക്ഷേമപദ്ധതികളിൽ ഉറച്ചുനിൽക്കുമ്പോൾത്തന്നെ സംസ്ഥാനത്തിന്റെ വികസനത്തിന് പശ്ചാത്തല സൗകര്യവികസനം പ്രധാനമായി കണ്ടുകൊണ്ടുനടത്തിയ പ്രവർത്തനങ്ങൾ കേരളത്തെ ഭാവിയിൽ സുശക്തമായ സമ്പദ്ഘടന സൃഷ്ടിക്കുന്നതിന് സഹായകരമായിരിക്കും. വിഴിഞ്ഞം പദ്ധതി മാത്രമല്ല, ഹൈവേകളുടെയും മറ്റും വികസനത്തെ അടിസ്ഥാനപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ പ്രധാനമാണ്. റോഡുകളുടെ വികസനവും ശ്രദ്ധേയമാണ്. നിക്ഷേപം നടത്തുന്നതിന് തടസ്സമായി നിൽക്കുന്നുവെന്നതാണ് കേരളത്തെക്കുറിച്ച് പറഞ്ഞിരുന്നത്. എന്നാൽ അക്കാര്യത്തിൽ ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. അതാകട്ടെ, പൊതുവിൽ നിലവിലുള്ള ആനുകൂല്യങ്ങളെ നിലനിർത്തിക്കൊണ്ടാണ് ഉണ്ടായിട്ടുള്ളതെന്നും എടുത്തുപറയേണ്ടതാണ്.

പൊതുവിദ്യാഭ്യാസ യജ്ഞം അതിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദ്യാലയങ്ങളുടെ പശ്ചാത്തലസൗകര്യ വികസനം ഫലപ്രദമായി പൂർത്തിയാക്കി. അടുത്ത ഘട്ടമായി അതിന്റെ ഉള്ളടക്കം മെച്ചപ്പെടുത്തുകയെന്ന പ്രവർത്തനത്തിലേയ്ക്ക് സർക്കാർ കടക്കുകയാണ്. അതിന്റെ ഭാഗമായി 1, 3, 5, 7, 9 എന്നീ ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ നവീകരണവും അധ്യാപകരുടെ പുസ്തകവും രക്ഷാകർത്താക്കൾക്കുള്ള മാർഗനിർദേശങ്ങളുമെല്ലാം കേരളത്തിലെ പാവപ്പെട്ട വിദ്യാർഥികൾക്കും ഉന്നത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന തരത്തിലുള്ളതാണ്. വൈജ്ഞാനിക സമൂഹസൃഷ്ടിയെന്ന കാഴ്ചപ്പാട് ഫലപ്രദമായി സർക്കാർ നടപ്പിലാക്കുകയാണ്. വൈജ്ഞാനിക മേഖലയെ ഉപയോഗപ്പെടുത്തി എല്ലാ മേഖലയിലെയും ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. അത്തരമൊരു സാഹചര്യം രൂപപ്പെടണമെങ്കിൽ ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുകയെന്നത് പ്രധാനമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർവകലാശാലകൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് നേടിയിട്ടുള്ള നേട്ടങ്ങൾ ഇതിന് തെളിവാണ്. 2024-ലെ NIRF (National Institutional Ranking

Framework) റാങ്കിംഗിൽ ആദ്യനൂറിൽ 4 പൊതുസർവകലാശാലകളും 16 കോളേജുകളും ആദ്യ ഇരുനൂറിൽ 42 കോളേജുകളും എത്തിയിരിക്കുകയാണ്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും NBA (National Board of Accreditation) കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ ജനങ്ങൾക്കാകമാനം എത്തിക്കുന്ന വിധം ഓൺലൈൻ സമ്പ്രദായങ്ങളിലേയ്ക്ക് സേവനങ്ങൾ മാറ്റുന്ന നടപടിയിലേയ്ക്കും കേരളം കടന്നുകഴിഞ്ഞിട്ടുണ്ട്.

മാലിന്യമുക്ത നവകേരളം എന്ന പദ്ധതിയിൽ കേരളത്തിന്റെ 88 ശതമാനം കുടുംബങ്ങളെയും അണിനിരത്താൻ കഴിഞ്ഞുവെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. യുവാക്കൾക്ക് സൗജന്യ തൊഴിൽ പരിശീലനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ആധുനിക കാലത്തെ തൊഴിൽ സാധ്യതകളെ മെച്ചപ്പെടുത്തുന്നതിന് സഹായകരമാണ്. ടൂറിസം രംഗത്തും വലിയ പുരോഗതിയാണ് ഇക്കാലത്തുണ്ടായിട്ടുള്ളത്. കേരളത്തിന്റെ ഈ വികസന സാധ്യതയെ വികസിപ്പിക്കാൻ കഴിയുന്നുവെന്നതും ഭാവികേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ ശോഭനമായ കാര്യമാണ്.

ദേവസ്വം മേഖലയിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ നമ്മൾ

ശ്രദ്ധിക്കേണ്ടതുണ്ട്. ഭക്തജനങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ശബരിമല സന്ദർശനം പരാതികൾക്ക് ഇടയാകാത്ത നിലയിൽ കേരളത്തിൽ സംഘടിപ്പിക്കാനായത് ദേവസ്വം വകുപ്പിന്റെയും ദേവസ്വം ബോർഡിന്റെയും ഉന്നതമായ മാതൃകയാണ്. ബഹുമാനപ്പെട്ട തമിഴ്നാട് ദേവസ്വം വകുപ്പുമന്ത്രി ശ്രീ. പി. കെ. ശേഖർ ബാബു മൂന്ന് തവണ ശബരിമല സന്ദർശിക്കുകയും ശബരിമലയിലെ ഒരുക്കങ്ങളിൽ ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനെ പ്രത്യേകം പ്രശംസിക്കുകയും ചെയ്തത് കേരളത്തിനുള്ള അംഗീകാരമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെടുത്തി കേരളത്തിന്റെ പുരോഗതിക്ക് സർക്കാർ പരിശ്രമിക്കുമ്പോൾ അതിനെ തകർക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. പ്രതിപക്ഷ സർക്കാരുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഗവർണ്ണറെ ഉപയോഗപ്പെടുത്തി സർവകലാശാലകളെ കാവിവൽക്കരിക്കുന്ന പ്രവർത്തനം കേന്ദ്രസർക്കാർ ആവിഷ്കരിക്കുന്നുണ്ട്. കേരളത്തിലും കഴിഞ്ഞ കാലങ്ങളിൽ അതുണ്ടായിരുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനുപകരം ഗവർണ്ണർ നടത്തുന്ന നോമിനേഷനുകളിലുൾപ്പെടെ പിന്തുണയ്ക്കുന്ന നയമാണ്

പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. യു.ഡി.എഫ്. നേതാക്കൾ ഇതുമായി ബന്ധപ്പെട്ട് തങ്ങളുടെ നിലപാട് വ്യക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ദുരന്തകാലങ്ങളിൽ ജനതയെ ചേർത്തുപിടിക്കുന്നതിൽ എൽ.ഡി.എഫ്. സർക്കാർ ലോകത്തിനുതന്നെ മാതൃകയായിട്ടുള്ളതാണ്. ആ ശേഷി ഒരിക്കൽക്കൂടി വ്യക്തമാക്കുന്നതാണ് വയനാട് ദുരന്തത്തിൽ സർക്കാർ സ്വീകരിച്ച നടപടികളെന്നും കാണാം. ജനങ്ങളെയാകെ സഹകരിപ്പിച്ച് മുന്നോട്ടുപോകുന്ന സമീപനമാണ് ഉണ്ടായത്. പുതിയ പുനരധിവാസ പ്രവർത്തനങ്ങൾ മാതൃകാപരമായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച തെറ്റായ സമീപനത്തിനെതിരെ പൊരുതാനും അർഹതപ്പെട്ട വിഭവങ്ങൾ നേടിയെടുക്കാനും കഴിഞ്ഞുവെന്നതും ഏറെ അഭിമാനകരമാണ്.

കോൺഗ്രസിന്റെ ജീർണമുഖം വ്യക്തമാക്കുന്നതാണ് ഈയിടെ വയനാട്ടിലുണ്ടായ ദുരന്ത സംഭവം. വയനാട് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ട്രഷററും മകനും ആത്മഹത്യ ചെയ്യേണ്ടിവന്നത് നെറികെട്ട അഴിമതിയുടെ ഭാഗമാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അഴിമതി നടത്തിയ നേതൃത്വത്തെ സംരക്ഷിക്കാൻ കോൺഗ്രസ് എല്ലാ വൃത്തികെട്ട രീതികളും സ്വീകരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ

കണ്ടില്ലെന്ന് നടിക്കുന്ന നിലപാടാണ് യു.ഡി.എഫ്.-ന്റേത്. എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നതോടെ സംസ്ഥാന സർക്കാരിനെ താഴെയിറക്കാൻ ആരുമായും കൂട്ടുചേരുകയെന്ന നിലപാടിലേയ്ക്ക് യു.ഡി.എഫ്. എത്തിയിരിക്കുകയാണ്. രാജ്യത്ത് മതനിരപേക്ഷതയെക്കുറിച്ച് സംസാരിക്കുകയും കേരളത്തിൽ ഇടതുപക്ഷത്തിനെ മുഖ്യശത്രുവായി കാണുന്നതുമായ സമീപനമാണ് യു.ഡി.എഫ്. പിന്തുടരുന്നത്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത മതനിരപേക്ഷതയുടെ വലിയ പാരമ്പര്യമാണ്. എന്നാൽ അവയെ തകർക്കുന്ന വർഗീയശക്തികളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. കേരളത്തിൽ ഇടതുപക്ഷത്തെ പരാജയപ്പെടുത്താൻ കോൺഗ്രസ് മുന്നണിയെ സഹായിക്കുന്ന നിലയാണ് ജനസംഘം ആദ്യഘട്ടത്തിൽ ചെയ്തത്. 1960-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇ.എം.എസ്.-നെതിരെ ജനസംഘത്തിന്റെ പിന്തുണയോടെയാണ് കോൺഗ്രസ് മുന്നണി മത്സരിച്ചത്. വിജയം ഇ.എം.എസ്.-ന് തന്നെയായിരുന്നു. 1991-ൽ രഥയാത്ര തടഞ്ഞതിന്റെ പേരിൽ വി. പി. സിംഗ് മന്ത്രിസഭയ്ക്കെതിരെ ബി.ജെ.പി.-യും കോൺഗ്രസും അവിശ്വാസ പ്രമേയം കൊണ്ടുവന്ന് ആ മന്ത്രിസഭയെ താഴെയിറക്കി. തുടർന്ന് അസംബ്ലിയിലേയ്ക്കും

പാർലമെന്റിലേയ്ക്കും തിരഞ്ഞെടുപ്പ് നടന്നു. ഈ തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി.-യെ പാർലമെന്റിലേയ്ക്കും നിയമസഭയിലേയ്ക്കും അയയ്ക്കുന്നതിന് വടകരയിലും ബേപ്പൂരിലും ഇവർ കോലീബി സഖ്യമുണ്ടാക്കി. നേമത്ത് ബി.ജെ.പി.-ക്ക് ജയിക്കാനിടയാക്കിയതും യു.ഡി.എഫ്.-ന്റെ വോട്ടുകളായിരുന്നു. സമാനമായ സ്ഥിതി തൃശ്ശൂരിലും ആവർത്തിച്ചു. പാലക്കാടും വടകരയും തൃശ്ശൂരും തമ്മിൽ ഒരു ഡീൽ ഉണ്ടായിരുന്നുവെന്നാണ് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് പറയുന്നത്. ഇത് നിഷേധിക്കാൻ കോൺഗ്രസ് ഇതുവരെയും തയ്യാറായിട്ടില്ല. ആർ.എസ്.എസ്. ശാഖയ്ക്ക് കാവൽനിന്ന കെ.പി.സി.സി. പ്രസിഡന്റാണ് കോൺഗ്രസിനുള്ളത്. അത് അഭിമാനമായി കൊണ്ടുനടക്കുന്ന ആളുമാണ് അദ്ദേഹം. രാജ്യത്തുനിന്ന് ന്യൂനപക്ഷങ്ങളും കമ്മ്യൂണിസ്റ്റുകാരും രാജ്യം വിട്ടുപോകണമെന്ന് വിചാരധാരയിലൂടെ സിദ്ധാന്തം രചിച്ചയാളാണ് ഗോൾ വാൾക്കർ. അദ്ദേഹത്തിന്റെ ജന്മശതാബ്ദിക്ക് പ്രതിപക്ഷനേതാവും പോയിരുന്നു. കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തെ തകർക്കുന്ന ബി.ജെ.പി.-യുമായി കൂട്ടുചേർന്ന് ഇടതുപക്ഷത്തെ തകർക്കുകയെന്നതാണ് നിങ്ങളുടെ നയം. അതുകൊണ്ടാണ് സംസ്ഥാനത്തിനെതിരെ കേന്ദ്രസർക്കാർ നടത്തുന്ന ഉപരോധങ്ങൾക്കെതിരെ കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച ആവശ്യങ്ങൾക്കുവേണ്ടി

പാർലമെന്റിൽ യു.ഡി.എഫ്. എം.പി.-മാർ ഒന്നും മിണ്ടാറില്ലെന്നതും എല്ലാവർക്കും അറിയാവുന്നതാണ്.

(തുടരും....)

P-21-01-2025 AL-AY
11.10-11.20

(ശ്രീ. ടി. പി. രാമകൃഷ്ണൻ ...തുടർച്ച)

മഹാത്മാ ഗാന്ധിയെ വെടിവച്ചുകൊല്ലുകയും ജവഹർലാൽ നെഹ്റുവിനെ വ്യക്തിപരമായി അധിക്ഷേപിക്കുകയും ചെയ്യുന്ന ബി.ജെ.പി.-യുടെ തോളിൽനിന്നുകൊണ്ടാണ് എൽ.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിൽ അന്തർധാരയെന്ന് പ്രചരിപ്പിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും ഒരു നയത്തിനെതിരെ രാജ്യവ്യാപകമായി പ്രക്ഷോഭം നടത്താൻ കോൺഗ്രസ്സിന് കഴിഞ്ഞിട്ടുണ്ടോ; ഇന്ത്യാ വേദിയിലെ പാർട്ടികൾപോലും ഒന്നിച്ച് അണിനിരന്ന് കേന്ദ്ര സർക്കാരിനെതിരെ ശബ്ദിച്ചത് കേരള മുഖ്യമന്ത്രി ഡൽഹിയിൽ നടത്തിയ സമരത്തിന്റെ ഘട്ടത്തിലാണ്. ആ ഇടതുപക്ഷത്തെ ദുർബലമാക്കി അധികാരം പിടിച്ചെടുക്കുക എന്നതാണ് നിങ്ങളുടെ ലക്ഷ്യം. ഇടതുപക്ഷത്തെ ഉന്മൂലനം ചെയ്യുകയെന്നതാണ് തങ്ങളുടെ അജണ്ടയെന്ന് ആർ.എസ്.എസ്.-ഉം പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന എൽ.ഡി.എഫ്.-നെ അധികാരത്തിനുവേണ്ടി താഴെയിറക്കുകയെന്ന തരംതാണ രാഷ്ട്രീയമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

കേരളത്തിൽ മതരാഷ്ട്രവാദം ഉയർത്തുന്ന ജമാഅത്തെ ഇസ്ലാമിയെയും എസ്.ഡി.പി.ഐ.-യെയും യു.ഡി.എഫ്.-ൽ ഉറപ്പിച്ചുനിർത്തി ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കാനാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ശ്രമിച്ചുവരുന്നത്. ഈ നിലപാടിനെ കോൺഗ്രസ് ശക്തമായി പിന്താങ്ങുകയാണ്. ലോകം ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്നുവെന്ന് മനസ്സിലാക്കണം. ആഗോളവൽക്കരണ നയവും മതരാഷ്ട്രവാദവും മുന്നോട്ടുവയ്ക്കുന്ന നയങ്ങളാണ് എല്ലാ വർഗീയശക്തികളും മുന്നോട്ടുവയ്ക്കുന്നത്. ഇതിനെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെ ഇവയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷത്തെ ദുർബലപ്പെടുത്തി ബി.ജെ.പി.-യുടെ രാഷ്ട്രീയ അജണ്ടകൾക്ക് കൂട്ടുനിൽക്കുകയാണ് കേരളത്തിൽ യു.ഡി.എഫ്. ചെയ്യുന്നത്. നിരവധി പ്രക്ഷോഭങ്ങളിലൂടെയും ഇടപെടലിലൂടെയുമാണ് കേരളം ഇന്നത്തെ അവസ്ഥയിലെത്തിയത്. ഈ യാഥാർഥ്യം തിരിച്ചറിയണം, ഇത്തരം മുന്നേറ്റങ്ങൾക്ക് യാതൊരു പങ്കുമില്ലാത്ത സംഘപരിവാറുമായാണ് നിങ്ങൾ യോജിച്ച് പ്രവർത്തിക്കുന്നതെന്ന് ഓർക്കണം. മഹാത്മാ ഗാന്ധിയുടെ രക്തം ശരീരത്തിലുള്ളവരുമായാണ് നിങ്ങളുടെ കൂട്ടുകെട്ട് എന്നോർക്കണം. അവർ ജനങ്ങൾക്ക് വിതയ്ക്കുന്നത് ദുരന്തങ്ങൾ മാത്രമാണ്. അവരെല്ലാം കേരളത്തിലെ

പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ദുരിതം സൃഷ്ടിക്കുന്നവരാണ്. ഇതിന് ബദലായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രവർത്തിക്കുന്നത്. ഇവരെ പിന്തുണച്ച് മുന്നോട്ടുകൊണ്ടുപോകുക എന്നതാണ് കേരളത്തിന്റെ വികസനം താല്പര്യപ്പെടുന്നവർ ചെയ്യേണ്ടത്.

കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും സ്കീം വർക്കേഴ്സുമെല്ലാം നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കേന്ദ്രനയമാണ് രൂക്ഷമായിക്കൊണ്ടിരിക്കുന്ന അവരുടെ ജീവിതപ്രശ്നങ്ങളുടെ കാരണം. കേന്ദ്ര മോട്ടോർ നയം മോട്ടോർ വ്യവസായത്തെയും തൊഴിലാളികളെയും വലിയതോതിൽ ബാധിച്ചുകഴിഞ്ഞു. ഈ പ്രതികൂല സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി. കൈവരിക്കുന്ന നേട്ടം തൊഴിലാളി പ്രതിബദ്ധതയുടെ ഭാഗമാണ്. തൊഴിലാളികൾക്കും സാധാരണ ജനങ്ങൾക്കും പ്രതീക്ഷ നൽകുന്നത് കേരള സർക്കാരാണ്. കേന്ദ്രം തൊഴിലാളി വിരുദ്ധ നിലപാടുകളും ജനവിരുദ്ധ കരിനിയമങ്ങളും സൃഷ്ടിക്കുമ്പോൾ അതിനെല്ലാം എതിരായി ശക്തമായ നിലപാടെടുത്ത് ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി അണിനിരക്കുന്നത് സംസ്ഥാന സർക്കാരാണ്. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രത്യേകത. ഇവിടെയാണ് ഇടതുപക്ഷ ബദലിന്റെ പ്രത്യേകത

രാജ്യത്താകമാനം മാതൃകയാകുന്ന നിലയിൽ ഉയർന്നുനിൽക്കുന്നത്. തൊഴിലാളികൾക്ക് സംരക്ഷണകവചം തീർക്കുന്ന നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുന്നത്. വന്നുചേരുന്ന പ്രശ്നങ്ങൾക്കെല്ലാം മുൻഗണനന നൽകി പരിഹരിക്കുമെന്നുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഖ്യാപനം ഈ നാടിന്റെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നിലയിൽതന്നെയാണ്. ഗവർണ്ണർ മുന്നോട്ടുവച്ച ഈ നയപ്രഖ്യാപനം കേരളം എത്തിനിൽക്കുന്നയിടത്തെയും രാജ്യത്താകമാനം മാതൃകയായി മാറുന്ന മോഡലുകളെയും അവതരിപ്പിച്ചുകൊണ്ടുള്ളതാണ്. ഭാവി പ്രവർത്തനങ്ങൾക്കായി മുന്നോട്ടുവച്ച കാഴ്ചപ്പാടുകളും കേരളത്തിന്റെ ഭാവി ശോഭനമാകുന്ന എന്നതിന്റെ ഉദാഹരണമാണ്. ഈ ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ശ്രീ. എ. സി. മൊയ്തീൻ)

P-21-01-2025
AL-AY
11.10-11.20

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഉചിതമായ രാഷ്ട്രീയ കാഴ്ചപ്പാടുകളുടെയും നിലപാടുകളുടെയും അടിസ്ഥാനത്തിൽ ഒരു ബദൽ സാമൂഹ്യ രാഷ്ട്രീയ അന്തരീക്ഷം കേരളത്തിൽ

ത്രുപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞ സർക്കാരിന്റെ എട്ടുവർഷക്കാലം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പരിശ്രമിച്ചിട്ടുണ്ട്. ആ പരിശ്രമങ്ങൾ വർത്തമാനകാലത്തെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്നുള്ള ദിശ നിർണ്ണയിക്കുന്ന രീതിയിലുള്ളതാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം. കേരളം വിവിധ മേഖലകളിൽ ഇന്ത്യയ്ക്ക് മാതൃകയാണ്. വ്യവസായ വികസനത്തിൽ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്'-ൽ കേരളം 28-ാം സ്ഥാനത്തുനിന്നും ഒന്നാമത് എത്തിയത് വളരെ അഭിമാനകരമായ കാര്യമാണ്. സുസ്ഥിര വികസനം, ഭവനനിർമ്മാണം, ആരോഗ്യ പരിരക്ഷ എന്നീ മേഖലകളിൽ രാജ്യത്തിന്റെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ച വർഷങ്ങളാണ് കടന്നുപോയത്. ആ വികസന നേട്ടങ്ങൾ കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതിയിലും വിഷമകരമായ സാഹചര്യത്തിലുമാണ് നാം നേടിയെടുത്തതെന്നത് വ്യക്തമാണ്. വലിയ ദുരന്തങ്ങളുണ്ടായ കേരളത്തിൽ, കേന്ദ്ര സർക്കാർ സ്വീകരിച്ച സാമ്പത്തിക ഉപരോധത്തിന് സമാനമായ രാഷ്ട്രീയ നിലപാടുകൾ കേരളത്തിന് ധാരാളം സാമ്പത്തിക പ്രയാസങ്ങളുണ്ടാക്കി. ആ പ്രയാസങ്ങളെ മറികടന്നുകൊണ്ടാണ് ഈ നേട്ടങ്ങളിലേയ്ക്ക് കേരളം സഞ്ചരിച്ചത്. ആ നേട്ടങ്ങൾക്ക് കേരളത്തിലെ

ജനങ്ങളുടെ വലിയ പിന്തുണയും ഉണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഉപരോധമുണ്ടായിട്ടും ഏതെങ്കിലുമൊരു വികസന പ്രവർത്തനത്തിലോ സാമൂഹ്യക്ഷേമ പ്രവർത്തനത്തിലോ സർക്കാർ കുറവുവരുത്തിയിട്ടില്ല. അത്തരം ഒരു നിലപാട് സ്വീകരിച്ചത് സംസ്ഥാനത്തെ നികുതി വരുമാനം വർധിപ്പിച്ചതുകൊണ്ടാണ്. 2020-21-ൽ 40000-ലധികം ഉണ്ടായിരുന്ന നികുതി വരുമാനം 71000 കോടി രൂപയായി വർധിപ്പിച്ചത് കേന്ദ്ര ഉപരോധത്തെ മറികടക്കാനും സംസ്ഥാനത്തിന്റെ വികസനം മുടങ്ങാതിരിക്കാനുമാണ്. അത്തരമൊരു ജാഗ്രത ധനകാര്യ മാനേജ്മെന്റിന്റെ കാര്യത്തിലും കേരള സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തെ ഈ ഉപരോധങ്ങൾക്കും സാമ്പത്തിക പ്രയാസങ്ങൾക്കും ദുരന്തങ്ങൾക്കുമിടയിൽ ഒന്നാമതായി നിലനിർത്തുന്നത് നമുക്ക് കാണാൻ കഴിയും. സാമ്പത്തിക കാര്യങ്ങളിലും സാമൂഹ്യനീതിയുടെ കാര്യത്തിലും മാത്രമല്ല, പട്ടിണിയില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിലും രാഷ്ട്രീയ നിലപാടിന്റെ കാര്യത്തിലും കേരള സംസ്ഥാനം ഒന്നാമതാണ്. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയ നിലപാടിന്റെ ഭാഗമായിട്ടാണ്. രാജ്യത്താകമാനം വർഗ്ഗീയ നിലപാടുകൾ ഉയർത്തിപ്പിടിക്കാൻ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ളവർ പരിശ്രമിക്കുമ്പോൾ അതിനെ

ചെറുത്തുനിൽക്കാൻ കേരളത്തെ തയ്യാറാക്കുന്ന കാര്യത്തിലും മതനിരപേക്ഷതയുടെ ഒരു രാഷ്ട്രീയ ബദൽ മുന്നോട്ടുവയ്ക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞുവെന്നുള്ള പ്രത്യേകതയും നമ്മുടെ സംസ്ഥാനത്തിനുണ്ട്.

ഇടതുപക്ഷത്തിന്റെ ഭരണ നടപടികളെ നിങ്ങൾ എങ്ങനെയാണ് സമീപിച്ചത് എന്നുള്ളത് വളരെ പ്രസക്തമാണ്. ഈ പ്രതിസന്ധികളുടെ കാലഘട്ടത്തിൽ സംസ്ഥാനത്തെ ജനങ്ങളെ, മലയാളികളെ സഹായിക്കുന്ന എന്തെങ്കിലും ഒരു നിലപാട് യു.ഡി.എഫ്.-ന്റെ നേതൃത്വം എട്ടുവർഷക്കാലത്തിനിടെ സ്വീകരിച്ചിട്ടുണ്ടോ? കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തിന്റെ കാര്യത്തിൽ നിങ്ങളെല്ലാം നിഷേധാത്മക നിലപാടുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ വികസനത്തിനെതിരായിട്ടുള്ള സമീപനം സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് ഒന്നും ചെയ്തില്ലെന്ന വരുത്തിത്തീർക്കാനും അതിന്റെ ഭാഗമായി രാഷ്ട്രീയലാഭം നേടാനുമാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിലും നമ്മുടെ രാജ്യത്തെ ജനങ്ങൾക്കെതിരായിട്ടുള്ള രാഷ്ട്രീയ നിലപാടാണ് യു.ഡി.എഫ്. സ്വീകരിച്ചതെന്ന് കാണാം. കേരളത്തിലെ ജനങ്ങൾക്ക് വീട് നൽകാനുള്ള ലൈഫ് ഭവന പദ്ധതി

വന്നപ്പോൾ അതിനെ എതിർക്കുക മാത്രമല്ല, അതിന് തുരങ്കം വയ്ക്കാനുള്ള നിലപാടും നിങ്ങൾ സ്വീകരിച്ചു. കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ കാലത്ത് നിങ്ങളുടെ നേതാവ് ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്; "ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇത് അവസാനിപ്പിക്കും" എന്നാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തെയും നിങ്ങൾ എതിർത്തു. ഇന്ന് ഇന്ത്യ മാതൃകയാക്കുന്ന കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തെ, ആർദ്രം പദ്ധതിക്കെതിരെ തെറ്റായ അഴിമതി ആരോപണത്തിന്റെ ഭാഗമായി നിഷേധാത്മക നിലപാട് സ്വീകരിക്കുകയാണ് നിങ്ങൾ ചെയ്തത്. കെ-ഫോൺ പദ്ധതി വന്നപ്പോൾ, മറ്റ് സർവീസ് പ്രൊവൈഡർമാരുള്ളപ്പോൾ കേരളത്തിലെ സർക്കാർ എന്തിനാണ് ഈ പദ്ധതി കൊണ്ടുവരുന്നതെന്ന് ആക്ഷേപിച്ച് അവരെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചുവെന്നുമാത്രമല്ല, കെ-ഫോൺ പദ്ധതി കേരളത്തിൽ വരാതിരിക്കാൻ വേണ്ടിയുള്ള രാഷ്ട്രീയ പ്രചരണം നടത്താൻ ഈ സഭയുടെ വേദിയെയും നിങ്ങൾ പ്രയോജനപ്പെടുത്തി. എൻ.എച്ച്. വികസനമുണ്ടായപ്പോൾ നമ്മുടെ രാജ്യത്ത് ഇത് നടക്കില്ലെന്ന് യു.ഡി.എഫ്. നേതാക്കൾ പറഞ്ഞു. ബി.ജെ.പി.-യും ജമാഅത്തെ ഇസ്ലാമിയും നീലകണ്ഠന്മാരും അവരോടൊപ്പമുണ്ടായിരുന്നു. കേരളത്തിലെ പ്രസിദ്ധമായ വയൽക്കിളി സമരം ഓർമ്മയിലുണ്ടാകും

അല്ലെങ്കിൽ ഓർമ്മയിലുണ്ടാകണം എന്ന് ഞാൻ അഭ്യർഥിക്കുന്നു. നന്ദിഗ്രാമിൽനിന്ന് മണ്ണ് കൊണ്ടുവന്ന് കേരളത്തിലെ ദേശീയപാത വികസനത്തെ ഞങ്ങൾ അംഗീകരിക്കുന്നില്ല, ഇവിടെയത് നടക്കേണ്ടതില്ല എന്നുപറഞ്ഞ മഴവിൽ സഖ്യത്തിന്റെ കൂടെ ദേശീയ പാർട്ടിയായ കോൺഗ്രസ്സും അതിന്റെ നേതൃനിരയിലുണ്ടായിരുന്നു. ഇന്ന് ആ ദേശീയപാത കേരളത്തിൽ യാഥാർഥ്യമാവുകയാണ്.

(തുടരും)

P-21-01-2025
HA/AY (I)
11.20-11.30

(ശ്രീ. എ. സി. മൊയ്തീൻ തുടർച്ച)

ഇതുപോലെ വിഴിഞ്ഞം തുറമുഖ വികസനത്തിന്റെ സമയത്ത് അനാവശ്യ പ്രശ്നങ്ങളുണ്ടാക്കി അതിന്റെ കമ്മീഷനിംഗ് തടയാൻ നിങ്ങൾ നടത്തിയ പരിശ്രമവും പ്രതിപക്ഷനേതാവുൾപ്പെടെ അതിൽ സ്വീകരിച്ച സമീപനവും കേരളം കണ്ടതാണ്. ഇന്ന് വിഴിഞ്ഞം പദ്ധതി പൂർത്തിയാവുകയാണ്. കേരളത്തിന്റെ കവാടമായും തൊഴിലവസരമായും ഭാവി കേരളത്തിന്റെ പുരോഗതിയുടെ കവാടമായും വിഴിഞ്ഞം പദ്ധതിയുടെ ഒരു ഘട്ടം കമ്മീഷൻ ചെയ്തു. അതിന്റെ തുടർപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്.

കെ-റെയിൽ പദ്ധതിയെ പരാജയപ്പെടുത്താൻ... ഇന്നത്തെ ശ്രദ്ധക്ഷണിക്കൽ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടായിരുന്നു. ട്രെയിനുകളിൽ സീറ്റില്ല, യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നു, സീനിയർ സിറ്റിസൺസിന് കോവിഡ് കാലഘട്ടത്തിൽ കിട്ടിയിരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല തുടങ്ങി നിരവധി പ്രശ്നങ്ങൾ അതിലുന്നയിച്ചിരുന്നു. മൂന്നും‍നാലും റെയിൽ വേണമെന്നാണല്ലോ കേന്ദ്രഗവൺമെന്റ് പറയുന്നത്. അതിനായിരുന്നു നിർദേശമുണ്ടാക്കിയത്. ആ നിർദേശത്തെയാണ് നിങ്ങൾ കുറ്റി പിഴുതെറിയുന്നവരായി, കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച്, ഭാവി കേരളത്തിന്റെ യാത്രാ സൗകര്യത്തിനും ഗതാഗത വികസനത്തിനും തൊഴിലവസരങ്ങൾക്കും ടൂറിസം വികസനത്തിനും സഹായകമാകുന്ന പദ്ധതിയോട് ഇപ്പോഴും നിങ്ങൾ സ്വീകരിക്കുന്ന സമീപനം ജീവനുള്ളിടത്തോളം കാലം ഞങ്ങൾ അനുവദിക്കില്ലെന്നുതന്നെയാണ് പറയാനുള്ളത്. യു.ഡി.എഫ്.-ന് നടപ്പാക്കാൻ കഴിയാതിരുന്ന പദ്ധതികൾ ഈ കേരളത്തിൽ എൽ.ഡി.എഫ്. നടപ്പാക്കേണ്ട എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. നിങ്ങളുടെ നിരാശയുടെ ഭാഗമായാണ് ഇത്തരത്തിൽ ചിന്തിക്കുന്നത്. 2021-ൽ അധികാരത്തിൽ വരാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. അന്നും കുപ്പായമിട്ടുവച്ചവർ തന്നെയാണല്ലോ നിങ്ങൾ. പക്ഷേ, കേരളത്തിൽ

യു.ഡി.എഫ്.-ന്റെ കാലത്ത് മുടങ്ങിക്കിടന്നിരുന്ന എല്ലാ പദ്ധതികളുമുൾപ്പെടെ ഇപ്പോൾ നടപ്പിലാക്കുകയാണ്. കേരളത്തിന്റെ വൈദ്യുതി വികസനം വളരെ പ്രധാനപ്പെട്ടൊരു ഭാഗമാണ്. മുടങ്ങിക്കിടന്നിരുന്ന കൊച്ചി-ഇടമൺ പവർ ഹൈവേ പദ്ധതി നടപ്പിലാക്കിയത് ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷമാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇടതുമുന്നണിയുടെ കാലത്ത് കേന്ദ്ര അവഗണനയെയും സംസ്ഥാനത്തിനോടുള്ള തെറ്റായ സാമ്പത്തിക നിലപാടിനെയും പ്രതിരോധിക്കാൻ നിങ്ങളെ ക്ഷണിച്ചതാണ്. ഈ കേരളത്തിന്റെ താല്പര്യത്തിനുവേണ്ടി നമുക്ക് ഒരുമിച്ച് നിൽക്കണം. സമീപകാലത്തായി നിങ്ങളുടെ സമീപനത്തിൽ ചെറിയ മാറ്റം വന്നിട്ടുണ്ട്. പക്ഷേ, കേന്ദ്രഗവൺമെന്റിന്റെ നിലപാടിനെ ചെറുക്കാൻ നിങ്ങൾ തയ്യാറായില്ല എന്നതാണ് അന്ന് നിങ്ങൾ സ്വീകരിച്ച സമീപനം. കേരളത്തിന്റെ മുഖ്യമന്ത്രിയുടെ സമരത്തെക്കുറിച്ചും ഇവിടത്തെ ജനപ്രതിനിധികളുൾപ്പെടെ നടത്തിയ സമരത്തെക്കുറിച്ചും ശ്രീ. ടി. പി. രാമകൃഷ്ണൻ സൂചിപ്പിച്ചു. കർണ്ണാടക ഗവൺമെന്റും അന്ന് സമരം നടത്തി. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ തോൽപ്പിക്കാനുള്ളൊരു വിഷയമായി ബി.ജെ.പി.-യുടെ ഈ സാമ്പത്തിക ഉപരോധത്തെ നിങ്ങൾ

ആയുധമാക്കുമ്പോൾ ഇന്ത്യയിലെ ഫെഡറലിസത്തെ തകർക്കാൻ വേണ്ടിയുള്ള ശ്രമമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടാണ് കർണ്ണാടക ഗവൺമെന്റ് സമരത്തിനുപോയത്. കേന്ദ്ര സർക്കാരിന്റെ പ്രതിപക്ഷത്തുള്ള എല്ലാ ധനകാര്യ വകുപ്പുമന്ത്രിമാരുടെയും ഒരു കോൺക്ലേവ് കേരളത്തിൽ സംഘടിപ്പിക്കുകയും ധനകാര്യ ഫെഡറലിസത്തിന്റെ കാര്യത്തിൽ പൊതുസമീപനം സ്വീകരിക്കാനും ശ്രമിക്കുമ്പോൾ ഇവിടെ നിങ്ങൾ ഇത്തരമൊരു സമീപനത്തെ അംഗീകരിക്കുന്നില്ല. സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയായതുകൊണ്ട് ഇതിനെ പരാജയപ്പെടുത്തണമെന്നുള്ള നിലപാടാണ് നിങ്ങൾ തുടരുന്നത്. അതെല്ലാം ആരെ സഹായിക്കാനാണെന്ന് നിങ്ങൾ ആലോചിക്കണം. നിങ്ങളുടെ ഈ തിരഞ്ഞെടുപ്പ് വിജയത്തിനുവേണ്ടി വർഗ്ഗീയവാദികളെയും തീവ്രവാദികളെയുമുൾപ്പെടെ കൂടെ ചേർക്കുമെന്നാണ് നിങ്ങൾ സ്വീകരിച്ച സമീപനം. അതിന് പറയാൻ ന്യായങ്ങളുമുണ്ട്. ലീഗിന്റെ തണലിൽ രാജ്യത്ത് മത രാഷ്ട്ര സ്ഥാപനമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ജമാഅത്തെ ഇസ്ലാമിയും അതുണ്ടാക്കിയ വെൽഫെയർ പാർട്ടിയും എസ്.ഡി.പി.ഐ.-യും ഉൾപ്പെടെയുള്ളവർ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പുകളിലെല്ലാം ആരുടെ കൂടെയായിരുന്നുവെന്ന് കോൺഗ്രസ്

വ്യക്തമാക്കുമെന്ന് ഞാൻ കരുതുകയാണ്. പാലക്കാട് അത് പ്രകടമായി. കഴിഞ്ഞ പാലക്കാട് ഉപതിരഞ്ഞെടുപ്പ് വിജയത്തിൽ കോൺഗ്രസിനല്ല ഞങ്ങൾക്കാണ് അവകാശം എന്നുപറഞ്ഞ് കോൺഗ്രസും യു.ഡി.എഫ്.-ഉം അല്ല ആദ്യം പ്രകടനം നടത്തിയത്, പകരം എസ്.ഡി.പി.ഐ.-യും ജമാഅത്തെ ഇസ്ലാമിയുമാണ്. അതിനെയാണ് നിങ്ങൾ ഇപ്പോൾ ന്യായീകരിക്കുന്നത്. ആർ.എസ്.എസ്. ഉയർത്തുന്നത് മതരാഷ്ട്ര വാദമാണ്. കേന്ദ്രഗവൺമെന്റിന്റെ ഭീഷ്മമായ നിലപാട് ഇന്ത്യയുടെ മതേതരത്വത്തിനും മതനിരപേക്ഷതയ്ക്കും ഭീഷണിയാകുമ്പോൾ ഈ കേരളത്തിലും രാജ്യത്താകെയും അതിനെ ചെറുക്കാൻ ഞങ്ങളാണുള്ളതെന്നാണ് നിങ്ങൾ പറയുന്നത്. ഈ ന്യൂനപക്ഷ മതവിഭാഗത്തിന്റെ പേരും പറഞ്ഞ് തീവ്രവാദം നടത്തുന്ന ജമാഅത്തെ ഇസ്ലാമിയെ സ്വന്തം ചിറകിൽ ലീഗ് സംരക്ഷിക്കുമ്പോൾ വോട്ടിനുവേണ്ടി അവരെ പിന്തുണയ്ക്കുന്ന കോൺഗ്രസിന്റെ നിലപാടെന്താണ്? നിങ്ങൾ അത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾ ജമാഅത്തെ ഇസ്ലാമിക്കാർ മതരാഷ്ട്രവാദം ഉപേക്ഷിച്ചോ; ഹുക്കുമത്തെ ഇലാഹി എന്നുപറയുന്ന മൗദൂദിയൻ വാദം ഉപേക്ഷിച്ചോ? കേരളത്തിലെ അമീറിനെക്കൊണ്ട് ഞങ്ങൾ മതരാഷ്ട്രവാദത്തിൽ നിൽക്കുന്നില്ലെന്നൊരു പ്രസ്താവന നിങ്ങളിപ്പോൾ ഇറക്കിച്ചിട്ടുണ്ട്. പക്ഷേ, എത്ര മറച്ചുവയ്ക്കാൻ

ശ്രമിച്ചാലും മതരാഷ്ട്രവാദമുയർത്തുന്ന ഇവരെയാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഇന്നത്തെക്കാലത്ത് ഫാസിസത്തിനെ എതിർക്കാൻ ന്യൂനപക്ഷങ്ങളുടെ ഏകീകരണം ആവശ്യമാണെന്നാണ് ലീഗിന്റെ നേതാവ് പാണക്കാട്ട് തങ്ങൾ പറഞ്ഞത്. ലീഗിന്റെ നേതാവ് എന്ന അടിസ്ഥാനത്തിലാണ് ഞാൻ അദ്ദേഹത്തെ വിമർശിക്കുന്നത്. ന്യൂനപക്ഷങ്ങളുടെ ഏകീകരണമെന്ന് പറഞ്ഞ് ജമാഅത്തെ ഇസ്ലാമിയെയും വെൽഫെയർ പാർട്ടിയെയും നിങ്ങൾ കൂടെക്കൊണ്ടുനടന്നു. ഈ തീവ്രവാദ സംഘടനകൾ മതരാഷ്ട്രവാദം ഉന്നയിക്കുന്ന ആർ.എസ്.എസ്.-ന്റെ തന്നെ മറ്റൊരു വകഭേദമായ ജമാഅത്തെ ഇസ്ലാമിയെയും കൂട്ടാളികളെയും കൂട്ടുപിടിച്ച് നിങ്ങൾ ആരുടെ ഫാസിസത്തെയാണ് എതിർക്കുന്നത്; കോൺഗ്രസിന്റെ നിലപാടെന്താണ്? നിങ്ങൾ പച്ചക്കൊടി മാറ്റിവച്ച് പച്ച ബലൂൺ പിടിച്ചേ വരാൻപാടുള്ളൂവെന്ന് പറഞ്ഞാലും നിങ്ങളുടെ നിലപാട് കേരളത്തിലെ ജനങ്ങൾക്ക് വളരെ വ്യക്തമാണ്. ഇത്തരമൊരു നിലപാട് ഈ കേരളത്തിന്റെ മതനിരപേക്ഷ ഭാവിക്ക് ഏല്പിക്കുന്ന ആഘാതമെന്താണ്? കോൺഗ്രസിന് രാഷ്ട്രീയ അനുഭവങ്ങളുണ്ട്. കോൺഗ്രസ് സ്വീകരിച്ച ഈ മതനിരപേക്ഷ നിലപാടുകളിൽനിന്നുള്ള വിട്ടുവീഴ്ച, ഭൂരിപക്ഷ വർഗ്ഗീയതയോടുള്ള മൃദുസമീപനം എന്നിവ കോൺഗ്രസിനെ രാജ്യത്ത് ഇന്ന്

എവിടെക്കൊണ്ടുചെന്ന് എത്തിച്ചുവെന്നത് എല്ലാവരും മനസ്സിലാക്കണം. നിങ്ങൾ പല സ്ഥലങ്ങളിലും ഇല്ലാതായി. കോൺഗ്രസിൽ നിന്നാണ് ആളുകൾ ബി.ജെ.പി.-യിലേയ്ക്ക് പോയത്. ഇവിടത്തെ തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ സംഭാവനയെക്കുറിച്ച് ശ്രീ. ടി. പി. രാമകൃഷ്ണൻ സൂചിപ്പിച്ചു. രാജ്യത്തിന്റെ അനുഭവം അതാണ്. രാജ്യത്തിന്റെ അനുഭവത്തിൽനിന്ന്, കോൺഗ്രസിനുണ്ടായ അനുഭവത്തിൽനിന്ന് നിങ്ങൾ പാഠം പഠിക്കുന്നുണ്ടോ? രാമജന്മഭൂമി പ്രശ്നത്തിൽ കർസേവ നടത്താനും ഭൂമിപൂജ നടത്താനുമൊക്കെ നിങ്ങൾ കൊടുത്ത അനുഭവം, പള്ളിപൊളിക്കാൻ നിങ്ങൾ കൊടുത്ത അനുവാദം ഇതൊക്കെതന്നെ കോൺഗ്രസ്സിനെ ഇന്ത്യൻ രാഷ്ട്രീയത്തിൽ എവിടെയാണ് കൊണ്ടെത്തിച്ചത്? ബി.ജെ.പി.-യുടെ വളർച്ചയുണ്ടായത് അങ്ങനെയാണ്. നിങ്ങളുടെ രാഷ്ട്രീയത്തിൽ ന്യൂനപക്ഷ, ഭൂരിപക്ഷ വർഗ്ഗീയതയോട് സ്വീകരിക്കുന്ന സമീപനം കോൺഗ്രസ്സിനെ ക്ഷീണിപ്പിച്ചിട്ടുണ്ടെന്ന അനുഭവം രാജ്യത്തുണ്ട്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഇപ്പോൾ കേരളത്തിൽ സ്വീകരിക്കുന്ന ഇടതുപക്ഷത്തിനെതിരായി.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, അതുകൊണ്ട് കേരളത്തിലെ

മതനിരപേക്ഷ സംസ്കാരത്തിനെതിരായുള്ള നിലപാടാണ് നിങ്ങൾ ഇപ്പോൾ സ്വീകരിക്കുന്നത്. ഇടതുപക്ഷത്തിനോട് വിരോധമുണ്ടാകാം. പക്ഷേ, ഇടതുപക്ഷത്തിനോടുള്ള വിരോധം തീർക്കാൻ യു.ഡി.എഫ്. സ്വീകരിക്കുന്ന രാഷ്ട്രീയ സമീപനം അപകടകരമാണ്. അത് നമ്മുടെ നാടിനെതിരാണെന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. ഈ രാജ്യത്ത് നമ്മുടെ നാടിനെ രക്ഷിക്കാനായി നിൽക്കുന്ന കോൺഗ്രസിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? നിങ്ങൾ പരസ്പരം കണ്ടാൽ സംസാരിക്കുമോ? കെ.പി.സി.സി. പ്രസിഡന്റും പ്രതിപക്ഷനേതാവും ഒരുമിച്ച് നിൽക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം പത്രസമ്മേളനം നടത്താൻ...... മുഖ്യമന്ത്രിയെക്കുറിച്ച് ഇനി ചർച്ച പാടില്ല; പഞ്ചായത്ത് തിരഞ്ഞെടുപ്പിനെക്കുറിച്ച് മാത്രമാണ് ഇനി ആലോചിക്കേണ്ടത്. സംയുക്തമായി പത്രസമ്മേളനം നടത്താൻപോലും കഴിയാതിരുന്ന ഒരു പാർട്ടി; ഈ കേരളത്തിൽ പരസ്പരം പോരടിക്കുന്നൊരു പാർട്ടി, നിങ്ങൾക്കെങ്ങനെയാണ് ഈ രാജ്യത്തെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ കഴിയുന്നത്? സ്വന്തം പാർട്ടിക്കുള്ളിലെ പ്രശ്നങ്ങൾപോലും പരിഹരിക്കാൻ കഴിയാതെ രാജ്യത്ത് അപഹാസ്യമായി നിൽക്കുന്നൊരു

പ്രസ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി ഇത്തരം നിലപാട് സ്വീകരിക്കുമ്പോൾ ആ നിലപാടുകളുടെ വിശ്വാസ്യത ജനങ്ങൾക്കറിയാം. ഇനിയൊരിക്കലും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വരാതിരിക്കാൻ വേണ്ടി അനാവശ്യമായ തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുന്നവർ, രാഷ്ട്രീയ നേതൃത്വത്തിനെതിരെയും ഭരണ നേതൃത്വത്തിനെതിരെയും ഉന്നയിച്ച ആരോപണങ്ങളിൽ ഒരു വിശ്വാസ്യതയുമില്ലാതെ പിൻവാങ്ങിപ്പോകേണ്ട ഒരു ദയനീയ പ്രതിപക്ഷമായി നിങ്ങൾ മാറിയിട്ടുണ്ടെന്ന് മനസ്സിലാക്കണം. കേരളം ഇതിനെയെല്ലാം അവഗണിച്ച് രാജ്യത്തിന്റെയും ഈ നാടിന്റെയും വികസനത്തിനായി മുന്നോട്ടുപോകും. അതിനുവേണ്ടി ഈ നാടിന്റെ പിന്തുണയുണ്ടെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)

P-21-01-2025 11.30-11.40 GS/AM(1) bc

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കാരണം, രണ്ട് പ്രധാനപ്പെട്ട ആളുകൾ ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. എ. സി. മൊയ്തീൻ എന്നിവർഭരണപക്ഷത്തുനിന്ന്

സംസാരിച്ചപ്പോൾ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞു, ചിലതിനെക്കുറിച്ച് പറഞ്ഞില്ല. വയനാട് ഒരു ബാങ്കിനെക്കുറിച്ച് പറഞ്ഞു; പക്ഷെ കട്ടപ്പനയിലെ ബാങ്കിനുമുന്നിൽ ആത്മഹത്യ ചെയ്ത സാബുവിന്റെ മരണത്തെക്കുറിച്ച് പറഞ്ഞതേയില്ല. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ വളർത്തുന്നതിനെക്കുറിച്ച് പറഞ്ഞു; ശ്രീ. എ. സി. മൊയ്തീൻ കരുവന്നൂർ ബാങ്കിലെ തകർച്ചയെക്കുറിച്ച് ഒരക്ഷരം മിണ്ടിയതേയില്ല. ഈ തകർക്കുന്നതൊക്കെ ആരാണ്? കഴിഞ്ഞ ഏഴ്, എട്ട് വർഷക്കാലമായി തകർക്കുന്നതൊക്കെ നിങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ സ്ഥിതി ഇപ്പോൾ എന്താണ്? കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ 1255 കോടി രൂപ നിങ്ങൾ കടമാക്കിയത് ഇനിയിപ്പോൾ അങ്ങോട്ട് തിരിഞ്ഞുനോക്കേണ്ട കാര്യമില്ല. നിങ്ങൾ മരുന്ന് വാങ്ങിയതിൽ കമ്പനികൾക്ക് 615 കോടി രൂപ കൊടുക്കാനുണ്ട്, നിങ്ങളത് കൊടുത്തിട്ടില്ല. ജൽജീവൻ പദ്ധതിക്ക് 3650 കോടി രൂപ നിങ്ങൾ ഡൽഹിയിൽനിന്ന് വാങ്ങി. അവിടെനിന്ന് ലഭിക്കേണ്ട 5000 കോടി രൂപ ഇങ്ങോട്ട് വാങ്ങി. ഇപ്പോൾ അവസാനം മിച്ചം 3306 കോടി രൂപ കൊടുക്കാതെ നിങ്ങൾ കൈവശംവച്ചിരിക്കുകയാണ്. അതുകൊണ്ട് മാത്രമായില്ല, നിങ്ങൾ കേരളത്തിലെ വികസന പദ്ധതികൾക്കായി റിസർവ്

ബാങ്കിൽനിന്ന് 1,25,775 കോടി രൂപ വാങ്ങി; അങ്ങനെ കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; കേരളം 3,25,000 കോടി രൂപയുടെ കടക്കെണിയിൽപ്പെട്ട് കിടക്കുകയാണ്. എന്നിട്ടും ഇതൊക്കെ പറയണമെങ്കിൽ അങ്ങയുടെ മനഃസ്സാന്നിദ്ധ്യത്തിനുമുമ്പിൽ നമിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ഞങ്ങളെല്ലാവരും ആർ.എസ്.എസ്.-ന്റെ പിന്തുണയോടുകൂടിയാണെന്ന് നിങ്ങൾ ഇവിടെ സൂചിപ്പിച്ചല്ലോ; അടിയന്തരാവസ്ഥയ്ക്കുശേഷം ആർ.എസ്.എസ്.-ന്റെ പിന്തുണയോടുകൂടി ജയിച്ച് ഈ നിയമസഭയിൽ വന്ന ഒരൊറ്റയാൾ മാത്രമേ ഇപ്പോഴും ഈ നിയമസഭയിലുള്ളൂ. ആരാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ; എന്നെക്കൊണ്ടത് പറയിപ്പിക്കരുത്; പറയിപ്പിക്കാനാണ് അങ്ങ് ചെയ്യുതെന്ന് എനിക്കറിയാം. ശ്രീ. വി. ശിവൻകുട്ടി എന്നെകൊണ്ടത് പറയിപ്പിക്കരുത്. ഞാൻ ആ വിഷയം വിടാൻ തയ്യാറാണ്. ശ്രീ. വി. ശിവൻകുട്ടി അത് ചെയ്യുന്നില്ലെങ്കിൽ ഞാനും ചെയ്യുന്നില്ല. ഇവിടെ ആർ.എസ്.എസ്.-ന്റെ പിന്തുണയോടുകൂടിയാണെന്ന് പറയുന്നതിന് ഒരു ന്യായമുണ്ട്. അടിയന്തരാവസ്ഥ കാലത്ത് നമ്മൾ ഒരുമിച്ച് ജയിലിൽ കിടന്ന് ഒരു പ്ലേറ്റിൽനിന്ന് ഭക്ഷണം കഴിച്ചതാണ്. അതുകൊണ്ട് 1977-ലെ തിരഞ്ഞെടുപ്പിൽ ഞങ്ങൾ ഒരുമിച്ച് മത്സരിച്ചാണ് കൂത്തുപറമ്പിൽനിന്ന്

ജയിച്ചത്. അതാരാണെന്ന് നിങ്ങൾ റിക്കോർഡ് പരിശോധിച്ചാൽ അറിയാം. നമ്മുടെ നാട്ടിൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം തലതിരിഞ്ഞാണ്. (.....ബഹളം....) അങ്ങ് ജനിച്ചിട്ടുപോലുമില്ലല്ലോ പിന്നെയെന്തിനാണ് ഇക്കാര്യത്തിനെക്കുറിച്ച് പറയുന്നത്. നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവത്തെക്കുറിച്ച് നിങ്ങൾ ആലോചിച്ചോ. യഥാർത്ഥത്തിൽ നമ്മുടെ നാട്ടിൽ അഴിമതി അഴിഞ്ഞാടുകയാണ്. ശ്രീ. ടി. പി. രാമകൃഷ്ണൻ സംസാരിക്കുമ്പോൾ മദ്യനയത്തെക്കുറിച്ച് പറയുമെന്ന് ഞാൻ കരുതുകയാണ്. നമ്മുടെ ശ്രീ. ഗുരുദാസൻ അദ്ദേഹത്തിനും അതറിയാവുന്നതാണ്. എത്രയോ വർഷക്കാലമായാണ് ബ്രൂവറി അനുവദിക്കരുതെന്ന തീരുമാനത്തിൽ ഗവൺമെന്റുകൾ പിടിച്ചുനിന്നത്. നിങ്ങളുടെ പ്രകടനപത്രികയാണിത്. ആ പ്രകടനപത്രികയ്ക്കകത്തെ 552-ാമത്തെ പാരാഗ്രാഫ് വായിച്ചുനോക്കണം - 'മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹിക വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും നടപടിയായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുക'. അതല്ലേ ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നത്? എൽ.ഡി.എഫ്.-ന്റെ കൺവീനറാണ് ഇപ്പോൾ സംസാരിച്ചത്. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്ന...,

ഇന്നുള്ളതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നാണ്. 1979-ൽ അന്നത്തെ ഗവൺമെന്റ് പറഞ്ഞത്, ശ്രീ. പിണറായി വിജയനും ആ ഗവൺമെന്റിലുണ്ട്, അന്ന് നിങ്ങൾ പറഞ്ഞതെന്താണ്? കേരളത്തിൽ ഇനി ബ്രൂവറി അനുവദിക്കുന്ന പ്രശ്നമേയില്ല; അനുവദിക്കില്ലെന്നാണ്. നിങ്ങളുടെ നയം എവിടെ പോയി? നിങ്ങൾ ഇതിൽനിന്ന് ഒളിച്ചോടാൻ എന്താണ് കാരണം? നിങ്ങളുടെ പ്രകടനപത്രികയിലെങ്കിലും സത്യസന്ധമായി നീതി കാണിക്കേണ്ടെ? ആ പ്രകടനപത്രികയ്ക്കകത്ത് 552-ാമത്തെ പാരാഗ്രാഫാണ് ഞാൻ വായിച്ചത്. അതിന് നേരെ കടകവിരുദ്ധമായാണ് നിങ്ങൾ ഇപ്പോൾ ഈ കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. എന്റെ കൈയിലൊരു ഉത്തരവുണ്ട്. ഈ ഉത്തരവ് 16-01-2025-ൽ നിങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവാണ്. പ്രസ്തുത ഉത്തരവ് എക്സൈസ് കമ്മീഷണറുടെ ഉത്തരവാണ്, അദ്ദേഹത്തിന്റെ നോട്ടിന്റെ അടിസ്ഥാനത്തിലുള്ളതാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമാക്കി 600 കോടി രൂപ മുതൽമുടക്കി 500 കെ. എൽ. പ്രൊഡക്ഷൻ കപ്പാസിറ്റിയുള്ള എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശ മദ്യ ബോട്ടിലിംഗ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ് ഇതെല്ലാം

നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അനുമതിയാണ്. 25 വർഷക്കാലമായി കേരളത്തിൽ അനുവദിക്കാത്തതിൽ ഈ നയപരമായ മാറ്റം നിങ്ങൾക്ക് എങ്ങനെയാണുണ്ടായത്; ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയ്ക്ക് വിരുദ്ധമായി നയനാർ ഗവൺമെന്റെടുത്ത തീരുമാനത്തിന് നേരെ വിരുദ്ധമായി നിങ്ങൾ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ ഉത്തരവ് പരിശോധിച്ചാൽ അറിയാം, യഥാർത്ഥത്തിൽ ' Oasis Commercial Private Limited' തന്നെയാണ് ഇതിൽ മിക്കവാറും വാചകങ്ങളെഴുതിയിട്ടുള്ളത്. നികുതി (ജി) വകുപ്പിൽനിന്നാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. നികുതി (ജി) വകുപ്പിൽനിന്ന് ഉത്തരവിറക്കിയ ആളിനെ ഇവിടെ കാണുന്നതേയില്ല. Oasis Commercial Private Limited-നെക്കുറിച്ച് നിങ്ങൾ പറഞ്ഞിട്ടുള്ളത് എന്തൊക്കെയാണ്? Oasis Commercial Private Limited മാത്രമാണ് ഷോർട്ട്‌ലിസ്റ്റ് ചെയ്തിട്ടുള്ളതെന്നും ഇതുപോലെയുള്ള പ്രൊഡക്ഷൻ ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കഴിഞ്ഞ ഇരുപത് വർഷമായി നടത്തി വിജയിപ്പിച്ച പരിചയസമ്പന്നത, സാമ്പത്തികപ്രാവീണ്യം എന്നിവകൊണ്ടാണ് Oasis ഗ്രൂപ്പിനെ കേരളത്തിൽ ഷോർട്ട്‌ലിസ്റ്റ് ചെയ്തിട്ടുള്ളതെന്നും മേൽപ്പടി സ്ഥാപനം പാലക്കാട് ജില്ലയിൽ

സ്ഥാപിക്കുകയാണെങ്കിൽ അത് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുമെന്നും സർക്കാരിന് സാമ്പത്തിക ലാഭം കിട്ടുമെന്നുമുള്ളതുകൊണ്ടാണ് ഞങ്ങൾ അനുവദിച്ചത്. സർക്കാരിനാണോ സാമ്പത്തിക ലാഭം എന്ന് മാത്രം ഒന്ന് ആലോചിച്ചാൽ മതി. ഞാൻ ചോദിക്കുന്നത്, Oasis കമ്പനിയുടെ മാനേജിംഗ് ഡയറക്ടർക്കും ചെയർമാനുമല്ലാതെ ഇങ്ങനെയൊരു ഉത്തരവ് എഴുതികൊടുക്കാൻ സാധിക്കുമോ; ഇത് കേരള ഗവൺമെന്റിന്റെ പേരിലാണ്. ഇനിമേലാൽ ഇത് അനുവദിക്കുകയില്ലെന്ന് പറഞ്ഞ സംസ്ഥാനത്താണിത്. ആ സംസ്ഥാനത്ത് 25 വർഷക്കാലത്തെ പാരമ്പര്യം നിങ്ങൾ തകർത്തുകൊണ്ടാണ്..........., ശ്രീ. ടി. പി. രാമകൃഷ്ണൻ നന്ദിപ്രമേയം അവതരിപ്പിച്ചല്ലോ; എന്തുകൊണ്ടാണ് അങ്ങേയ്ക്ക് മദ്യനയത്തെക്കുറിച്ച് പറയാൻ സാധിക്കാത്തത്? അങ്ങ് പഴയ എക്സൈസ് വകുപ്പുമന്ത്രിയായിരുന്നില്ലേ? അതുകൊണ്ട് യഥാർത്ഥത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള പ്രവർത്തനം കേരളത്തിലെ ജനങ്ങൾ കുടിച്ചുകുടിച്ച് നശിക്കുന്നതിനുവേണ്ടി വഴിവെട്ടുകയാണ്. ഞാനിത് പറയാൻ ആളല്ല. നിങ്ങൾ കേട്ടിട്ടുണ്ടോ; ഇവിടെ മദ്യവർജ്ജന സമിതിയുടെ ചെയർമാൻ ഒരു പിതാവാണ്. ഏറ്റവും നല്ല സമ്പുഷ്ടമായ രൂപത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ബിഷപ്പ്. അദ്ദേഹം പറഞ്ഞു; ഈ

ഗവൺമെന്റ് ഞങ്ങളെ വഞ്ചിച്ചു; ഈ ഗവൺമെന്റ് അനീതി കാണിച്ചു; കുടിയന്മാർക്കുവേണ്ടി വഴി വെട്ടിക്കൊടുത്തു; ഇവിടെ ഡിസ്റ്റിലറിയും ബ്രൂവറിയും അനുവദിച്ച് കേരളത്തെ തകർക്കുന്നു. അങ്ങ് ഒരക്ഷരം പറഞ്ഞില്ലല്ലോ; അങ്ങ് ന്യൂനപക്ഷ ഭൂരിപക്ഷത്തെക്കുറിച്ചൊക്കെ പറഞ്ഞല്ലോ? പക്ഷെ ഇക്കാര്യത്തിലൊരു ഉത്തരം പറയാൻ അങ്ങേയ്ക്ക് സാധിക്കുമോ? ഒരക്ഷരം അങ്ങ് മിണ്ടിയിട്ടില്ല; മിണ്ടുന്നതിനുവേണ്ടിയുള്ള ധൈര്യവുമുണ്ടായില്ല. നിങ്ങൾ ഈ കേരളത്തെ എങ്ങോട്ടാണ് നയിച്ചുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....., അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ട് മിനിറ്റെടുക്കുകയും ചെയ്തു. പഴയ എക്സൈസ് വകുപ്പുമന്ത്രി ഒരു ചോദ്യം ഉന്നയിക്കാൻ വന്നപ്പോൾ ഞാൻ വഴങ്ങിയില്ലെന്നുവരികിൽ അങ്ങേയ്ക്ക് എന്തോ പറയാനുണ്ടായിരുന്നുവെന്ന് ആളുകൾ തെറ്റി ധരിക്കും. അതാണ് പ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്..... അങ്ങ് അവസാനിപ്പിക്കു.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കാം. അതുകൊണ്ട് ഈ കേരളത്തെ നിങ്ങൾ തകർക്കാൻ

ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെല്ലാം പോയില്ലേ? എല്ലാത്തിനും നിങ്ങൾ കേന്ദ്രത്തെ കുറ്റം പറയുന്നുണ്ടല്ലോ? കേന്ദ്രം ഇങ്ങോട്ട് പണം തരുന്നില്ല, ഞങ്ങൾ കൂടി വരണമെന്ന് പറഞ്ഞു. ഞങ്ങൾ വരാം, പക്ഷെ കേരളത്തിൽ ലഭിക്കുന്ന പണമെങ്കിലും നീതിപൂർവ്വം 140 നിയോജകമണ്ഡലത്തിലും കൊടുക്കാൻ ഒരു നടപടിയെങ്കിലും നിങ്ങളെടുക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെനിന്ന് കേന്ദ്രത്തിലേക്ക് ഞങ്ങളും വരാം. 8 കോടി രൂപ മന്ത്രിക്ക്, 4 കോടി രൂപ എം.എൽ.എ.-യ്ക്ക് എനിക്ക് 3 കോടി രൂപ. കാരണം ഞാൻ അതിൽനിന്നൊക്കെ താഴെയാണ്. അപ്പോൾ ഞാൻ പറയുന്നത് ഒരു നീതി വേണ്ടേ? നിങ്ങൾക്കൊരു നീതിയുണ്ടോ; ഒരു നീതിയുമില്ലാത്ത ആളുകളാണ് നീതി ശാസ്ത്രത്തെക്കുറിച്ച് പറയുന്നത്. എനിക്ക് ദയവായി അങ്ങയോട് ഒരു കാര്യം മാത്രമാണ് സൂചിപ്പിക്കാനുള്ളത്. അങ്ങേയ്ക്കുവേണ്ടികൂടി ഒരു വാക്ക് പറയുകയാണ്. കേരളത്തിലെ സഹകരണ സംഘത്തിൽ പണം നിക്ഷേപിച്ചിരിക്കുന്ന പാവപ്പെട്ട നിക്ഷേപകരുണ്ട്. അവർക്ക് പെൻഷൻ കിട്ടിയത്; അവർ പലയിടത്തുനിന്ന് സമ്പാദിച്ച് വീട്ടുകാര്യത്തിനായും കുട്ടികൾക്കുവേണ്ടി

ചെലവഴിക്കാനുമായി ഇട്ട പണം. ആ പണം തിരിച്ചുകൊടുക്കുന്നതിനുവേണ്ടി ഒരു നടപടിയെങ്കിലും നിങ്ങൾക്കെടുക്കാൻ സാധിക്കുമോ? വഞ്ചിയിൽ പണമിടുന്നതുപോലെയാണ്. സകലബാങ്കിലേയ്ക്കും തുക നിക്ഷേപിക്കാം, പക്ഷേ ഇങ്ങോട്ട് ലഭിക്കില്ല. അതാണ് ഈ ആത്മഹത്യകൾ....,

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് ഈ മരണം, ഈ ഗവൺമെന്റിന്റെ ബാക്കിപത്രം. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന ഈ ദുഷ്ടപ്രവർത്തനങ്ങൾ കേരളത്തിലെ ബഹുജനങ്ങളാരും അംഗീകരിക്കുകയില്ല. ഈ തെറ്റായ പ്രവർത്തനത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുന്നു. നേരത്തെ നിങ്ങൾ ഗവർണ്ണർക്കെതിരെ പറഞ്ഞു. നിങ്ങൾ കാത് കുത്തിയവനെ എതിർക്കാൻ പോയി പക്ഷെ കടുക്കനിട്ടവൻ ഇപ്പോൾ ഇവിടെ തിരിച്ചുവന്നിരിക്കുകയാണ്. അതുകൊണ്ട് ദയവായി നിങ്ങളുടെ ബുദ്ധി ഞങ്ങൾക്ക് പറഞ്ഞ് തരേണ്ടതില്ലെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്.

(ശ്രീ. ഇ. ചന്ദ്രശേഖരൻ)

P-21-01-2025 MR-AM(1) 11.40-11.50 bc

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനം ഒട്ടേറെ പുരോഗതിയിലൂടെ മുന്നോട്ട് പോകുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ-ക്ഷേമ മേഖലകളിൽ ലോകത്തിനുതന്നെ മാതൃകയാക്കാൻ കഴിയുന്ന മാറ്റങ്ങളാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇക്കാര്യങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത്. ഭൂപരിഷ്ക്കരണത്തിലൂടെ വരുത്തിയ മാറ്റം രാജ്യത്ത് മറ്റെവിടെയുമില്ലെന്ന് നമുക്ക് കാണാൻ കഴിയും. എന്തൊക്കെ ആശയങ്ങളോടെയാണോ ഇന്ത്യ എന്ന രാഷ്ട്രം കെട്ടിപ്പടുത്തത് അതിനെയെല്ലാം ഭരണകൂടം തന്നെ വെല്ലുവിളിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇന്ത്യ എന്ന ബഹുസ്വര രാഷ്ട്രവും അതിന്റെ അടിസ്ഥാന ശിലയായ ഫെഡറലിസവും കടുത്ത വെല്ലുവിളികൾ നേരിടുകയാണ്. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ ഒന്നൊന്നായി കവർന്നെടുത്തുകൊണ്ടിരിക്കുന്നു. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന

സംസ്ഥാനങ്ങളെ ഞെരിച്ചുകൊല്ലാൻ വേണ്ടിയുള്ള കേന്ദ്രസർക്കാരിന്റെ നീക്കം നമുക്ക് നേരിട്ട് കാണാൻ കഴിയും. ഇന്ത്യയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത ഈ സാഹചര്യത്തിനെതിരെ ഏറ്റവും ശക്തമായി പ്രതിഷേധിക്കുന്ന സംസ്ഥാനം കേരളമാണ്; അതിന് നേതൃത്വം നൽകുന്നത് ഇടതുപക്ഷ പ്രസ്ഥാനവുമാണെന്ന് നമുക്ക് കാണാൻ കഴിയും. 2016-ൽ പ്രതിസന്ധിയിലായിരുന്ന കേരളത്തെ എൽ.ഡി.എഫ്. അധികാരത്തിൽ മുന്നോട്ടുനയിച്ചു. അതുകൊണ്ടുതന്നെ ജനങ്ങൾ എൽ.ഡി.എഫ്.-നെ വീണ്ടും അധികാരത്തിലെത്തിച്ചു. 2024 ജൂലൈ 30-ന് വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള സംഭവങ്ങൾ, കരുണ കാണിക്കാത്ത കേന്ദ്രസർക്കാരിന്റെ നിലപാടുകൾ, സംസ്ഥാന സർക്കാർ ഉണർന്ന് പ്രവർത്തിച്ചത് എല്ലാം ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സംഘം മന്ത്രിമാർ കേന്ദ്രീകരിച്ചുനടത്തിയ പ്രവർത്തനത്തിൽ ദുരന്ത ഭൂമിയിലെത്തിയ സേനാവിഭാഗങ്ങളും സന്നദ്ധ പ്രവർത്തകരും നടത്തിയിട്ടുള്ള സേവനങ്ങളെല്ലാം നമ്മൾ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. പ്രത്യേക പാക്കേജിലൂടെ ചില്ലിക്കാശുപോലും കേന്ദ്രസർക്കാർ നൽകാൻ കൂട്ടാക്കിയില്ല. അതിജീവന പാത കണ്ടെത്താൻ സംസ്ഥാനം തന്നെ നടത്തിയ

ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നമ്മളെല്ലാം കാണുകയാണ്. അവസാനമായി ടൗൺഷിപ്പുകൾ രൂപീകരിക്കുന്നതിന് വേണ്ടിയുള്ള ശ്രമവുമായി മുന്നോട്ടുപോകുന്നു. കേരളത്തിൽ വിവിധങ്ങളായ മേഖലകളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ, കേരളത്തിൽ ആരംഭിച്ച ഡിജിറ്റൽ റീസർവെ രാജ്യ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. കുറഞ്ഞ 18 മാസത്തിനിടയിൽ രണ്ട് ഫേസുകളിലായി 438 വില്ലേജുകളിൽ സർവെ നടത്തുന്നു. ഇതിൽ 217 വില്ലേജുകൾ കരട് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. മൂന്നാം ഘട്ടത്തിലെ 200 വില്ലേജുകൾ ഇതിനുപുറമേ ഇപ്പോൾ സർവെ ആരംഭിച്ചിരിക്കുകയാണ്. ഈ ചെറിയ കാലത്തിനിടയിൽ 42.63 ലക്ഷം ലാൻഡ് പോർഷനുകളിലായി 5.73 ലക്ഷം ഹെക്ടർ ഭൂമി പൂർണ്ണമായി അളന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞുവെന്നുള്ളത് ഏറ്റവും അഭിമാനമുള്ള കാര്യമാണ്. ഇതോടൊപ്പംതന്നെ നാടിന്റെ ചരിത്രത്തിൽ ആദ്യമായി മൂന്ന് വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 'എന്റെ ഭൂമി' എന്ന സംയോജിത പോർട്ടൽ നിലവിൽ വന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടലായ 'പേൾ' റവന്യൂ വകുപ്പിന്റെ പോർട്ടലായ 'റിലീസ്' സർവെ വകുപ്പിന്റെ പോർട്ടലായ 'ഇ-മാപ്പ്' എന്നിങ്ങനെ കൂട്ടിയോജിപ്പിക്കപ്പെട്ട പുതിയ സംയോജിത പോർട്ടൽ നിലവിൽ വന്നതോടെ ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട് ഇനി ഒരു

കമ്പളിപ്പിക്കലും കേരളത്തിൽ നടക്കില്ലെന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. രാജ്യത്ത് ആദ്യമായി നടക്കുന്ന ഈ മാതൃകാപരമായ കേരള മോഡലിന്റെ എല്ലാതരത്തിലുമുള്ള സർവെ സൊല്യൂഷൻ പഠിക്കാൻ അസം, ഒഡീഷ, ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേരളത്തിലേയ്ക്ക് വന്ന് ഇക്കാര്യങ്ങൾ മനസ്സിലാക്കികൊണ്ടിരിക്കുകയാണ്. കേരളത്തിൽ 2000-ന് ശേഷമുള്ള കാര്യങ്ങളെടുത്ത് പരിശോധിച്ചാൽ അടിസ്ഥാന സൗകര്യ വികസനത്തിൽ നിർണ്ണായക സ്വാധീനമുള്ള റോഡ് വികസനത്തിൽ കഴിഞ്ഞ പത്തുവർഷത്തിൽ നേടിയ പുരോഗതി അതിശയിപ്പിക്കുന്നതാണെന്ന് കാണാൻ കഴിയും. ദേശീയ പാത 66, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയ്ക്കെല്ലാമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ നമ്മുടെ പൊതുമരാമത്ത് മേഖലയിൽ ഉണ്ടായിട്ടുള്ള മുന്നേറ്റത്തെയാണ് എടുത്തു കാണിക്കുന്നത്. ലെവൽക്രോസ് ഇല്ലാത്ത കേരളം - പതിമൂന്ന് മേൽപാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. രണ്ടെണ്ണം പൂർത്തീകരിച്ച് അതിന്റെ ഉദ്ഘാടനം നിർവഹിച്ച് കഴിഞ്ഞു. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിന് കേരളത്തിന്റെ കാലാവസ്ഥയും ഭൂപ്രകൃതിയും ഏറ്റവും അനുയോജ്യമാണ്. ഈ

മേഖലയിൽ കേരളത്തെ ഉയർത്തി കാണിക്കുവാൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കണം. കാരവൻ ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം, ബീച്ച് ടൂറിസം, അഡ്വഞ്ചർ ടൂറിസം ഇതെല്ലാം ഇവിടെ നടപ്പാക്കുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടത്തി മുന്നോട്ടുപോകേണ്ടതാണ്. ബീച്ച് ടൂറിസമുൾപ്പെടെ എല്ലാം നടപ്പാക്കുന്നു. അതുപോലെ ഡെസ്റ്റിനേഷൻ ചലഞ്ച് പോലുള്ള വൈവിധ്യമാർന്ന ഉൾപ്പന്നങ്ങൾ ലോക സഞ്ചാരിക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനും ഈ സന്ദർഭത്തിൽ വിനോദസഞ്ചാര മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിനോദ സഞ്ചാര മേഖലയിലൂടെ പത്ത് ശതമാനം ജനങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് സാധ്യമായിട്ടുണ്ടെന്ന് കാണാൻ കഴിയും. വിദ്യാഭ്യാസ പുരോഗതിക്ക് ഏറ്റവും പ്രാധാന്യം നൽകുന്ന സംസ്ഥാനമാണ് കേരളം. പൊതുവിദ്യാലയങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ചട്ടക്കൂടും പാഠ്യപദ്ധതിയും കാലോചിതമായി പരിഷ്കരിക്കുന്നതിനും സർക്കാർ നടത്തുന്ന ശ്രമങ്ങൾ രാജ്യം കാണുകയാണ്. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പഠനത്തിൽ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും സർക്കാർതലത്തിൽ വലിയ ശ്രമം

നടത്തുന്നതിന്റെ ഭാഗമായി പദ്ധതികൾ ഇന്ന് നടപ്പാക്കികൊണ്ടിരിക്കുകയാണ്.

എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുക എന്നത് വികസനത്തിന്റെ നിർണ്ണായക ദൗത്യമാണ്. ശുദ്ധജല വിതരണത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ അപര്യാപ്തതകൾ പരിഹരിച്ച് പരമാവധി കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടിയുള്ള ശ്രമത്തിലാണ് സർക്കാർ. ജൽജീവൻ പദ്ധതി പ്രകാരം പതിനഞ്ച് ലക്ഷം കുടുംബങ്ങൾക്ക് പൈപ്പിലൂടെ സുരക്ഷിതവും ശുദ്ധവുമായ വെള്ളം എത്തിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. നാളിതുവരെയായി പദ്ധതിപ്രകാരം ആറ് ലക്ഷത്തോളം കുടുംബങ്ങൾക്ക് കണക്ഷൻ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാർഷിക പുരോഗതിയിൽ പ്രഥമ സ്ഥാനമുള്ള ചെറുകിട ജലസേചന പദ്ധതികളെ കാര്യക്ഷമമായി മുന്നോട്ടുകൊണ്ട് പോകുന്നതിനും കാർഷിക അഭിവൃദ്ധിയോടൊപ്പം അനുയോജ്യമായ വിധത്തിൽ ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിനും ഈ സർക്കാർ മുൻഗണനാക്രമത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായമേഖല സാമ്പത്തിക സാമൂഹ്യ പുരോഗതിയിൽ പ്രധാന പങ്ക് വഹിക്കുന്നു. 2050-ഓടെ ലോകത്തുണ്ടാകുന്ന എഴുപത്തഞ്ച് ശതമാനം തൊഴിലുകളും STEM (സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്,

മാത്തമാറ്റിക്സ്) മേഖലകളിൽ നിന്നായിരിക്കുമെന്നുള്ള വിദഗ്ധ അഭിപ്രായം നമുക്കെല്ലാവർക്കും മനസ്സിലാക്കാൻ കഴിഞ്ഞതാണ്. അത് മുന്നിൽ കണ്ടുകൊണ്ടുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. രാജ്യത്ത് ആദ്യത്തെ 'GenAI Conclave'-ന് കേരളം വേദിയായി കഴിഞ്ഞിരിക്കുന്നു. 2025-ൽ ആഗോള നിക്ഷേപ സംഗമം സംഘടിപ്പിക്കുവാൻവേണ്ടി ഒരുങ്ങുകയാണ്. വ്യവസായ സൗഹൃദ സൂചികയിൽ ടോപ്പ് അച്ചീവർ പദവി നേടി കഴിഞ്ഞിരിക്കുകയാണ് കേരളം. നമ്മൾ ഇപ്പോൾ ഒന്നാമതായി നിൽക്കുന്നു. നമ്മുടെ സംരംഭ വർഷ പദ്ധതി വ്യവസായ മേഖലയിലെ മികച്ച പരിശീലനമായാണ് വിലയിരുത്തുന്നത്. മൂന്ന് ലക്ഷത്തിലേറെ സംരംഭങ്ങളിലൂടെ 20500 കോടിയിലധികം രൂപയുടെ നിക്ഷേപം ആകർഷിക്കാനും ഏഴ് ലക്ഷത്തോളം തൊഴിൽ സൃഷ്ടിക്കാനും കഴിഞ്ഞുവെന്നുള്ളതാണ്. പുതിയ സ്റ്റാർട്ടപ്പുകളിലൂടെ 55000 തൊഴിൽ അവസരങ്ങളുണ്ടായി. ഐ.ടി. കയറ്റുമതി 34000 കോടി രൂപയിൽനിന്ന് 90000 കോടി രൂപയായി. ഇതോടൊപ്പം പരമ്പരാഗത വ്യവസായങ്ങൾക്കും കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്കും മുൻഗണന നൽകണമെന്നുതുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അപ്പോൾ മാത്രമെ സ്ഥായിയായ വികസനത്തിലേയ്ക്ക് നമുക്ക് മുന്നേറാൻ കഴിയൂ. എന്തും നൽകി എങ്ങനെയും

വികസനമെന്നത് ഇടതുപക്ഷ നയമല്ല.

ഭൂപരിഷ്കരണ നിയമം ഇടതുസർക്കാരിന്റെ ലോകശ്രദ്ധ പിടിച്ചുപറ്റിയ പരിഷ്കാരമായിരുന്നു. അതിന്റെ തുടർച്ചയാണ് ഭവനനിർമ്മാണ പദ്ധതിയും ദാരിദ്ര നിർമ്മാർജന പദ്ധതികളും. 2016-നുശേഷം ലൈഫ് മിഷൻ മുഖേന 403811 വീടുകൾ പൂർത്തിയാക്കി. അതിൽ 141000-ലധികം വീടുകൾ ഈ സർക്കാരിന്റെ കാലത്താണ്. മത്സ്യത്തൊഴിലാളികൾക്ക് 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി 2300 വീടുകൾ നിർമ്മിച്ചുകഴിഞ്ഞു. 944 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. 2021 മെയ്, 30-09-2024 വരെ ലൈഫ് ഭവന പദ്ധതിയിലൂടെ 229415 വീടുകൾ അനുവദിച്ചു. 154547 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തിയാക്കി. ബാക്കിയുള്ള 74868 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ആരോഗ്യ മേഖലയിൽ കേരള സർക്കാരിന്റെ ഇടപെടലുകൾ മെച്ചപ്പെട്ടതാണ്.

(തുടരും......)

P 21-01-2025 RJ-AM(3) 11.50-12.00 ബി.സി.

(ശ്രീ. ഇ. ചന്ദ്രശേഖരൻ...... തുടർച്ച)

രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ ലക്ഷ്യമിട്ട 886 സ്ഥാപനങ്ങളിൽ

683 എണ്ണവും പൂർത്തീകരിച്ചു. 42 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണം ലഭ്യമാക്കി. എല്ലാ നേട്ടങ്ങൾക്ക് നടുവിലും ഒന്നുപറയേണ്ടതുണ്ട്. സർക്കാർ ആശുപത്രികളെ മാത്രം ആശ്രയിക്കുന്ന സാധാരണ ജനങ്ങൾക്ക് മാന്യമായ പെരുമാറ്റവും മികച്ച സേവനങ്ങളും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. അതിനനുകൂലമല്ലാത്ത നിലപാട് സ്വീകരിക്കുന്നതിനെ ഒരു കാരണവശാലും അംഗീകരിച്ചുകൊടുക്കാൻ കഴിയില്ല. ഒരു സംഘടനയുടെ നീക്കത്തിനും അത്തരം പ്രവർത്തനങ്ങളെ അംഗീകരിക്കാനും കഴിയുന്നതല്ല.

ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ സാർവത്രിക റേഷൻ സംവിധാനം ഇല്ലാതായിട്ട് ഏറെക്കാലമായി. വിപണിയുടെ മൂല്യ വ്യവസ്ഥകൾക്കും ചിന്താ പദ്ധതിക്കും രാജ്യം വഴങ്ങിയതിന്റെ തിക്ത ഫലങ്ങളിലൊന്നായിരുന്നു അത്. ഇപ്പോൾ പ്രാബല്യത്തിലുള്ള തരംതിരിച്ച റേഷൻ സംവിധാനത്തെത്തന്നെ തകിടംമറിക്കാനുള്ള ഗൂഢയുക്തികൾ അണിയറയിൽ പാകപ്പെടുത്തുകയാണ്. ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന് 'എല്ലാവർക്കും റേഷൻകാർഡ്' എന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്ന സംസ്ഥാനമാണ് കേരളം. സാങ്കേതിക പ്രശ്നങ്ങളെല്ലാം പരിഹരിച്ച് 508421 പുതിയ റേഷൻ

കാർഡുകൾ ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്യുകയുണ്ടായി. ഭിന്നശേഷിക്കാരായ കുട്ടികളുൾപ്പെടെ താമസിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് 8012 കാർഡുകൾ നൽകുകയുണ്ടായി. കൂടാതെ തെരുവോരത്ത് താമസിക്കുന്ന പാവപ്പെട്ടവർക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിനും ആധാർ പരിശോധന നടത്തി പുതിയ കാർഡുകൾ നൽകുന്ന സംവിധാനമുണ്ടാക്കി. കെ-സ്റ്റോറുകൾ ആരംഭിച്ചു. സംസ്ഥാനത്ത് ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻതക്കവണ്ണം കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ വിവിധങ്ങളായ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. കേന്ദ്ര സർക്കാർ രാജ്യത്തെ കർഷകർക്കെതിരായ നടപടി സ്വീകരിക്കുമ്പോൾ സംസ്ഥാന സർക്കാർ കർഷക ക്ഷേമത്തിനും അവരുടെ അഭിവൃദ്ധിക്കുംവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനും അതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പാക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....പ്ലീസ്... കൺക്ലൂഡ്.....

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: അതുപോലെ മൃഗസംരക്ഷണം ഉൾപ്പെടെ ഒട്ടേറെ മേഖലകളിൽ സ്വയംപര്യാപ്തതയ്ക്കുവേണ്ടി ശ്രമിക്കുന്നു. പാൽ

ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമമാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നതെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(ശ്രീ. എൻ. ഷംസുദ്ദീൻ)

P 21-01-2025 RJ-AM(3) 11.50-12.00 ബി.സി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഒമ്പത് കൊല്ലത്തെ ഭരണംകൊണ്ട് നമ്മുടെ സംസ്ഥാനം എവിടെയാണ് എത്തിനിൽക്കുന്നത്? പണമില്ലാത്തതിനാൽ പ്രഖ്യാപിച്ച പദ്ധതികളിൽ പകുതി ആദ്യം വെട്ടിക്കുറയ്ക്കുകയും വീണ്ടും അതിന്റെ പകുതിയും വെട്ടിക്കുറയ്ക്കുന്ന ശ്രമത്തിലാണ് ഇപ്പോൾ സർക്കാർ. ബഹുമാനപ്പെട്ട മന്ത്രിമാർക്കൊക്കെ നന്നായിട്ടറിയാവുന്നതാണത്. മുപ്പതിനായിരം കോടി രൂപ പുറത്തുള്ള വിവിധ ഏജൻസികൾ/കരാറുകാർക്ക് കൊടുത്ത് തീർക്കാനുണ്ട്. ശമ്പളവും പെൻഷനും മുടങ്ങുകയാണ്. ഉച്ചക്കഞ്ഞിയില്ലാത്ത സ്കൂളുകൾ, മരുന്നില്ലാത്ത ആശുപത്രികൾ, പൊട്ടിപ്പൊളിഞ്ഞ റോഡുകൾ ഇവിടെയൊക്കെ നിസംഗമായി നിൽക്കുന്ന ഒരു സർക്കാരാണിത്. എന്നാൽ ജനങ്ങളിൽനിന്നും നികുതി പിരിക്കുന്നതിന് വല്ല കുറവുമുണ്ടോ? വൈദ്യുതിക്കരം, വെള്ളക്കരം, കെട്ടിട നികുതി, രജിസ്ട്രേഷൻ ഫീസ് എന്നിവ കൂട്ടി. കോടതി ചെലവുകൾ കൂട്ടിയെന്നുമാത്രമല്ല; അത് അഞ്ചിരട്ടിയാക്കി

കൂട്ടാനുള്ള പുതിയ ശിപാർശ വാങ്ങി വച്ചിരിക്കുകയുമാണ്. പെട്രോളിന് സെസ് കൂട്ടി. അങ്ങനെ പോകുന്നു നികുതിഭാരം. കടമെടുക്കുന്ന കാര്യത്തിലാവട്ടെ; കടമെടുത്ത് മുടിഞ്ഞ തറവാടായി കേരളം മാറിയിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിന്റെ പൊതുകടം ഒന്നരലക്ഷം കോടിയായിരുന്നു. അതിപ്പോൾ 4.75 കോടിയായി. ഇപ്പോൾ എടുക്കുന്ന കടത്തിന്റെ സ്ഥിതിയാണെങ്കിൽ, എടുക്കുന്ന തുകയുടെ 92% പഴയകടം വീട്ടാനാണ് ഉപയോഗിക്കുന്നത്. കേരളത്തെ ഇവർ കടക്കെണിയിലാക്കി എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. ഗവൺമെന്റിന്റെ പിടിപ്പുകേടാണ് ഇതിനൊക്കെ കാരണം. ധൂർത്തിലേയ്ക്ക് ഇവർ എത്രമാത്രം പോയി എന്നത് ഞാനിവിടെ വിശദീകരിക്കേണ്ടതില്ല. കാരണം അത്രവലിയ ധൂർത്താണ് ഈ സർക്കാരിന്റെ കീഴിൽ നടക്കുന്നത്. നമ്മുടെ നാട്ടിൽ ഇപ്പോൾ വാഴ്ത്തുപാട്ടുകളാണ്. ഇതാണ് സർക്കാരിന്റെ അവസ്ഥ. ജനം വല്ലാതെ നെടുവീർപ്പിട്ട് വല്ലാത്ത പ്രതിസന്ധിയിലാണ്. ആദ്യം സെക്രട്ടേറിയറ്റ് അസോസിയേഷന്റെ സമ്മേളനത്തിന് മുഖ്യമന്ത്രി വന്നപ്പോൾ അദ്ദേഹം അത് മുഴുവൻ ഇരുന്നു കേട്ടു എന്നുള്ളതാണ് എന്നെ ഏറെ ആകുലപ്പെടുത്തിയത്. കാരണം ഈ വാഴ്ത്തുപാട്ടുകൾ ഇങ്ങനെ

കേട്ടിരുന്നതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? 'കാരണഭൂതന്റെ രണ്ടാം എപ്പിസോഡ് കാവലാൾ' എന്നാണ്. ഈ സ്തുതി ഗീതങ്ങളും വാഴ്ത്തുപാട്ടുകളും സ്വയം പുകഴ്ത്തലും പാടില്ല എന്നതാണ് പാർട്ടി നയമെങ്കിലും ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് ഇതൊക്കെയാണ്. വാഴ്ത്തുപാട്ട് എഴുതിയ ആൾക്ക് വിരമിച്ചതിനുശേഷം വീണ്ടും പുനർനിയമനം; അധികാരത്തിൽ കയറുമ്പോൾ നിങ്ങൾ പറഞ്ഞതെന്താണ്? ചില അവതാരങ്ങൾ വരും, അവരെ ശ്രദ്ധിക്കണമെന്നാണ്; അവതാരങ്ങൾ ഇപ്പോൾ ഈ കോലത്തിലാണ് വരുന്നത്. പക്ഷെ ജനങ്ങൾ ഇതിനൊക്കെ പ്രതികരിക്കുന്നുണ്ട്. ഇപ്പോൾ കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പുകളിൽ നിങ്ങൾ ആകെ തകർന്ന് തരിപ്പണമായില്ലേ? നിങ്ങളുടെ പാർട്ടി ഗ്രാമങ്ങളിലടക്കം വോട്ട് നഷ്ടപ്പെട്ടത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. എല്ലാ മണ്ഡലങ്ങളിലും പാർട്ടിയാകെ തകർന്നുപോയി. തൃശ്ശൂരിൽ നിങ്ങൾ ശ്രീ. സുരേഷ് ഗോപിയ്ക്ക് താലത്തിൽ ഒരു വിജയം കൊടുത്തതല്ലാതെ ബാക്കി എല്ലായിടത്തും നിങ്ങൾ തോറ്റു. അതു കഴിഞ്ഞുനടന്ന ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ ശ്രീമതി പ്രിയങ്ക ഗാന്ധി വയനാട് മത്സരിച്ചു. നിങ്ങൾക്ക് കിട്ടിയ വോട്ടിന്റെ കുറവെത്രയെന്നറിയുമോ? എഴുപതിനായിരം വോട്ടിന്റെ കുറവുണ്ടായി. അന്ന് ശ്രീ. രാഹുൽ ഗാന്ധിക്ക്

ലഭിച്ചതിനേക്കാൾ അമ്പതിനായിരം വോട്ടിന്റെ ഭൂരിപക്ഷം ശ്രീമതി പ്രിയങ്ക ഗാന്ധിക്ക് ലഭിച്ചുവെന്നുള്ളതാണ്. അപ്പോൾ കേരള ജനത ഇതിന് പ്രതികരിക്കുന്നുണ്ട്. പാലക്കാട് എന്തെല്ലാമായിരുന്നു സംഗതി? നിങ്ങൾ ബി.ജെ.പി.-യ്ക്ക് എതിരാണെന്നല്ലേ പറയുന്നത്? പാലക്കാട് നിങ്ങൾക്കെതിരെ മത്സരിച്ച ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ അവിടെയുണ്ട്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിനെതിരെ നിങ്ങൾ ഒന്നിച്ച് സി.ജെ.പി. ആയിട്ടായിരുന്നു പ്രവർത്തനം - നീല ട്രോളിംഗ്; വനിതാ നേതാക്കളുടെ മുറിയിൽ രാത്രി പോലീസിനെ അയച്ച് അവരെ ക്രൂരമായി അപമാനിച്ചില്ലേ നിങ്ങൾ? അതിന് പാലക്കാട്ടെ ജനത നിങ്ങൾക്ക് തിരിച്ച് മറുപടി നൽകി. പതിനെട്ടായിരം വോട്ടിന്റെ ഭൂരിപക്ഷവുമായാണ് ഈ ചെറുപ്പക്കാരൻ; യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റ് ഇവിടേയ്ക്ക് കടന്നുവന്നിട്ടുള്ളത്. ഇന്നലെവരെ കോൺഗ്രസ്സായിരുന്ന ഒരാളെ രാത്രിക്കുരാത്രി കൂറുമാറ്റിയിട്ട് നിങ്ങൾ കൊണ്ടുവന്നു; എന്താണ് സ്ഥിതി; ദയനീയമായി നിങ്ങൾ തോറ്റില്ലേ? നീല ട്രോളിനെക്കുറിച്ച് കാര്യമാക്കേണ്ടെന്ന് അന്ന് ശ്രീ. എൻ. എൻ. കൃഷ്ണദാസ് പറഞ്ഞു. അദ്ദേഹത്തെ ഇപ്പോൾ പാർട്ടി താക്കീത് ചെയ്തു. വെളിവുള്ളവർക്കൊന്നും ആ പാർട്ടിയിൽ രക്ഷയില്ലെന്നാണ് ശ്രീ. എൻ. എൻ. കൃഷ്ണദാസിന്റെ താക്കീത് തെളിയിക്കുന്നത്. പാലക്കാട്

പതിനെട്ടായിരം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഞങ്ങൾ ജയിച്ചത്. എ.കെ.ജി.-യുടെ, നയനാരുടെ, വി.എസ്.-ന്റെ പാലക്കാട് അങ്ങനെ പലരുടെയും പാലക്കാട്. അങ്ങനെ എല്ലാ നിലയ്ക്കും സി.പി.എം.-ന്റെ സമൃദ്ധിയുള്ള ഇടതുപക്ഷത്തിന്റെ കോട്ടകൊത്തളമായിരുന്ന പാലക്കാട് മൂന്നാം സ്ഥാനത്തേയ്ക്ക് ദയനീയമായ പതനത്തിലേയ്ക്ക് നിങ്ങൾ പോയെന്നുള്ളത് നമ്മൾ കാണേണ്ടതാണ്. പിന്നെ പറയുന്നത് ചേലക്കരയിൽ ജയിച്ചില്ലേ എന്നാണ്. മുൻ നിയമസഭാംഗവും മന്ത്രിയുമായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ നാൽപ്പതിനായിരത്തിന്റെ ഭൂരിപക്ഷത്തിനാണ് ജയിച്ച് ഇങ്ങോട്ടുവന്നത്. എന്നാൽ ഇപ്പോൾ ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ ജയിച്ച അദ്ദേഹത്തിന് എട്ടായിരം വോട്ടിന്റെ ഭൂരിപക്ഷമാണുണ്ടായിരുന്നത്. അത് വിജയമാണോ നേട്ടമാണോ കോട്ടമാണോ എന്നൊക്കെ നിങ്ങൾക്ക് വിലയിരുത്താം. ഇപ്പോൾ ശ്രീ. എ. വിജയരാഘവന്റെ ചില പരാമർശങ്ങൾ കണ്ടു. വയനാട്ടിലെ വിജയത്തെക്കുറിച്ച് പറയുന്നതെന്താണ്? ആ വിജയത്തിന്റെ മുന്നിലും പിന്നിലും മുസ്ലീം വർഗീയതയുടെ മോശമായ പ്രകടനം കണ്ടുവെന്നാണ്. അദ്ദേഹത്തിന്റെ പ്രയോഗം അദ്ദേഹത്തിന് മാത്രമെ തിരിയുകയുള്ളൂ. അദ്ദേഹം പറഞ്ഞതിൽ എന്താണ് ഉദ്ദേശിച്ചതെന്ന്

മനസ്സിലായി. ഇതൊരു രാഷ്ട്രീയ വിവേകമാണ്. രാജ്യത്തെ മതേതര വിശ്വാസികൾ ഐക്യകണ്ഠേന ഒന്നിച്ചുനിന്നാണ് ലോകസഭയിലേയ്ക്ക് ഞങ്ങളെ ജയിപ്പിക്കുന്നത്. അവിടെ നിങ്ങളെ ജയിപ്പിച്ചിട്ട് കാര്യമില്ല; നിങ്ങൾക്ക് എന്ത് രാഷ്ട്രീയമാണുള്ളത്? നിങ്ങൾ ഞങ്ങൾക്ക് വോട്ട് ചെയ്തോളൂ. ഞങ്ങൾ അവിടെ പോയിട്ട് കോൺഗ്രസ്സിന് കൊടുത്തോളാം; എന്തിനാ നിങ്ങളുടെ കൈയിൽ തന്നിട്ട് കോൺഗ്രസ്സിന് കൊടുക്കുന്നത്; അതിനാൽ നേരിട്ട് കോൺഗ്രസ്സിന് കൊടുക്കാമെന്ന് രാജ്യത്തെ ജനങ്ങൾ തീരുമാനിച്ചു. വളരെ ലളിതമായ രാഷ്ട്രീയമല്ലേ? അതുകൊണ്ട് ലോക്സഭയിൽ നിങ്ങൾക്ക് ഒരു രക്ഷയുമില്ല. ഇനി വരാൻപോകുന്ന ഒരു തിരഞ്ഞെടുപ്പിലും നിങ്ങൾ ജയിക്കാൻ പോകുന്നില്ല. ലോക്സഭാ തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ വിവേകമാണ് കാണിച്ചത്. ആ വിവേകം കാണിച്ചതിന് ഒരു സമുദായത്തെ ഇത്ര മോശമായി ഭത്സിക്കുന്നതിന് എങ്ങനെ ഇടതുപക്ഷത്തിന് കൂട്ടുനിൽക്കാൻ സാധിക്കും. എന്താണ് പറഞ്ഞത്? പ്രിയങ്ക ഗാന്ധിയുടെ പ്രകടനത്തിന്റെ മുന്നിലും പിന്നിലും മുസ്ലീം വർഗ്ഗീയതയുടെ മോശം പ്രകടനം കണ്ടുവെന്നാണ് പറഞ്ഞത്. ഇതെന്ത് മോശം പ്രകടനമാണ്? ഇത് രാഷ്ട്രീയ വിവേകമാണ്. മുസ്ലീം വർഗീയത മാത്രമല്ല; നിങ്ങളുടെ സഖാക്കൾ നിങ്ങൾക്ക് വോട്ട് ചെയ്തില്ല. അതല്ലേ നിങ്ങൾക്ക് എഴുപതിനായിരം വോട്ട് കുറഞ്ഞത്.

ആറുമാസം മുമ്പുള്ള ലോക്സഭ പൊതു തിരഞ്ഞെടുപ്പിനുള്ളതിനെക്കാൾ എഴുപതിനായിരം വോട്ട് കുറഞ്ഞത് അതുകൊണ്ടാണെന്നുള്ളതെങ്കിലും നിങ്ങൾ മനസ്സിലാക്കണം. ആ തിരഞ്ഞെടുപ്പിലാണ് ബി. ജെ. പി. ചെറുപ്പക്കാരനായ ശ്രീ. സന്ദീപ് വാര്യർ ഞങ്ങളുടെ കൂട്ടത്തിലേയ്ക്ക് വന്നത്. അവിടെ മാരാർജി ഭവനിലുള്ളതിനേക്കാൾ വളരെ വിഷമമായിരുന്നു എ. കെ. ജി സെന്ററിൽ. ശ്രീ. സന്ദീപ് വാര്യർ ബി.ജെ.പി.-യോട് തെറ്റിയപ്പോൾ ശ്രീ. എ. കെ. ബാലൻ സഖാവ് പറഞ്ഞത് നല്ല ക്രിസ്റ്റൽ ക്ലിയറാണ്, സഖാവാക്കാൻ പറ്റിയ/കോമ്രേഡ് ആക്കാൻ പറ്റിയ ഒന്നാം നമ്പർ വ്യക്തിത്വമാണ് ശ്രീ. സന്ദീപ് വാര്യരെന്നാണ്. അദ്ദേഹം കോൺഗ്രസ്സായപ്പോൾ നിങ്ങൾ ഒരു സാമുദായിക ആഭിമുഖ്യമുള്ള പത്രത്തിൽ അദ്ദേഹത്തെക്കുറിച്ച് പരസ്യം കൊടുത്തു. തരാതരംപോലെ പരസ്യങ്ങൾ.... ഇതല്ലേ നിങ്ങളുടെ തിരഞ്ഞെടുപ്പ് തന്ത്രം. അതിനാൽ അവിടെ നിങ്ങളുടെ ആ പ്രചരണങ്ങളൊക്കെ പോയി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ; അങ്ങയുടെ സീറ്റിലിരുന്ന് പ്രതികരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഇന്ന് നന്ദിപ്രമേയം അവതരിപ്പിച്ചയാളും അതിനെത്തുടർന്ന് ബഹുമാനപ്പെട്ട ശ്രീ. എ. സി. മൊയ്തീനും സംസാരിച്ചത്

ജമാഅത്ത് ഇസ്ലാമിയെക്കുറിച്ചാണ്. ജമാഅത്ത് ഇസ്ലാമിയെ ഞങ്ങൾ കൊണ്ടുനടക്കുന്നുവെന്നും പാണക്കാട്ട് തങ്ങളെ ഉയർത്തിക്കാട്ടുന്നു എന്നൊക്കെയുള്ളതാണ് ഇപ്പോൾ നിങ്ങളുടെ പരാതി. മുപ്പത് കൊല്ലക്കാലം ഞങ്ങൾ ഒന്നിച്ചുനിന്നതും പിന്തുണ നൽകിയതും സി.പി.ഐ.(എം.)-ന് ആണെന്നാണ് ജമാഅത്ത് ഇസ്ലാമി പറയുന്നത്. ഇപ്പോൾ ജമാഅത്ത് ഇസ്ലാമി അതിൽനിന്നും മനസ്സിലാക്കിയത് നിങ്ങളെ ഇതിലൊന്നും പിന്തുണയ്ക്കാൻ കൊള്ളുന്ന കൂട്ടരല്ല; നിങ്ങൾ ബി.ജെ.പി.-യുമായി അന്തർധാരയുള്ളവരാണെന്നാണ്. അവർ അവരുടെ നയമാണ് മാറ്റിയത്. ഞങ്ങളല്ല നയം മാറ്റിയത്, അവർ നിങ്ങളെ പിന്തുണച്ചു. ഇമാമിന്റെ കൂടെ/അമീറിന്റെ കൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഡോ. കെ. ടി. ജലീൽ ഉൾപ്പെടെയുള്ള നേതാക്കൻമാർ നിൽക്കുന്ന എത്ര പടങ്ങളാണ് ഇക്കാലത്ത് പുറത്തുവന്നത്. രാജസ്ഥാനിലെ, ഉത്തരേന്ത്യയിൽനിന്ന് ആകെ ഒരു എം.പി.-യാണ് നിങ്ങൾക്ക് ഇപ്പോൾ ലഭിച്ചത്. അതിന്റെ മുന്നിലും പിന്നിലും ഈ ജമാഅത്ത് ഇസ്ലാമിയുണ്ടായിരുന്നു. ധാരാളം ഫോട്ടോകളുമുണ്ട്. നിങ്ങളെ പിന്തുണച്ചാൽ സ്വർഗ്ഗീയം; ഞങ്ങളെ പിന്തുണച്ചാൽ വർഗ്ഗീയം; ഇതൊക്കെ ജനങ്ങൾക്ക് മനസ്സിലാകും. പി.ഡി.പി. നിങ്ങളുടെകൂടെയില്ലേ? ഞങ്ങൾക്ക് തീവ്രത പോരായെന്ന് പറഞ്ഞിട്ടുപോയ ഐ.എൻ.എൽ. നിങ്ങളുടെ

കൂടെയില്ലേ; അതൊക്കെ സ്വർഗ്ഗീയം; നിങ്ങൾക്ക് കിട്ടാത്തതൊക്കെ വർഗ്ഗീയം. ഇതൊക്കെ തിരിച്ചറിയാനുള്ള വിവേകം ഈ നാട്ടിലെ ജനങ്ങൾക്കുണ്ട്. ഏതായാലും നിങ്ങളുടെ കഷ്ടകാലം ആരംഭിച്ചു. പിന്നെ ബി. ജെ. പി. ....., ഞങ്ങൾ ഇവിടെ സി.ജെ.പി. എന്ന് പറഞ്ഞതിലെന്താ തെറ്റ്? തിരുവനന്തപുരം ഏരിയാ സമ്മേളനത്തിൽ തെറ്റിപ്പോയ നിലവിലുള്ള സെക്രട്ടറി..... (മൈക്ക് ഓഫ്...)

p-21-01-2025
ks-ld-1
12.00-12.10 (VR)

(ശ്രീ. എൻ. ഷംസുദ്ദീൻ തുടർച്ച ...)

സി.പി.ഐ.(എം)-ന്റെ തിരുവനന്തപുരം ഏരിയ സമ്മേളനത്തിൽനിന്നും തെറ്റിപ്പിരിഞ്ഞ ഏരിയ സെക്രട്ടറി നേരെപോയത് ബി.ജെ.പി.-ൽ മെമ്പർഷിപ്പ് എടുക്കാനാണ്. കാരണം അതുരണ്ടും ഒന്നാണെന്ന് അദ്ദേഹത്തിനറിയാം. അതുപോലെ ആലപ്പുഴയിലെ ജില്ലാ പഞ്ചായത്ത് മെമ്പറുൾപ്പെടെ എത്രപേരാണ് അങ്ങനെ ചെയ്തത്! അങ്ങനെ നോക്കിയാൽ നിങ്ങൾക്കാണ് ഈ കച്ചവടത്തിൽ നഷ്ടം. നിങ്ങളും ബി.ജെ.പി.-യും ഒരുമിച്ച് ഒപ്പം നിൽക്കണ്ടേ, കാരണം ഇതിൽ രണ്ടിൽ പ്രവർത്തിച്ചാലും ഒന്നുതന്നെയാണെന്ന് ജനങ്ങൾക്കും ഏരിയ സെക്രട്ടറിക്കുംവരെ തോന്നിത്തുടങ്ങി. ഈ ചെറുപ്പക്കാരനെതിരെ (ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ)

ഏറ്റവും കൂടുതൽ വിവാദമായിരുന്നത് നീല ട്രോളിബാഗ് വിഷയമാണ്. അദ്ദേഹം ഇവിടെ വന്നപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അദ്ദേഹത്തിന് സമ്മാനിച്ച നീല ട്രോളിബാഗ് അദ്ദേഹത്തിന്റെ വിജയത്തിന്റെ പ്രതീകമായി ഞാൻ കാണുകയാണ്. ജനങ്ങൾ വളരെയധികം ദുരിതത്തിലാണ്. ജനജീവിതം ദുസ്സഹമായ സാഹചര്യത്തിൽ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ വളരെ ശക്തമായി എതിർക്കുന്നു.

(ശ്രീ. ജോബ് മൈക്കിൾ)

p-21-01-2025
ks-ld-1
12.00-12.10

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ ഇപ്പോൾ പ്രസംഗിച്ചുകഴിഞ്ഞതേയുള്ളൂ. പ്രസംഗത്തിനിടയിൽ ചേലക്കരയിലെ ഭൂരിപക്ഷം 8000 വോട്ടായിരുന്നുവെന്ന് പറയുകയുണ്ടായി, ഈ രീതിയിൽ തിരഞ്ഞെടുപ്പിനെ വിലയിരുത്തുകയാണെങ്കിൽ അടുത്ത പ്രാവശ്യവും നിങ്ങൾ പ്രതിപക്ഷത്തുതന്നെ ഇരിക്കേണ്ടിവരും. 15000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ഇടതു സ്ഥാനാർത്ഥി വിജയം കൈവരിച്ച ചേലക്കരയിൽ 8000-നുശേഷം

വന്ന വോട്ടുകൾ ശ്രീ. എൻ. ഷംസുദ്ദീൻ കാണാതെപോയത് ശരിയായില്ല. വോട്ടിന്റെ കണക്ക് നിങ്ങൾ കൃത്യമായി വിലയിരുത്തണം. സാമൂഹ്യ ക്ഷേമ പെൻഷൻ കൊടുത്തുകൊണ്ടിരിക്കുകയാണല്ലോ, അതുകൊണ്ടുതന്നെ സാമൂഹ്യക്ഷേമ പെൻഷൻ കൊടുത്തുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെക്കുറിച്ച് 'അഭിനന്ദിക്കുന്നു' എന്ന ഒരു വാക്കെങ്കിലും പറയാമായിരുന്നല്ലോ. അതറിയണമെങ്കിൽ പത്രം വായിക്കണം, ഇന്നത്തെ മനോരമ പത്രത്തിലും ഈ വാർത്ത വന്നിട്ടുണ്ട്. രണ്ട് കുടിശ്ശിക, അതായത് രണ്ട് വർഷത്തെ കുടിശ്ശിക അനുവദിച്ചിരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റോഡ് നിർമ്മാണത്തെക്കുറിച്ച് പറഞ്ഞതും നമ്മൾ കേട്ടല്ലോ, എന്നാൽ 3500 ഗ്രാമീണ റോഡുകൾക്കായി 4 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ഗവൺമെന്റ് ഇന്നലെ പ്രഖ്യാപിച്ചുകഴിഞ്ഞു, എന്നിട്ടും അത് കണ്ടില്ലെന്ന് നടിക്കുകയാണ്. സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങൾ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് സഭയിൽവന്ന് പ്രസംഗിക്കുന്നതുകൊണ്ട് കാര്യമില്ല. നിങ്ങൾക്ക് ഇവിടെ തെറ്റുപറ്റി, പഴയ ഗവർണ്ണറാണെന്ന് കരുതിയാണ് നിങ്ങൾ ഇപ്പോഴും പ്രസംഗിക്കുന്നത്. ഗവർണ്ണർ മാറിക്കഴിഞ്ഞു, കോൺഗ്രസിന്റെ മുൻ നേതാവും എ.ഐ.സി.സി. സെക്രട്ടറിയും കോൺഗ്രസിന്റെ പ്രധാനമന്ത്രിമാർ ഭരിച്ചപ്പോൾ കൂടെ മന്ത്രി

സ്ഥാനം വഹിക്കുകയും ചെയ്ത വ്യക്തി കേരളത്തിന്റെ ഗവർണ്ണറായി വന്നപ്പോൾ അദ്ദേഹം സഭയിൽ പ്രസംഗിക്കാൻ കൂട്ടാക്കിയില്ല, നിങ്ങളാണെങ്കിൽ അതിനെ കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി, പ്ലീസ്... പ്രസംഗത്തെ തടസ്സപ്പെടുത്തരുത്..... ശ്രീ. കോവൂർ കുഞ്ഞുമോൻ, പ്ലീസ്... പ്ലീസ്....

ശ്രീ. ജോബ് മൈക്കിൾ: സർ, എന്നാൽ പുതിയ ഗവർണ്ണർ ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കിക്കൊണ്ട് സഭയിൽവന്ന് ഗവൺമെന്റിനെക്കുറിച്ച് പ്രസംഗിക്കാൻ ചെലവഴിച്ചത് രണ്ട് മണിക്കൂറോളം സമയമാണ്. വളരെ സൗമ്യമായ ആ പ്രസംഗം നമ്മളെല്ലാവരും കേട്ടുകൊണ്ടിരുന്നു. ഗോവക്കാരനായ അദ്ദേഹം ഈ ഗവൺമെന്റിന്റെ ഭരണത്തെക്കുറിച്ച് മനസ്സിലാക്കിക്കൊണ്ടാണ് സംസാരിച്ചതെന്ന് പ്രസംഗം കേൾക്കുമ്പോൾത്തന്നെ അറിയാൻ സാധിക്കും. കുറെയേറെ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. എൻ. ഷംസുദ്ദീൻ പ്രസംഗത്തിനിടയ്ക്ക് ഒരു പാട്ടിനെക്കുറിച്ചും പറഞ്ഞു. ഏതെങ്കിലും ഒരു സംഘടന പാട്ട് പാടിയാൽ ആ പാട്ടിനെ വിമർശിക്കുന്നതല്ല രാഷ്ട്രീയം.

പലരെക്കുറിച്ചും പാട്ടുകൾ പാടാറുണ്ട്, എന്നാൽ ആ പാട്ടിനെക്കുറിച്ച് പറഞ്ഞുകൊണ്ട് പരിഹസിക്കുന്ന പരിപാടിയല്ല നാം ചെയ്യേണ്ടത്, കഴിഞ്ഞ 9 വർഷമായി തുടരുന്ന ഗവൺമെന്റ് ഈ സംസ്ഥാനത്ത് നടത്തിയ വികസന പ്രവർത്തനങ്ങളെയാണ് നോക്കിക്കാണേണ്ടത്. അതിൽ റോഡുകൾ, പാലങ്ങൾ എന്നുതുടങ്ങി എത്രയോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഓരോ നിയോജകമണ്ഡലത്തിലും നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിലിരുന്ന് എന്നെ നോക്കുന്നുണ്ട്, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയും വളരെ വേഗത്തിലാണ് നടക്കുന്നത്, ഞാനും ശ്രീ. മോൻസ് ജോസഫുമെല്ലാം അതുവഴി കടന്നുപോകുമ്പോൾ അത് കാണുന്നതുമാണ്. എത്രയോ വർഷങ്ങളായി മുടങ്ങിക്കിടന്ന പാലത്തിന്റെ പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്, എന്നിട്ടും അദ്ദേഹവും പരിതപിക്കുന്നത് ഇവിടെ വികസനം നടക്കുന്നില്ലെന്നാണ്. ജൽ ജീവൻ പദ്ധതിയിലുൾപ്പെടുത്തി ഓരോ നിയോജകമണ്ഡലത്തിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സ്കൂളുകളുടെ കാര്യം പരിഗണിക്കുകയാണെങ്കിൽ സ്കൂളുകൾക്കായി ധാരാളം പുതിയ കെട്ടിടങ്ങൾ ഉയരുകയാണ്. നമ്മുടെ മന്ത്രിമാരും മറ്റ് വിശിഷ്ട

വ്യക്തികളും വന്ന് എത്രമാത്രം പുതിയ സ്കൂൾ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു! 3500 ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകിക്കഴിഞ്ഞു. ഈ രീതിയിലൊക്കെ ആയതിനാൽ ഗവൺമെന്റിനെ വിമർശിക്കാൻ നിങ്ങളുടെ പക്കൽ കാര്യങ്ങളില്ലാത്തതിനാൽ പകരം രാഷ്ട്രീയം പറയുകയാണ്. ഇവിടെ നമുക്കാവശ്യം രാഷ്ട്രീയം പറയലല്ല, കേരളത്തിലെ ജനങ്ങളെ ഒന്നായികണ്ടുകൊണ്ട് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റിനെയാണ്. ആ സാഹചര്യത്തിൽ പഴയ പല്ലവി ആവർത്തിച്ച് പാടിക്കൊണ്ടിരുന്നാൽ നിങ്ങൾ പരാജയപ്പെടും. 2015-ൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ നിങ്ങൾ പരാജയപ്പെട്ടില്ലേ; അതിനുശേഷം നടന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ജയിച്ചത് ആരാണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി വലിയ ഭൂരിപക്ഷത്തിൽ വീണ്ടും കേരളത്തിൽ അധികാരത്തിൽവന്നു. അതിനുശേഷം നടന്ന നിയമസഭാ തിരഞ്ഞെടുപ്പിലും നല്ല ഭൂരിപക്ഷത്തിൽ ഞങ്ങൾ അധികാരത്തിൽവന്നു. ഇവിടത്തെ ജനങ്ങൾ കാര്യങ്ങൾ കണ്ട് മനസ്സിലാക്കാൻ പ്രാപ്തിയുള്ളവരാണെന്ന് നിങ്ങൾ തിരിച്ചറിയണം. നിങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചു, എന്നിട്ട് സംഭവിച്ചത് എന്താണ്? കഴിഞ്ഞ

എട്ടുവർഷംകൊണ്ട് 424800 വീടുകൾ നിർമ്മിക്കാൻ സാധിച്ചു. ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രം 113718 വീടുകൾ നിർമ്മിച്ച് നൽകി. ഇപ്പോഴും ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 180887 പട്ടയങ്ങൾ വിതരണം ചെയ്തു. ഭൂമി അളന്ന് തിട്ടപ്പെടുത്തൽ ഡിജിറ്റലാക്കിയ ആദ്യ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. ഡിജിറ്റൽ സർവെ ആരംഭിച്ച് പതിനെട്ട് മാസത്തിനുള്ളിൽ 41.5 ലക്ഷം ഭൂവിഭാഗങ്ങളിലായി 558000 ഹെക്ടർ ഭൂമിയുടെ സർവെ പൂർത്തീകരിച്ചു. ഈ രീതിയിൽ വിലയിരുത്തുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ എത്രയോ കാര്യങ്ങൾ ചെയ്തു. നടപ്പാക്കാൻ കഴിയില്ല എന്നുപറഞ്ഞുകൊണ്ട് നിങ്ങൾ ഉപേക്ഷിച്ച പദ്ധതിയായിരുന്നു ദേശീയപാതാ വികസനം. പക്ഷെ ഇടതുപക്ഷ സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടു, പൊതുമരാമത്ത് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും നേരിട്ട് ഇടപെട്ടതിനെത്തുടർന്ന് ഇന്ന് ദേശീയ പാതയുടെ വികസന പ്രവർത്തനങ്ങൾ വളരെ കൃത്യമായി നടന്നുകൊണ്ടിരിക്കുന്നു. എല്ലാ രീതിയിലും കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണനയെക്കുറിച്ച് പറയാൻ നിങ്ങൾക്ക് ആർക്കും നാക്കില്ല. കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ മോശമാണെന്ന് പറയാൻ നിങ്ങൾക്ക്

കഴിയുന്നില്ല. കഴിഞ്ഞ ബജറ്റിൽ ഈ ഗവൺമെന്റ് റബർ കർഷകർക്കുവേണ്ടി റബറിന്റെ വിലസ്ഥിരതാ ഫണ്ട് ഉയർത്തി. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലുൾപ്പെട്ട 22 നെൽപാടശേഖരങ്ങളിൽ 18 എണ്ണത്തെയും കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് വിവിധങ്ങളായ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്ന കാര്യം ഞാൻ അഭിമാനത്തോടുകൂടി ഇവിടെ പറയുകയാണ്. ഈ സർക്കാർ ചെയ്യുന്ന നല്ലകാര്യങ്ങളെക്കുറിച്ച് നല്ലതെന്ന് പറയാനുള്ള മനസ്സുണ്ടാകണം. നമുക്കെല്ലാവർക്കും വേണ്ടത് ആ മനസ്സാണ്. അങ്ങനെ ചെയ്യാതെ എല്ലാ കാര്യങ്ങളെയും ഒരുപോലെ കണ്ണടച്ച് എതിർത്തുകൊണ്ട് എല്ലാവരെയും കുറ്റപ്പെടുത്തുന്ന പ്രവണതയ്ക്ക് കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് മാപ്പ് നൽകില്ല. കേരളത്തിലെ ജനങ്ങൾ എല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. ഈ രാജ്യത്ത് ആരാണ് നന്മകൾ ചെയ്യുന്നതെന്ന് അവർക്ക് അറിയാം. കാർഷിക മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തിക്കൊണ്ട് നെൽകർഷകർ, റബർ കർഷകർ, മലയോര കർഷകർ തുടങ്ങി എല്ലാ വിഭാഗം കർഷകർക്കുവേണ്ടിയും ശക്തമായ നിലപാട് സ്വീകരിക്കുന്ന ഈ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട്

ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

(ശ്രീ. മോൻസ് ജോസഫ്)

p-21-01-2025
ks-ld-1
12.00-12.10

ശ്രീ. മോൻസ് ജോസഫ്: സർ, കേന്ദ്രനയങ്ങളെ യു.ഡി.എഫ്. എതിർക്കുന്നില്ലെന്ന് ശ്രീ. ജോബ് മൈക്കിൾ ഇവിടെ പ്രസംഗത്തിനിടെ പറഞ്ഞു, എന്നാൽ ഈ നയപ്രഖ്യാപനത്തിൽ കേന്ദ്രത്തെ കാര്യമായി എതിർക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറായോ? കേന്ദ്രത്തെ തഴുകുന്ന രീതിയിലുള്ള മൃദുലസമീപനം സ്വീകരിച്ച ഒരു നയപ്രഖ്യാപനമാണ് സർക്കാർ ഈ പ്രാവശ്യം നടത്തിയതെന്ന് അതുകേൾക്കുന്ന ആർക്കും വ്യക്തമായി മനസ്സിലാകുന്നതാണ്. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ കേന്ദ്രത്തോട് കാണിച്ച ശൗര്യവും എതിർക്കുന്നതിൽ കാണിച്ച വീര്യവും ഇപ്പോൾ എന്തുകൊണ്ട് കുറഞ്ഞുപോയി എന്ന് എൽ.ഡി.എഫ്. പരിശോധിക്കേണ്ട വിഷയമാണ്. ഈ പറഞ്ഞത്, എൽ.ഡി.എഫ്.-ന്റെ നയങ്ങളാണോ ബി.ജെ.പി.-യുടെ നയങ്ങളാണോ എന്നത് ഞങ്ങളുടെ വിഷയമല്ല. കേന്ദ്ര അവഗണനയ്ക്കെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ട് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി, ഇന്ത്യൻ നാഷണൽ

കോൺഗ്രസിന്റെ നേതൃത്വത്തിൽ ദേശീയ തലത്തിൽത്തന്നെ നിലപാടെടുത്ത മുന്നണിയാണ്. അതുകൊണ്ട് തീർച്ചയായും കേന്ദ്ര അവഗണനയ്ക്കെതിരെയുള്ള പ്രതികരണത്തിൽ ഐക്യ ജനാധിപത്യ മുന്നണി മുൻപന്തിയിൽത്തന്നെയുണ്ടെന്ന് ആദ്യമേതന്നെ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നയപ്രഖ്യാപനത്തിൽ യഥാർഥത്തിൽ കർഷകരോട് കാണിക്കുന്ന സമീപനം എന്താണ്? എല്ലാ മേഖലകളും പരിപൂർണ്ണമായി സംരക്ഷിക്കപ്പെടുന്നുവെന്ന് ഇവിടെ പറഞ്ഞു, എന്നാൽ സംസ്ഥാനത്തെ കൃഷിക്കാർ തകർന്ന് തരിപ്പണമായിരിക്കുകയാണ്. കാർഷിക മേഖല ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. കർഷക ആത്മഹത്യകളുൾപ്പെടെ കേരളത്തിൽ സംഭവിക്കുന്ന കാലഘട്ടമായി ഇന്ന് മാറിയിരിക്കുന്നു. കാർഷിക മേഖലയ്ക്കുവേണ്ടി പ്രത്യേകമായ ഒരു സംരക്ഷണ പാക്കേജോ, പദ്ധതിയോ ഈ നയപ്രഖ്യാപനത്തിലുണ്ടോ? അത്തരമൊന്ന് ഗവൺമെന്റിന്റെ സമീപനത്തിലില്ല. എന്നുമാത്രമല്ല, കാർഷിക മേഖലയെ പിന്നോട്ടടിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

(തുടരും....)

P.21-01-2025
AV-LD
12.10-12.20

(ശ്രീ. മോൻസ് ജോസഫ് തുടർച്ച..........)

നെല്ലിന്റെ വിഷയവുമായി ബന്ധപ്പെട്ട് ഏതാനും പാടശേഖരങ്ങൾക്ക് ഫണ്ട് ലഭിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ജോബ് മൈക്കിൾ പറഞ്ഞത് നല്ല കാര്യമാണ്. എന്നാൽ നെല്ല് കൊടുത്തതിന്റെ വകയിൽ കർഷകന് ലഭിക്കേണ്ട പണം ഇപ്പോഴും കൊടുത്തുതീർത്തിട്ടില്ല. ഓരോ വർഷവും നെല്ല് സംഭരിക്കുന്നതിന്റെ പണം അപ്പോൾത്തന്നെ കൊടുക്കണമെന്നതാണ് വ്യവസ്ഥ. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും ഫണ്ട് കൊടുക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അടുത്ത കൃഷിയിറക്കേണ്ട സമയമായിട്ടും ഗവൺമെന്റിന് പണം കൊടുക്കാൻ കഴിയുന്നില്ല. ഇതുസംബന്ധിച്ച് കൃഷി വകുപ്പുമന്ത്രിയോ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയോ മറുപടി പറയുന്നില്ല. കാർഷിക മേഖലയിൽ ഗവൺമെന്റ് പറഞ്ഞ വാഗ്ദാനങ്ങൾ പാലിച്ചിട്ടുണ്ടോ? ഇടതുപക്ഷ ഗവൺമെന്റിന്റെ ഒൻപതാമത്തെ വർഷമാണ് ഇതെന്ന് ഇവിടെ പരാമർശിക്കുകയുണ്ടായി. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ റബ്ബറിന് 250 രൂപയുടെ വിലസ്ഥിരതാ ഫണ്ട് കൊടുക്കുമെന്ന് പറഞ്ഞു, എന്നാൽ ഇതുവരെ കൊടുത്തിട്ടില്ല. യഥാർഥ

കൃഷിക്കാരന് 300 രൂപ കൊടുക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യം. ഇടതുപക്ഷം പറഞ്ഞ 250 രൂപയെങ്കിലും കൊടുക്കണ്ടേ? അതുപോലും ഇതുവരെ കൊടുക്കാൻ കഴിയാതെ ഏത് കർഷകനെയാണ് ഇവർ രക്ഷിക്കുന്നത്? നെൽ കർഷകർക്കും റബ്ബർ കർഷകർക്കും രക്ഷയില്ലാതായി, എല്ലാ കാർഷിക മേഖലകളും തകർന്ന് തരിപ്പണമായി. നെല്ലിന്റെ കാര്യത്തിൽ കേന്ദ്രം നൽകുന്ന ഫണ്ടുപോലും സംസ്ഥാനത്തിന് കൊടുക്കാൻ കഴിയുന്നില്ല. ആ നിലയിലാണ് പ്രതിസന്ധി നിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാരെ സംരക്ഷിച്ചുകൊണ്ട് സി.പി.ഐ.(എം)-ന്റെ കക്ഷിനേതാവ് കൂടിയായ ശ്രീ. ഇ. ചന്ദ്രശേഖരൻ കൃഷിയെയും മൃഗസംരക്ഷണ മേഖലയെയും കുറിച്ച് ഇവിടെ പരാമർശിച്ചിരുന്നു. ശ്രീ. എൻ. ഷംസുദ്ദീൻ പദ്ധതികൾ വെട്ടിച്ചുരുക്കുന്ന സർക്കാരിന്റെ പ്രവണതയെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. സാമ്പത്തിക ഞെരുക്കംമൂലം പദ്ധതികൾ വെട്ടിച്ചുരുക്കുന്നത് സർക്കാർ മുഖമുദ്രയാക്കിയിരിക്കുകയാണ്. എത്രയോ കാര്യങ്ങളിൽ വിവിധ പദ്ധതികൾ വെട്ടിച്ചുരുക്കി കോടികളുടെ ചെലവ് ലാഭിക്കാമെന്നാണ് കണക്കുകൂട്ടുന്നത്. അതിന്റെ ഭാഗമായി നെൽകൃഷിക്കാരനെയും ബി.പി.എൽ. കുടുംബങ്ങളെയും തള്ളിപ്പറയുന്ന സമീപനമെടുത്തു. തീറ്റപ്പുൽ മേഖലയിലെ ഗവേഷണം, കുടുംബശ്രീയുമായി

ചേർന്നുള്ള കന്നുകാലി കൃഷി എന്നിവയിലെല്ലാം കുറവുവരുത്താൻ സർക്കാർ തീരുമാനിച്ചു. കാലിത്തീറ്റ വില നിയന്ത്രിക്കുന്നതിന് വിപണിയിലിടപെടാൻ കേരള ഫീഡ്സിന് 11 കോടി രൂപ കൊടുക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും അത് 5 കോടി രൂപയാക്കി വെട്ടിച്ചുരുക്കി. ക്ഷീരവികസന വകുപ്പിന്റെ ബജറ്റ് വിഹിതമായ 103 കോടി രൂപ 54 കോടി രൂപയായി വെട്ടിച്ചുരുക്കി. ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള അലോട്ട്മെന്റുകൾ വെട്ടിച്ചുരുക്കി. വെട്ടിച്ചുരുക്കിയതിന്റെ കണക്കുകളാണ് മൊത്തം വരുന്നത്. കൃഷി, ക്ഷീരവികസന വകുപ്പുകളിൽ ഒരു കാര്യങ്ങളും ചെയ്യാൻ സാധിക്കുന്നില്ല. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള സപ്ലൈകോ ഔട്ട്ലെറ്റുകളെല്ലാം അടച്ചുപൂട്ടി. ആകെ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ഇവിടത്തെ ധനകാര്യ മാനേജ്മെന്റ് എവിടെ നിൽക്കുന്നുവെന്ന് സി.പി.ഐ.(എം) പറയണ്ടേ; പരിപൂർണ്ണ പരാജയമല്ലേ? സാമ്പത്തിക മാനേജ്മെന്റിന്റെ കാര്യത്തിൽ പരിപൂർണ്ണമായും പരാജയപ്പെടുന്നതിന്റെ എത്രയോ ഉദാഹരണങ്ങളാണ് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. സംസ്ഥാനത്ത് ഇന്ന് വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. റോഡിന്റെ വിഷയവുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ഞാൻ ഇന്ന്

ഉന്നയിച്ചിരുന്നു. വാട്ടർ അതോറിറ്റിയും പി.ഡബ്ല്യു.ഡി.-യും തമ്മിലുള്ള തർക്കത്തെത്തുടർന്ന് കേരളത്തിൽ എന്തുമാത്രം പ്രതിസന്ധിയാണുണ്ടായത്? കേന്ദ്ര ഗവൺമെന്റ് നൽകിയ ജെ.ജെ.എം.-ന്റെ ഫണ്ട് ഇവിടെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നുണ്ടോ? അതിൽ മൂവായിരം കോടിയോളം രൂപ കുടിശ്ശികയായി, പദ്ധതിതന്നെ പ്രതിസന്ധിയിലായിരിക്കുകയാണ്. ഇത്തരത്തിലുള്ള സ്ഥിതിവിശേഷത്തിൽ കൂടിയാണ് നമ്മൾ കടന്നുപോകുന്നുവെന്നത് നയപ്രഖ്യാപന പ്രസംഗം വിലയിരുത്തുമ്പോൾ ഭരണമുന്നണിയിൽപ്പെട്ടവർ ഗൗരവമായി കാണണമെന്ന് അഭ്യർഥിക്കുകയാണ്.

കേരളത്തിൽ ഏറ്റവും സജീവമായി ചർച്ച ചെയ്യപ്പെട്ട 'മുനമ്പം' വിഷയത്തെക്കുറിച്ച് നയപ്രഖ്യാപനത്തിൽ എന്തെങ്കിലും പരാമർശമുണ്ടോ? മുനമ്പത്ത് വില കൊടുത്ത് ഭൂമി വാങ്ങിക്കുകയും കാലങ്ങളായി സ്വന്തം ഭൂമിയിൽ താമസിക്കുകയും ചെയ്യുന്ന മനുഷ്യർക്ക് അതിജീവനത്തിന്റെ പാതയിൽ സംരക്ഷണം ലഭിക്കണം. മുനമ്പത്തെ ഭൂമി മുനമ്പത്തെ ജനങ്ങൾക്ക് ലഭിക്കണം. മുസ്ലീം, ക്രിസ്ത്യൻ, ഹൈന്ദവ സഹോദരങ്ങൾ ഏകകണ്ഠമായി ആ പൊതുവികാരത്തോട് ചേർന്നുനിൽക്കുകയാണ്. ആ വിഷയത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്? അക്കാര്യത്തിൽ

ഗവൺമെന്റ് കാലതാമസമുണ്ടാക്കി അനിശ്ചിതാവസ്ഥയിൽ നീട്ടിക്കൊണ്ടുപോകാനുള്ള ശ്രമങ്ങളുടെ കൂടെ നിൽക്കുന്നുവെന്ന് കാണുമ്പോൾ അത്തരം നിർഭാഗ്യകരമായ നിലപാടിനെ ഞങ്ങൾ കുറ്റപ്പെടുത്തുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ ഉണർന്ന് പ്രവർത്തിക്കണം. അഭിപ്രായ സമന്വയത്തിലൂടെ മുനമ്പം പ്രശ്നം പരിഹരിക്കുന്നതിനുള്ള തൃപ്തികരമായ ഇടപെടൽ സർക്കാർ നടത്തണം. കാലതാമസമുണ്ടാക്കി ആ ജനങ്ങളെ ആശങ്കയിലാക്കുകയല്ല ചെയ്യേണ്ടത്. ഇതുമായി ബന്ധപ്പെട്ട് സർവകക്ഷിയോഗം വിളിച്ചെങ്കിലും യാതൊരു പ്രയോജനവുമില്ലാത്ത നിലയിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. അതിനുപകരം ഇത്തരം വിഷയങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തേണ്ടത്. ജനങ്ങളെ ബാധിക്കുന്നതും സാമൂഹ്യജീവിതത്തിൽ പ്രധാനപ്പെട്ടതുമായ ഇത്തരം വിഷയങ്ങൾ തൃപ്തികരമായി പരിഹരിക്കാനോ അഡ്രസ്സ് ചെയ്യാനോ കഴിയാത്ത ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

(ശ്രീ. എം. വിജിൻ)

P.21-01-2025
AV-LD
12.10-12.20
15.31

<u>ശ്രീ. എം. വിജിൻ</u>: സർ, നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. 'നവകേരളം' എന്നത് വെറുമൊരു കാഴ്ചപ്പാട് മാത്രമല്ല, ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന കേരളത്തിന്റെ മാറ്റം കൂടിയാണ്. പിണറായി വിജയൻ ഗവൺമെന്റ് നവകേരള സൃഷ്ടി യാഥാർത്ഥ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. ആ പ്രവർത്തനങ്ങളുടെ വിശദീകരണംകൂടിയാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഒരു മണിക്കൂറും 57 മിനിട്ടുമെടുത്ത് നയപ്രഖ്യാപന പ്രസംഗത്തിലൂടെ അവതരിപ്പിച്ചത്. ഒരിക്കലും ഇവിടെ സാധ്യമാകില്ലെന്ന് കരുതിയതെല്ലാം കേരളത്തിൽ സാധ്യമാക്കി കൊണ്ടാണ് പിണറായി വിജയൻ സർക്കാർ നവകേരളം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ദേശീയപാതാ വികസനം നടക്കില്ലെന്ന് പറഞ്ഞ് ഓഫീസും പൂട്ടിപ്പോയ ദേശീയപാതാ വികസന അതോറിറ്റിയെ തിരികെ കേരളത്തിലേക്ക് കൊണ്ടുവന്ന് ദേശീയപാത യാഥാർത്ഥ്യമാക്കിയ മുഖ്യമന്ത്രിയുടെ പേരാണ് ശ്രീ. പിണറായി വിജയൻ.

ലോകോത്തര കമ്പനികൾ കേരളത്തിലേക്ക് വരികയാണ്. വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളം ഇന്ന് ഒന്നാമതാണ്. കേരളത്തിലെ ടൂറിസം

രംഗം ഇന്ന് മറ്റ് സംസ്ഥാനങ്ങളോടല്ല, ലോകരാജ്യങ്ങളോടാണ് മത്സരിച്ചുകൊണ്ടിരിക്കുന്നത്. 2025 നവംബർ 1-ഓടുകൂടി അതിദാരിദ്ര്യമില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്.

വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ ഓരോന്നും എണ്ണിയെണ്ണിപ്പറഞ്ഞാൽ പത്തുമിനിട്ടുകൊണ്ടൊന്നും പ്രസംഗം അവസാനിപ്പിക്കാൻ കഴിയാതെ വരും. കാരൂർ നീലകണ്ഠപിള്ളയുടെ 'പൊതിച്ചോറ്' എന്ന കഥ നാം വായിച്ചിട്ടുണ്ട്. തന്റെ ക്ലാസ്സിൽ പഠിക്കാൻ വന്ന കുട്ടിയുടെ ഉച്ചഭക്ഷണപ്പൊതി കട്ടുതിന്ന അധ്യാപകന്റെ ജീവിതത്തിന് മാറ്റമുണ്ടാക്കിയത് കേരളത്തിൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റായിരുന്നു. ആ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയമായിരുന്നു. അധ്യാപകന് നട്ടുനിവർത്തിനിന്ന് പഠിപ്പിക്കാനും പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാനും സാഹചര്യമൊരുക്കിയ ആ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ തുടർച്ചയായ പിണറായി വിജയൻ ഗവൺമെന്റ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രമായി മാറ്റി. അതിലൂടെ അധ്യാപകന് സുരക്ഷിതത്വവും വിദ്യാർഥികൾക്ക് മനോഹരമായി പഠിക്കാൻ കഴിയുന്ന

സാഹചര്യവുമുണ്ടായി. സംഘ്പരിവാർ, ഈ രാജ്യത്തെ കേന്ദ്ര ഗവൺമെന്റ് എൻ.സി.ഇ.ആർ.ടി. പാഠപുസ്തകത്തിൽനിന്ന് മഹാത്മാഗാന്ധിയുടെ കൊലപാതകവും മുഗൾ ചരിത്രവും പൂർണ്ണമായും ഒഴിവാക്കിയപ്പോൾ അതിനെ ചേർത്തുപിടിച്ചുകൊണ്ട് പാഠപുസ്തകത്തിലുൾപ്പെടുത്തി പഠനം നടത്തുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളത്തെ മാറ്റാൻ നമ്മുടെ ഗവൺമെന്റിന് സാധിച്ചു. കുട്ടികളുടെയും അധ്യാപകരുടെയും എണ്ണം വർധിച്ചു. വിദ്യാഭ്യാസ രംഗത്ത് ശക്തമായ ഇടപെടൽ നടത്തി. NAAC-ന്റെ A++ ഗ്രേഡ് ഉൾപ്പെടെ കേരള യൂണിവേഴ്സിറ്റി കരസ്ഥമാക്കുന്ന സാഹചര്യമുണ്ടായി. ആരോഗ്യ മേഖലയിൽ നീതി ആയോഗിന്റെ ആരോഗ്യസൂചികയിൽ തുടർച്ചയായ നാല് വർഷവും കേരളം ഒന്നാമതായി. ക്രമസമാധാന രംഗത്തും കേരളം ഒന്നാമതാണ്. ശബരിമല തീർഥാടന കാലത്ത് പ്രതിപക്ഷവും ബി.ജെ.പി.-യും ഇവിടെ എന്തൊക്കെ കാര്യങ്ങൾ പ്രചരിപ്പിക്കാനാണ് ശ്രമം നടത്തിയത്. 'പരാതി രഹിത തീർഥാടന കാല'ത്തിന് കേരളം സാക്ഷ്യം വഹിച്ചുവെന്നതും ഈ ഗവൺമെന്റ് മാതൃകാപരമായി വകുപ്പുകളെ ഏകോപിപ്പിച്ചു പോകുന്നുവെന്നതിന്റെ ഉദാഹരണം കൂടിയായി കാണാൻ സാധിക്കുന്നു.

'കെ-ഫോൺ' പദ്ധതിയിലൂടെ സൗജന്യ ഇന്റർനെറ്റ് സംവിധാനം

ജനങ്ങളുടെ അവകാശമാക്കിയ ആദ്യം സംസ്ഥാനമായി കേരളത്തെ മാറ്റി. ഓരോ പഞ്ചായത്തിലും കളിസ്ഥലം - മെസ്സിയും അർജന്റീനയും കേരളത്തിലേക്ക് വരികയാണ്. കേരളത്തിന്റെ കായികകുതിപ്പിനും സ്വപ്നങ്ങൾക്കും കരുത്തുപകരുന്ന ശക്തമായ ഇടപെടൽ കൂടിയായി ഈ ഗവൺമെന്റിന്റെ കായികരംഗത്തെ ഇടപെടലുകൾ മാറുകയാണ്.

കേരളത്തിൽ ഒരു കാലഘട്ടത്തിൽ പാടിയ ഒരു നാടകഗാനമുണ്ട്.

'പാമ്പുകൾക്കു മാളമുണ്ട് പറവകൾക്കാകാശമുണ്ട്

മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല'

മണ്ണിലിടം കൊടുത്തത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ്, ഇ.എം.എസ്. ഗവൺമെന്റാണ്. ആ ഗവൺമെന്റിന്റെ പിന്തുടർച്ചക്കാരൻ സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായപ്പോഴാണ് അഞ്ച് ലക്ഷം സ്വപ്നങ്ങൾ സാക്ഷാത്കരിച്ചത്. പാവപ്പെട്ടവന് ലൈഫ് പദ്ധതിയിലൂടെ വീട് കൊടുത്തെന്ന പേരുകൂടി ഈ ഗവൺമെന്റിനുണ്ട്. 62 ലക്ഷം പേർക്ക് ക്ഷേമപെൻഷൻ നൽകുന്നുണ്ട്. 62 ലക്ഷം പുഞ്ചിരികൾ കേരളത്തിൽ സാക്ഷാത്കരിച്ച ഗവൺമെന്റാണിത്. അത്തരത്തിൽ നാട്ടിലെ പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും ശക്തമായി ഈ ഗവൺമെന്റ് ഇടപെടുമ്പോൾ ആ ഗവൺമെന്റിനെ തകർക്കാൻ കേരളത്തിന്റെ

മുന്നോട്ടുപോക്ക് ഇല്ലാതാക്കാൻ ഏറ്റവും ശക്തമായി ഇടപെടുന്നവരായി കേരളത്തിലെ പ്രതിപക്ഷം മാറുകയാണ്.

(തുടരും......)

P-21-01-2025
VV-LD-I
12.20-12.30

(ശ്രീ. എം. വിജിൻ തുടർച്ച.....)

ഇന്ന് ഇവിടെ നടത്തിയ പ്രസംഗത്തിൽ പരിണതപ്രജ്ഞനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 1977-ൽ നിയമസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിന്റെ മുഖ്യമന്ത്രി മത്സരിച്ചതിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അദ്ദേഹത്തിന് ചരിത്രവും യാഥാർഥ്യവും അറിയാത്തതുകൊണ്ടല്ല, എന്നാൽ അതൊക്കെ മറച്ചുവച്ചുകൊണ്ടാണ് പ്രസംഗം നടത്തിയത്. 1977-ൽ കേരളത്തിന്റെ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കൂത്തുപറമ്പിൽ മത്സരിക്കുമ്പോൾ..., നമുക്കറിയാം ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ജനതാ പാർട്ടി രൂപീകരിച്ചത് എങ്ങനെയാണ്? അടിയന്തരാവസ്ഥയുടെ കിരാതനാളുകളിൽ അതിനെതിരായ മുന്നണി രൂപീകരിച്ചുകൊണ്ടാണ് 1977-ൽ ജനതാ പാർട്ടി രൂപീകരിച്ചത്. അതിൽ ഭാരതീയ ജനസംഘം ലയിച്ചിട്ടുണ്ട്. ചരിത്രത്തിൽ

കൃത്യമായി പറയുന്നുണ്ട്, ഭാരതീയ ജനസംഘം പിരിച്ചുവിട്ട് ആർ.എസ്.എസ്.-മായുള്ള അവരുടെ ബന്ധം ഉപേക്ഷിച്ചുകൊണ്ടാണ് അന്ന് ജനതാ പാർട്ടിയിൽ ലയിച്ചത്. അന്ന് നടന്ന തിരഞ്ഞെടുപ്പിന്റെ ചരിത്രത്തെക്കുറിച്ച് വളച്ചൊടിച്ചാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. എന്നാൽ ഒരു യാഥാർത്ഥ്യം അദ്ദേഹം പറയണം, 1977-ൽ ഉദുമയിൽ കെ. ജി. മാരാർ മത്സരിച്ചപ്പോൾ ആ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം കൊടുത്ത വ്യക്തി ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനാണ്, അദ്ദേഹമത് മറന്നുപോയി. പട്ടാമ്പിയിൽ 1960-ൽ നടന്ന തിരഞ്ഞെടുപ്പിന്റെ ചരിത്രം അങ്ങേക്ക് ഓർമ്മയുണ്ടാകുമല്ലോ, അന്ന് ഇ.എം.എസ്.-നെ പരാജയപ്പെടുത്താൻ ദീൻദയാൽ ഉപാധ്യായ കോൺഗ്രസിന്റെ പ്രചാരണത്തിന് ഇറങ്ങി, ഭാരതീയ ജനസംഘത്തിന്റെ സ്ഥാനാർത്ഥിയെ പിൻവലിച്ചു. എന്നാൽ ആ തിരഞ്ഞെടുപ്പിൽ ഇ.എം.എസ്. പട്ടാമ്പിയിൽനിന്നും 7322 വോട്ടിന്റെ ഭൂരിപക്ഷത്തിന് വിജയിച്ചു. ഈ ചരിത്രം മറച്ചുവച്ചുകൊണ്ട് കോൺഗ്രസ് നിരന്തരമായി ഇങ്ങനെ നുണകൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് കോൺഗ്രസിന്റെ ഇപ്പോഴത്തെ സ്ഥിതി? 1930-ലെ വടകര സമ്മേളനത്തിന്റെ ചരിത്രം ഇവിടെയിരിക്കുന്ന കോൺഗ്രസ്

നേതാക്കന്മാർക്കറിയാം. അയിത്തത്തിനെതിരായി ശക്തമായ പോരാട്ടം നടത്താൻ പ്രഖ്യാപിച്ച ആ സമ്മേളനത്തിന്റെ ഓർമ്മകൾ നമുക്ക് മുന്നിലുണ്ട്. ഗുരുവായൂർ സത്യാഗ്രഹം അതിന്റെ തുടർച്ചയാണ്. എ.കെ.ജി.-യും പി. കൃഷ്ണപിള്ളയും കെ. കേളപ്പനും നടത്തിയ ഐതിഹാസിക പോരാട്ടമാണത്. ഇന്ന് കോൺഗ്രസ് സ്വീകരിക്കുന്ന സമീപനമെന്താണ്? ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന കോൺഗ്രസ് കേരളത്തെ പിന്നോട്ട് നയിക്കാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നാല് വോട്ടിനും രണ്ട് സീറ്റിനും ഈ നാടിന്റെ മതനിരപേക്ഷതയെ ഒറ്റിക്കൊടുക്കുന്നവരായി ഇന്ന് കേരളത്തിലെ കോൺഗ്രസ് മാറുകയാണ്. അക്കാര്യം മുസ്ലീംലീഗുകൂടി മനസ്സിലാക്കണം. ഇവിടെ ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ ജില്ലാ പഞ്ചായത്ത് അംഗം പോയതിനെക്കുറിച്ച് പ്രയാസപൂർവം പറയുകയുണ്ടായി. കോൺഗ്രസിന്റെ എത്ര മുഖ്യമന്ത്രിമാർ ബി.ജെ.പി.-യിലേക്ക് പോയി? എന്തുകൊണ്ടാണ് അദ്ദേഹം അതിന്റെ കണക്കിനെക്കുറിച്ച് പരാമർശിക്കാത്തത്. ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് ലീഗിന്റെ നിലപാട് എന്താണ്; എസ്.ഡി.പി.ഐ. (സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ)-യെക്കുറിച്ച് മുസ്ലീംലീഗിന്റെ നിലപാട് എന്താണ്? അദ്ദേഹം പാലക്കാട് തിരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞു.

ശരിയാണ്, ഞങ്ങളുടെ സീറ്റ് അല്ല നിങ്ങളുടെ സീറ്റ് തന്നെയാണ്. പക്ഷെ പാലക്കാട് തിരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ. ആണ് കോൺഗ്രസിന്റെ വിജയം. കോൺഗ്രസ് ഓഫീസിനുമുമ്പിൽ അവരുടെ കൊടി പാറിച്ച് ആദ്യം ആഘോഷിച്ചതും മധുരം വിതരണം ചെയ്തതും അവരാണ്. ലഘുരേഖ തയ്യാറാക്കി കോൺഗ്രസിനുവേണ്ടി വീടുകൾ കയറിയതും എസ്.ഡി.പി.ഐ. ആണ്. എന്താണ് മുസ്ലീംലീഗിന്റെ നിലപാട്? മുസ്ലീംലീഗ് കോൺഗ്രസിനെ ന്യായീകരിക്കേണ്ടതില്ല. വയനാട് തിരഞ്ഞെടുപ്പ് നടന്നു, ശ്രീമതി പ്രിയങ്ക ഗാന്ധി വിജയിച്ചു. അതുവരെ പച്ചക്കൊടിക്കേ അനുമതി ഇല്ലാതിരുന്നുള്ളൂ, പക്ഷെ ജയിച്ചുകഴിഞ്ഞപ്പോൾ മുസ്ലീംലീഗിനുതന്നെ അനുമതിയില്ല. സ്വീകരണ പരിപാടിയിൽ മുസ്ലീംലീഗിനെ പങ്കെടുപ്പിച്ചില്ല. 'പാലം കടക്കുവോളം ലീഗിനെ മതിയോ' എന്ന് മുസ്ലീംലീഗ് നേതാക്കൾതന്നെ ചോദിക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ട്. അതാണ് കോൺഗ്രസ് എന്ന യാഥാർത്ഥ്യമെന്ന് നമ്മൾ മനസ്സിലാക്കണം. ആർ.എസ്.എസ്.-നോട് ചേർന്നുനിന്നുകൊണ്ടുള്ള സമീപനം. ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവൽ നിന്നത് ആരാണ്? കെ.പി.സി.സി. പ്രസിഡന്റാണ്. അക്കാര്യം മുസ്ലീംലീഗ് മറന്നുപോകരുത്. ആരാണ് ഗോൾവൽക്കറുടെ ചിത്രത്തിനുമുമ്പിൽ മുട്ടുകുനിച്ചുനിന്ന് അനുശോചന യോഗത്തിൽ പങ്കെടുത്ത് ഫോട്ടോയ്ക്ക് മാല

ചാർത്തി ദീപം കൊളുത്തിയത്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വി. ഡി. സതീശനാണ്. ഇതാണ് കോൺഗ്രസിന്റെ സമീപനം എന്നത് നാം മനസ്സിലാക്കണം.

അതുപോലെ ചേലക്കരയെക്കുറിച്ച് പറഞ്ഞു, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ 5000 വോട്ടിനാണ് ചേലക്കരയിൽ ഭൂരിപക്ഷമുണ്ടായതെങ്കിൽ അത് 14000 ആക്കി ഉയർത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. ചേലക്കരയും പിടിക്കുമെന്നാണ് കോൺഗ്രസ് പറഞ്ഞത്. എന്നാൽ ഇടതുകോട്ടയായി മാറി ഏറ്റവും ശക്തമായി ആ നാട് ഇടതുപക്ഷത്തോട് ചേർന്നുനിന്ന യാഥാർത്ഥ്യംകൂടിയാണ് നാം കാണേണ്ടത്. ഒറ്റകാര്യമേ കോൺഗ്രസിനോടും പ്രതിപക്ഷത്തോടും എനിക്ക് പറയാനുള്ളൂ, നാല് വോട്ടിനും രണ്ട് സീറ്റിനും നിങ്ങൾ ഈ നാടിന്റെ മതനിരപേക്ഷതയെ തള്ളിപ്പറയരുത്, തകർക്കരുത്. നിങ്ങൾ ഏറ്റവും അപകടകരമായ മൗനം പാലിക്കരുത്, വർഗ്ഗീയതയോട് കൂട്ടുചേർന്ന് നിൽക്കരുത്. എസ്.ഡി.പി.ഐ.-യെയും ആർ.എസ്.എസ്.-നെയും ജമാഅത്തെ ഇസ്ലാമിയെയും ചേർത്തുപിടിച്ചാൽ രണ്ട് സീറ്റ് ലഭിക്കുമായിരിക്കും പക്ഷെ ദേശീയ പ്രസ്ഥാനത്തിന്റെ അവകാശം പറഞ്ഞുകൊണ്ടിരിക്കുന്ന നിങ്ങൾ ഈ നാടിന്റെ മതനിരപേക്ഷതയെ തകർക്കുകയും ഈ നാടിനെ നൂറ് വർഷം

പിറകോട്ട് നയിക്കുകയും ചെയ്യുന്നതിനാണ് നേതൃത്വം കൊടുക്കുന്നതെന്ന് മനസ്സിലാക്കണം. അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവ സംഘ്പരിവാർ ഉൾപ്പെടെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. മഹാസമാധികളുടെ നാടായി മാറുന്നു. എന്തുകൊണ്ടാണ് ഒരക്ഷരം മിണ്ടാൻ കോൺഗ്രസ് നേതാക്കൾ തയ്യാറാകാത്തത്; അതിനെതിരായി പോരടിക്കാത്തത്? നിങ്ങളുടെ നയങ്ങൾ നിങ്ങളുടെതന്നെ തകർച്ചയിലേക്ക് നയിക്കും എന്ന യാഥാർത്ഥ്യത്തെ കോൺഗ്രസ് തിരിച്ചറിഞ്ഞ് ഇടപെടുക, മതനിരപേക്ഷതയ്ക്കുവേണ്ടി പോരാടുക. എന്തുകൊണ്ടാണ് കേരളത്തിൽ സംഘ്പരിവാറിന്റെയും എസ്.ഡി.പി.ഐ.-ടെയും ജമാഅത്തെ ഇസ്ലാമിയുടെയും ആശയം നടപ്പാകാത്തത്? മതനിരപേക്ഷതയെ തകർക്കുന്ന ഒരു നിലപാടുകൾക്കൊപ്പവും ഞങ്ങൾ നിൽക്കില്ല. മതനിരപേക്ഷതയുടെ കാവലാളായി കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഉണ്ട്, പിണറായി സർക്കാരുണ്ട്. ആ സർക്കാരിന്റെ ഇച്ഛാശക്തിക്ക് മുമ്പിൽ ഒരു സംഘ്പരിവാറിനും ഒരു ജമാഅത്തെ ഇസ്ലാമിക്കും ഒരു എസ്.ഡി.പി.ഐ.-യ്ക്കും അവരുടെ ആശയങ്ങൾ കേരളത്തിൽ പ്രചരിപ്പിക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. വോട്ടല്ല ഞങ്ങളുടെ പ്രശ്നം, സീറ്റല്ല ഞങ്ങളുടെ പ്രശ്നം. ഞങ്ങളുടെ പ്രശ്നം നിലപാടാണ്,

മതനിരപേക്ഷതയാണ്. അതിനൊപ്പം അതിശക്തമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്. കടുത്ത സാമ്പത്തിക ഉപരോധം കേന്ദ്രം തീർക്കുമ്പോഴും കോൺഗ്രസ് കേന്ദ്രത്തിന് പിന്തുണ കൊടുക്കുന്നുണ്ട്. പക്ഷെ പിണറായി വിജയൻ ഗവൺമെന്റ് ഈ കേരളത്തിൽ 'നവകേരളം' സൃഷ്ടിക്കുകതന്നെ ചെയ്യും. നരേന്ദ്ര മോദിയുടെ തീട്ടൂരത്തിനുമുമ്പിൽ ഈ ഗവൺമെന്റ് മുട്ടുമടക്കില്ല, ശക്തമായി പ്രതിരോധിച്ചുകൊണ്ട് നവകേരളത്തിലേക്ക് ഈ നാടിനെ നയിക്കുകതന്നെ ചെയ്യുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീമതി കാനത്തിൽ ജമീല)

P-21-01-2025
VV-LD-I
12.20-12.30

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, പതിനഞ്ചാം കേരള നിയമസഭയിലെ പതിമൂന്നാം സമ്മേളനത്തിൽ ആദരണനീയനായ കേരള ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗം ഏതൊരു മലയാളിക്കും ആഹ്ലാദം പകരുന്നതാണ്. നവകേരളത്തിലേക്കുള്ള അനുസ്യൂതയാത്രയിൽ അതൊരു പ്രകാശഗോപുരമായി തിളങ്ങിനിൽക്കുകയാണ്. ജനങ്ങളുടെ

മനസ്സിൽ എല്ലാ രീതിയിലേക്കുമുള്ള ഉണർവ് പകർന്നുകൊണ്ടാണ് ഈ നയപ്രഖ്യാപനം ഇവിടെ നടത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം നടപ്പാക്കിയ വികസന ക്ഷേമപദ്ധതികളോടൊപ്പംതന്നെ വരാനിരിക്കുന്ന നാളുകളിലേക്കുള്ള ചുവടുവയ്പുകൂടിയാണ് ഈ നയപ്രഖ്യാപനം. കേരളത്തിന്റെ വികസനത്തിന് കരുത്ത് പകരുന്ന ദീർഘകാല പദ്ധതികളാണ് ഈ പ്രഖ്യാപനത്തിലുള്ളത്. നീതി ആയോഗിന്റെ പട്ടികയിൽ എല്ലാ രീതിയിലും തിളങ്ങുന്ന ഒരു നക്ഷത്രമായി കേരളം മാറുകയാണ്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായി നാല് വർഷവും കേരളം ഒന്നാമതാണ്. അതൊരു പ്രത്യേകതയല്ലേ; അഭിമാനകരമായ നേട്ടങ്ങളല്ലേ ഇതെല്ലാം? ഇന്ത്യ ടുഡേയുടെ സ്റ്റേറ്റ് ഓഫ് ദി സ്റ്റേറ്റ്സ് സർവെ 2021-ൽ ഹാപ്പിനസ് ഇൻഡക്സിൽ ഒന്നാമതാണ് കേരളം. ഇവിടെ ഏറ്റവും സന്തുഷ്ടരായി സമാധാനത്തോടെ ആരോഗ്യത്തോടെ ജീവിക്കുന്നതിൽ കേരളത്തിലെ ജനങ്ങൾക്ക് അഭിമാനമുണ്ട്. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവകലാശാല, ഡിജിറ്റൽ സയൻസ് പാർക്ക്, വാട്ടർ മെട്രോ എന്നിവ കേരളത്തിലാണ്. ഇത് മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത ഒരു രീതിയാണ്. വലിയ രീതിയിലുള്ള അഭിമാനമല്ലേ ഇതെല്ലാം? ജനാധിപത്യ സംസ്ഥാനം എന്നുള്ള നിലയിൽ നമ്മുടെ നാട്ടിൽ ദരിദ്രജനങ്ങൾ ഒട്ടും

ഭൂഷണമല്ല എന്നുള്ളതിനാൽ കേരളത്തിലെ സർക്കാർ ദരിദ്ര ജനവിഭാഗത്തിന്റെ സർവെ നടത്തിക്കൊണ്ട് ദരിദ്രർ ഇല്ലാത്ത കേരളം പ്രഖ്യാപിക്കാൻ പോകുകയാണ്. 2025 നവംബർ 1-ന് കേരളം അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ പോകുകയാണ്. മറ്റ് ഏത് സംസ്ഥാനങ്ങളിലാണ് ഇതുപോലുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. ദരിദ്രരെ കണ്ടെത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് അവരെ ചേർത്തുപിടിക്കുന്ന ഒരു സർക്കാരാണ് കേരളത്തിൽ ഭരിക്കുന്നത്.

ഇന്ത്യയിൽവച്ച് 'ജി-20 ഉച്ചകോടി' നടത്തിയപ്പോൾ വിദേശ രാജ്യങ്ങളിലുള്ള നേതാക്കന്മാർ ഇന്ത്യാ രാജ്യത്തെ ദരിദ്രരെ കാണാതിരിക്കാൻവേണ്ടി ചേരി പ്രദേശങ്ങളെല്ലാം വലിയ രീതിയിൽ ഷീറ്റ് കൊണ്ട് മറയ്ക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തത്. എന്നാൽ കേരളത്തിലെ സാഹചര്യം അതുപോലെയല്ല. ഇവിടെ ദരിദ്രരെ ചേർത്തുപിടിക്കുകയാണ് ചെയ്യുന്നത്. ഇതാണ് മാതൃക എന്നുപറയുന്നത്. മികച്ച വാർദ്ധക്യ പരിചരണത്തിനുള്ള നീതി ആയോഗിന്റെ 'വയോശ്രേഷ്ഠ സമ്മാൻ' പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്. കിടപ്പിലായ രോഗികളെ പരിചരിക്കുന്നതിനായി 'ഹോം കെയർ' പദ്ധതിക്ക് തുടക്കംകുറിച്ചു. കേരള സർക്കാരിന്റെ ഓരോ ആശുപത്രികളിലും രോഗികളെ വീട്ടിലെത്തി പരിചരിക്കുന്ന രീതിയിൽ

വാഹനവും ഫണ്ടും കൊടുത്തുകൊണ്ടാണ് ഇത് നടപ്പാക്കുന്നത്. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'ഹോം കെയർ' പദ്ധതി നടപ്പാക്കുകയാണ്. അതുപോലെ മറ്റ് സംഘടനകളെല്ലാം കേരളത്തിൽ ഒരുമിച്ചുകൊണ്ട് ഇതെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്ന് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുകയാണ്. മാതൃകാപരമാണ് ഈ കേരളം എന്നുപറയാൻ ഇനി എന്താണ് വേണ്ടത്.

അറുപത്തിനാല് ലക്ഷത്തോളം ഗുണഭോക്താക്കൾക്കാണ് പ്രതിമാസം 1600 രൂപ പെൻഷൻ കൊടുക്കുന്നത്. മുടങ്ങിയ പെൻഷൻ ഇനി ഒരിക്കലും ലഭിക്കാൻ പോകുന്നില്ലെന്ന് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരുപോലെ വീടുകളിൽ കയറി പ്രചരിപ്പിച്ചത് നമുക്ക് ഓർമ്മയുണ്ട്. ഇലക്ഷന്റെ സമയത്ത് മാത്രമല്ല, നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഏത് കള്ളപ്രചാരണവും നടത്തിക്കൊണ്ട് അധികാരത്തിലെത്തുക എന്നത് മാത്രമാണ് യു.ഡി.എഫ്.-ന്റെ ഒറ്റ അജണ്ട. അതാണ് ഇവർ നടപ്പാക്കി കൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ വെള്ളിയാഴ്ച രണ്ട് ഗഡു ക്ഷേമപെൻഷൻ കൊടുത്തു. ഓരോ വീടുകളിലെയും ദരിദ്രരുടെ ചിരി കാണുമ്പോൾ പുളകംകൊള്ളുകയാണ് നമ്മുടെ ഈ കേരളം. ആയിരം കോടി രൂപ ഓരോ മാസവും ഇതിനായി ആവശ്യമാണ്.

സാമ്പത്തിക പ്രതിസന്ധി എന്നുപറയുമ്പോൾ കേന്ദ്രം രാഷ്ട്രീയപരമായി ഏതൊക്കെ രീതിയിൽ ദ്രോഹിക്കാൻ കഴിയുമോ അതെല്ലാംതന്നെ ചെയ്യുന്നുണ്ട്. എന്നാൽ അതിനെതിരെ ഒരക്ഷരംപോലും മിണ്ടാതെ അനങ്ങാതെയിരിക്കുകയാണ് ഇവിടെയുള്ള യു.ഡി.എഫ്. സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ അത് നമ്മുടെ കേരളത്തിന് ലഭിക്കേണ്ട വിഹിതമാണ്, ഞങ്ങളെക്കൂടി ജയിപ്പിച്ച ഈ കേരളത്തിലേക്ക് വരേണ്ട ഫണ്ടാണ് എന്ന് ഒരിക്കൽപോലും പറയാൻ തയ്യാറാവാത്തവരാണ് കോൺഗ്രസുകാർ. എന്നാൽ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കേരള സർക്കാർ ക്ഷേമ പെൻഷനുകൾ കൊടുത്തുകൊണ്ടിരിക്കുകയാണ്.

(തുടരും)

P. 21-01-2025
RA-SR (1)
12.30-12.40

SN

(ശ്രീമതി കാനത്തിൽ ജമീല തുടർച്ച..........)

ഉമ്മൻചാണ്ടിയുടെ ഭരണകാലത്ത് ക്ഷേമപെൻഷൻ 600 രൂപയായിരുന്നു. അന്ന് പെൻഷൻ നൽകുന്നതിനായി 200 കോടി രൂപ മാത്രം മതിയായിരുന്നു. പാവപ്പെട്ട ജനവിഭാഗത്തിന്റെ 18 മാസത്തെ പെൻഷൻ നൽകാതെ

പിടിച്ചുവച്ചിരുന്നവരാണ് ഇന്ന് ഓരോ വീടുകളിലുംപോയി കള്ളപ്രചരണം പോലെയുള്ള കാര്യങ്ങൾ നടത്തിവരുന്നത്. ഈ പ്രതിസന്ധി ഘട്ടത്തിലും ക്ഷേമപെൻഷൻ നൽകുന്നതിനായി സർക്കാർ 35,400 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ഭവനരഹിതരായ 538818 കുടുംബങ്ങളിൽ 424800 കുടുംബങ്ങൾക്ക് സുരക്ഷിതമായ വീട് ഒരുക്കി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർക്ക് എത്രയുംവേഗം വീടുകൾ നൽകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 6.8 ലക്ഷം പേർക്ക് ചികിത്സാ ധനസഹായം ലഭിക്കുകയാണ്. വീട്ടിലെ ഒരംഗത്തിന് അസുഖം വരുമ്പോൾ ചികിത്സാ ചെലവിന്റെ കാര്യം ആലോചിച്ച് ആ വീട്ടിലെ കുടുംബനാഥനും മറ്റ് അംഗങ്ങളും മാനസികമായും ശാരീരികമായും പ്രയാസം അനുഭവിക്കാറുണ്ട്. ആ വേളയിലാണ് ഒരു അനുഗ്രഹമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ ഫണ്ട് ആ വീടുകളിലേയ്ക്ക് എത്തുന്നത്. അത് ചെറിയ കാര്യമാണോ? 95 ലക്ഷം റേഷൻ കാർഡ് ഉടമകളുള്ള രാജ്യത്തെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനം കേരളത്തിൽ നടക്കുകയാണ്. അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തെക്കുറിച്ച് നോക്കൂ, ഇവിടെ ശ്രീ. എം. വിജിൻ ദേശീയ പാതാ വികസനത്തെ

സംബന്ധിച്ച് പറഞ്ഞു. ദേശീയ പാതാ വികസനത്തിനായുള്ള സ്ഥലമെടുപ്പ് നിലവിലെ സർക്കാരിന്റെ ഇച്ഛാശക്തികൊണ്ട് മാത്രം നടന്നതാണ്. അതിനുവേണ്ടി 5,580 കോടി രൂപ ചെലവഴിച്ചത് നമുക്ക് ഓർമ്മയുണ്ട്. ദേശീയ പാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന കാലത്ത് എന്തൊക്കെയായിരുന്നു പ്രശ്നങ്ങൾ? പ്രതിപക്ഷത്ത് ഇരിക്കുന്നവർ എല്ലാ വികസനങ്ങളും മുടക്കുന്നവരാണ്. എല്ലാ വികസനവും മുടക്കുക എന്നതുമാത്രമാണ് പ്രതിപക്ഷത്തിന്റെ അജണ്ട. ഈ നാട്ടിൽ ഒരു വികസന പ്രവർത്തനങ്ങളും നടക്കരുത്, ജനങ്ങൾക്ക് ഒരാനുകൂല്യവും ലഭിക്കരുത്, ജനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കി കൊടുക്കരുത് എന്നാൽ മാത്രമേ ഞങ്ങൾക്ക് അധികാരത്തിലെത്താൻ സാധിക്കുകയുള്ളൂ എന്നതാണ് അവരുടെ അജണ്ട. അത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് അവർ. എങ്ങനെയെങ്കിലും അധികാരത്തിലെത്തുക എന്നതുമാത്രാണ് അവരുടെ ലക്ഷ്യം. ഇവരെ അംഗീകരിക്കുന്നത് ആരാണെന്നുള്ളത് പിന്നീട് പറയാം.

സമ്പൂർണ്ണ വൈദ്യുതീകരണം സംബന്ധിച്ച് പറയുമ്പോൾ; വൈദ്യുതി വെളിച്ചം എന്താണെന്ന് അറിയാത്ത, ഒരിക്കലും വെളിച്ചം കാണാൻ കഴിയുകയില്ലെന്ന് പറഞ്ഞിരുന്ന ഊര് കൂട്ടത്തിലെ ആദിവാസികളുണ്ടായിരുന്നു. അങ്ങനെയുള്ള വിദൂര ആദിവാസികൾക്കുൾപ്പെടെ ഓരോ വീടുകളിലും വൈദ്യുതി

എത്തിക്കുകയാണ് ഈ സർക്കാർ. കേരളത്തിലെ ജനങ്ങൾ പവർകട്ട് എന്നത് മറന്നുപോയിരിക്കുകയാണ്. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് പവർകട്ട് ഉണ്ടായിരുന്ന സമയമുണ്ടായിരുന്നു. എട്ട് വർഷമായി അതെല്ലാം കേരളത്തിലെ ജനങ്ങൾ മറന്നുപോയിരിക്കുന്നു. ഞങ്ങൾ കഴിഞ്ഞ ദിവസം അരുണാചൽ പ്രദേശത്ത് സ്ഥലസന്ദർശനത്തിനായി പോയപ്പോൾ അവിടെ വൈദ്യുതിയോ അവിടത്തെ ബാത്ത്റൂമുകളിൽ ചൂടുവെള്ളമോ ഇല്ലാത്ത സ്ഥിതിയായിരുന്നു. കോൺഗ്രസ്സും ബി.ജെ.പി.-യും ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം ഓരോ മണിക്കൂർ കൂടുമ്പോഴും പവർകട്ടാണ്. എന്നാൽ കേരളത്തിൽ പവർകട്ട് ഇല്ല.

സർക്കാർ സ്കൂളുകളുടെ ആധുനികവത്കരണത്തിനായി മൂവായിരം കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനത്തിൽ കിഫ്ബിയുടെ പങ്ക് എടുത്തുപറയേണ്ടതാണ്. നമ്മുടെ നാട്ടിലെ പാലങ്ങളുടെയും റോഡുകളുടെയുമെല്ലാം കൂടുതൽ പ്രവൃത്തിയും കിഫ്ബി പദ്ധതി ഉപയോഗിച്ചാണ് നടത്താൻ സാധിച്ചിട്ടുള്ളത്. കിഫ്ബി എന്നുപറയുമ്പോൾ പ്രതിപക്ഷത്തിന്റെ ഒച്ചപ്പാട് എന്തായിരുന്നു? ഇന്ന് പ്രതിപക്ഷത്ത് ഇരിക്കുന്ന ഓരോ അംഗങ്ങളുടെയും നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി വഴിയാണ് നടപ്പാക്കിയത്. അതിന്റെ ഉദ്ഘാടനം നടത്തുന്ന

സമയത്ത് അവർക്കെല്ലാവർക്കും അഭിമാനമാണ്. കിഫ്ബിയുടെ കാര്യത്തിലാണ് പ്രതിപക്ഷം ഈ രീതിയിലുള്ള പ്രശ്നങ്ങളെല്ലാം നടത്തിയത്. എന്നാൽ അതുവഴി ലഭിക്കേണ്ടതെല്ലാം ലഭിക്കുമ്പോൾ ഏറ്റവും നല്ലത്. കേരളം ഇപ്പോൾ കടക്കെണിയിൽപ്പെട്ട് കിടക്കുകയാണെന്ന് നേരത്തെ സീനിയറായ ഒരംഗം പറഞ്ഞു. എങ്ങനെയാണ് കടക്കെണിയിൽ ആയിട്ടുള്ളത്. കേന്ദ്രം കേരളത്തിന് അനുവദിക്കേണ്ട ഫണ്ട് അതേരീതിയിൽ അനുവദിക്കാത്തതുകൊണ്ടാണ് കടക്കെണിയിൽ അകപ്പെട്ടത്. കിഫ്ബിയുടെ പരിധിയടക്കം കടത്തിലേയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്നതിനാലാണ് കടമുണ്ടായത്. ഇക്കാര്യം പറയുമ്പോൾ, 'ഞാൻ ആന പുറത്ത് കയറിയിരുന്നത് കണ്ടവരാരുമില്ല, എന്നാൽ വീണത് കണ്ടവരുണ്ട്' എന്ന് പണ്ട് മഹാനായ കവി അക്കിത്തം പറഞ്ഞതാണ് എനിക്ക് ഓർമ്മ വരുന്നത്. അതായത്, നെഗറ്റീവ് ആകുമ്പോൾ എല്ലാവരും കാണും. കണക്കെണിയിലാണ് ഇപ്പോൾ കേരളം എന്നുപറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഞങ്ങൾ പ്രതിപക്ഷ നേതാവിനെയെല്ലാം വളരെയധികം ബഹുമാനിക്കുന്നവരാണ്. പരസ്പര ബഹുമാനം എപ്പോഴുമുണ്ടാകും. പക്ഷേ, സഭയിൽ വേണ്ടരീതിയിലുള്ള മാന്യത പുലർത്തേണ്ടത് ആവശ്യമാണ്. പ്രതിപക്ഷനേതാവിന്റെ ശൈലി മാറ്റണമെന്ന് ചാനലുകളും പത്രങ്ങളും ദിവസവും

പറഞ്ഞുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിനെ ആ പാർട്ടിയിലുള്ളവർപോലും തള്ളിപ്പറയുന്ന അവസ്ഥ വന്നിട്ടുള്ളത് എങ്ങനെയാണെന്ന് പറയാൻ സാധിക്കുമോ? അതിനാൽ ആ ശൈലി മാറ്റുക തന്നെ വേണം, ആ ശൈലി ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് പ്രതികരിക്കുന്നത്. പ്രതികരിക്കണ്ടായെന്ന് പറഞ്ഞാൽ നടക്കുമോ? ഇതാണ് ഇപ്പോഴത്തെ പ്രതിപക്ഷത്തിന്റെ സ്ഥിതി. നിയമസഭയിൽ സംസാരിക്കുമ്പോൾ ഒരു മാന്യത വേണം. ഒരു കാര്യംകൂടി പറയാതിരിക്കാൻ സാധിക്കില്ല. കേരള വികസന പാത ഇന്ന് ലോകത്തിന്റെ ശ്രദ്ധപ്പിടിച്ചുപറ്റുന്നു. ഒരു അഴിമതിയും നടത്താത്ത സർക്കാർ എന്നുള്ള ഖ്യാതികൂടി കേരളത്തിനുണ്ട്. ഇന്ത്യാ രാജ്യത്തിൽ ഇതുപോലെ മറ്റൊരു സംസ്ഥാനവുമില്ല. കേന്ദ്ര സർക്കാരിന്റെ കാര്യം നമുക്കറിയാം, സിവിൽ സർവ്വീസിൽ മാത്രമല്ല, ജനപ്രതിനിധിയടക്കം അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്ന സർക്കാരാണത്. കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലെ ഒരു എം.എൽ.എ.-യെ സംബന്ധിച്ച വാർത്ത പത്രങ്ങളിൽ വന്നെങ്കിലും പത്രംതന്നെ അതേപടി മുക്കുന്ന സ്ഥിതി ഇവർക്കുവേണ്ടിയുണ്ടല്ലോ? ഇവിടെയുള്ള എം.എൽ.എ.-മാരാണ് ജയിലിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. ബാങ്കിൽ ജോലി

നൽകാമെന്നുപറഞ്ഞ് വലിയ അഴിമതി നടത്തിയതുകാരണം ഒരു അച്ഛനും മകനുമാണ് കഴിഞ്ഞ ദിവസം ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് ആത്മഹത്യ ചെയ്തത്. ഇതിനെക്കുറിച്ച് എന്താണ് പ്രതിപക്ഷത്തിന് പറയാനുള്ളത്? അവിടെ രേഖയില്ലെന്നും ആത്മഹത്യാക്കുറിപ്പ് എൻ. എം. വിജയന്റേതാണെന്ന് തെളിഞ്ഞിട്ടില്ലെന്നുമാണ് അവർ പറയുന്ന കാരണങ്ങൾ. അങ്ങനെ പറയാൻ ഇവർക്ക് നാണമില്ലല്ലോ? ഞങ്ങൾക്ക് പറയാനുണ്ട്, കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി പി. പി. ദിവ്യയുടെ പേരിൽ ഒരാൾപോലും ആത്മഹത്യാക്കുറിപ്പ് എഴുതിവച്ചിട്ടില്ല; അവർ എന്തെങ്കിലും ചെയ്തതായി ഒരു തെളിവുമില്ല. പക്ഷെ, അവരുടെ ഭാഗത്തുനിന്നും എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ മാറിനിൽക്കണമെന്ന് പാർട്ടി പറഞ്ഞു. ഞങ്ങൾ അങ്ങനെ ചെയ്തല്ലോ? ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവച്ച് മാറി നിൽക്കാനും അന്വേഷണം തെളിയുമ്പോൾ ആ രീതിയിൽ കൊണ്ടുവരാമെന്നും പാർട്ടി പറഞ്ഞു. എന്നാൽ പ്രതിപക്ഷം എന്താണ് ചെയ്തത്; ഇന്ന് കോടതിയിൽ ഹാജരാകേണ്ടതാണെങ്കിലും നിയമസഭാ സമ്മേളനമുണ്ടെന്ന് പറഞ്ഞാണ് ബഹുമാനപ്പെട്ട സുൽത്താൻ ബത്തേരി അംഗം കോടതിയിൽ ഹാജരാകാത്തത്. പക്ഷെ ഇവിടെ സഭയിലും അദ്ദേഹത്തെ കാണുന്നില്ല.

എന്തിനാണ് ഈ ഒളിച്ചുകളി; മുക്കുക, നക്കുക ഇവയെല്ലാം ഇവർക്ക് പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ഇതുപോലെത്തന്നെ ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. പക്ഷെ, ആരായാലും സഭയിൽ മാന്യത പാലിക്കണമെന്ന കാര്യമാണ് ഞങ്ങൾക്ക് പറയാനുള്ളത്.

(ശ്രീ. കെ. യു. ജനീഷ് കുമാർ)

P.21-01-2025
RA-SR (1)
12.30-12.40

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ ദിവസമാണ് ഹരിവരാസനം പാടി ശബരിമല തീർത്ഥാടനകാലം അവസാനിച്ചത്. ഇന്നലെ മലയാള മനോരമ പത്രത്തിൽ വന്ന മുഖപ്രസംഗത്തിലെ തലക്കെട്ട്, " ഭക്തമനം നിറച്ച് തീർത്ഥാടനകാലം, ശബരിമലയിൽ കണ്ടത് ഏകോപിത പ്രവർത്തനങ്ങളുടെ വിജയം' എന്നാണ്. കുത്തിത്തിരിപ്പുണ്ടാക്കാൻ വലിയ പരിശ്രമമാണ് പ്രതിപക്ഷം ശബരിമലയിൽ നടത്തിയത്. എല്ലാ കുത്തിത്തിരുപ്പുകാരെക്കൊണ്ടും അയ്യപ്പൻ ഇത്തവണ തിരുത്തി എഴുതിച്ചു, തിരുത്തിപ്പറയിപ്പിച്ചു എന്നുള്ളതാണ് ഈ ശബരിമല തീർത്ഥാടന കാലത്തിന്റെ പ്രത്യേകത. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും

ദേവസ്വം വകുപ്പുമന്ത്രിയെയുമെല്ലാം ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. മുഖ്യമന്ത്രിയുടെ വളരെ സൂക്ഷ്മമായ ഇടപെടലാണ് ഈ തീർത്ഥാടനകാലം വിജയമാക്കിത്തീർത്തത്. ദേവസ്വം വകുപ്പുമന്ത്രി തീർത്ഥാടനത്തിന്റെ പ്രധാന സമയങ്ങളിലെല്ലാം ശബരിമലയിൽ ക്യാമ്പുചെയ്തുകൊണ്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളാണ് ഭക്തലക്ഷങ്ങൾക്ക് സുഗമമായ തീർത്ഥാടനമൊരുക്കിയത്. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ, ഊണുമുറക്കവുമില്ലാതെ ദേവസ്വം ബോർഡ് പ്രസിഡന്റ്, ശ്രീ. പി. എസ്. പ്രശാന്ത്, ദേവസ്വം ബോർഡ് അംഗങ്ങൾ, ഉദ്യോഗസ്ഥർ, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പോലീസ് എ.ഡി.ജി.പി., ശ്രീ. എസ്. ശ്രീജിത്ത് ഉൾപ്പെടെ എല്ലാവരുടെയും പരിശ്രമമാണ് ഈ തീർത്ഥാടനത്തെ സുഗമമാക്കിയത്.

(തുടരും)

P.21-01-2025
RL-SR-2
12.40-12.50

(ശ്രീ. കെ. യു. ജനീഷ് കുമാർ....തുടർച്ച)

ശബരിമലയിൽ കഴിഞ്ഞകാലയനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തീരുമാനങ്ങൾ, അവിടെ എത്തിയ കോൺഗ്രസ് നേതാക്കന്മാരെക്കൊണ്ടുപോലും നല്ലതെന്ന് പറയിപ്പിക്കാൻ സാധിച്ചു.

ഇതുമാത്രമല്ല, 778.17 കോടി രൂപയുടെ ശബരിമല ലേ ഔട്ട് പ്ലാൻ മന്ത്രിസഭ അംഗീകരിച്ചിരിക്കുകയാണ്. ഇരുപത്തിയഞ്ച് വർഷം മുന്നിൽകണ്ടുകൊണ്ടുള്ള ശബരിമല വികസനം. ഇക്കാര്യത്തിൽ സർക്കാരിനെ അങ്ങേയറ്റം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നതിനുമുമ്പ് കണ്ണുനീരിൽ പുരണ്ട ഒരു ആത്മഹത്യാക്കുറിപ്പിലെ ചില വരികൾ പറയാൻ ആഗ്രഹിക്കുകയാണ്. ഈ കുറിപ്പ് എഴുതിയിരിക്കുന്നത്, വയനാട് ജില്ലാ കോൺഗ്രസ് കമ്മിറ്റി (ഡിസിസി) മുൻ ട്രഷറർ എൻ. എം. വിജയനാണ്. തൃശ്ശൂർ ഗുരുവായൂരപ്പൻ കോളേജിൽനിന്ന് ഡിഗ്രിയെടുത്തശേഷം കെ.എസ്.യു.-വിൽ സജീവ പ്രവർത്തകനായിരുന്നു. മുൻ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും ശ്രീ. എ. സുജനപാലും അദ്ദേഹത്തിന്റെ സഹപാഠികളായിരുന്നു. പത്തുവർഷം കോൺഗ്രസിന്റെ മണ്ഡലം സെക്രട്ടറിയായും സംഘടനാ തിരഞ്ഞെടുപ്പിൽ മത്സരിച്ച് കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് ഡി.സി.സി. സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ പദവികളും വഹിച്ചിട്ടുണ്ട്. അവസാനം ഡി.സി.സി.-യുടെ ട്രഷററുമായി. അദ്ദേഹത്തിന്റെ ആത്മഹത്യാക്കുറിപ്പിൽ നിരവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. സുധാകരൻ മന്ത്രിയായിരിക്കുമ്പോൾ റസ്റ്റ് ഹൗസിൽ വിശ്രമിക്കാതെ തന്റെ വീട്ടിൽപ്പോയി വിശ്രമിച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ അതിലുണ്ട്. അദ്ദേഹത്തിന്റെ അച്ഛൻ കോൺഗ്രസിന്റെ ബൂത്ത് പ്രസിഡന്റായിരുന്നുവെന്നും അഭിമാനപൂർവം പറയുന്നുണ്ട്. പിന്നീട് അദ്ദേഹത്തിന്റെ നൊമ്പരമായ അനുഭവങ്ങളും പങ്കുവച്ചിട്ടുണ്ട്. ഭാര്യ മരിച്ചതും മകൻ മാനസികാസ്വാസ്ഥ്യമുള്ള ആളാണെന്നും പറയുന്നതുമായിട്ടുള്ള ആ കുറിപ്പ് വായിക്കാൻ എനിക്ക് ഒരുമണിക്കൂർ നൽകണമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് പൂർണ്ണമായി പോകാനാഗ്രഹിക്കുന്നില്ല. ഇതാണ് അതിന്റെ ഉള്ളടക്കം. ആ മനുഷ്യനെ കൊലപ്പെടുത്തിയതാണ്. 'മാനസികമായി തകർത്തു, പൊതുസമൂഹത്തിൽ അപമാനിച്ചു, ഞാൻ ആത്മഹത്യ ചെയ്യുന്നു' . കാരണക്കാരായ നിയമസഭയിലെ കോൺഗ്രസിന്റെ ഒരു എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, കോൺഗ്രസിന്റെ സമുന്നത നേതാക്കന്മാരായിട്ടുള്ള ഡി.സി.സി. പ്രസിഡന്റ് ശ്രീ. എൻ. ഡി. അപ്പച്ചൻ, ശ്രീ. കെ. കെ. ഗോപിനാഥൻ എന്നിവരുടെ പേരുമുണ്ട്. അവശേഷിക്കുന്ന എന്റെ കുടുംബത്തിന് മാന്യമായി ജീവിക്കാൻ കഴിയണമെന്നും അതിനവസരമൊരുക്കണമെന്നും ആ കത്തിൽ പറഞ്ഞിട്ടുണ്ട്. എത്ര അപമാനം; ഇങ്ങനെയൊരു കോൺഗ്രസ് നേതാവിന്റെ വാക്കുകൾക്ക്

നിങ്ങൾ മനുഷ്യത്വപരമായ ഒരു സമീപനമെങ്കിലും സ്വീകരിക്കാൻ തയ്യാറായിട്ടുണ്ടോ? ഡി.സി.സി. ട്രഷററുടെ അവസ്ഥ ഇങ്ങനെയാണെങ്കിൽ കെ.പി.സി.സി. ട്രഷററുടെ അവസ്ഥ എന്തായിരുന്നു; മുൻ കെ.പി.സി.സി. പ്രസിഡന്റും മന്ത്രിയുമായിരുന്ന വരദരാജൻ നായരുടെ മകനും കെ.പി.സി.സി. ട്രഷററുമായിരുന്ന അഡ്വ. വി. പ്രതാപചന്ദ്രന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് പറഞ്ഞത് അദ്ദേഹത്തിന്റെ മകനും കുടുംബവുമാണ്. നിങ്ങൾ അന്വേഷണ കമ്മീഷനെ പ്രഖ്യാപിച്ചു, എവിടെയാണ് ആ അന്വേഷണ റിപ്പോർട്ട്? ഐ.എൻ.ടി.യു.സി. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് പി. ടി. പോളിന്റെ ആത്മഹത്യയിൽ ആരോപണമുണ്ടായപ്പോൾ എന്തുനടപടിയാണ് നിങ്ങൾ സ്വീകരിച്ചത്? തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ കാലുവാരിയതിൽ മനംനൊന്ത് കോൺഗ്രസ് നേതാവ് പി. വി. ജോൺ ആത്മഹത്യ ചെയ്തു. നിങ്ങൾക്ക് ധാർമ്മികത നഷ്ടപ്പെട്ടിരിക്കുന്നു. മലപ്പുറം തുവ്വൂരിൽ സുജിതയെന്ന വീട്ടമ്മയെ സ്വന്തം വീട്ടിലേയ്ക്ക് വിളിച്ചുവരുത്തി, കൊന്ന് കുഴിച്ചുമൂടി, അതിനുമുകളിൽ മെറ്റലുമിട്ട് പട്ടിക്കൂട്ടം സ്ഥാപിച്ചയാൾ യൂത്ത് കോൺഗ്രസിന്റെ മണ്ഡലം സെക്രട്ടറി വിഷ്ണുവാണ്. അവരുടെ പാർട്ടിയായി കേരളത്തിൽ കോൺഗ്രസ് പാർട്ടി മാറുകയാണ്. എന്ത് ധാർമ്മികതയാണിവർക്കുള്ളത്?

ആർ.എസ്.എസ്.-നെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗിക്കുന്നത് കേട്ടു. ആരാണ് ആർ.എസ്.എസ്. ശാഖകൾക്ക് കാവൽ നിന്നത്; സി.പി.ഐ.(എം) കാരാണോ? ആർ.എസ്.എസ്. കാര്യാലയത്തിനും ശാഖകൾക്കും കാവൽ നിന്നതും സംരക്ഷണം കൊടുത്തതും ഞാനാണെന്ന് പ്രഖ്യാപിച്ച ആളാണ് നിങ്ങളുടെ കെ.പി.സി.സി പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ. ഗോൾവൽക്കറുടെ ഛായാചിത്രത്തിനുമുമ്പിൽപ്പോയി വിളക്കുകൊളുത്തി അദ്ദേഹത്തെ മഹത്വവൽക്കരിച്ച് പ്രസംഗിച്ചയാളാണ് അങ്ങയുടെ മുന്നിലിരിക്കുന്ന പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ഘോര ഘോരം പ്രസംഗിക്കുന്നത് കേട്ടു. എന്റെ ഷംസൂ.... നിങ്ങളുടെ പാർട്ടിയുടെ കൊടി പിടിക്കാൻ സമ്മതിക്കാത്ത കോൺഗ്രസിനോട് നിങ്ങൾക്ക് എന്തെങ്കിലും ഉരിയാടാൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾക്ക് ഇപ്പോൾ വേണ്ടത് ശ്രീ. പി. വി. അൻവറിനെയാണ്. കേരള രാഷ്ട്രീയത്തിൽ എല്ലാവർക്കുമറിയാവുന്ന ഒരു ഉരഗ വർഗ്ഗത്തിന്റെ സ്വഭാവം, അതായത് ഓന്തിന്റെ സ്വഭാവമാണ് അദ്ദേഹത്തിനുള്ളത്. കേരള രാഷ്ട്രീയത്തിൽ ഓന്തിന്റെ റോളാണ് അദ്ദേഹം ഇപ്പോൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഇടയ്ക്കിടയ്ക്ക് നിറം മാറും, പറഞ്ഞതെല്ലാം തിരുത്തി പറയും, അങ്ങനെയുള്ള ശ്രീ. പി. വി. അൻവറിനെയാണ് ഇപ്പോൾ

പ്രതിപക്ഷം മുന്നിലേക്ക് നിർത്തിയിട്ടുള്ളത്. കോൺഗ്രസുകാരനായിരുന്ന ശ്രീ. പി. വി. അൻവറിന് ഇടയ്ക്ക് ഞങ്ങൾ പിന്തുണ നൽകി എം.എൽ.എ. ആക്കി. 560000 അംഗങ്ങളുള്ള ഞങ്ങളുടെ പാർട്ടിയിൽ ഒരു മെമ്പർഷിപ്പ് പോലും ശ്രീ. പി. വി. അൻവറിനില്ല. പ്രതിപക്ഷം എത്ര അൻവർമാരെ ഉപയോഗിച്ചാലും ഞങ്ങളുടെ പാർട്ടിയെ ഒരു ചുക്കും ചെയ്യാൻ സാധിക്കില്ലെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഇവിടെ ജൂനിയർ ആർട്ടിസ്റ്റുകൾക്ക് ഇപ്പോൾ വലിയ തിരക്കാണ്. കാരണം ശ്രീ. പി. വി. അൻവറിന്റെ പരിപാടിക്ക് പോകണം. നിങ്ങളുടെ പാർട്ടി നേതാക്കന്മാരെക്കുറിച്ച് എന്തെല്ലാമാണ് അദ്ദേഹം പറഞ്ഞ്. ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് ഒരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത് ഞാനിവിടെ വായിക്കുന്നില്ല. അദ്ദേഹത്തിന്റെ ഡി.എൻ.എ. പോലും പരിശോധിക്കണമെന്ന് പറഞ്ഞത് ഞങ്ങളാരുമല്ല. അത് പറഞ്ഞത് ശ്രീ. പി. വി. അൻവറാണ്. അതുപോലെ, ഉയർന്ന യോഗ്യതയുണ്ടായിട്ടും കുടുംബത്തെ ഉപേക്ഷിച്ച് അന്യസംസ്ഥാനത്ത് ജോലിക്കുപോകേണ്ടതിനാൽ അവ ഒഴിവാക്കി ആയിരക്കണക്കിന് കുടുംബിനികളുടെയും ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ യുവജനങ്ങളുടെയും കഞ്ഞിയിൽ മണ്ണുവാരിയിട്ട സ്വാർത്ഥനും കൊടുംവഞ്ചകനും സാമൂഹ്യവിരുദ്ധനും ധിക്കാരിയും

അഹങ്കാരിയും സർവോപരി നല്ലൊരു അഭിനേതാവുമായ ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷ നേതാവ് എന്ന പദവിയിൽ ഈ നിയമസഭയിലിരിക്കുമ്പോൾ അതിലൊരു അംഗമാണെന്നതിൽ ജനങ്ങളുടെ മുമ്പിൽ തലകുനിക്കുന്നു, എനിക്ക് അപമാനമാണ് എന്ന് ഈ സഭയിൽ പ്രസംഗിച്ച ശ്രീ. പി. വി. അൻവറാണ് ഇപ്പോൾ നിങ്ങളുടെ രക്ഷകനായി പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ഞങ്ങൾക്ക് ജനകീയ പ്രശ്നങ്ങളാണ് പ്രധാനം. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാൻ കേന്ദ്ര ഗവൺമെന്റും എല്ലാവരും ശ്രമിക്കുമ്പോൾ ലക്ഷക്കണക്കിന് പാവപ്പെട്ടവരുടെ പെൻഷൻ വീണ്ടും മുടങ്ങാതെ അവരുടെ വീടുകളിൽ എത്തുകയാണ്. രണ്ടുമാസത്തെ പെൻഷനാണ് ഇപ്പോൾ പ്രഖ്യാപിക്കുന്നത്. സാധാരണക്കാരന്റെ പ്രയാസം ഞങ്ങൾക്കറിയാം. ഭൂമിയുടെ ഉടമകളല്ലാത്ത ആളുകൾക്ക് അവരെ ഭൂമിയുടെ ഉടമകളാക്കുകയെന്ന ലക്ഷ്യത്തിൽ 180000 പട്ടയങ്ങളാണ് ഇക്കാലയളവിൽ വിതരണം ചെയ്തിട്ടുള്ളത്. അങ്ങനെ ജനപക്ഷത്തുനിന്നാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. (ശ്രീ. ടി. സിദ്ദിഖ്)

P.21-01-2025
RL-SR-2
12.40-12.50

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട ശ്രീ. അനൂപ് ജേക്കബ് നേരത്തെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഏറ്റവും കൂടുതൽ സഭയിൽ എഴുന്നേറ്റുനിന്ന് അദ്ദേഹത്തിന്റെ പ്രസംഗം തടസ്സപ്പെടുത്താൻ നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട കൊയിലാണ്ടി അംഗമാണ്. ഞാനത് പറയേണ്ടിവരുന്നതിൽ അതിയായ ഖേദമുണ്ട്. ഇന്ന് കൊയിലാണ്ടി അംഗത്തിന്റെ പ്രസംഗത്തിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ സഭാ മര്യാദകൾ പഠിപ്പിക്കുന്നതുകേട്ടു. അത് പഠിപ്പിക്കുന്നതിനുമുമ്പ് മറ്റുള്ളവർ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോഴും സംസാരിക്കുമ്പോഴും എങ്ങനെ പെരുമാറണമെന്നുള്ളത് സ്വയം ബോധ്യമെങ്കിലുമുണ്ടായിട്ടുവേണം മറ്റുള്ളവരെ പഠിപ്പിക്കാനെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ശ്രീ. പി. വി. അൻവറിന്റെ ആരോപണത്തെക്കുറിച്ച് ശ്രീ. കെ. യു. ജനീഷ് കുമാർ ഇവിടെ സൂചിപ്പിച്ചു. പ്രതിപക്ഷ നേതാവിനെതിരെ അദ്ദേഹം അതുപറഞ്ഞു, ഇതുപറഞ്ഞു എന്നുള്ള കാര്യമൊക്കെ സൂചിപ്പിച്ചു. ഇതൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് എഴുതിക്കൊടുത്ത് പൊളിറ്റിക്കൽ

സെക്രട്ടറി പറയിപ്പിച്ചുവെന്ന് മാത്രമല്ല, ശ്രീ. പി. വി. അൻവർതന്നെ കേരളത്തിന്റെ പൊതുസമൂഹത്തിൽ ഞാൻ ക്ഷമ ചോദിക്കുന്നുവെന്ന് പറഞ്ഞതാണ്. പ്രതിപക്ഷ നേതാവിനോടും പ്രതിപക്ഷ നേതാവിന്റെ കുടുംബാംഗങ്ങളോടും പ്രതിപക്ഷ നേതാവിനെ സ്നേഹിക്കുന്ന പൊതു സമൂഹത്തോടും ഞാൻ ക്ഷമ ചോദിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞതാണ്. ഇത് പറയാൻ നേതൃത്വം കൊടുത്ത ശ്രീ. പി. വി. അൻവർതന്നെയാണ് പറഞ്ഞത്. (ബഹളം......) ഇതുതന്നെയാണ് കൊയിലാണ്ടി അംഗത്തോട് നേരത്തെ പറഞ്ഞത്. ഒരാൾ സംസാരിക്കുമ്പോൾ എങ്ങനെ സംസാരിക്കണമെന്ന് ശ്രദ്ധിച്ചാൽമതി.

(തുടരും....)

പി. 21-01-2025
പി.എസ്./എസ്.ആർ (2)
12:50 - 01:00

(ശ്രീ. ടി. സിദ്ദിഖ്...... തുടർച്ച)

നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ആളുകളെയൊക്കെ നിങ്ങൾ ഇങ്ങനെ ആക്ഷേപിക്കുകയോ അല്ലെങ്കിൽ കൊല്ലുകയോ ഏതെങ്കിലും കേസ്സിൽപ്പെടുത്തുകയോ അപമാനിക്കുകയോ ചെയ്യും. ഇത് നിങ്ങളുടെ സ്ഥിരം ശൈലിയാണ്. ടി. പി. ചന്ദ്രശേഖരനെ കൊലപ്പെടുത്തിയ കേസ് മുതൽ അത്തരത്തിലുള്ള നിരവധി കേസ്സുകൾ കിടക്കുകയാണ്. നിങ്ങൾക്ക്

ബുദ്ധിമുട്ടുണ്ടാകുമ്പോൾ നിങ്ങൾ അങ്ങനെയൊക്കെ ചെയ്യും. അതിന്റെ അവസാനത്തെ ഉദാഹരണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്. അദ്ദേഹം കേരളത്തിലെ ജനാധിപത്യ സമൂഹത്തിന്റെ കാവലാളായി പ്രവർത്തിക്കുകയാണ് എന്നതിൽ ആർക്കും തർക്കം വേണ്ട. നിങ്ങൾക്ക് ബുദ്ധിമുട്ടും പ്രയാസവുമുണ്ടാകും. എന്നാൽ ആ പ്രയാസം ജനങ്ങൾക്കുവേണ്ടി അനുഭവിക്കാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ ഇതുപോലെ തുടർന്നും പ്രവർത്തിക്കും. പിണറായി സർക്കാരിനെ താഴെ ഇറക്കുന്നതുവരെ വിശ്രമമില്ലാത്ത പോരാട്ടത്തിന് നേതൃത്വം കൊടുക്കുമെന്നുള്ളത് പ്രത്യേകം പറയുകയാണ്. (......ബഹളം.....) ഞാനൊന്ന് സംസാരിച്ച് തീർക്കട്ടെ.... നിങ്ങൾ ഇങ്ങനെ ആക്ഷേപിക്കുകയാണെങ്കിൽ ഒരു കാര്യംകൂടി പറയാനുണ്ട്. വയനാട് ദുരന്തമുണ്ടായപ്പോൾ ഞാൻ അവിടേക്ക് അർദ്ധരാത്രി 1.50-ന് പുറപ്പെട്ടു. 2.45-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, മന്ത്രിമാർ ഉൾപ്പെടെ എല്ലാവരെയും ഫോണിലൂടെ ബന്ധപ്പെടാൻ ശ്രമിച്ചപ്പോൾ ചിലർ കോൾ എടുത്തിരുന്നില്ല. എല്ലാവരും അവരുടേതായ ഉത്തരവാദിത്വം വഹിക്കുന്നവരാണ്. പക്ഷെ രണ്ടാമത്തെ റിങ്ങിൽതന്നെ ഫോണെടുത്ത് ആ അർദ്ധരാത്രിയിൽ ഞങ്ങൾക്കാവശ്യമായ ആത്മവിശ്വാസം പകർന്ന്, ഉറങ്ങാതെ കാവൽനിന്ന നേതാവാണ് നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ്. അക്കാര്യത്തിൽ നിങ്ങൾക്ക് തർക്കം വേണ്ട. ഫോൺ എടുത്ത മന്ത്രിമാരിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഉൾപ്പെടെയുള്ളവരുണ്ട്. അദ്ദേഹം അവിടെയുണ്ടായിരുന്നു. ഞാൻ അതിലേക്കല്ല കടക്കുന്നത്. ഇത്തരത്തിൽ ആക്ഷേപിക്കുമ്പോൾ/അതിക്ഷേപിക്കുമ്പോൾ അവരുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്താൻ മറുഭാഗത്തും ആളുകളുണ്ടാകുമെന്നുള്ള ജനാധിപത്യത്തിന്റെ ബോധ്യം നിങ്ങൾക്കുണ്ടാകണം. ഞാൻ എന്റെ വിഷയത്തിലേക്ക് വരാം. ഈ നയപ്രഖ്യാപനം പൂർണ്ണമാകണമെങ്കിൽ അതിനോട് ഒരു മിനിമം മര്യാദ പാലിക്കണം. രണ്ട് കാര്യങ്ങളെ സംബന്ധിച്ചെങ്കിലും നിങ്ങൾ തുറന്ന് പറയണം. ഒന്ന്, കേരളത്തെ ലഹരിയുടെ കേന്ദ്രമാക്കി മാറ്റാൻ നേതൃത്വം കൊടുത്ത ഭരണകൂടമാണ് ഞങ്ങളുടേതെന്ന് പറഞ്ഞാൽ ആദ്യത്തെ നീതീകരണമായി. മറ്റൊന്ന്, കേരളത്തിലെ ചെറുപ്പക്കാർ ഏറ്റവും കൂടുതൽ മൈഗ്രേഷന് വിധേയമാകുന്ന സംസ്ഥാനമാണ് ഞങ്ങളുടെ കേരളമെന്നും ആ കേരളത്തെ അങ്ങനെ മാറ്റാൻ ഞങ്ങൾ നേതൃത്വം കൊടുത്തുവെന്നും പറഞ്ഞാൽ രണ്ടാമത്തെ നീതീകരണമായി. അങ്ങനെ ഒരുപാട് വിഷയങ്ങളിൽ നിങ്ങൾ ഈ സമീപനം സ്വീകരിച്ചാൽ കുറെ കാര്യങ്ങൾ

തീരുമാനമാകും. ഞാൻ ചോദിക്കുന്ന അവസാനത്തെ.... പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള ഒയാസിസ് ഡിസ്റ്റിലറി..... ഇപ്പോൾ ആ ഭാഗത്തൊക്കെ മണക്കുന്നുണ്ട്. 2016-ലെ മദ്യ നയത്തെക്കുറിച്ച് നിങ്ങൾ ആലോചിച്ചു നോക്കണം. അതുസംബന്ധിച്ച് മരിച്ചുപോയ വിശ്വവിഖ്യാത നടിയായ കെ.പി.എ.സി. ലളിതയെക്കൊണ്ട് ഒരു ചെറിയ ക്രമീകരണം ചെയ്ത് വിഷ്വൽ പ്രസന്റേഷൻ നടത്തിയിരുന്നു. ആ പരസ്യത്തിൽ പറഞ്ഞത് 'ഇടതുപക്ഷം വന്നാൽ മദ്യം നിരോധിക്കും' , എന്നാണ്. നിങ്ങളുടെ മദ്യ നയമാണ് എന്റെ കൈയിലുള്ളത്. 'മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹിക വിപത്തായി മാറിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിക്കുക. മദ്യ വർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നുള്ളതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും' , എന്നൊക്കെയാണ് അതിൽ പറയുന്നത്. ഒരു ഭാഗത്ത് നിലവിലുള്ളതിനെക്കാൾ ബാറുകളുടെ എണ്ണം കൂട്ടുകയാണ്. 07-10-2024-ന് ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.-യുടെ ചോദ്യത്തിന് ശ്രീ. എം. ബി. രാജേഷ് നൽകിയ മറുപടി, നിലവിലെ സർക്കാർ ചുമതലയേറ്റതിനുശേഷം 131 പുതിയ ബാറുകൾ ഈ

സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്, എന്നാണ്. കേരളത്തിലെ ചെറുപ്പക്കാർ മുഴുവൻ മദ്യത്തിനും ലഹരിക്കും അടിമപ്പെട്ട് വളരെ ഗുരുതരമായ പ്രത്യാഘാതത്തിലൂടെ കടന്നുപോകുകയാണ്. കഴിഞ്ഞ ദിവസം താമരശ്ശേരിയിൽ മസ്തിഷ്കത്തിൽ കാൻസർ ബാധിച്ച് കിടപ്പിലായ ഒരു ഉമ്മയെ സ്വന്തം മകൻ കുത്തിക്കൊന്ന വാർത്ത നമ്മൾ കേട്ടിരുന്നു. ആ ഉമ്മയുടെ മകൻ ഏറ്റവും വലിയ ലഹരി മാഫിയയുടെ പിടിയാളാണ്. ആ മകൻ സ്വന്തം അമ്മയെ കുത്തിക്കൊല്ലുകയാണ്. ഇതൊക്കെ ജനാധിപത്യ കേരളത്തിലാണ് നടക്കുന്നത്. ഇന്ന് നമ്മുടെ മക്കൾ പോകുന്ന സ്ഥലം, പഠിക്കുന്ന സ്ഥലം, പോകുന്ന കോളേജ്, സഞ്ചരിക്കുന്ന വാഹനം, പോകുന്ന മാർക്കറ്റുകൾ തുടങ്ങി ഏതൊക്കെ സ്ഥലങ്ങളുണ്ടോ അവിടം മുഴുവൻ ലഹരിയുടെ വലിയ താവളമാക്കി നിങ്ങൾ മാറ്റിയിരിക്കുകയാണ്. ഈ സമയത്താണ് കേരളത്തിൽ 600 കോടി രൂപ മുതൽമുടക്കി 500 കെ.എൽ. പ്രൊഡക്ഷൻ കപ്പാസിറ്റിയുള്ള എത്തനോൾ പ്ലാന്റ്, മൾട്ടി-ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശ മദ്യ ബോട്ടിലിങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാൻഡി/വൈനറി പ്ലാന്റ് എന്നിവയുണ്ടാക്കാനുള്ള നടപടികൾക്ക് നിങ്ങൾ നേതൃത്വം നൽകുന്നത്. കേരളത്തിൽ ഇപ്പോൾ കുറച്ച് 'കെ' ഉൽപ്പന്നങ്ങൾക്ക് നേതൃത്വം

നൽകുകയാണ്, അതാണ് ഇവിടത്തെ സ്ഥിതി. ഇവിടെ കെ-റൈസ്, കെ-റെയിൽ അങ്ങനെ കുറേ കാര്യങ്ങൾ നടപ്പാക്കാൻ ശ്രമിച്ചെങ്കിലും നടപ്പായില്ല. അടുത്തതായി കെ-ബിയർ, കെ-ബ്രാൻഡി, കെ-റം തുടങ്ങിയവ ആരംഭിക്കാനുള്ള പുറപ്പാടിലാണ്. ഒരു തർക്കവും വേണ്ട, പാലക്കാട് കഞ്ചിക്കോട് ഇതുപോലെയുള്ള വിദേശനിർമ്മിത മദ്യശാലകൾ ആരംഭിക്കാൻ ഈ സർക്കാർ അല്ല ആര് ശ്രമിച്ചാലും അനുവദിക്കുന്ന പ്രശ്നമില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അവിടെയുള്ള ജനങ്ങൾക്ക് ആദ്യം വേണ്ടത് കുടിവെള്ളമാണ്. ആ കുടിവെള്ളം കൊടുക്കുന്നതിനുപകരം സാർവത്രികമായി ഇതുപോലെയുള്ള പ്രവർത്തനങ്ങൾക്ക് നിങ്ങൾ നേതൃത്വം കൊടുക്കുകയാണ് ചെയ്യുന്നത്. ഒരു വർഷത്തിനകം നിങ്ങൾ വയനാട് ടൗൺഷിപ്പ് നിർമ്മിക്കുമെന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ വയനാടിനെക്കുറിച്ച് പറഞ്ഞത്. ഒരു വർഷത്തിനകം നിർമ്മിക്കട്ടെ എന്നാണ് ഞങ്ങളുടെയും പ്രാർത്ഥന. പക്ഷേ, ആ നയപ്രഖ്യാപന പ്രസംഗത്തിൽ ഒരു നയാപൈസപോലും കേരളത്തിന് നൽകാത്ത കേന്ദ്രത്തിനെക്കുറിച്ച് ഒരു വാക്കെങ്കിലും പറയേണ്ടതല്ലേ; കേന്ദ്രം വയനാടിനുവേണ്ടി എന്തെങ്കിലും ഫണ്ട് അനുവദിക്കുകയോ എന്തെങ്കിലും നടപടിയെടുക്കുകയോ ചെയ്തോ? നവംബർ 13-ാം തീയതി നമ്മൾ പോസ്റ്റ്

ഡിസാസ്റ്റർ നീഡ്സ് അസസ്സ്മെന്റ് റിപ്പോർട്ടും മെമ്മോറാണ്ടവും നിരവധി അപേക്ഷകളും നൽകി. അതിന് ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എല്ലാവരും നേതൃത്വം നൽകി. ഡിസാസ്റ്റർ ഓഫ് സിവിയർ നേച്വർ എന്ന് പ്രഖ്യാപിച്ചാൽ മാത്രം പോരാ അഞ്ച് പൈസയെങ്കിലും ധനസഹായം നൽകിയോ? അടിയന്തര സഹായമായി 219 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും അത് നൽകിയില്ല. കേന്ദ്രത്തെ കുറ്റപ്പെടുത്താൻ നിങ്ങൾക്കെന്തേ പ്രയാസം? വയനാട്ടിലെ ജനങ്ങൾക്കുവേണ്ടി ഏറെ ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കേണ്ട ഈ സമയത്ത് നയാ പൈസ പോലും നൽകാത്ത കേന്ദ്ര നിലപാടുകൾക്കെതിരെ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഇനി രണ്ട് മിനിട്ടുകൂടി അനുവദിച്ചാൽ ഞാൻ അവസാനിപ്പിക്കാം.

ചെയർപേഴ്സൺ: ഇല്ല... രണ്ട് മിനിട്ട് നൽകാൻ കഴിയില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഒരുകാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. സി.പി.ഐ.(എം) നേതാവ് ശ്രീ. എ. വിജയരാഘവന്റെ ഒരു പ്രസ്താവനയുണ്ട്. വയനാട്ടിൽ ശ്രീ. രാഹുൽ ഗാന്ധി ജയിച്ചത് തീവ്ര വർഗ്ഗീയ ശക്തികളുടെ വോട്ടുകൊണ്ടാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനുശേഷം ബി.ജെ.പി.-യുടെ മഹാരാഷ്ട്ര മന്ത്രി ശ്രീ. നിതീഷ് നാരായൺ

റാണെ ഒരു പ്രസ്ഥാവന ഇറക്കി. അദ്ദേഹം പറഞ്ഞത്, 'കേരളം മിനി പാകിസ്ഥാൻ' എന്നാണ്. കേരളത്തിലെ ബി.ജെ.പി. നേതാവ് ശ്രീ. എസ്. ജയസൂര്യൻ പറഞ്ഞത്, 'കേരളം മിനി പാകിസ്ഥാനല്ല, പാകിസ്ഥാനാണ്' എന്നാണ്. കേരളത്തിലെ ജനങ്ങൾക്ക് ഇത്തരത്തിൽ ദേശദ്രോഹ പ്രസ്താവന നടത്താൻ ആരാണ് ആത്മവിശ്വാസം നൽകുന്നത്. ആത്മവിശ്വാസം നൽകുന്നത്, ശ്രീ. എ. വിജയരാഘവൻ അടക്കമുള്ള ബി.ജെ.പി. പ്രീണന നയമാണ്. അക്കാര്യത്തിൽ നിങ്ങൾക്ക് തർക്കം വേണ്ട. ബി.ജെ.പി.-ക്കുവേണ്ടി പ്രത്യയശാസ്ത്രപരമായി കേരളത്തിൽ ആവശ്യമുള്ള എല്ലാ പ്രതലവും വിരിക്കുന്ന പണിയിലാണ് നിങ്ങൾ. ആ പണി നിങ്ങൾ അനുസ്യൂതം തുടരുകയാണ്. അത് കേരളത്തിന് ആപത്താണ്. ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയതയാണെങ്കിലും വർഗ്ഗീയത നാടിന് ആപത്താണ്. (മൈക്ക് ഓഫ്)...

(ഡോ. കെ. ടി. ജലീൽ)

P-21-1-2024-UV-VS(2)
1.00-1.10

ഡോ. കെ. ടി. ജലീൽ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ രണ്ടാം പിണറായി സർക്കാരിന്റെ നയം വ്യക്തമാക്കിക്കൊണ്ട് ബഹുമാന്യനായ കേരള ഗവർണർ അവതരിപ്പിച്ച

പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ആദരണീയനായ അംഗം ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

എനിക്ക് തൊട്ടുമുമ്പ് പ്രസംഗിച്ച വയനാട് ജില്ലയിൽനിന്നുള്ള ശ്രീ. ടി. സിദ്ദിഖ് എന്റെ സുഹൃത്തും ഈ സഭയിലെ ഒരംഗവുമാണ്. അദ്ദേഹം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ മനസ്സിൽ നിറഞ്ഞുനിന്നത് 'തനിയാവർത്തനം' എന്ന സിനിമയിലെ അവസാനത്തെ രംഗമാണ്. 'തനിയാവർത്തനം' എന്ന സിനിമ ശ്രീ. ടി. സിദ്ദിഖും പ്രതിപക്ഷാംഗങ്ങളും കണ്ടിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ സിനിമയിൽ മമ്മൂട്ടി അവതരിപ്പിച്ച കഥാപാത്രം ഭ്രാന്തനാക്കപ്പെടുന്നുണ്ട്. ആ സിനിമയിൽ ഭ്രാന്തനാക്കപ്പെട്ട മമ്മൂട്ടിക്ക് അമ്മ ചോറിൽ വിഷം കലർത്തി നൽകുകയും അതേ ചോറ് കഴിച്ച് അമ്മയും മരിക്കുന്നൊരു രംഗമുണ്ട്. വളരെ ഹൃദയസ്പൃക്കായൊരു രംഗമാണത്. സത്യത്തിൽ സമാനമായ രംഗമാണ് വയനാട്ടിലെ ഡി.സി.സി. ട്രഷറർ എൻ. എം. വിജയന്റെ കാര്യത്തിലും സംഭവിച്ചത്. അദ്ദേഹം കോൺഗ്രസിനെ സ്നേഹിച്ചുവെന്ന തെറ്റാണ് ചെയ്തത്. കോൺഗ്രസ്സുകാരാനായി ജീവിക്കണമെന്ന് അദ്ദേഹം ആത്മാർഥമായി ആഗ്രഹിച്ചു. എസ്.ഐ. പോസ്റ്റിലേക്ക് സെലക്ഷൻ ലഭിച്ച വിവരംപോലും അദ്ദേഹത്തെ അറിയിക്കാതെ വിജയനെപ്പോലൊരാൾ വയനാട് ജില്ലയിൽ

കോൺഗ്രസിന്റെ കേഡറായി ഉണ്ടാകണമെന്ന് കോൺഗ്രസിന്റെ സമുന്നത നേതാക്കന്മാർപോലും താൽപര്യപ്പെട്ടു. അങ്ങനെയാണ് എസ്.ഐ.-ഉം സി.ഐ.-ഉം പദവിയിലെത്തേണ്ടിയിരുന്ന എൻ. എം. വിജയൻ അവസാനം കോൺഗ്രസ്സുകാരനായിത്തന്നെ നിൽക്കുകയും കോൺഗ്രസിന്റെ ഡി.സി.സി. ട്രഷററാവുകയും ചെയ്തത്. ആ വിജയനെയാണ് സഹപ്രവർത്തകർ ചേർന്ന് വഞ്ചിച്ചത്. വഞ്ചന അതിരുവിട്ടപ്പോൾ, എല്ലാ അതിർവരമ്പുകളും ഭേദിച്ചപ്പോൾ എൻ. എം. വിജയന് തന്റെ ഭിന്നശേഷിക്കാരനായ മകന് വിഷം നൽകിയശേഷം സ്വയം വിഷം കഴിച്ച് മരിക്കേണ്ട ദുര്യോഗമുണ്ടായി. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഇങ്ങനെയൊരു സംഭവം ഇതിനുമുമ്പ് നടന്നിട്ടുണ്ടോ; ഇല്ലയോ? പിന്നെ എങ്ങനെയാണ് കോൺഗ്രസ്സ് പാർട്ടിയിൽ വിശ്വസിച്ച് ആളുകൾ നിൽക്കുന്നത്; സ്വന്തം സഹപ്രവർത്തകരാൽ അതിഹീനമായി വഞ്ചിക്കപ്പെട്ടത് സഹിക്കാൻ കഴിയാതെ ഭിന്നശേഷിക്കാരനായ സ്വന്തം മകന് വിഷം കൊടുത്ത് മരിക്കുന്ന ഒരു രക്ഷിതാവിന്റെ മുഖം ആ ഭാഗത്ത് ഇപ്പോഴും കാണാൻ സാധിക്കുന്നു. ശ്രീ. ടി. സിദ്ദിഖ് സംസാരിച്ചപ്പോൾ എന്തുകൊണ്ടാണ് അതിനെക്കുറിച്ച് ഒന്നും പറയാതിരുന്നത്; അദ്ദേഹത്തിന് യാതൊന്നും പറയാൻ കഴിയില്ല. അതിൽ യാതൊരു തരത്തിലുമുള്ള ന്യായവും ന്യായീകരണവുമില്ല. ഇത്ര

ക്രൂരമായൊരു സംഭവമുണ്ടായപ്പോൾ അതിന്മേൽ കോൺഗ്രസ് പാർട്ടിയെടുത്ത സമീപനമെന്താണ്; വഴിയിലൂടെ പോകുന്നവരെ മുഴുവൻ ജയിലിൽ പിടിച്ചിടുന്ന കോട്ടുധരിച്ച ഏമാന്മാർ നമ്മുടെ നാട്ടിലില്ലേ; ആ ഏമാന്മാർക്ക് ഒരു ആത്മഹത്യാകുറിപ്പ് അടിസ്ഥാന കാരണമായി കാണാൻ കഴിയാതെ പോയതെന്തുകൊണ്ടാണ്? ഇപ്പോൾ നമ്മുടെ നാട്ടിൽ കേൾക്കുന്ന ഒരു പൊതുവികാരമെന്താണെന്നുവച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യണമെന്നുണ്ടോ; നിങ്ങൾക്ക് ആളുകളെ കൊല്ലണമെന്നുണ്ടോ; നിങ്ങൾക്ക് സാമ്പത്തികമായി തട്ടിപ്പ് നടത്തണമെന്നും ചതിക്കണമെന്നും വഞ്ചിക്കണമെന്നുമുണ്ടോ; Then be a Congress man, be a UDF person, be a League man. എങ്കിൽ ഇവിടത്തെ പത്രമാധ്യമങ്ങളുടെയും കോട്ട് ധരിച്ച ഏമാന്മാരുടെയും പരിലാളന നിങ്ങൾക്ക് ലഭിക്കും. നിങ്ങൾക്ക് ജാമ്യം നിഷേധിക്കില്ല, മുൻകൂർജാമ്യം ലഭിക്കും. നിങ്ങൾ കോൺഗ്രസ്/മുസ്ലീംലീഗ്/യു.ഡി.എഫ്. പ്രവർത്തകരായിരിക്കുന്നതുകൊണ്ട് നിങ്ങളെ ചോദ്യം ചെയ്യാൻപോലും അനുവദിക്കില്ല. നിങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ അല്ലെങ്കിൽ ഇടതുപക്ഷത്തിന്റെ ഭാഗത്താണ് നിൽക്കുന്നതെങ്കിൽ നിങ്ങൾക്ക് ഒരു പരിഗണനയും ലഭിക്കില്ല. You will be Jailed. ഒരു തെളിവുമില്ലെങ്കിൽപോലും നിങ്ങൾ ജയിലിൽ അടയ്ക്കപ്പെടുമെന്ന

സന്ദേശമാണ് കുറച്ചുകാലമായി നമ്മുടെ സംസ്ഥാനത്ത് പലരും നൽകികൊണ്ടിരിക്കുന്നത്. എത്രമാത്രം ക്രൂരമായ സംഭവമാണ് വയനാട്ടിൽ നടന്നത്. അതിനെക്കുറച്ച് വ്യക്തമായ മറുപടി പറയാൻ ബഹുമാനപ്പെട്ട കോൺഗ്രസ് നേതാക്കന്മാർക്ക് എന്താണ് സാധിക്കാത്തത്; എൻ. എം. വിജയനെ സംബന്ധിക്കുന്ന കാര്യങ്ങൾ ഞങ്ങൾ അന്വേഷിക്കുമെന്നാണ് അവസാനം കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. വിജയന്റെയും കുടുംബത്തിന്റെയും സാമ്പത്തിക ബാധ്യത കോൺഗ്രസ്സുകാർ തീർത്തില്ലെങ്കിൽ ഞങ്ങൾ അത് ഏറ്റെടുക്കുമെന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് അവസാനം പറയേണ്ടിവന്നില്ലേ; അപ്പോഴല്ലേ നിങ്ങൾക്ക് അക്കാര്യത്തിൽ ഒരനക്കമുണ്ടായത്. ഇങ്ങനെ വഞ്ചിക്കുകയും ചതിക്കുകയും ചെയ്യുന്നവരുടെ കൂടാരമായി കോൺഗ്രസ് പാർട്ടി മാറുന്നത് എങ്ങനെയാണ്; ഇതിനെക്കുറിച്ച് ശ്രീ. ടി. സിദ്ദിഖ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ രാജ്യത്ത് വർഗ്ഗീയവാദികൾ, വിഭാഗീയ വാദികൾ, മതഭ്രാന്തന്മാർ തുടങ്ങിയവർ രാജ്യത്തിന്റെ ഐക്യവും സാമുദായിക മൈത്രിയും തകർക്കാൻവേണ്ടിയുള്ള നിഗൂഢമായ നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാ വർഗ്ഗീയ വാദികളും കേരളത്തിന്റെ ഇടതുപക്ഷ/കമ്യൂണിസ്റ്റ് പാർട്ടിയെയും മുഖ്യമന്ത്രി ശ്രീ. പിണറായി

വിജയനെയും ഒരുപോലെ എതിർക്കുന്നു. നിങ്ങൾ ഒരു ആർ.എസ്.എസ്./ബി.ജെ.പി. പ്രവർത്തനകനോട് ആരാണ് നിങ്ങളുടെ ശത്രുവെന്ന് ചോദിച്ചു നോക്കു; ഞങ്ങളുടെ ഏറ്റവും വലിയ ശത്രു ഇടതുപക്ഷമാണ്, കമ്യൂണിസ്റ്റുകാരാണ്, ശ്രീ. പിണറായി വിജയനാണെന്ന് അവർ മറുപടി പറയും. നിങ്ങൾ ജമാഅത്തെ ഇസ്ലാമികക്കാരോടും എസ്.ഡി.പി.ഐ.-ക്കാരോടും ചോദിച്ചുനോക്കു, കമ്യൂണിസ്റ്റുകാരാണ്, ഇടതുപക്ഷക്കാരാണ് ശ്രീ. പിണറായി വിജയനാണ് അവരുടെ ഏറ്റവും വലിയ ശത്രുവെന്ന് അവർ പറയും. CASA-ക്കാരോട് അവരുടെ ഏറ്റവും വലിയ ശത്രുവാരാണെന്ന് നിങ്ങൾ ചോദിച്ചുനോക്കു; ഞങ്ങളുടെ ഏറ്റവും വലിയ ശത്രു ഇടതുപക്ഷക്കാരാണ്, കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്, ശ്രീ. പിണറായി വിജയനാണെന്ന് അവരും പറയും. എല്ലാ വർഗ്ഗീയവാദികളും എല്ലാ മതഭ്രാന്തന്മാരും ഒരുപോലെ ഇടതുപക്ഷത്തെയും കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ശ്രീ. പിണറായി വിജയനെയും എതിർക്കുന്നുണ്ടെങ്കിൽ ശ്രീ. പിണറായി വിജയനും ഇടതുപക്ഷവും കമ്യൂണിസ്റ്റ് പാർട്ടിയുമാണ് ശരിയെന്നുള്ളതാണ് അതിനർത്ഥം. അതിനെക്കാൾ വലിയ സാക്ഷ്യപത്രം ഇടതുപക്ഷത്തിന്റെ മതനിരപേക്ഷ ബോധത്തിന് വേറെ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എന്റെ

സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീൻ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം തോറ്റതിനെക്കുറിച്ച് പറഞ്ഞു. 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം ദയനീയമായി തോറ്റെങ്കിലും അവിടത്തെ ഇടതുപക്ഷത്തിന്റെ സിറ്റിംഗ് സീറ്റിൽ ആരാണ് ജയിച്ച് വന്നത്; യു.ഡി.എഫ്.ആണ്. ആലപ്പുഴ ജില്ലയിൽ ശ്രീ. എ. എം. ആരിഫ് മത്സരിച്ച് എം.പി.-യായതിലൂടെ ഒഴിവുവന്ന സീറ്റിൽ ഉപതിരഞ്ഞെടുപ്പ് നടന്നപ്പോൾ ജയിച്ചുവന്നത് യു.ഡി.എഫ്.ആണ്. തൊട്ടടുത്തുനടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ എന്താണ് സംഭവിച്ചത്; ഏതെങ്കിലുമൊരു തോൽവി ഇടതുപക്ഷ മുന്നണിയുടെ അന്ത്യകൂദാശ കഴിക്കുമെങ്കിൽ 2006-ലെ തോൽവി മുസ്ലീംലീഗിന്റെ അന്ത്യകൂദാശ കഴിക്കേണ്ടിയിരുന്നില്ലേ; ആ തിരഞ്ഞെടുപ്പിൽ മലപ്പുറം ജില്ലയിൽ പന്ത്രണ്ട് സീറ്റിൽ അഞ്ച് സീറ്റ് മുസ്ലീംലീഗിനും അഞ്ച് സീറ്റ് ഇടതുപക്ഷത്തിനും രണ്ട് സീറ്റ് കോൺഗ്രസ്സിനുമാണ് ലഭിച്ചത്. അതോടുകൂടി കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽനിന്ന് മുസ്ലീംലീഗ് റൈറ്റ് ഓഫ് ചെയ്യപ്പെട്ടോ; ഏതെങ്കിലുമൊരു തോൽവിയെ ചൂണ്ടിക്കാണിച്ച് ഇടതുപക്ഷം ജനങ്ങൾക്കിടയിൽനിന്ന് അകന്നുപോയിരിക്കുന്നു/ ജനങ്ങളുടെ പാർട്ടിയല്ലാതായി മാറിയിരിക്കുന്നുവെന്ന് എന്ത് അടിസ്ഥാനത്തിലാണ് എന്റെ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീൻ പറയുന്നത്. രാജ്യത്തുള്ള

വർഗ്ഗീയവാദികളെ കോൺഗ്രസ് മാറിമാറി തലോടാൻവേണ്ടി ശ്രമിച്ചു. അതിന്റെ ഫലമാണ് മൂന്നാം തവണ ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നുവെന്നുള്ളത്. ബാബരി മസ്ജിദ് തകർത്തപ്പോൾ മൗനിയായി നിന്ന പി. വി. നരസിംഹ റാവു ചെയ്ത മഹാ അപരാധത്തിന് കോൺഗ്രസിന് കൊടുക്കേണ്ടിവന്ന വിലയാണ് മൂന്നാമതും ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നുവെന്നുള്ളത്. ഇനി എത്രതവണ അവർ തുടർച്ചയായി അധികാരത്തിൽ വരുമെന്നുള്ളത് നമുക്ക് കണ്ടുതന്നെ അറിയണം. ബാബരി മസ്ജിദ് തകർക്കപ്പെട്ട സ്ഥലത്ത് രാമക്ഷേത്രം പണിതു. അപ്പോൾ എന്തായിരുന്നു കോൺഗ്രസിന്റെ നിലപാട്; ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ഹിന്ദുക്കളുടെ ആരാധനാലയവുമായി ബന്ധപ്പെട്ട പ്രശ്നമാണെന്നാണ് അവർ പറഞ്ഞത്. ഞങ്ങളെ വേണ്ടവിധം ക്ഷണിച്ചില്ലായെന്നുള്ളതിലുള്ള അമർഷം രേഖപ്പെടുത്തുന്നുവെന്നാണ് പറഞ്ഞത്. ബാബരി മസ്ജിദ് പൊളിച്ച സ്ഥലത്ത് രാമക്ഷേത്രം പണിയാൻ എല്ലാ സാധനസാമഗ്രികളും അയച്ചുകൊടുത്തു. ഹിന്ദുക്കളുടെ വിശ്വാസവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ഇനി അതിനെസംബന്ധിച്ചുള്ള കാര്യങ്ങൾ പറയണ്ടെന്നാണ് സാദിഖ് അലി തങ്ങളും ഒരിക്കൽ പറഞ്ഞത്. പക്ഷേ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഫലം നിങ്ങൾ ശ്രദ്ധിച്ചോ; രാജ്യം

മുഴവൻ ബി.ജെ.പി. അധികാര ആരോഹണത്തിന്റെ ഏറ്റവും വലിയ തുറുപ്പ് ചീട്ടായി ഉപയോഗിച്ച രാമക്ഷേത്രം നിലകൊള്ളുന്ന അയോധ്യ ക്ഷേത്രമുൾപ്പെടുന്ന ഫൈസാബാദ് പാർലമെന്റ് മണ്ഡലത്തിൽ ബി.ജെ.പി. ദയനീയമായി തോറ്റു. ഇന്ത്യയിലെ ജനങ്ങളെ മനസ്സിലാക്കാൻ കോൺഗ്രസ്സിന് ഇനിയും കഴിയാതെ പോകുന്നത് എന്തുകൊണ്ടാണ്; ഇന്ത്യയിലെ ജനങ്ങൾ മതനിരപേക്ഷതയെ ഒരു കലർപ്പുമില്ലാതെ നെഞ്ചോട് ചേർത്തുവയ്ക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. രാജ്യം മുഴവൻ രാമക്ഷേത്രം പറഞ്ഞ് വോട്ട് പിടിച്ച ബി.ജെ.പി.-യുടെ സ്ഥാനാർഥി 54000 വോട്ടുകൾക്കാണ് തോറ്റുതുന്നം പാടിയത്. ഇന്ത്യയുടെ ജനങ്ങളുടെ മതനിരപേക്ഷ മനസ്സിന്റെയും മതേതര ബോധത്തിന്റെയും ഉദാഹരണമാണ് രാമക്ഷേത്രം പണിത മണ്ണിൽ അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദിൽ സംഭവിച്ചത്. അത് മനസ്സിലാക്കുന്നതിൽ കോൺഗ്രസ്സ് പാർട്ടിക്ക് പറ്റിയ തെറ്റാണ് യഥാർത്ഥത്തിൽ കോൺഗ്രസിനെ മൂന്നാം തവണയും കേന്ദ്രത്തിലെ അധികാരത്തിൽനിന്ന് മാറ്റിയത്. കേരളത്തിൽ വരുന്ന മൂന്നാം തവണയും നിങ്ങൾ പ്രതിപക്ഷത്ത് ഇരിക്കാൻ പോകുകയാണെന്ന കാര്യത്തിൽ തർക്കവും സംശയവുമില്ല.

(തുടരും)

P. 21.01.2025-LJ/VS -(2)-എൽ.വി.
01.10-01.20

(ഡോ. കെ. ടി. ജലീൽ തുടർച്ച...)

കേരളത്തിന്റെ സമഗ്രമായ പുരോഗതിക്ക് അടിസ്ഥാനമിട്ട സർക്കാരാണ് ഒന്നും രണ്ടും പിണറായി സർക്കാരുകൾ. നാഷണൽ ഹൈവേയുടെ വികസനത്തിന് കേരളത്തിന്റെ ഒരറ്റം മുതൽ രണ്ടായിരം കിലോമീറ്റർ സ്ഥലമേറ്റെടുത്ത് പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ആ നാഷണൽ ഹൈവേയിലൂടെ യാത്ര ചെയ്യുന്ന ഏതെങ്കിലുമൊരു യാത്രക്കാരൻ ഇടതുപക്ഷത്തിനെതിരായി വോട്ടുചെയ്യുമെന്ന് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണന് പറയാൻ സാധിക്കുമോ? ശ്രീ. പിണറായി വിജയൻ എന്ന മനുഷ്യന്റെ നെഞ്ചൂക്കും ചങ്കൂറ്റവുമില്ലായിരുന്നുവെങ്കിൽ നാഷണൽ ഹൈവേ ഇവിടെ യാഥാർത്ഥ്യമാകുമായിരുന്നില്ല. 2000 ഏക്കർ ഭൂമി ഏറ്റെടുക്കാൻ കഴിയുമായിരുന്നോ? യു.ഡി.എഫ്. സർക്കാർ നടക്കില്ലെന്ന് പറഞ്ഞ് പൂട്ടിവച്ച പദ്ധതിയല്ലേ ഇത്; ഇതിനുപുറമെ, GAIL വാതക പൈപ്പ് ലൈൻ യാഥാർത്ഥ്യമാക്കിയില്ലേ? ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കൊച്ചി-ഇടമൺ പവർ ഹൈവേ ഇവിടെ യാഥാർത്ഥ്യമായതുകൊണ്ടാണ് കേരളത്തിൽ പവർകട്ടില്ലാത്തത്. വിഴിഞ്ഞം തുറമുഖമില്ലാതാക്കാൻ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും ബോധപൂർവ്വം പലരെയും

ഇറക്കിവിടുകയും ചെയ്തപ്പോൾ അവിടെ ശ്രീ. പിണറായി വിജയൻ നെഞ്ചൂക്കോടെ നെഞ്ചുവിരിച്ചുനിന്നു. ആ ചങ്കുറ്റത്തിന്റെ പിൻബലത്തിലാണ് കേരള വികസനത്തിന്റെ നാല് പില്ലറുകൾ ഉയർത്തപ്പെട്ടിരിക്കുന്നത് എന്നുള്ള ഓർമ്മ നിങ്ങൾക്ക് വേണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

(ശ്രീ. അഹമ്മദ് ദേവർകോവിൽ)

P. 21.01.2025-LJ/ VS -(2)
01.10-01.20

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, പ്രഥമമായി ഇവിടെ അവതരിപ്പിക്കപ്പെട്ട നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുന്നു.

ഭാവി കേരളത്തിന്റെ ദിശാസൂചികയാണ് ഈ നയപ്രഖ്യാപന പ്രസംഗമെന്ന് അവിതർക്കിതമായി ഇതിലെ വരികൾ നമ്മോട് പറയുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നടക്കുന്ന സമയത്ത് ഞാൻ പ്രതിപക്ഷനിരയെ ശ്രദ്ധിക്കുകയായിരുന്നു. അവരുടെ മനസ്സുകളിൽ രൂപപ്പെട്ട ആകുലതയും വ്യാകുലതയും അവരുടെ മുഖങ്ങളിൽ നേരിട്ട് കാണാമായിരുന്നു. ഇത് യാദൃച്ഛികമാണെന്ന് നമുക്ക് പറയാൻ സാധിക്കില്ല.

കാരണം, മുസ്ലീംലീഗിന്റെ സംസ്ഥാന അധ്യക്ഷൻ ഈയിടെ പരസ്യമായി ചില കാര്യങ്ങൾ പറയുന്നൊരു വീഡിയോ ഞാൻ കാണുകയുണ്ടായി. "എട്ട് വർഷമായി ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നു. ഒരു കാരണവശാലും ഭരണമില്ലാതെ ഞങ്ങൾക്ക് മുന്നോട്ടുനീങ്ങാൻ കഴിയുകയില്ല." എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു സങ്കോചവുമില്ലാതെയാണ് അദ്ദേഹം ഇങ്ങനെ പരസ്യമായി പറയുന്നത് കേട്ട് ഞാൻ ആശ്ചര്യപ്പെട്ടുപോയി. ഇവിടെ ഇന്ത്യൻ നാഷണൽ ലീഗ് (ഐ.എൻ.എൽ.) നിലപാടുകളെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിക്കുകയുണ്ടായി. നിലപാടുകളിൽ വെള്ളം ചേർക്കുന്ന ഒരു സമീപനം ഐ.എൻ.എൽ. ഒരു കാലത്തും സ്വീകരിച്ചിട്ടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, നിലപാടുകളിൽ നിരന്തരമായി വെള്ളം ചേർക്കുന്ന നിലപാടാണ് മുസ്ലീംലീഗ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ,.... പോയിന്റ് ഓഫ് ഓർഡർ.... ബഹുമാനപ്പെട്ട അഹമ്മദ് ദേവർകോവിൽ ഇവിടെ സംസാരിക്കുമ്പോൾ എട്ടുവർഷമായി മുസ്ലീംലീഗ് അധികാരമില്ലാതെ മുന്നോട്ടുപോകുകയാണെന്നും ഇനി അധികനാൾ അങ്ങനെ മുന്നോട്ടുപോകാൻ കഴിയില്ലെന്നും ഞങ്ങളുടെ സംസ്ഥാന പ്രസിഡന്റ് ബഹുമാനപ്പെട്ട സാദിഖ് അലി ശിഹാബ് തങ്ങൾ

പറഞ്ഞുവെന്ന് പറഞ്ഞിട്ടാണ് അദ്ദേഹം പ്രസംഗിക്കുന്നത്. അങ്ങനെ തങ്ങൾ എവിടെയും പറഞ്ഞിട്ടില്ല. ഇല്ലാത്ത കാര്യങ്ങളാണ് പരാമർശിക്കുന്നത്. അത് രേഖയിലുണ്ടാകാൻ പാടില്ല.

ചെയർപേഴ്സൺ: ശരി. അക്കാര്യം പരിശോധിക്കാം+.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, പ്രസ്തുത വീഡിയോ ഹാജരാക്കാൻ ഞാൻ തയ്യാറാണ്. ആയതിനുശേഷം ഇക്കാര്യം രേഖയിലുണ്ടായാൽ മതി. ഞാൻ വീഡിയോ ഹാജരാക്കാം. ഈ പ്രഖ്യാപനത്തിന്റെ മറ്റൊരു അപ്രഖ്യാപിത രൂപമായിരുന്നു നയപ്രഖ്യാപന പ്രസംഗവേളയിൽ പ്രതിപക്ഷത്തെ ബഹുമാന്യരായ അംഗങ്ങളുടെ മുഖങ്ങളിൽ കണ്ട അമ്പരപ്പ്. അതുമാത്രമല്ല; 'കഴുതക്കാമം കരഞ്ഞ് തീർക്കുക' എന്ന് നമ്മളെല്ലാവരും കേട്ടിട്ടുണ്ട്. അതാണ് ശ്രീ. എൻ. ഷംസുദ്ദീന്റെ പ്രസംഗത്തിലുടനീളം നമുക്കിവിടെ കേൾക്കാൻ കഴിഞ്ഞതെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പശ്ചാത്തല വികസനത്തിൽ സർക്കാർ കൈവരിച്ച സമാനതകളില്ലാത്ത നേട്ടത്തിന്റെ നേർചിത്രം ഒരു ഭാഗത്തും നിസ്വരായ കേരളീയ സമൂഹത്തെ ഹൃദയത്തോട് ചേർത്തുനിർത്തുന്ന സാമൂഹ്യ സഹായ പദ്ധതികളുടെ പട്ടിക മറുഭാഗത്തും.

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 431/ഇ.ബി./2025/ലെജി. തീയതി 22-01-2025) തീരുമാനപ്രകാരം സഭാ രേഖകളിൽ നിലനിർത്തി.

കേന്ദ്രസർക്കാർ എല്ലാരംഗത്തും നടപ്പാക്കുന്ന സാമ്പത്തിക ഉപരോധത്തെ അതിജീവിച്ചുകൊണ്ട് തനതുവരുമാനം ക്രമാനുഗതമായി വർധിപ്പിച്ച് ഒരു നാട് വേറിട്ട് നിൽക്കുന്നൊരു ചിത്രമാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ കാണാൻ സാധിക്കുന്നത്.

വലതുപക്ഷവും മാധ്യമങ്ങളും സംഘ്പരിവാറും ചേർന്ന് കേരളത്തിന്റെ വികസനത്തെ തലകീഴായി അവതരിപ്പിക്കാൻ ആസൂത്രിതമായി ശ്രമങ്ങൾ നടത്തുകയാണ്. 4,24,800 പാവങ്ങളായ മനുഷ്യർക്ക് അന്തഃസോടെ ജീവിക്കാൻ പാർപ്പിടം നൽകിയ, 1,13,718 കുടുംബങ്ങൾക്ക് തലചായ്ക്കാൻ പുതുതായി ഭവനം നൽകാൻ കരാറൊപ്പിട്ട ലൈഫ് ഭവനപദ്ധതിയെക്കുറിച്ച് നിങ്ങൾക്ക് സർക്കാർ പരസ്യങ്ങളിലൂടെയല്ലാതെ ഒരു പത്രദൃശ്യമാധ്യമങ്ങളിലും കാണാനോ കേൾക്കാനോ സാധിക്കില്ല. ഈ ചരിത്രനേട്ടത്തെ നിരാകരിക്കുകയും ചെറുതാക്കുകയും ചെയ്യുന്നവർ ഏത് മനുഷ്യപക്ഷത്താണ് നിലയുറപ്പിക്കുന്നതെന്ന് സാന്ദർഭികമായി ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1,50,887 പാവപ്പെട്ട മനുഷ്യർക്ക് മൂന്ന് വർഷത്തിനുള്ളിൽ പട്ടയം നൽകിയതിന്റെ കണക്കുകളാണ് ഇവിടെ അവതരിപ്പിച്ചത്. മതിയായ പാർപ്പിട സൗകര്യങ്ങളോ തണുപ്പിനെ പ്രതിരോധിക്കാനുതകുന്ന ഒരു കമ്പിളി

പുതപ്പോ ഇല്ലാത്തതിനാൽ കഴിഞ്ഞമാസം മാത്രം ഡൽഹിയിൽ നൂറിലധികം ആളുകൾ മരിച്ചുവീണ വാർത്ത വായിച്ചവരാണ് നമ്മൾ. ആ ഇന്ത്യയിലാണ് നമ്മുടെ സംസ്ഥാനത്തെ 64,000 അതിദരിദ്രരെ കണ്ടെത്തി അവർക്ക് വീണ്ടും ജീവിതാവസരങ്ങളും തൊഴിലും നൽകാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുനീങ്ങുന്നത്. 2025 നവംബർ ഒന്നോടെ അതിദരിദ്രരാരുമില്ലാത്ത ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയൻ ഉറപ്പുനൽകിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും എളുപ്പത്തിൽ ബിസിനസ് ആരംഭിക്കാൻ കഴിയുന്ന സംസ്ഥാനമാണ് കേരളം എന്ന് ഈയിടെ നീതി ആയോഗിന്റെ മുൻ സി.ഇ.ഒ. ശ്രീ. അമിതാഭ് കാന്ത് പ്രഖ്യാപിച്ചു.

ആയിരക്കണക്കിന് രൂപ ചെലവഴിച്ച് കേരളത്തിലെ 140 മണ്ഡലങ്ങളിലും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ലോകോത്തരമാക്കിയ സർക്കാരാണ് ഇത്. അതിന്റെ തുടർച്ചയാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെ മികവിന്റെ കേന്ദ്രമാക്കാനുള്ള സർക്കാരിന്റെ നീക്കങ്ങൾ. ഇതിലൂടെ കരിക്കുലം നവീകരിക്കാനും പുതിയ കോഴ്സുകൾ ആരംഭിക്കാനും പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ബലിഷ്ഠമായ തറയിൽ നിന്നാണ് 'Study in Kerala' എന്നുള്ള പുതിയ ശീർഷകം

പിറവികൊണ്ടിട്ടുള്ളത്. പ്രാഥമിക വിദ്യാഭ്യാസരംഗത്ത് കേരളം കൈവരിച്ച ഒന്നാം നമ്പർ എന്ന സ്ഥാനം വരുംവർഷങ്ങളിൽ ഉന്നതവിദ്യാഭ്യാസരംഗങ്ങളിലും എത്തിപ്പിടിക്കുമെന്നതിന്റെ പ്രഖ്യാപനമാണ് ഈ നയപ്രഖ്യാപന പ്രസംഗം.

വിഴിഞ്ഞം തുറമുഖത്തിന്റെ നാൾവഴികൾ നമുക്കെല്ലാമറിയാം. ഇന്ന് ഇന്ത്യക്കും ലോകത്തിനും അഭിമാനമായി വിഴിഞ്ഞം തലയുയർത്തി നിൽക്കുകയാണ്. കഴിഞ്ഞ കരാർപ്രകാരം 2039-ൽ വരുമാനം ലഭിക്കേണ്ട പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പദ്ധതി. ഈ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായാണ് 2034-ൽത്തന്നെ സംസ്ഥാന സർക്കാരിന് വരുമാനം ലഭിക്കാവുന്ന രൂപത്തിൽ പുനഃക്രമീകരിക്കാൻ സാധിച്ചിട്ടുള്ളത്.

നോൺ മേജർ തുറമുഖങ്ങളായ കൊല്ലവും കോഴിക്കോട് ജില്ലയിലെ ബേപ്പൂരും കണ്ണൂർ ജില്ലയിലെ അഴീക്കലും വിഴിഞ്ഞവും വിദേശകപ്പലുകൾക്ക് എത്താവുന്ന ISPS (International Ship and Port Facility Security) ഉൾപ്പെടെയുള്ള അംഗീകാരങ്ങൾ നേടി മികവിന്റെ കേന്ദ്രങ്ങളായി നിൽക്കുന്നു.

വർഗ്ഗീയസംഘർഷങ്ങളും ക്രമസമാധാനപ്രശ്നങ്ങളുമില്ലാത്ത കേരളം

ലോകത്തെ വിനോദസഞ്ചാരികളുടെ ഇഷ്ടഭൂമിയായി മാറിയ വാർത്തകളാണ് നാം അനുദിനം വായിച്ചുകൊണ്ടിരിക്കുന്നത്. വിദേശരാജ്യങ്ങളിൽനിന്ന് കേരളത്തിലേയ്ക്കൊഴുകുന്ന വിദേശസഞ്ചാരികളോട് ചോദിച്ചാൽ സ്വസ്ഥമായി കിടന്നുറങ്ങാനും ശുദ്ധവായു ശ്വസിക്കാനും കഴിയുന്ന ദൈവത്തിന്റെ സ്വന്തം നാടായതുകൊണ്ടാണ് ഞങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്നതെന്ന് പറയുന്ന സ്ഥിതിവിശേഷമുണ്ടാക്കിയെടുക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേരളത്തിലേയ്ക്കെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഇത്തരം മികവാർന്ന നേട്ടങ്ങളെ ജനങ്ങളുടെ ശ്രദ്ധയിൽനിന്നും മറച്ചുപിടിക്കാനും പകരം നിലവാരമില്ലാത്ത വിവാദങ്ങൾ വിളമ്പി കേരളീയ പൊതുമണ്ഡലത്തെ ഇടതുപക്ഷ വിരുദ്ധമാക്കാനുമാണ് കോൺഗ്രസ് ദേശീയ നേതൃത്വം ശ്രീ. സുനിൽ കനഗോലുവിന് ക്വട്ടേഷൻ കൊടുത്തിരിക്കുന്നത്. ഈ കരാറിന്റെ ബലത്തിലാണ് മുഖ്യമന്ത്രിയാകാൻ കെ.പി.സി.സി. ആസ്ഥാനത്ത് ഇപ്പോൾ തന്നെ കൂട്ടത്തല്ല് ആരംഭിച്ചിട്ടുള്ളത്. ഇതെല്ലാം കാണുമ്പോൾ ഞാൻ എന്റെ സുഹൃത്ത് പറഞ്ഞൊരു കഥ ഓർത്തുപോകുകയാണ്. മോഷണം തൊഴിലാക്കിയ ഒരു കുടുംബത്തിൽ എല്ലാ ദിവസവും രാത്രി ബഹളവും കലഹവും പതിവാണ്. അതുകൊണ്ടുതന്നെ

അയൽവാസികളും നാട്ടുകാരും അതിനെ ഗൗരവമായി കാണാറില്ല. ഒരു ദിവസം പതിവില്ലാത്തവിധം ബഹളവും കശപിശയുമുണ്ടായതോടെ അയൽവാസികൾ ഓടിക്കൂടി കുഴപ്പത്തിന്റെയും ബഹളത്തിന്റെയും കാരണമെന്തെന്ന് അന്വേഷിച്ചു. കാരണം കേട്ടവർ ചിരിച്ച് മണ്ണുകപ്പി. ഈ തസ്കരർ താമസിക്കുന്ന വീടിന് മൂന്ന് വീട് അപ്പുറത്ത് നാളെ കല്യാണം നടക്കുന്നുണ്ട്. കല്യാണം കഴിഞ്ഞതിനുശേഷം ഭക്ഷണം ബാക്കിവന്നാൽ നാട്ടുനടപ്പുപ്രകാരം ബാക്കിയുള്ള ഭക്ഷണം തൊട്ടടുത്ത വീടുകളിൽ വിതരണം ചെയ്യും. അങ്ങനെ ആ കല്യാണ വീട്ടിൽ ബാക്കിവരുന്ന ഭക്ഷണം ഈ വീട്ടിലെത്തിയാൽ ലഭിക്കുന്ന ഭക്ഷണത്തിന്റെ അധിക ഓഹരി ആർക്കാണെന്നുള്ളതായിരുന്നു തർക്കത്തിന്റെ മൂലകാരണം. ഈ കാരണം കേട്ട് ആശ്ചര്യപ്പെട്ട അയൽവാസികളിലൊരാൾ ചോദിച്ചു " പൊന്നുചങ്ങാതിമാരെ അവിടെയുള്ള കല്യാണം നാളെയാണ്; അതിൽ എത്രയാളുകളാണ് പങ്കെടുക്കുമെന്നോ എത്ര ഭക്ഷണം ബാക്കിയാകുമെന്നോ അറിയില്ല. എന്നിരിക്കെ ആ കല്യാണത്തിൽ ബാക്കിയാകുന്ന ഭക്ഷണത്തെച്ചൊല്ലി തലേന്ന് രാത്രിതന്നെ കടിപിടികൂടാൻമാത്രം മണ്ടശിരോമണികളാണോ നിങ്ങൾ" എന്ന്. കഴിഞ്ഞ ദിവസങ്ങളിൽ കെ.പി.സി.സി. ആസ്ഥാനത്ത് ശ്രീ. എ. കെ. ആന്റണി നടത്തിയ പ്രസംഗം

വായിച്ചപ്പോഴാണ് എനിക്ക് ഈ കഥ ഓർമ്മ വന്നത്. മുഖ്യമന്ത്രിയാകാൻ കടിപിടികൂടുന്ന കോൺഗ്രസ് നേതാക്കളെ നോക്കി, ആദ്യം നിങ്ങൾ പഞ്ചായത്ത് തിരഞ്ഞെടുപ്പ് ജയിച്ചുവരൂ... എന്നിട്ടാകാം നിയമസഭയും മുഖ്യമന്ത്രിയുമെന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞുവത്രേ...

(തുടരും.....)

P 21-01-2025-PT-VS
1.20-1.30

(ശ്രീ. അഹമ്മദ് ദേവർകോവിൽ............... തുടർച്ച)

മാധ്യമങ്ങൾ പടച്ചുവിടുന്ന പെരുംനുണകളുടെ പ്രവാഹത്തിൽ ജനങ്ങൾ അവരുടെ ജീവിതാനുഭവങ്ങളെയും അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭരണ നേട്ടങ്ങളെയും മറന്നുകളയുമെന്നും പകരം ഇക്കിളി കഥകൾക്ക് പിറകെ ഓടി യു.ഡി.എഫ്.-ന് അനുകൂലമായി വോട്ട് രേഖപ്പെടുത്തുന്നതനുസരിച്ച് ഭരണം പിടിക്കുന്ന നാളുകൾ കിനാവ് കണ്ട് നിങ്ങൾ പരസ്പരം മിണ്ടാതെ കാലം കഴിക്കരുതെന്ന് സാന്ദർഭികമായി സ്നേഹബുദ്ധിയോടെ ഓർമ്മപ്പെടുത്തുകയാണ്. കേന്ദ്രസർക്കാരിന്റെ കേരള വിരുദ്ധനിലപാടുകൾക്കെതിരായി/സാമ്പത്തിക പ്രതിരോധത്തിനെതിരായി ഓരോ മലയാളിയുടെയും മനസ്സ് സമരനിലമായി മാറിയിരിക്കുകയാണ്. ദുരന്തഭൂമികളിലും ദുരിതഭൂമികളിലും സഹായ വിതരണത്തിൽപോലും

സങ്കുചിതമായ രാഷ്ട്രീയവും പക്ഷപാതിത്വവും കാണിക്കുന്ന ബി.ജെ.പി. നേതൃത്വം നൽകുന്ന കേന്ദ്രസർക്കാരിന്റെ കൊള്ളരുതായ്മകൾ ജനങ്ങളിൽനിന്നും മറച്ച് പിടിക്കാൻ മാധ്യമ-വർഗ്ഗീയ-വലതുപക്ഷക്കൂട്ടുകെട്ട് കിണഞ്ഞ് പരിശ്രമിക്കുന്നുണ്ട്. എന്നാൽ, ഈ ഇരുളുകളെയെല്ലാം വകഞ്ഞുമാറ്റി ഒരു ക്ഷേമ വികസിത കേരളം രൂപപ്പെടുകതന്നെ ചെയ്യും. ഇതിനായുള്ള അശ്രാന്ത പരിശ്രമത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. നാട് ഈ വികസന തുടർച്ചയെ ഏറ്റെടുക്കുകതന്നെ ചെയ്യുമെന്ന് മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. പി. പി. ചിത്തരഞ്ജൻ)

P 21-01-2025-PT-VS
1.20-1.30

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. വിവാദങ്ങൾ സൃഷ്ടിച്ചുകൊണ്ട് കേരളത്തെ പിന്നോട്ടടിക്കുക എന്നതിനപ്പുറം കേരളത്തിന്റെ പൊതുതാൽപര്യത്തെ സംബന്ധിച്ച് പ്രതിപക്ഷം

ആലോചിക്കുന്നില്ലെന്നുള്ളതാണ് നമ്മുടെ നാടിന്റെ ഏറ്റവും ദൗർഭാഗ്യകരമായൊരു അവസ്ഥ. ശ്രീ. ടി. സിദ്ദിഖ് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെക്കുറിച്ച് വാചാലനായി സംസാരിക്കുന്നത് കേട്ടു. അതിൽ ഞങ്ങൾക്കൊരു തർക്കവുമില്ല. അക്കാര്യങ്ങളെപ്പറ്റി കെ.പി.സി.സി. പ്രസിഡന്റിനെയും ശ്രീ. രമേശ് ചെന്നിത്തലയെയും ബോധ്യപ്പെടുത്തിയാൽ മതി. കേരളത്തിൽ ഇപ്പോൾ എന്താണ് നടക്കുന്നത്? 2026-ൽ കേരളത്തിലെ പ്രതിപക്ഷ നേതാവ് ആരായിരിക്കണം എന്നതിനെക്കുറിച്ചാണ് ഇപ്പോഴത്തെ തർക്കം. അല്ലാതെ മുഖ്യമന്ത്രി ആരായിരിക്കും എന്നുള്ളകാര്യം കേരളത്തിലെ ജനങ്ങൾക്ക് നന്നായറിയാം. അത് ശ്രീ. കെ. മുരളീധരൻ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം ഒരു നവകേരളം എന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്. പ്രതിപക്ഷ നേതാവിന്റെ സ്ഥാനം മുസ്ലീംലീഗിനും ലഭിക്കാനുള്ള സാധ്യതയുണ്ട്. അടുത്ത തവണ മുസ്ലീംലീഗിനാണോ, കോൺഗ്രസിനാണോ പ്രതിപക്ഷ നേതൃസ്ഥാനം ലഭിക്കാൻ പോകുന്നതെന്ന തർക്കം മാത്രമെയുള്ളൂ. അതിനപ്പുറത്തേയ്ക്കൊരു സാധ്യത കേരളത്തിനുണ്ടോ ശ്രീ. എൻ. ഷംസുദ്ദീനേ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉറപ്പായും ഭരണത്തിൽ വരുമെന്നാണ് ഡോ. കെ. ടി.

ജലീൽ ഇവിടെ പറഞ്ഞത്. കേരളത്തിലെ ഇന്നത്തെ ഒരു പ്രധാനപ്പെട്ട വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട വയനാട് അംഗം സംസാരിച്ചപ്പോൾ പറയുമെന്നാണ് കരുതിയതെങ്കിലും അതിനെക്കുറിച്ച് യാതൊന്നും പറഞ്ഞില്ല. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. എന്താണ് ഇന്നത്തെ പ്രതിപക്ഷത്തിന്റെ അവസ്ഥയെന്നാണ് ഞാൻ ഇവിടെ പ്രധാനമായും സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. രാഷ്ട്രീയപരമായും സംഘടനാപരമായും ധാർമ്മികമായും പ്രതിപക്ഷം ഇന്ന് എവിടെയാണ് എത്തിനിൽക്കുന്നത്; ആർക്കെങ്കിലും അവരെ രക്ഷിക്കാൻ കഴിയുന്നൊരു അവസ്ഥയിലാണോ? ഇത്ര ദയനീയമായ അവസ്ഥയിലൂടെയാണ് കേരളത്തിലെ പ്രതിപക്ഷം കടന്നുപോകുന്നത് കൊണ്ടുതന്നെ വിവാദങ്ങളുണ്ടാക്കാനാണ് അവർ ആഗ്രഹിക്കുന്നത്. ഇന്നലെ ചെങ്ങന്നൂരിൽ ദേശീയ സരസ് മേള നടന്നു. അത് ഇന്നത്തെ പത്രങ്ങളിലെല്ലാം വലിയ വാർത്തയാണ്. എനിക്ക് അതിൽ പങ്കെടുക്കാൻ സാധിച്ചില്ല. 'കേരളം ലോകത്തിന് മാതൃകയാണ് ' എന്നാണ് സരസ് മേള ഉദ്ഘാടനം ചെയ്തുകൊണ്ട് നടനവിസ്മയമായ ശ്രീ മോഹൻലാൽ പറഞ്ഞത്. ഇന്ന് ഈ പ്രസംഗം പത്രങ്ങളിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ മേഖലകളിൽ, ആരോഗ്യ മേഖലയിൽ എന്തിനേറെ കുടുംബശ്രീ തുടങ്ങിയ സംവിധാനങ്ങളെ

പേരെടുത്ത് പറഞ്ഞാണ് നടനവിസ്മയമായ ശ്രീ. മോഹൻലാൽ അവിടെ പ്രസംഗിച്ചത്. ഒരു നാടിനെ സംബന്ധിച്ച്, മാലിന്യ മുക്ത കേരളത്തെ സംബന്ധിച്ച് ലോകത്തിൽ എവിടെയെങ്കിലും ചിന്തിക്കാൻ സാധിക്കുന്നതാണോ; മാലിന്യ മുക്ത കേരളത്തിലേയ്ക്ക്/ ആ മഹാ സ്വപ്നത്തിലേയ്ക്ക്/ അതിന്റെ സാക്ഷാത്കാരത്തിലേയ്ക്ക് കേരളം നടക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. അതുമാത്രമല്ല, ഹരിത കർമ്മ സേനാംഗമായ ശ്രീമതി പൊന്നമ്മയെ അദ്ദേഹം ആശ്ലേഷിക്കുന്നൊരു വീഡിയോ കണ്ടു. ഇത് കേരളത്തിലെ പിണറായി സർക്കാരിനുള്ള/ഇടതുപക്ഷ സർക്കാരിനുള്ള/അതിന്റെ പ്രവർത്തനങ്ങൾക്കുള്ള ഒരു ബിഗ് സല്യൂട്ടാണ് നടനവിസ്മയമായ ശ്രീ. മോഹൻലാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ നടത്തിയിട്ടുള്ളത്. നിങ്ങൾ രാഷ്ട്രീയ സദാചാരത്തെക്കുറിച്ചാണ് എന്നും സംസാരിക്കാറുള്ളത്. ഇന്ന് രാവിലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവും എന്തായിരുന്നു; നിലമ്പൂരിലെ കോൺഗ്രസ് ഓഫീസിലെ തൂപ്പുകാരിയായിരുന്ന, ഹതഭാഗ്യയായ ഒരു സഹോദരിയുടെ ദയനീയമായ അന്ത്യം, ചാക്കിൽ കെട്ടിയല്ലേ ആ സഹോദരിയുടെ മൃതദേഹം കുഴിച്ചുമൂടിയത്? എന്നിട്ട് സ്ത്രീസുരക്ഷയെക്കുറിച്ച് വാചാലമായി ഇവിടെ സംസാരിക്കുകയാണ്. ഒരു ജീവിതകാലം മുഴുവൻ

കോൺഗ്രസിനുവേണ്ടി ജീവിച്ചൊരു മനുഷ്യന്റെ ആത്മഹത്യാകുറിപ്പിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുന്നില്ല. എവിടെ നിങ്ങളുടെ എം.എൽ.എ. (ശ്രീ. ഐ. സി. ബാലകൃഷ്ണൻ)? ഇന്നലെ കണ്ടു. പിന്നെ കണ്ടിട്ടില്ല. ഇന്നുവന്നിരുന്നോ; അദ്ദേഹത്തിന് അപാര തൊലിക്കട്ടിയാണ്. ആ തൊലിക്ക് ഞാൻ പ്രത്യേകം അവാർഡ് കൊടുക്കുകയാണ്. ഹൃദയ സ്പർശിയായ ഒരു മരണക്കുറിപ്പും എഴുതിവച്ച് ബുദ്ധിമാന്ദ്യമുള്ളൊരു മകന് വിഷം കൊടുത്തശേഷം ഒരു പിതാവ് മരിച്ചത് കേരള സമൂഹം ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ അതിന്റെ കാരണഭൂതനായ വ്യക്തി തല ഉയർത്തിപ്പിടിച്ച് ഈ സഭയിൽ വന്നതിനെക്കുറിച്ച് ആവേശത്തോടെ സംസാരിക്കുന്ന ശ്രീ. ടി. സിദ്ദിഖേ നിങ്ങൾക്ക് മനസ്സാക്ഷിയുണ്ടോ? ഈ കേരളം നടുങ്ങിയതല്ലേ,

ശ്രീ. ടി. സിദ്ദിഖ്: സർ, പോയിന്റ് ഓഫ് ഓർഡർ....... നിലവിൽ സഭയിലില്ലാത്ത അംഗമാണ് ശ്രീ. ഐ. സി. ബാലകൃഷ്ണൻ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുമ്പോൾ ഈ വിഷയത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹം നേരിട്ട് എസ്.പി.-ക്ക് പരാതി കൊടുത്തിരുന്നു. വിജിലൻസ് വിഭാഗവും പോലീസും എല്ലാം നിങ്ങളുടെ കയ്യിലാണ്. ഇതിനെ സംബന്ധിച്ച് നിങ്ങൾ അന്വേഷണം

നടത്തിയോ; അതിനുമുമ്പ് നിങ്ങൾ എന്തിനാണ് അദ്ദേഹത്തെ പ്രതിയാക്കുന്നത്; എന്തിനാണ് കുറ്റം ചുമത്തുന്നത്;

ചെയർപേഴ്സൺ: അക്കാര്യം പരിശോധിക്കാം+.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആര് വിട്ടാലും ശ്രീ. ടി. സിദ്ദിഖ്, ശ്രീ. ഐ. സി. ബാലകൃഷ്ണനെ പൊക്കുമെന്ന് ഇപ്പോൾ ഉറപ്പായി. അതാണ് ഇതിലൂടെ വന്നിട്ടുള്ള കാര്യം. അതും സ്വാഗതാർഹമായ കാര്യമാണ്. ആലപ്പുഴ ജില്ലയിലെ കായംകുളത്ത് കഴിഞ്ഞ തവണ യു.ഡി.എഫ്.-ന്റെ സ്ഥാനാർഥിയായി മത്സരിച്ച യൂത്ത് കോൺഗ്രസ് നേതാവിന്റെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റുവന്നു. ഒരു സഹപ്രവർത്തകയ്ക്ക് പോലീസ് ലാത്തിച്ചാർജിൽ അപകടം സംഭവിച്ച് പരുക്കേറ്റ് ചികിത്സിക്കാൻവേണ്ടി പിരിച്ച കാശ്..... ഇവിടെ നേരത്തെ പറഞ്ഞതുപോലെ ഇങ്ങനെ കക്കാവോ, ഇങ്ങനെ മുക്കാവോ, ഇങ്ങനെ നക്കാവോ? അടികൊണ്ട് കിടന്ന ഒരുപാവപ്പെട്ട യൂത്ത് കോൺഗ്രസ് നേതാവിന്റെ ചികിത്സയ്ക്കുവേണ്ടി പിരിച്ചെടുത്ത കാശുപോലും മുക്കാനുള്ള അപാരമായ കഴിവ് നിങ്ങൾക്കല്ലാതെ വേറെ ആർക്കെങ്കിലും ഉണ്ടാകുമോ? എന്നിട്ടാണ് ഇവിടെ വന്ന് വലിയ തോതിൽ സദാചാരം പറഞ്ഞുകൊണ്ടിരിക്കുന്നതും അതുപോലെ

+ ബഹുമാനപ്പെട്ട സ്പീക്കറുടെ തീരുമാനപ്രകാരം (ഫയൽ നമ്പർ 432/ഇ.ബി./2025/ലെജി തീയതി 22-01-2025) സഭാ രേഖകളിൽ നിലനിർത്തി.

അഴിമതി വിരുദ്ധ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും. സുൽത്താൻബത്തേരി ബാങ്കിൽ നടന്നിട്ടുള്ള കഥ കേരളത്തിൽ നമ്മൾ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ; എന്താണ് അവിടെ നടന്നത്; ഡി.സി.സി-യുടെ പ്രസിഡന്റ് ശ്രീ. ഗോപിനാഥൻ ആണ്. ആ സുൽത്താൻബത്തേരി ബാങ്കിൽ നടന്നിട്ടുള്ള തീവെട്ടിക്കൊള്ള........ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ 2011-2016 കാലഘട്ടത്തിലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിനെക്കുറിച്ച് പറഞ്ഞ 'തീവെട്ടിക്കൊള്ള' എന്ന ഭാഷ ഞാൻ കടം എടുക്കുകയാണ്. ആ തീവെട്ടിക്കൊള്ള എങ്ങനെയാണ് നടത്തിയത്;

(തുടരും........)

P 21-01-2025
BL-AN-2 (01.30 -01.40) (SV)

(ശ്രീ. പി. പി. ചിത്തരഞ്ജൻ....തുടർച്ച)

സഹകരണ വിജിലൻസിന്റെ റിപ്പോർട്ട് എന്താണ്; കേട്ടിട്ടുണ്ടോ? ബാങ്ക് പരീക്ഷ എഴുതാത്ത ഒമ്പതുപേർക്ക് വ്യാജരേഖയുണ്ടാക്കി അവിടെ സ്ഥിരനിയമനം കൊടുത്തു. ഇതുമാത്രമാണോ, പരീക്ഷ എഴുതിയവർക്കോ ! വ്യാജരേഖയുണ്ടാക്കി, അവിടെയും എട്ടുപേരെ നിയമിച്ചു. ഇക്കാര്യം

സംബന്ധിച്ച് പ്രിയപ്പെട്ട ടി. സിദ്ദിഖിന് എന്താണ് പറയാനുള്ളത്? സഹകരണ വിജിലൻസ് കണ്ടെത്തിയതാണ്. വയനാട് എന്നുപറഞ്ഞാൽ പ്രത്യേക റിപ്പബ്ലിക് ആണോ? എന്തൊക്കെയാണ് നടക്കുന്നത്. ഞാൻ ശ്രീ. ടി. സിദ്ദിഖിനെ മാത്രമല്ല ഉദ്ദേശിച്ചത്. വയനാട് ജില്ലയിൽനിന്നും അദ്ദേഹത്തെ മാത്രമേ ഇപ്പോൾ ഇവിടെ കാണുന്നുള്ളൂ. അദ്ദേഹം കെ.പി.സി.സി.-യുടെ വർക്കിംഗ് പ്രസിഡന്റാണ്. അതുകൊണ്ട് അദ്ദേഹത്തിന് ഉത്തരം പറയാവുന്നതാണ്. നിങ്ങളിപ്പോൾ കേരളത്തിൽ എന്താണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങളെപ്പോലെയാണ് എല്ലാവരുമെന്നാണോ; കർണ്ണാടകത്തെ തൊട്ടാൽ ഇവിടെ പലർക്കും പൊള്ളും. യഥാർത്ഥത്തിൽ ബ്രൂവറി പ്രശ്നമെന്നുപറയുന്നത് അതല്ലേ; കേരളത്തിൽനിന്നും പോയ കുറെ മലയാളികൾ, ദീർഘകാലമായി കർണ്ണാടകത്തിലെ കോൺഗ്രസിന്റെ വലിയ നേതാക്കളാണ്, മുൻമന്ത്രിമാരാണ്. അവരുടെയെല്ലാം ജോലി എന്താണ്; സ്പിരിറ്റിന്റെ വലിയ ഡിസ്റ്റിലറി ഉടമകൾ അല്ലേ; ഒരു കാലത്ത് കെ.പി.സി.സി. ഓഫീസിൽ ചായ വാങ്ങണമെങ്കിൽപ്പോലും അവരുടെ കാശ് വേണമായിരുന്നില്ലേ; കർണ്ണാടകത്തിലെ കോൺഗ്രസിന്റെ കരുത്തെന്നുപറയുന്നത് ഡിസ്റ്റിലറി ഉടമകളാണ്. കേരളത്തിലെ കോൺഗ്രസിന് പ്രവർത്തിക്കാൻ കഴിയുന്നത്

ഈ ഡിസ്റ്റിലറി ഉടമകളുടെ പണത്തിലൂടെയാണ്. അതിന്റെ ഒഴുക്ക് കുറയും. യഥാർഥ കാരണമതല്ലേ; യഥാർഥ കാരണമെന്താണ്; സതീശനും.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കർണ്ണാടകത്തിലെ കോൺഗ്രസിന്റെ കരുത്ത് ഡിസ്റ്റിലറി ഓണർമാരുടെ പണമാണെന്ന് യാതൊരു തരത്തിലുള്ള പിന്തുണയുമില്ലാതെ, എവിഡൻസുമില്ലാതെ ഒരു സാമാജികൻ പറയുന്നത് റൂളുകൾക്ക് വിരുദ്ധമാണ്. അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണം. അങ്ങത് പരിശോധിക്കണം.

ചെയർപേഴ്സൺ: പരിശോധിക്കാം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ പറയാം. കോട്ടയത്തുകാരനായ ഒരു ടി. ജോൺ, എന്നെക്കൊണ്ട് പറയിക്കണോ എല്ലാവരുടെയും പേര്, മലയാളികളായ കോൺഗ്രസ് നേതാക്കളുടെ പേര്. ടി. ജോൺ ഉൾപ്പെടെയുള്ള ആളുകൾ.....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, (മൈക്ക് ഓഫ്, അദ്ദേഹം മരിച്ചുപോയി)

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, അദ്ദേഹം മരിച്ചുപോയി.

അദ്ദേഹത്തിനും മക്കൾക്കും ഡിസ്റ്റിലറിയും മറ്റും ഉണ്ടല്ലോ? ഓരോരുത്തരുടെയും പേര് പറയിപ്പിക്കരുത്. കേരള രാഷ്ട്രീയത്തെ ഒരുകാലത്ത് നിയന്ത്രിച്ചത് അവരൊക്കെച്ചേർന്നാണ്. നിങ്ങൾ ഇവിടെ ഭരിച്ചുപോയല്ലോ, അക്കാലത്ത് ഇവിടെ കേരളത്തിൽ ക്യാമ്പ് ചെയ്ത സ്പിരിറ്റ് നേതാക്കളുടെ, രാജാക്കന്മാരുടെ പേരുകൾ പറയണോ; അതുകൊണ്ട് ആ ചരിത്രമൊന്നും പറയിപ്പിക്കേണ്ട. അവർക്കിപ്പോൾ നഷ്ടം വരും. അതുകൊണ്ട് ഇവിടെയിത് വേണ്ട, കേരളത്തിലിത് വേണ്ട. കാരണം ആ ലോബിയുടെ ലാഭം കുറയും, ഇവിടേയ്ക്കുള്ള വരവും കാശും കുറയും. അതല്ലേ നിങ്ങളുടെ ലക്ഷ്യം; നിങ്ങൾക്ക് വേറെ എന്തെങ്കിലും ലക്ഷ്യമുണ്ടോ; ഈ കേരളത്തിൽ ഇല്ലാത്ത പ്രകടനം നടത്തുകയല്ലേ? മദ്യവർജനത്തെക്കുറിച്ചാണ് ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നത്. അതിനുവേണ്ടി നല്ല അവബോധം വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ ഒരുകാര്യം പറയാം, 2023-24-ൽ ഞങ്ങളുടെ നയവുമായി ബന്ധപ്പെട്ട്, അതിന്റെ 24-ാം ഖണ്ഡിക ഒന്നുവായിച്ചു നോക്കൂ, എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കും, അതിനുള്ള പ്രോത്സാഹനം നൽകും. ഞങ്ങൾ അതാണ് ചെയ്യുന്നത്. അതിൽ തർക്കമൊന്നുമില്ല. ഞങ്ങളത് മറച്ചുവച്ചിട്ടില്ലല്ലോ? നിങ്ങളുടെ സ്പിരിറ്റ് വേണ്ട, നിങ്ങളുടെ കർണ്ണാടക സ്പിരിറ്റ് ഇനി വേണ്ട.

ഇവിടെനിന്നും അങ്ങനെ കൊള്ളയടിക്കേണ്ട. ഇവിടെ പത്തായിരത്തിയഞ്ഞൂറ് പേർക്ക് ജോലിയും നൽകി, ഇവിടെ ലാഭമുണ്ടാക്കാൻ കഴിയുന്ന ബ്രൂവറി തുടങ്ങാൻ ഈ ഗവൺമെന്റിനറിയാം. അതുകൊണ്ട് ഇനിമുതൽ പഴയതുപോലെ പണം അവിടെനിന്നും വരില്ല. ഇനിയിപ്പോൾ വേറെ എവിടുന്നെങ്കിലും പണം കണ്ടെത്തണം. ഇവിടെ കമ്പനിയെക്കുറിച്ചൊക്കെ പറയുന്നുണ്ടല്ലോ? 2018-ൽ മദ്യ ലൈസൻസ് നൽകിയ പഞ്ചാബിലെ മുഖ്യമന്ത്രിയെക്കുറിച്ചൊന്ന് അന്വേഷിക്കണം. ഈ കമ്പനിയെക്കുറിച്ച് വിവാദമുണ്ടാകുന്നുണ്ടല്ലോ; അമരീന്ദർ സിങ് ആരാണ്; നിങ്ങളുടെ കാലത്താണ് അതുണ്ടായിട്ടുള്ളത്. ഇപ്പോൾ കേരളത്തിൽ 9 ഡിസ്റ്റിലറികൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. 8 ബ്ലെൻഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2 ബ്രൂവറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം പ്രിയപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടതാണ്.

ചെയർപേഴ്സൺ: പ്ലീസ്.. കൺക്ലൂഡ്..

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇവയെല്ലാം ടെൻഡർ വിളിക്കാതെയാണ് പ്രവർത്തിക്കുന്നത്. നിങ്ങൾ ആക്ഷേപമുന്നയിച്ചുകൊണ്ട് പത്രപ്രസ്താവന നടത്തി. ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചതുപോലെ നിങ്ങൾക്ക് മാധ്യമങ്ങളുടെ വലിയ പരിരക്ഷ കിട്ടും.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ രണ്ടുപേർക്ക് വഴങ്ങിയതാണ്. എനിക്ക് 2 മിനിറ്റുകൂടി നൽകണം.

ചെയർപേഴ്സൺ: അത് വഴങ്ങിയതല്ല, പോയിന്റ് ഓഫ് ഓർഡർ ആണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ വ്യവസായ നിക്ഷേപം വരണം. കേരളത്തിൽ നിങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ഒരു വാദവും ഇവിടെ നിലനിൽക്കുന്നതല്ല. ഇതെല്ലാം കേരളം തള്ളിക്കളയുന്നതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ വരണം; ടൂറിസം വളരണം. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം കരസ്ഥമാക്കാൻ കഴിഞ്ഞ വലിയ പുരോഗതി കൂടുതൽ കരുത്തോടുകൂടിത്തന്നെ ഈ കേരളത്തിൽ മുന്നോട്ടുപോകും. അതിനെല്ലാം കൂടുതൽ ശക്തി പകരുന്ന നിർദേശങ്ങളാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയിട്ടുള്ളത്. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. എൻ. എ. നെല്ലിക്കുന്ന്)

P 21-01-2025
BL-AN-2

01.30 -01.40 (SV)

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നതിനായി ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തോട് ഞാൻ വിയോജിക്കുകയും അതിനെ ശക്തിയായി എതിർക്കുകയും ചെയ്യുന്നു. നന്ദി രേഖപ്പെടുത്താൻ മാത്രം ഗവർണ്ണറുടെ പ്രസംഗത്തിൽ എന്തുണ്ടെന്നാണ് മനസ്സിലാക്കാത്തത്. 'പേര്-മുത്തുമാണിക്യം, ബുദ്ധി-ശൂന്യം' എന്നുപറയുന്നതുപോലെ പേര് - നയപ്രഖ്യാപനം, പക്ഷെ, ഒരു നയവും ആ പ്രസംഗത്തിലില്ല. നിങ്ങൾ എഴുതിക്കൊടുത്തത് വള്ളിപുള്ളി തെറ്റിക്കാതെ, കുത്തും കോമയും ഒഴിവാക്കാതെ പ്രസംഗം മുഴുവൻ വായിച്ച ഗവർണ്ണറോട് നന്ദിയുണ്ടാവുക സ്വാഭാവികമാണ്. പക്ഷെ ഒരുകാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. 'അട്ടയെ കുളിപ്പിച്ച് മെത്തയിൽ കിടത്തിയാൽ അതൊരിക്കലും മെത്തയിൽ കിടക്കുകയില്ല', അതാണ് കേരളത്തിൽ അടുത്ത നാളുകളിൽ സംഭവിക്കാൻ പോകുന്നത്. ബീഹാർ ഗവർണ്ണർ ആയിരുന്നപ്പോൾ ഇതേ ഗവർണ്ണർ നടത്തിയ പ്രസ്താവന നമ്മുടെയെല്ലാവരുടെയും മനസ്സിലുണ്ട്. എന്തായിരുന്നു അദ്ദേഹം ബീഹാർ ഗവർണ്ണർ ആയിരുന്നപ്പോൾ നടത്തിയ പ്രസംഗം? 'സത്യാഗ്രഹം കൊണ്ടല്ല

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടത്, ഇന്ത്യാക്കാർ ആയുധമെടുത്തതുകൊണ്ടാണ് ബ്രീട്ടീഷുകാർ ഇന്ത്യയിൽനിന്നും പോയതെന്നാണ് ഇതേ ഗവർണ്ണർ ബീഹാർ ഗവർണ്ണർ ആയിരുന്നപ്പോൾ നടത്തിയ പ്രസംഗം. ആ പ്രസംഗത്തിലൂടെ അദ്ദേഹം നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെ അവഹേളിക്കുകയായിരുന്നുവെന്നാണ് അതിന്റെ അർത്ഥം. പാലിന് വന്ന പൂച്ച മോരും കുടിച്ച് ഒരിക്കലും പോകുകയില്ലെന്ന കാര്യം നിങ്ങൾ മനസ്സിലാക്കിക്കോ. നിങ്ങളുടെ തൊലിക്കട്ടി അപാരമാണെന്നത് ഞങ്ങൾക്ക് നല്ലതുപോലെ മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. പ്രിയപ്പെട്ട ശ്രീ. രാഹുൽ മാങ്കൂട്ടം ഈ സഭയിലുണ്ട്. അദ്ദേഹം പാലക്കാട് തിരഞ്ഞെടുപ്പിൽ തോറ്റിട്ടാണോ ഈ സഭയിൽ വന്നതെന്ന് നിങ്ങളുടെ പ്രസംഗം കേട്ടപ്പോൾ ഞാൻ വിചാരിച്ചു. എത്ര ഭൂരിപക്ഷത്തിനാണ് ജയിച്ചതെന്ന് എന്റെ സംശയം തീർക്കാനായി ഞാൻ അദ്ദേഹത്തോട് ചോദിച്ചു. 18000 വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. എന്നിട്ടും നിങ്ങൾക്ക് ബോധ്യം വന്നിട്ടില്ല. 'എന്റെ സർക്കാർ, ഉയർന്ന നിലവാരത്തിലുള്ള ഭൗതിക അടിസ്ഥാന സൗകര്യം, വിജ്ഞാനത്തിൽ അധിഷ്ഠിതമായ സമ്പദ്ഘടന, നിലവാരമുള്ള വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും എല്ലാവർക്കും ഭവനമെന്ന ഉറപ്പ്, അതിദാരിദ്ര്യ നിർമ്മാർജനം എന്നിവയിലധിഷ്ഠിതമായ

ഒരു നവകേരള നിർമ്മാണമെന്ന അതിന്റെ ലക്ഷ്യത്തോടുള്ള പ്രതിബദ്ധത അരക്കിട്ടുറപ്പിക്കുന്നു' എന്നാണ് ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞത്. ഫെവിക്കോളിന്റെ പരസ്യത്തിൽ ഈ വാക്യം കൊടുത്താൽ മതിയെന്നാണ് എനിക്ക് പറയാനുള്ളത്. 'സർക്കാർ മെഡിക്കൽ കോളേജുകളിലെയും ജില്ലാ പ്രാഥമിക ആശുപത്രികളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്റെ സർക്കാർ തുടർച്ചയായ നടപടികൾ സ്വീകരിച്ചു വരുന്നു' എന്നാണ് ആരോഗ്യരംഗത്തെക്കുറിച്ച് ഗവർണ്ണർ പറയുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ മരുന്നില്ലാത്തതുകൊണ്ട് ഒരു എം.പി.-ക്ക് നിരാഹാരം ഇരിക്കേണ്ടി വന്നു, സമരം ചെയ്യേണ്ടി വന്നു. രോഗികൾ കൂടിയതാണ് സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്തതിന്റെ കാരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയും ആരോഗ്യ വകുപ്പും പറയുന്നത്. രോഗികൾ പിന്നെ എവിടെയാണ് പോകേണ്ടത്; മെഡിക്കൽ കോളേജ് ആശുപത്രിയിലല്ലെങ്കിൽ പിന്നെ സിനിമാ തിയേറ്ററുകളിലാണോ രോഗികൾ പോകേണ്ടത്? കേരളത്തിലെ ആരോഗ്യ വകുപ്പ് ഐ.സി.യു.-വിലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല. ഒരു ആശുപത്രിയിലും മരുന്നില്ല, ഇഞ്ചക്ഷനില്ല, ബാൻഡേജ് ക്ലോത്തില്ല,

എല്ലാം പുറമെനിന്നും വാങ്ങണമെന്നാണ് ആശുപത്രി അധികൃതർ പറയുന്നത്. ഏതെങ്കിലും ശസ്ത്രക്രിയയ്ക്ക് പോയാൽ ആ ശസ്ത്രക്രിയകൾ നിങ്ങൾതന്നെ ചെയ്തോ എന്നായിരിക്കും വരുംനാളുകളിൽ ആശുപത്രി അധികൃതർ നമ്മളോട് പറയാൻ പോകുന്നത്. അതും പറയും. ഇന്ത്യയിലെ ഏറ്റവും മികച്ച ഒന്നായി അംഗീകരിക്കപ്പെട്ടിട്ടുള്ള എന്റെ സർക്കാരിന്റെ പൊതുവിതരണ സമ്പ്രദായം (PDS) അതിന്റെ കാര്യക്ഷമതയ്ക്കും ജനകേന്ദ്രീകൃതമായ സംരംഭങ്ങൾക്കും ആധുനികീകരിച്ച വിതരണ ശൃംഖല മാനേജ്മെന്റ് മുഖേന എല്ലാ പൗരന്മാർക്കും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് പേരുകേട്ടിട്ടുള്ളതുമാണ് കേരളം എന്നാണ് നയപ്രഖ്യാപനത്തിൽ പറയുന്നത്. ഗവർണ്ണർ പറഞ്ഞത് ശരിയാണ്. അടുത്ത നാളുകളിൽ കേരളത്തിലെ എല്ലാ റേഷൻ കടകളും അടച്ചിടാൻ പോകുകയാണ്.

(തുടരും)

P 21.01.2025
TB - AN(II)
1.40 - 1.50 (SV)

(ശ്രീ. എൻ. എ. നെല്ലിക്കുന്ന് തുടർച്ച ........)

കേരളത്തെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള

എന്റെ സർക്കാരിന്റെ കേന്ദ്രീകൃത ശ്രമങ്ങൾ പുരോഗതിയിലേയ്ക്ക് നയിക്കുന്നുവെന്നാണ് പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, 'അരിമണിയൊന്ന് കൊറിപ്പാനില്ല, തരിവളയിട്ട് കിലുക്കാൻ മോഹം.' അതാണ് അങ്ങയുടെ ഇപ്പോഴത്തെ സ്ഥിതിയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് അങ്ങയോട് വളരെ വിനയത്തോടുകൂടി പറയാനുള്ളത്, ഞങ്ങൾക്ക് ഹബ്ബും വേണ്ട, ഹബ്ബബ്ബും വേണ്ട, റോഡിലെ കുഴിയൊന്ന് അടച്ചുകിട്ടിയാൽ മതിയെന്നാണ്. 'ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ്' എന്ന ബോർഡ് എല്ലാ പി.ഡബ്ല്യൂ.ഡി. റോഡുകളിലും നിങ്ങൾ വച്ചിട്ടുണ്ട്. റോഡിലെ കുഴികൾക്ക് ഇപ്പോൾ കാവൽ നിൽക്കുന്നത് ജനങ്ങളാണ്. കാസർഗോഡ് മുതൽ കാഞ്ഞങ്ങാടുവരെയുള്ള കെ.എസ്.ടി.പി. റോഡുകൾ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കുറച്ച് കെ.എസ്.ടി.പി. റോഡുകൾ മാത്രമേയുള്ളൂ. അധികവും ഭരണപക്ഷമുന്നണിയിലുള്ള എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലാണ്. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.-യുടെ ഉദുമ നിയോജക മണ്ഡലത്തിലും ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.-യുടെ കാഞ്ഞങ്ങാട്

നിയോജകമണ്ഡലത്തിലൂടെയുമാണ് പ്രസ്തുത റോഡിന്റെ അധികഭാഗവും കടന്നുപോകുന്നത്. ആ റോഡിലൂടെ പോകുന്ന യാത്രക്കാരുടെ വാഹനങ്ങൾ കുഴിയിൽ വീണു, ടയർ പൊട്ടി, ഗ്ലാസ് പൊളിഞ്ഞു എന്നെല്ലാം പറഞ്ഞ് എത്രയോതവണ യാത്രക്കാർ എന്നെ വിളിച്ചിട്ടുണ്ട്. ഇന്നും എന്നെ വിളിച്ചിരുന്നു. അവർ അയച്ചുതരുന്ന വീഡിയോ ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ ഫോർവേഡ് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഒരു പ്രതികരണവുമില്ല. അങ്ങ് നടപ്പാക്കിയ C.M.T. (Constituency Monitoring Team) യോഗം ഓരോ മാസവും ചേരണമെന്നാണ്. ഞാൻ ആ യോഗത്തിൽ പോകുന്നുണ്ട്. എം.എൽ.എ.-മാർ യോഗത്തിന് വന്നില്ലെങ്കിൽ മുകളിൽനിന്ന് ഞങ്ങൾക്ക് ഫയറിങ് കിട്ടുമെന്നാണ് അതിന്റെ ചാർജുള്ള E.E. (Executive Engineer) എന്നോടുപറഞ്ഞത്. ആ പാവങ്ങൾക്ക് ഫയറിങ് കിട്ടേണ്ടെന്ന് വിചാരിച്ചാണ് ഞാൻ യോഗത്തിനുപോകുന്നത്. ആ സി.എം.ടി. കൊണ്ട് ഒരു ഗുണവും ഇല്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ്, കാഞ്ഞങ്ങാട് റോഡിന്റെ കാര്യം എല്ലാ യോഗങ്ങളിലും ഞാൻ സൂചിപ്പിക്കാറുണ്ട്. ഞങ്ങൾക്ക് എന്ത് ചെയ്യാൻ സാധിക്കും; ഞങ്ങൾ എന്ത് ചെയ്യാനാണ്; ഞങ്ങൾക്ക് പണം കിട്ടിയാലല്ലേ കുഴിയടയ്ക്കാൻ സാധിക്കൂ?എന്നാണ് അവർ പറയുന്നത്.

'സമഗ്രമായ വിദ്യാഭ്യാസം നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്' എന്നാണ് വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഗവർണ്ണർ പറഞ്ഞത്. കഴിഞ്ഞ ദിവസം കുറെ സ്കൂളുകളിലെ പ്രധാനാധ്യാപകന്മാരെ ഞാൻ കണ്ടു. അവർക്ക് വിരമിക്കാൻ പ്രായമായിട്ടില്ല. വിരമിക്കാൻ എത്ര വർഷമുണ്ടെന്ന് ചോദിച്ചപ്പോൾ, 'വിരമിക്കാൻ ഇനിയും ആറ് വർഷക്കാലമുണ്ട്, പക്ഷെ ഞാൻ അടുത്ത കൊല്ലം വിരമിക്കുകയാണ് കാരണം എന്റെ കീശയിൽനിന്നും ഉച്ചക്കഞ്ഞിക്ക് കാശ് കൊടുത്തുകൊടുത്ത് മടുത്തു' എന്നാണ് പറഞ്ഞത്. അതുപോലെ എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് ഒരു കാര്യം പറയാനുള്ളത്, ഹൈസ്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കേണ്ടത് ഇംഗ്ലീഷ് ബിരുദധാരികളാണ്. അവരുടെ ഒരു കേസ് കോടതിയിലുണ്ട്. അത് തീർപ്പാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആ കേസ് തീർപ്പാക്കി അവരെ രക്ഷപ്പെടുത്തണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഉച്ചഭക്ഷണത്തിനുള്ള രണ്ടാം ഗഡു ഇന്നലെ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങ് അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്ന ആളാണെന്ന് നല്ല ബോധ്യമുണ്ട്. കേന്ദ്ര സർക്കാർ

അവഗണിക്കുന്നുവെന്നും പക്ഷപാതപരമായ സമീപനം സ്വീകരിക്കുന്നുവെന്നുമാണ് നിങ്ങളുടെ എല്ലാവരുടെയും പരാതി. നിങ്ങൾ ഏതുതരം സമീപനമാണ് സ്വീകരിക്കുന്നത്? ഗ്രാമീണ റോഡ് അനുവദിച്ചുകൊണ്ട് ഇന്നലെ ഉത്തരവ് ഇറങ്ങി. ചില നിയോജകമണ്ഡലത്തിന് പത്ത് കോടി രൂപ, ചില നിയോജകമണ്ഡലത്തിന് ഏഴ് കോടി രൂപ, ഞങ്ങളുടെ നേതാവ് നിയമസഭയിൽ നടത്തിയ ഒരു പ്രസംഗമുണ്ട്, 'ഞങ്ങൾ നിയമസഭയിലേയ്ക്ക് വന്നത് ഓട് പൊളിച്ചിട്ടല്ല, ജനങ്ങൾ തിരഞ്ഞെടുത്തിട്ടാണ്' എന്നാണത്. പിന്നെ ഞങ്ങളോടെന്തിനാണ് ഈ പക്ഷപാതവും അവഗണനയും കാണിക്കുന്നത്; ഞങ്ങൾക്കും നൽകേണ്ടതല്ലേ?

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്......ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ നയിക്കപ്പെടുന്ന സംസ്ഥാന പോലീസ് സേനയെന്ന ഖ്യാതി കേരള പോലീസിനുണ്ടെന്നാണ് കേരള ഗവർണ്ണർ പറഞ്ഞത്. ഞാനും എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. എ. കെ. എം. അഷ്റഫും കൂടി രണ്ടുമൂന്ന് ദിവസങ്ങൾക്കുമുമ്പ് മുംബൈയിൽ പോയിരുന്നു. മുംബൈ എന്ന്

കേൾക്കുമ്പോൾത്തന്നെ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് അധോലോക സംഘങ്ങളാണ്. ഇപ്പോൾ അവിടെ അധോലോക സംഘങ്ങളുണ്ടോയെന്ന് ഞങ്ങൾ ചിലരോട് ചോദിച്ചു. അപ്പോൾ അവർ പറഞ്ഞത്,

" वह ज़माना खतम हो गया । अभी इधर अंडरवेलड नहीं है । वह सब अंडरवेलड आपका केरल में है।" എന്നാണ്. അതാണ് കേരളത്തിന്റെ സ്ഥിതി. അതുകൊണ്ട് ഈ നയമില്ലാത്ത നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ)

P 21.01.2025
TB - AN(II)
1.40 - 1.50 (SV)

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേകർ അവതരിപ്പിച്ച നന്ദി പ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ കടുത്ത അവഗണനയെത്തുടർന്ന് സാമ്പത്തിക പിരിമുറുക്കങ്ങൾ അനുഭവിക്കുന്ന സമയത്തും ഇടതുപക്ഷ സർക്കാരിന്റെ ഉൾക്കാഴ്ചയും ജനങ്ങളോടുള്ള പ്രതിബദ്ധതയും പ്രകടിപ്പിക്കുന്ന നയപ്രഖ്യാപനമാണ് ഇവിടെ

അവതരിപ്പിക്കപ്പെട്ടത്. ജനവിധി തേടുന്ന സമയത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പാക്കി സമൂഹത്തോട് സംവദിക്കുന്ന മഹത്തായ പ്രക്രിയ അനുസ്യൂതം തുടരുകയാണ്. സസ്റ്റെയ്നബിൾ ഡെവലപ്മെന്റിനുള്ള ഏറ്റവും നല്ല മാതൃകയായി നമ്മുടെ കേരളം മാറുകയാണ്. വിവരങ്ങൾ ഗുണഭോക്താവിന്റെ അടുത്തേയ്ക്ക് എത്തുന്നതരത്തിൽ, ചെറുവിരൽ അനക്കിയാൽ ഞൊടിയിടകൊണ്ട് പ്രശ്നപരിഹാരം തേടാവുന്ന തരത്തിൽ നമ്മുടെ ഐ.ടി. മേഖല നന്നായി വികസിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുസേവകർ, ഉദ്യോഗസ്ഥർ എന്നിവർ മുഖേന സർക്കാരിൽനിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ഔദാര്യമല്ലെന്നും ഓരോരുത്തരുടെയും അവകാശമാണെന്നും ജനങ്ങളെ ബോധവാന്മാരാക്കിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നേറുന്നത്. രേഖകൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുകയും ഭരണസംവിധാനം പൂർണ്ണമായും ഇ-ഓഫീസിലേയ്ക്ക് മാറുകയും ചെയ്തതോടെ സംസ്ഥാനത്ത് വലിയ രീതിയിലുള്ള പുരോഗതി, പൊതുജന പരാതിയുൾപ്പെടെയുള്ളവ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ സാക്ഷ്യപത്രങ്ങളും ഓൺലൈൻ മാതൃകയിൽ വിതരണം ചെയ്യുന്ന റവന്യൂ വകുപ്പ് ഇതിനോടകം പത്ത് കോടി സാക്ഷ്യപത്രങ്ങളാണ് ഈ

സംവിധാനങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ളതെന്ന് പറഞ്ഞാൽ അത് വലിയ രീതിയിലുള്ള നേട്ടമായി ഏത് സർക്കാരിനെ സംബന്ധിച്ചും വിലയിരുത്തപ്പെടുമെന്നത് ഉറപ്പാണ്. മാത്രമല്ല, നമ്മുടെ പട്ടയ വിതരണത്തെ സംബന്ധിച്ചും സർവെ സംബന്ധിച്ചും ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചും അങ്ങനെ നിരവധി മേഖലകളിലെ നല്ല കുതിച്ചുചാട്ടത്തിന് ഈ സംസ്ഥാനം സാക്ഷ്യം വഹിക്കുകയാണ്. വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല, പൊതുവിതരണ സമ്പ്രദായം എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിലെല്ലാം കേരളത്തിന്റെ മാതൃകാപരമായ പ്രവർത്തനമാണ് നമുക്ക് ഇപ്പോൾ കാണാൻ സാധിക്കുക. ഇവിടെ നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുൾപ്പെടെ പരിശോധിച്ചാൽ, യാതൊരു വിവേചനവുമില്ലാതെ ഒരുമിച്ച് ഭരണ-പ്രതിപക്ഷ അംഗങ്ങളെ കൊണ്ടുപോകാൻ സാധിക്കുന്ന ഒരു സർക്കാരാണിപ്പോൾ നിലവിലുള്ളതെന്ന് മനസ്സിലാകും. സാധാരണക്കാർക്കുവേണ്ടിയുള്ള സാമൂഹികക്ഷേമ ചെലവുകൾക്ക് വലിയ പ്രാധാന്യം നൽകുന്ന വികസന നയമാണ് കേരള സംസ്ഥാന സർക്കാരിന്റെ മുഖമുദ്ര. അതുകൊണ്ടുതന്നെ മിക്കവാറും വായ്പയെടുക്കലിന്റെ ആവശ്യം കൂടുതൽ അനുഭവിക്കുന്നത് സർക്കാരാണ്. പക്ഷെ സംസ്ഥാന സർക്കാർ സാമൂഹികക്ഷേമ പെൻഷൻ

നടപ്പാക്കുന്നതിനെതിരായിട്ടുള്ള കടകവിരുദ്ധ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. വായ്പയെടുക്കുന്ന പണം സാമൂഹികക്ഷേമ പരിപാടികൾക്ക് ഉപയോഗിച്ചുകൂടെന്നുപോലും ഇവർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. കടമെടുത്തുകൊണ്ടാണെങ്കിൽപ്പോലും ഈ സംസ്ഥാനത്തെ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിന് ഈ സർക്കാർ ഏതറ്റംവരെ മുന്നോട്ടുപോകുമെന്ന് ഉറപ്പുവരുത്തുന്ന പരിപാടികളാണ് ഇപ്പോൾ ഈ സർക്കാർ ഏറ്റെടുക്കുന്നത്. അതാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ ബഹുമാനപ്പെട്ട ഗവർണ്ണർ സൂചിപ്പിക്കുന്നത്. മികച്ച സാമൂഹികസുരക്ഷാ പദ്ധതികൾ ഈ സംസ്ഥാനത്തിന് ആവശ്യമുണ്ട്. അതിന് പണം തടസ്സമായിക്കൂടാ. ഏത് മാർഗത്തിലൂടെയും ആ പണം ആർജിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നുവെന്നതിന്റെ കൂടിയൊരു സൂചനയാണ് ഈ നയപ്രഖ്യാപന പ്രസംഗമെന്ന് കരുതുകയാണ്. അനുയോജ്യമായ പശ്ചാത്തല സൗകര്യങ്ങളുണ്ടായിട്ടുപോലും സംസ്ഥാനത്തിന് പ്രത്യേക റെയിൽവേ സോൺ, എയിംസ് ആശുപത്രി തുടങ്ങി നിരവധി ആവശ്യങ്ങൾ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ടോ? കണ്ണൂർ വിമാനത്താവളത്തിന്റെ വികസനത്തിന് അനിവാര്യമായ ' Point Of Call' പദവി നൽകാൻ

എത്രയോ തവണ ശ്രമിച്ചെങ്കിലും കേന്ദ്ര സർക്കാർ തയ്യാറാകുന്നുണ്ടോ? ഈ പദവി ലഭിച്ചാൽ മാത്രമേ വിദേശ വിമാനക്കമ്പനികൾക്ക് കണ്ണൂരിൽനിന്ന് സർവീസ് തുടങ്ങാൻ സാധിക്കുകയുള്ളൂവെന്ന് എല്ലാവർക്കും അറിയാം. പക്ഷെ അതിനുള്ള അനുവാദമില്ലെന്നതാണ് പ്രശ്നം. കഴിഞ്ഞ ദിവസം ഗുലാത്തി ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ വിഭാഗം പുറത്തുവിട്ട പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അവഗണനയുടെ കരാളമായ മുഖം ഒരിക്കൽക്കൂടി വെളിപ്പെടുത്തുന്നതാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ധനകമ്മീഷൻ ഗ്രാന്റിൽ കേന്ദ്ര സർക്കാർ വലിയ കുറവ് വരുത്തിയെന്നാണ് പഠന റിപ്പോർട്ട്. നേരത്തെയുണ്ടായിരുന്നത് 3.9 ശതമാനം ആയിരുന്നെങ്കിൽ ഇപ്പോൾ 1.9 ശതമാനമായി കുറച്ചു. അതുകൊണ്ട് മാത്രം ഏകദേശം 18,000 കോടി രൂപയുടെ കുറവാണ് നമ്മുടെ വരുമാനത്തിലുണ്ടാകാൻ പോകുന്നത്. ഒരു ചെറിയ സംസ്ഥാനമായ കേരളത്തിന് ഇതെങ്ങനെ ഉൾക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയുമെന്ന് പ്രതിപക്ഷമെങ്കിലും കർശനമായി ചോദിക്കണ്ടേ; ആ അർത്ഥത്തിലേയ്ക്ക് ഇക്കാര്യങ്ങൾ കൊണ്ടുപോകണ്ടേ; നമുക്ക് ഒരുമിച്ചുനിന്ന് ഇതിനെ എതിർക്കണ്ടേ? നമുക്ക് അർഹമായ കേരളത്തിന്റെ സമ്പത്ത്, സാമൂഹികക്ഷേമ പുരോഗതിക്ക് ഫലപ്രദമായി ചെലവിടേണ്ട സമ്പത്ത്

നമുക്ക് ലഭിക്കണമെന്ന കാര്യത്തിൽ കൂട്ടായുള്ള പരിശ്രമത്തിനുപകരം അപ്പുറത്തുനിന്ന് ബി.ജെ.പി.-യോടൊപ്പം, കേന്ദ്ര സർക്കാരിനോടൊപ്പം അവരുടെ താൽപര്യത്തോടൊപ്പം നിൽക്കാനാണ് ഇവിടത്തെ യു.ഡി.എഫ്. ശ്രമിക്കുന്നതെന്നുള്ളത് വളരെ കഷ്ടതരമാണ്.

(തുടരും....)

പി. 21-01-2025
ആർ.ആർ.-എ.എൻ.-2
1.50-2.00 (SV)

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ തുടർച്ച)

കേന്ദ്രസർക്കാരിന്റെ അവഗണനയുടെ ഏറ്റവും ക്രൂരമായ മുഖമാണ് വയനാട് ദുരന്തത്തോടനുബന്ധിച്ച് നമ്മൾ കണ്ടത്. രാജ്യം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളുടെ പട്ടികയിൽ ഒന്നാണിതെന്ന് എല്ലാവരും സമ്മതിച്ചിട്ടുണ്ട്. ദുരന്തം സംഭവിച്ച് പതിനൊന്നാം ദിവസം പ്രധാനമന്ത്രി സംഭവ സ്ഥലത്തെത്തി, കേരളത്തിന് പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമെന്ന് കൽപ്പറ്റയിൽ ചേർന്ന അവലോകന യോഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ ഒരു കാര്യവും നടന്നില്ല. എല്ലാ വിഭാഗങ്ങളും നല്ല രീതിയിൽ ഇക്കാര്യത്തിൽ ഇടപെടുകയുണ്ടായി. ബഹു. ഹൈക്കോടതി ഇടപെട്ടിട്ടുപോലും ദേശീയ ദുരന്തപ്രതികരണ നിധിയുടെ

മാനദണ്ഡങ്ങൾക്കനുസരിച്ച് കേരളത്തിൽനിന്നും കേന്ദ്രസർക്കാരിലേയ്ക്ക് നിവേദനം നൽകിയിട്ടും കേരള ജനതയെ അപമാനിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. 'കേരളമെന്താ ഇന്ത്യയിലല്ലേ?' എന്ന മുദ്രാവാക്യമാണ് ഇപ്പോൾ കേരളത്തിൽ മുഴുവൻ ഉയരുന്നത്. ആ മുദ്രാഗീതം സാധാരണക്കാരുടെ ചെവിയിൽപ്പോലും എത്തുന്ന തരത്തിലുള്ള വിവേചനം കേന്ദ്രസർക്കാർ കാണിക്കുകയാണ്. അത് തികച്ചും രാഷ്ട്രീയ പ്രേരിതമാണെന്ന് എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. മഴക്കെടുതിയുണ്ടായപ്പോൾ ത്രിപുരയ്ക്ക് 40 കോടി രൂപ കേന്ദ്രസഹായം നൽകി. ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങൾക്ക് 3448 കോടി രൂപ അനുവദിച്ചു. ഔദ്യോഗികമായി ഒരു ചെറിയ കത്തുപോലും ആവശ്യപ്പെടാതെയാണ് അവർക്ക് ഈ തുക നൽകിയതെന്ന് മനസ്സിലാക്കണം. മാത്രമല്ല, ബീഹാറിന് 11500 കോടി രൂപ മുൻകൂറായി നൽകാൻ കേന്ദ്രസർക്കാർ തയ്യാറാകുന്നു എന്നുപറയുമ്പോൾത്തന്നെ കേരളത്തോടുള്ള വിവേചനം മനസ്സിലാക്കാവുന്നതാണ്. ശ്രീ. നിതീഷ് കുമാർ എന്ന ഊന്നുവടിയുടെ പിന്തുണയോടെയാണ് നരേന്ദ്ര മോദി സർക്കാർ നിലനിൽക്കുന്നതെന്ന് നമുക്ക് നല്ല ബോധ്യമുണ്ട്. എന്നാൽപ്പോലും രാഷ്ട്രീയ വിവേചനത്തിന്റെ

അതിര് കടക്കുന്ന രീതിയിലാണ് കേന്ദ്ര സർക്കാർ പെരുമാറുന്നത്. National Disaster Response Fund (NDRF) ലഭിക്കുന്നതിനുവേണ്ടി കേരളത്തിൽനിന്ന് കത്ത് നൽകിയിട്ടില്ലെന്ന് ശ്രീ. അമിത് ഷാ പറയുന്ന അതേ സന്ദർഭത്തിലാണ്, കേരള സർക്കാർ പ്രത്യേകം നിവേദനം സമർപ്പിച്ചിട്ടില്ലെന്ന് ശ്രീമതി പ്രിയങ്കാഗാന്ധിയും സമൂഹമാധ്യമങ്ങളിൽ പങ്ക് വച്ചത്. ഇത് കേരളത്തിനേറ്റ ഇരട്ട പ്രഹരമാണെന്ന് എല്ലാവരും വിലയിരുത്തുകയാണ്. സാമൂഹികക്ഷേമ പരിപാടികൾ നടത്തുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന എല്ലാത്തരം സാമ്പത്തിക പിന്നാക്കാവസ്ഥയും പരിഹരിക്കാൻ കഴിയുന്ന തരത്തിലേക്ക് കേരള സർക്കാർ അതിന്റെ എല്ലാ പരിപാടികളും നന്നായി ശ്രദ്ധിക്കുന്നുണ്ട്. അധികവിഭവ സമാഹരണം നടത്താൻ ഓരോ ഡിപ്പാർട്ട്മെന്റിനും എങ്ങനെ കഴിയുമെന്നതുസംബന്ധിച്ച് വലിയരീതിയിലുള്ള ശ്രദ്ധയുണ്ടായിട്ടുണ്ട്. സി.&എ.ജി. റിപ്പോർട്ടിൽ കേരളത്തിന്റെ വളർച്ച രേഖപ്പെടുത്തിയിരിക്കുന്നത് അങ്ങനെയാണ്. സംസ്ഥാന ഭരണം എത്രത്തോളം മികച്ചതാണെന്നതിന്റെ നല്ലൊരു ഉദാഹരണമാണിത്. 128 പൊതുമേഖലാ സ്ഥാപനങ്ങളിൽ 58 പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭം ഇരട്ടിയായെന്ന് വിലയിരുത്തിയിട്ടുണ്ട്. മാത്രമല്ല, റിട്ടേൺ ഓൺ ഇക്വിറ്റി ഓരോ വർഷവും വർധിക്കുന്നത്, നമ്മുടെ

പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം കുറച്ചുകൊണ്ട് വരുന്നത്.... ഇപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ കടത്തിൽ 1874 കോടി രൂപ കുറവുണ്ടായതായി പറയുന്നു. അതിൽ കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമാണ് ആ അർത്ഥത്തിൽ മുന്നോട്ടുപോകാൻ കഴിയാത്തത്. എന്നിരുന്നാലും വളരെ ആശാദീപകമായിട്ടുള്ള ധാരാളം കാര്യങ്ങൾ കെ.എസ്.ആർ.ടി.സി. നമ്മുടെ മുന്നിലേക്ക് വയ്ക്കുകയാണ്. 2024-25-വർഷത്തിൽ രാജ്യത്തിനുതന്നെ മാതൃകയായ പൊതുമേഖലാ പ്രസ്ഥാനങ്ങളുടെ നാടായി കേരളം മാറുമെന്ന കാര്യത്തിൽ തർക്കമില്ല. യഥാർത്ഥത്തിൽ എന്തെല്ലാം പദ്ധതികളാണ് നാം അടിസ്ഥാനവർഗത്തിനുവേണ്ടി നടപ്പാക്കുന്നത്; ഭവനമില്ലാത്തവരുടെ പ്രശ്നങ്ങൾ, വിദ്യാഭ്യാസ രംഗത്ത് കുട്ടികളെ നന്നായി പഠിപ്പിക്കാനുള്ള സംവിധാനങ്ങൾ, പട്ടയരംഗത്തുള്ള പ്രശ്നങ്ങൾ തുടങ്ങിയ നിരവധി കാര്യങ്ങളിലുള്ള സർക്കാരിന്റെ ശ്രദ്ധ വളരെ വലുതാണ്. അതോടൊപ്പം തന്നെ വ്യവസായ വകുപ്പ് ടോപ് അച്ചീവേഴ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനത്തെത്തി അഭിമാനകരമായ നേട്ടം കൈവരിച്ച വർഷമാണിത്. ഗുജറാത്ത്, ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ പിന്നിലാക്കിയാണ് കേരളം ഈ നേട്ടം കൈവരിച്ചത്. ഒരു ചെറിയ സംസ്ഥാനമായിരുന്നിട്ടും കേരളത്തിന്റെ ആർജ്ജവത്തോടുകൂടിയുള്ള ഭരണ

നിർവഹണ മികവുകൊണ്ടുമാത്രമാണ് നമുക്കത് നേടാനായതെന്ന് ചിന്തിക്കണം. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമായി മാറ്റാനുള്ള ശ്രമവും അതിന്റെ ഭാഗമാണ്. മാത്രമല്ല, നമ്മുടെ നാടിന്റെ നട്ടെല്ലായ പ്രവാസികൾക്കുവേണ്ടി, നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM), സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാം, ശുഭയാത്ര എന്നിങ്ങനെ നിരവധി സ്കീമുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. വിദേശത്തുനിന്നുകൊണ്ട് പ്രവാസികൾക്ക് കാര്യങ്ങൾ നടത്താൻ കഴിയുന്ന രീതിയിൽ റവന്യൂ വകുപ്പ് പ്രത്യേകമായി ഒരു പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ദുരിതം അനുഭവിക്കുന്ന പ്രവാസികളെ സഹായിക്കാൻ കേന്ദ്ര സർക്കാരിൽ നിന്ന് ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫെയർ ഫണ്ടും നിലവിലുണ്ട്. ടി ഫണ്ടിൽനിന്നും ഒരു ചെറിയ തുകയെങ്കിലും കേരളത്തിലെ പ്രവാസികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി നൽകേണ്ടതല്ലേ; ഇത്തരത്തിൽ നിഷേധാത്മകമായ നയങ്ങളാണ് സ്വീകരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ആരൊക്കെ ഏതൊക്കെ രീതിയിൽ സമ്മർദം ചെലുത്തിയാലും നമ്മുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ ഈ സർക്കാർ മുന്നോട്ടുപോകും. ആ അർത്ഥത്തിലുള്ള

ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ളത്. മതസ്പർദയില്ലാത്ത, വർഗീയ ലഹളയില്ലാത്ത എല്ലാവർക്കും സമാധാനപരമായ ജീവിതം നയിക്കാൻ കഴിയുന്ന ശാന്തസുന്ദരമായ കേരളമായി നമ്മുടെ സംസ്ഥാനം തുടരുന്നുവെങ്കിൽ, അതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പങ്കുതന്നെയാണ് പ്രധാനപ്പെട്ടത്. നമ്മുടെ സർക്കാർ കേരളത്തിലെ ജനങ്ങൾക്കൊപ്പമാണെന്നത് വീണ്ടും ഉറപ്പിക്കുന്ന നയപ്രഖ്യാപന പ്രസംഗത്തെ ഒരിക്കൽക്കൂടി സർവാത്മനാ പിന്തുണയ്ക്കുന്നു.

(ശ്രീ. പി. സി. വിഷ്ണുനാഥ്)

പി. 21-01-2025
ആർ.ആർ.-എ.എൻ.-2
1.50-2.00 (SV)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുകയാണ്.

കേരളത്തിൽ വികസന മുന്നേറ്റം നടക്കുകയാണെന്ന് തഞ്ചത്തിലും താളത്തിലും ഉച്ചത്തിലും വേഗത്തിലും പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ പ്ലാൻ സ്പേസിൽ, പ്ലാൻ പ്രോഗ്രസ്സ് സംബന്ധിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പ്ലാൻ

ഫണ്ടായി നിയമസഭയിൽ വോട്ട് ചെയ്ത് അംഗീകരിച്ച തുക 30370 കോടി രൂപയാണ്. ടി പ്ലാൻ 50% വെട്ടിച്ചുരുക്കാൻ സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവിറക്കി. അതായത് നിലവിൽ കേരളത്തിലാകെ 15000 കോടി രൂപയുടെ വികസനമാണ് നടക്കുന്നത്. 30370 കോടി രൂപയുടെ 25% എൽ.എസ്.ജി.ഡി.-ക്ക് കൈമാറേണ്ടതാണ്. 10% എസ്.സി.പി. ഇനത്തിലും 3% റ്റി.എസ്.പി. ഇനത്തിലും പോകുന്നതാണ്. ഞാൻ അല്പസമയം മുമ്പ് ഫിനാൻസിന്റെ വെബ്സൈറ്റിൽനിന്നും കളക്ട് ചെയ്ത വിവരങ്ങളാണിത്. എൽ.എസ്.ജി.ഡി.-യുടെ budget outlay 7746 കോടി രൂപയും എക്സ്പെന്റിച്ചർ 3026 കോടി രൂപയുമാണ്. ഫെബ്രുവരി 7-ാം തീയതി അടുത്ത ബജറ്റ് അവതരിപ്പിക്കപ്പെടുമ്പോൾ, എൽ.എൽ.ജി.ഡി.-ക്ക് വോട്ട് ചെയ്തുകൊടുത്ത 7746 കോടി രൂപയിൽ എക്സ്പെന്റിച്ചർ വെറും 3000 കോടി രൂപ മാത്രമാണെന്നിരിക്കെ ഇവിടെ വികസന മുന്നേറ്റം നടക്കുന്നുണ്ടെന്ന് തഞ്ചത്തിലും താളത്തിലും വേഗത്തിലും ഉച്ചത്തിലും പറഞ്ഞിട്ട് യാതൊരു കാര്യവുമില്ലെന്നാണ് ആധികാരികമായി ഞാനിവിടെ സൂചിപ്പിക്കുന്നത്. ഏതെല്ലാമോ വകുപ്പുകൾക്ക് അവാർഡ് ലഭിച്ചുവെന്നെല്ലാം പറയുന്നത് കേട്ടു. അതും ഞാൻ പരിശോധിച്ചു. ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന്റെ പ്ലാൻ പ്രോഗ്രസ്സ് 28 ശതമാനവും ഇറിഗേഷൻ

വകുപ്പിന്റേത് 41 ശതമാനവും അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിന്റേത് 39 ശതമാനവുമാണ്. അതായത് ശരാശരി 40 ശതമാനം മാത്രമാണെന്ന് പറയാം. പല വകുപ്പുമന്ത്രിമാരും പ്രഖ്യാപനം നടത്തി ഉദ്ഘാടനം ചെയ്ത പ്രോജക്ടുകളുടെ 50 മുതൽ 70 ശതമാനവും ഫിനാൻസ്....... ഞാനൊരു കാര്യം ചോദിച്ചോട്ടെ; ഈ നിയമസഭയ്ക്ക് എന്തെങ്കിലും വിലയുണ്ടോ? 31-08-2024-ലെ ധനകാര്യ പ്ലാനിംഗ്(ബി) വകുപ്പിന്റെ ഉത്തരവാണ് എന്റെ കയ്യിലുള്ളത്. നിയമസഭാ സാമാജികർ വോട്ട് ചെയ്ത് ഒരു പ്ലാൻ അംഗീകരിച്ചശേഷം ഒരു എക്സിക്യൂട്ടീവ് ഓർഡർ വഴി, അതായത്, വകുപ്പിന് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തണം..... എല്ലാ മന്ത്രിമാരും സ്വകാര്യമായി നമ്മളോട് പറഞ്ഞിട്ടുള്ള കാര്യമാണിത്. അവരുടെയെല്ലാം വകുപ്പുകൾ പ്രതിസന്ധിയിലാണ്. സമയക്കുറവ് കാരണം ഞാൻ അത്രമാത്രമേ അതിനെക്കുറിച്ച് പറയുന്നുള്ളൂ. ഇതാണ് കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ആധികാരികമായ സർക്കാർ രേഖകൾ സൂചിപ്പിക്കുന്ന ഒരു ചിത്രം. 62 ലക്ഷം പേർക്ക് സാമൂഹികക്ഷേമ പെൻഷൻ നൽകുന്ന ഒരു സംവിധാനം രൂപീകരിച്ചതായി സൂചിപ്പിക്കുന്നുണ്ട്. ആ 62 ലക്ഷം പേരിൽ കേരളത്തിലെ നിർമ്മാണത്തൊഴിലാളികൾ ഉൾപ്പെടുന്നില്ലേ; കേരളത്തിലെ

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ ലഭിക്കാതായിട്ട് ഏകദേശം ഒന്നര വർഷമായി. അതായത്, 18 മാസമായി അവർക്ക് ക്ഷേമപെൻഷൻ ലഭിക്കുന്നില്ല. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും മറ്റ് ഗുരുതര രോഗമുള്ളവരെയും ഒരു മുഴുവൻ സമയപരിചാരകന്റെ സേവനം ആവശ്യമായ കിടപ്പിലായ രോഗികളെയും പരിചരിക്കുന്നവർക്ക് ധനസഹായം ഏർപ്പെടുത്തിയിരിക്കുന്ന പദ്ധതിയാണ് 'ആശ്വാസ കിരണം' . പ്രസ്തുത പദ്ധതിക്കുവേണ്ടി 50 കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചിരിക്കുന്നത്. എന്നാൽ 10 കോടി രൂപ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 19 മാസത്തെ കുടിശ്ശികയുമുണ്ട്. കിടപ്പുരോഗിയെ പരിചരിക്കുന്നതിനാൽ ഇവർക്ക് മറ്റുജോലികൾക്ക് പോകാൻ കഴിയാത്ത സാഹചര്യമാണ്. 19 മാസങ്ങളായിട്ടും ഈ പാവങ്ങൾക്ക് നൽകാനുള്ള തുക അനുവദിക്കാതെ, എന്ത് ഇടതുപക്ഷ രാഷ്ട്രീയത്തെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്; അച്ഛനും അമ്മയും നഷ്ടപ്പെട്ട കുട്ടികൾക്ക് പഠന സഹായം നൽകുന്ന പദ്ധതിയാണ് 'സ്നേഹപൂർവം പദ്ധതി' . പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ അനുവദിച്ചത് 17.5 കോടി രൂപയാണ്. എന്നാൽ നാളിതുവരെ ഇതിന് ഭരണാനുമതി നൽകിയിട്ടില്ല. സമാശ്വാസം പദ്ധതിക്കായി

അനുവദിച്ചത് 6 കോടി രൂപയാണ്. അതിൽ 1.8 കോടി രൂപ മാത്രമാണ് വിതരണം ചെയ്തത്. 'സ്നേഹസ്പർശം' പദ്ധതിക്കുവേണ്ടി 45 കോടി രൂപ അനുവദിച്ചതിൽ 15 കോടി രൂപയാണ് വിതരണം ചെയ്തത്. സാമൂഹികക്ഷേമ പദ്ധതികളുടെ നിലവിലെ അവസ്ഥയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇതിൽ പല പദ്ധതികളും പ്രിയങ്കരനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ, ഡോ. എം. കെ. മുനീർ സാമൂഹികക്ഷേമ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആരംഭിച്ചതാണ്. ഞാനൊരു പത്രവാർത്ത സൂചിപ്പിക്കാം, 'സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി കെ. സുനിൽകുമാർ നാലാം ദിവസത്തെ സത്യാഗ്രഹ സമരം ഉദ്ഘാടനം ചെയ്യുന്നു'. എന്തിനാണ്? അവർക്ക് ശമ്പളം ലഭിക്കാത്തതുകൊണ്ട്. ഇതാണ് വകുപ്പിന്റെ പൊതുവിലുള്ള അവസ്ഥ.

തൊഴിലില്ലായ്മ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ഇവിടെ പ്രതിപക്ഷം അവതരിപ്പിക്കുകയും പ്രതിപക്ഷനേതാവ് സംസാരിക്കുകയും ചെയ്തതാണ്. വനിതാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ഹോൾഡേഴ്സ് കഴിഞ്ഞ ദിവസം എന്നെ കാണാൻ വന്നിരുന്നു. ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷമാണ്. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഒൻപത് മാസമായി. ഒന്നാം റാങ്ക് ലഭിച്ച കുട്ടിയാണ് എന്നെ കാണാൻ വന്നത് അതിനുപോലും ഇതുവരെ ജോലി ലഭിച്ചിട്ടില്ല. എക്സൈസ് റാങ്ക്

ലിസ്റ്റിലെ കുട്ടികളും നിയമനം ലഭിച്ചിട്ടില്ലെന്ന് പറഞ്ഞ് കാണാൻ വരുന്നു. ഇവിടെ ജോലി കൊടുക്കുന്നില്ല. പിന്നെ ഈ സർക്കാരിനെക്കൊണ്ട് ആർക്കാണ് ഇത്രയധികം മെച്ചം?

(ശ്രീ. പി. സി. വിഷ്ണുനാഥ് തുടരും)

P 21-01-2025
NR/SO (2)
2.00-2.10

SM

(ശ്രീ. പി. സി. വിഷ്ണുനാഥ് തുടർച്ച...)

കയർ, കശുവണ്ടി, കൈത്തറി എന്നീ പരമ്പരാഗത മേഖലയിലെ നിലവിലെ സ്ഥിതി എന്താണ്? എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ 83 കശുവണ്ടി ഫാക്ടറികളുണ്ടായിരുന്നു. കൊല്ലത്തുമാത്രം 2,50,000 കശുവണ്ടി തൊഴിലാളികൾ ജോലി ചെയ്തിരുന്നു. അതിൽ 99 ശതമാനവും സ്ത്രീ തൊഴിലാളികളായിരുന്നു. ആ കശുവണ്ടി ഫാക്ടറികൾ മുഴുവൻ അടഞ്ഞുകിടക്കുകയാണ്. അവിടെ തൊഴിലില്ല, ഫാക്ടറികൾ മുഴുവൻ ബാങ്ക് ജപ്തി ചെയ്യുകയാണ്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. അല്ലെങ്കിൽ ഇതുമുഴുവൻ ജപ്തി ചെയ്തുകൊണ്ട് പോകുന്ന സ്ഥിതിയാണ്. കേന്ദ്ര വിവേചനക്കുറിച്ച് നിങ്ങൾ പറയുമ്പോൾ ഞങ്ങളും നിങ്ങളുടെകൂടെ നിൽക്കാറുണ്ട്. പക്ഷേ

നിങ്ങളെന്താണ് ചെയ്യുന്നത്. ഗ്രാമീണ റോഡുകളുടെ പ്രൊപ്പോസൽ നമ്മുടെ കയ്യിൽനിന്നും വാങ്ങിച്ചു. ഒരു മന്ത്രിയുടെ ഫേസ് ബുക്ക് പോസ്റ്റ് ഇന്നലെ കണ്ടു, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ എട്ടുകോടി രൂപ അനുവദിച്ചുയെന്ന്. പക്ഷേ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് 4 കോടി രൂപയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് മൂന്നുകോടി രൂപയുമൊക്കെയാണ് ലഭിച്ചത്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ അന്നത്തെ എം.എൽ.എ.-മാരുടെ സ്ഥിതി, ഇപ്പോഴത്തെപ്പോലെ 99 സീറ്റ് എൽ.ഡി.എഫ്-നും 41 സീറ്റ് യു.ഡി.എഫ്-നും ആയിരുന്നില്ല. അന്ന് 68 സീറ്റ് എൽ.ഡി.എഫ്.-നും 72 സീറ്റ് യു.ഡി.എഫ്-നും ആയിരുന്നു. 68 എം.എൽ.എ.-മാർ പ്രതിപക്ഷത്തുണ്ടായിരുന്ന സമയത്ത് ആസ്തി വികസന ഫണ്ട് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് അഞ്ചുകോടി രൂപവച്ച് 140 എം.എൽ.എ.-മാർക്ക് കൊടുക്കാനാണ് തീരുമാനിച്ചത്. വേണമെങ്കിൽ അന്ന് അങ്ങനെയൊരു പദ്ധതി ആവിഷ്കരിക്കാതെ രണ്ടുകോടി രൂപ പ്രതിപക്ഷത്തിനും മൂന്ന് കോടി രൂപ ഭരണപക്ഷത്തിനും തീരുമാനിക്കാമായിരുന്നല്ലോ. അത്തരം വിവേചനങ്ങൾ പാടില്ല. ഇവിടെ ദേശീയപാത നടപ്പിലാക്കിയത് ഒരാളുടെയും ചങ്കുറ്റവും നെഞ്ചൂക്കും കൊണ്ടൊന്നുമല്ല. ഒരു നെഞ്ചൂക്കും പ്രദർശിപ്പിക്കാതിരുന്ന സൗമ്യനായ ഒരു ഭരണാധികാരി 2013-ൽ

ഭൂമിയേറ്റെടുക്കൽ നിയമം പാസ്സാക്കിയതുകൊണ്ടാണ്. അന്ന് ശ്രീ. വി. എസ്. അച്യുതാനന്ദനും ഉമ്മൻ ചാണ്ടിയും അടക്കമുള്ള സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെക്കണ്ട് ജനങ്ങളുടെ സമരമാണെന്നും മുന്നോട്ടുപോകരുതെന്നും റോഡിന്റെ വീതി കുറയ്ക്കണമെന്നും ആവശ്യപ്പെട്ടതാണ്. അവിടെനിന്നും ഞങ്ങളുടെ വീടിന്റെ അടുത്തുകൂടി റോഡ് പോകണമെന്ന് ജനങ്ങൾ ആവശ്യപ്പെടാൻ തുടങ്ങിയത് 2013-ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act ഇന്ത്യൻ പാർലമെന്റിൽ മൻമോഹൻ സിങ് പാസ്സാക്കിയതുകൊണ്ടാണ്. ആറായിരം കോടി രൂപയുടെ വിഴിഞ്ഞം പദ്ധതി റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്ന് പറഞ്ഞ് അന്നത്തെ മുഖ്യമന്ത്രിക്കെതിരെ ആറായിരം കോടിയുടെ അഴിമതി അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി ആരോപിച്ചു. ദേശാഭിമാനി പത്രം 'കടൽ കൊള്ള' എന്ന ബാനർ ഹെഡിങ്ങും കൊടുത്തു. ഇപ്പോൾ നിങ്ങൾ അതിനെയെല്ലാം ഏറ്റെടുക്കുന്നത് നല്ലതുതന്നെ. നമ്മൾ ഒന്നും പറയുന്നില്ല.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും യോഗം വിളിച്ചപ്പോൾ ഇന്നത്തെ മുഖ്യമന്ത്രിയായ അന്നത്തെ സി.പി.ഐ.(എം)-ന്റെ സംസ്ഥാന

സെക്രട്ടറി എല്ലാ നിലയിലുമുള്ള പിന്തുണയും നൽകിയതാണ്. ഇക്കാര്യം മിനിറ്റ്സിലുണ്ട്, വാർത്തയായതാണ്. അന്ന് ഇത് അടച്ചുപൂട്ടിയതാണ്. ഈ പദ്ധതി യു.ഡി.എഫ്. ഭരിക്കുമ്പോൾ ഉപേക്ഷിച്ചുപോയ പദ്ധതിയാണ്. നിങ്ങൾ എന്തുപറഞ്ഞാലും പുള്ളിമാന്റെ പുള്ളി തേച്ചുമാച്ച് കളഞ്ഞാലും പോകില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അന്നത്തെ പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയുംകൂടി മൻമോഹൻ സിങിനെ കാണാൻ പോയ സർവ്വകക്ഷി സംഘത്തെക്കുറിച്ച് നമുക്കറിയാം. സി.പി.ഐ.(എം) അടക്കം പ്രാദേശികമായി ചെയ്തുകൊണ്ടിരുന്ന സമരങ്ങൾ അവസാനിച്ചത് ആ ബിൽ പാസ്സായതുകൊണ്ടാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷനെ വച്ചത് എന്തിനാണ്? ഉമ്മൻ ചാണ്ടിയുടെ വിഴിഞ്ഞം അഴിമതി അന്വേഷിക്കാനല്ലേ; എന്നിട്ട് എന്തെങ്കിലും കിട്ടിയോ? നിങ്ങളുടെ അന്നത്തെ അഴിമതി ആരോപണം ഭയന്ന് ഉമ്മൻ ചാണ്ടി ആ പദ്ധതിയിൽനിന്നും പിന്മാറിയിരുന്നെങ്കിൽ വിഴിഞ്ഞം ഇന്ന് ഉണ്ടാകുമായിരുന്നോ; ഉണ്ടാകുമായിരുന്നില്ല. ഇത് മനുഷ്യത്വവിരുദ്ധമായ രാഷ്ട്രീയമാണ്. ഇവിടെ ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ വിജയിച്ചുവന്നു. കഴിഞ്ഞ ജനവരി 17-ാം തീയതി ജയിലിൽപ്പോയി ഞാൻ അദ്ദേഹത്തെ

സ്വീകരിച്ചതാണ്. ഈ ഗവൺമെന്റ് അദ്ദേഹത്തെ വെളുപ്പാൻകാലത്ത് അറസ്റ്റുചെയ്ത് ജയിലിൽ അടച്ചു. 2025 ജനുവരി 17-ാം തീയതി അദ്ദേഹത്തിന്റെ കൈ പിടിച്ച് ഞങ്ങൾ എല്ലാവർക്കുംവേണ്ടി നിയമസഭയിലേക്ക് കൊണ്ടുവരാനുള്ള ഭാഗ്യം എനിക്കുണ്ടായി. നിങ്ങൾ ആ തിരഞ്ഞെടുപ്പിൽ ചെയ്തതൊന്നും ഞാൻ പറയുന്നില്ല. നേരത്തെ ശ്രീ. ടി. സിദ്ദിഖ് പറഞ്ഞു, ശ്രീ. എ. വിജയരാഘവൻ കേരളത്തിൽ പ്രസംഗിച്ചതിന്റെ പ്രതിധ്വനിയല്ലേ മഹാരാഷ്ട്രയിൽ ശ്രീ. നിതേഷ് റാണെയിൽനിന്നും നമ്മൾ കേട്ടത്. മുസ്ലീം സമുദായത്തെ അധിക്ഷേപിച്ചുകൊണ്ട് അപകടകരമായ രാഷ്ട്രീയം ആരെ സുഖിപ്പിക്കാനാണ് കേരളത്തിൽ സി.പി.ഐ.(എം)-ന്റെ നേതാക്കന്മാർ മുന്നോട്ടുവയ്ക്കുന്നത്. പെരിയ ഇരട്ടക്കൊലക്കേസ് പ്രതികളെ സ്വീകരിക്കുന്നത്, അവർക്ക് കേസ് നടത്താൻ പിരിവ് നടത്തുന്നത്; ഫസൽ വധക്കേസിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് സംശയിക്കപ്പെടുന്ന സലീം എന്ന സി.പി.ഐ.(എം) നേതാവിന്റെ കൊലപാതകത്തിൽ സി.പി.ഐ.(എം)-ന് പങ്കുണ്ടെന്ന് അദ്ദേഹത്തിന്റെ പിതാവായ യൂസഫ് പറയുന്നത്, നവീൻ ബാബുവിന്റെ കൊലപാതകത്തിൽ ആരോപണവിധേയരായവരെ ജയിലിൽ മാലയിട്ട് പാർട്ടി സെക്രട്ടറിയുടെ ബന്ധുക്കൾ സ്വീകരിക്കുന്നത്, ടി.പി. ചന്ദ്രശേഖരൻ കൊലക്കേസ് പ്രതികൾക്ക് സൗജന്യങ്ങൾ ലഭിക്കുന്നത്.....

ആ മനുഷ്യത്വവിരുദ്ധമായ രാഷ്ട്രീയം കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയെക്കുറിച്ച് ചർച്ചയുണ്ടാകുന്നത്, യു.ഡി.എഫ്.-ന്റെ മുഖ്യമന്ത്രിയെക്കുറിച്ച് ചർച്ചയുണ്ടാകുന്നത് ഇനി യു.ഡി.എഫ്.-ന്റെ മുഖ്യമന്ത്രിയുണ്ടാകുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ്. കേരളത്തിലെ അവസാനത്തെ ഇടതുപക്ഷ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണെന്ന് അവർക്കെല്ലാവർക്കും അറിയാവുന്നതുകൊണ്ടാണ് ആ വഴിക്ക് ചർച്ച പോകാത്തതെന്ന് പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുകയാണ്.

(ശ്രീ. ഡി. കെ. മുരളി)

P 21-01-2025
NR/SO (2)
2.00-2.10

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ ഉപക്ഷേപത്തെ അനുകൂലിക്കുകയാണ്. ഈ നയപ്രഖ്യാപനത്തിലൂടെ കേരളത്തിന്റെ നേട്ടങ്ങൾ എണ്ണിപ്പറഞ്ഞുകൊണ്ടും ഇനി കേരളം എങ്ങോട്ടാണ് കുതിക്കേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ടും കേരളത്തിന് ഒരു ദിശാബോധം സൃഷ്ടിച്ചിരിക്കുകയാണ്. കേരളം വലിയ പ്രയാസങ്ങളെ

അഭിമുഖീകരിച്ചുകൊണ്ടാണ് ഇന്നിപ്പോൾ ഈ നിലയിൽ നിൽക്കുന്നത്. സമാനതകളില്ലാത്ത പ്രയാസങ്ങളാണ് കേരളത്തിന് ഈ കാലയളവിൽ നേരിടേണ്ടി വന്നത്. കൊവിഡ്-19 ലോകത്ത് എല്ലായിടത്തും വന്നു. പ്രളയം, ഓഖി ഇതിന്റെയൊക്കെ ദുരന്തങ്ങൾ ചെറുതല്ലെന്നുള്ളത് ഏത് മലയാളിക്കാണ് അറിയാത്തത്; ഇതൊക്കെ സൃഷ്ടിച്ച പ്രതിസന്ധികൾ ആർക്കാണ് അറിയാത്തത്? ഇതിനെയൊക്കെ ഭംഗിയായി അതിജീവിക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിൽ ഒരു പുതിയ സംസ്കാരം തന്നെ വളർന്നുവന്നിരിക്കുകയാണ്. ഏത് പ്രതിസന്ധികളെയും അതിജീവിക്കാനുള്ള കെൽപ്പ് കേരളം നേടിയെടുത്തിട്ടുണ്ട്. അതിനുകഴിഞ്ഞത് 2016-ൽ അധികാരത്തിൽവന്ന സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇവിടെ ഭരിക്കുന്നതുകൊണ്ടാണ്, അവർക്ക് ഈ കേരളത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ളതുകൊണ്ടാണ്. ബഹുമാന്യനായ ശ്രീ. എൻ. എ. നെല്ലിക്കുന്നും ശ്രീ. പി. സി. വിഷ്ണുനാഥുമൊക്കെ ഇറുക്കെ കണ്ണടച്ചുപിടിച്ചാൽ കേരളത്തിലാകെ ഇരുട്ടായിപ്പോകുമോ? ഒരു ഭരണം 2011 മുതൽ 2016 വരെ ഇവിടെയുണ്ടായിരുന്നു. അന്നത്തെ അനുഭവങ്ങളും ഇന്നത്തെ അനുഭവങ്ങളും തമ്മിൽ താരതമ്യം ചെയ്ത് നോക്കൂ. കേരളത്തിലെ പട്ടയത്തെ സംബന്ധിച്ച്

ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീമതി ജമീല പ്രകാശം, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. സി. കെ. നാണു, ശ്രീ. ജോസ് തെറ്റയിൽ എന്നിവരുടെ ചോദ്യത്തിന് 2016-ൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് നൽകിയ മറുപടിയാണ്, ചോദ്യം ഇതായിരുന്നു, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് പുതിയതായി പട്ടയം നൽകി? മറുപടി വിവരം ശേഖരിച്ചുവരുന്നു എന്നായിരുന്നു. അതേ ചോദ്യം ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. എസ്. രാജേന്ദ്രൻ, ശ്രീ. കെ. കുഞ്ഞിരാമൻ എന്നിവർ ചോദിച്ചപ്പോൾ അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ മറുപടി, സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് 43,437 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ടെന്നാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ 1,80,000 ആളുകൾക്ക് കേരളത്തിൽ പട്ടയം നൽകി സ്വന്തമായി ഭൂമി കിട്ടിയെന്നത് കേരളത്തിന്റെ വികസന നേട്ടമല്ലേ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നത് കേട്ടു, പി.ഡബ്ല്യു.ഡി. പരാജയമാണെന്നും റോഡുകളെല്ലാം കുണ്ടും കുഴിയുമാണെന്ന്. അദ്ദേഹം സാധാരണഗതിയിൽ കാസർഗോഡ് നിന്ന് ട്രെയിനിലും കണ്ണൂരിൽനിന്ന് ഫ്ലൈറ്റിലും വരുന്നുയെന്നാണ് ഞാൻ കരുതുന്നത്. യാദൃശ്ചികമായി ചിലപ്പോൾ

ദേശീയപാതയിൽ കൂടിയും വന്നുകാണും. അങ്ങനെവന്ന കൂട്ടത്തിൽ ചിലയിടത്തെല്ലാം കുണ്ടും കുഴിയുമുണ്ട്, അത് ആ റോഡിന്റെ പണി നടക്കുന്നതുകൊണ്ടാണ്, ദേശീയപാതയുടെ വികസനം പുരോഗമിക്കുന്നതുകൊണ്ടാണ്. തിരുവനന്തപുരത്ത് കോർപ്പറേഷൻ പരിധിക്കകത്ത് സ്മാർട്ട് സിറ്റിയുടെ ഭാഗമായി റോഡ് നവീകരണം നടന്നുകൊണ്ടിരിക്കുമ്പോൾ എന്തൊരു ബഹളമായിരുന്നു. മാധ്യമങ്ങളിലാകെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും പ്രത്യക്ഷ സമരത്തിനൊക്കെ വന്നു. ഇന്ന് ആ തിരുവനന്തപുരം നഗരത്തിലൊന്ന് സഞ്ചരിച്ച് നോക്കണം, റോഡുകളൊക്കെ ഭംഗിയായി. റോഡിന്റെ പണി നടക്കുമ്പോൾ, വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ കുറച്ച് പ്രയാസങ്ങളുണ്ടാകും. പക്ഷേ അത് കേരളത്തിലുള്ളവർക്ക് മനസ്സിലാകും. പി.ഡബ്ല്യൂ.ഡി. റോഡുകൾ അറുപതു ശതമാനവും BM&BC അനുസരിച്ച് ആധുനികവൽക്കരിച്ച നാടാണ് ഇന്ന് കേരളം. അതുംകൂടി അദ്ദേഹം മനസ്സിലാക്കണം. യു.ഡി.എഫ്.-ന്റെ കാലത്ത് മുസ്ലീം ലീഗിനായിരുന്നല്ലോ പൊതുമരാമത്തിന്റെ ഭരണം. അന്നത്തെ സ്ഥിതി എന്തായിരുന്നുയെന്ന് ഓർത്ത് നോക്കൂ. പാലാരിവട്ടം പാലത്തെക്കുറിച്ച് ഞാൻ പറയണോ; ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കോട്ടയം ടൗണിനെക്കുറിച്ചും ഞാൻ പറയണോ? ഞാൻ ശ്രീ. തിരുവഞ്ചൂർ

രാധാകൃഷ്ണനെ കുറ്റപ്പെടുത്തി പറയുന്നതല്ല, എനിക്ക് ബഹുമാനമുള്ള നേതാവാണ്. നല്ല ഉദ്ദേശ്യത്തിൽ കൊണ്ടുവന്നതായിരിക്കും, പറ്റിപ്പോയതാണ്. അന്ന് യഥാർത്ഥത്തിൽ കുഴികളുടെ കാലമായിരുന്നു. ഒരു പക്ഷേ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ ഓർമ്മയിൽനിന്ന് ആ കാലം മാഞ്ഞുപോകുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ അക്കാര്യം പറയുന്നത്.

(തുടരും)

P 21-01-2025
HS/SO -(1)
02.10-02.20

(ശ്രീ. ഡി. കെ. മുരളി തുടർച്ച)

പരാതികളെ സംബന്ധിച്ച് പറഞ്ഞു. 'ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണ്' എന്ന ബോർഡ് പലയിടത്തും സ്ഥാപിക്കുന്നുണ്ട്. അതിന് ഗുണമുണ്ട്. അവിടെ ടെലിഫോൺ നമ്പർ എഴുതിവച്ചിട്ടുണ്ട്. അതിലൂടെ ജനങ്ങൾ പരാതി പറയുന്നുണ്ട്. ആ പരാതിയിൽ 90 ശതമാനത്തിനും പരിഹാരം കാണുന്നുണ്ട്. അതാണ് ഇന്ന് കേരളത്തിന്റെ അവസ്ഥ. DLP (Defects Liability Period)-ക്ക് വേണ്ടി running contractor-മാരെ ഏൽപ്പിക്കുന്നതിന്റെ ഗുണഫലം നമുക്ക് ലഭിക്കുകയാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഇത്തരം

യോഗങ്ങൾ കൂടികൊണ്ട്, ഇദ്ദേഹത്തിന്റെ മണ്ഡലത്തിൽ എന്ത് സംഭവിക്കുന്നുവെന്ന് എനിക്ക് അറിഞ്ഞുകൂടാ? ഇത്തരം പരാതികൾ പി.ഡബ്ല്യു.ഡി.-യുടെ ശ്രദ്ധയിൽകൊണ്ടുവന്നാൽ സമയബന്ധിതമായി പരിഹരിച്ച് മുന്നോട്ടുപോകുകയാണ്. ഇതെല്ലാം കണ്ടില്ലെന്ന് നടിച്ചാൽ നിങ്ങളെ ജനങ്ങൾ കുറ്റപ്പെടുത്തുമെന്ന് മാത്രമേ എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളൂ.

വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. ഇന്ന് ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് തല ഉയർത്തിപ്പിടിച്ച് നിൽക്കാൻ നമുക്ക് സാധിക്കുന്നില്ലേ? കേരളത്തിൽ 2016-നുമുമ്പ് സ്കൂളുകൾ അടച്ചുപൂട്ടുന്ന സ്ഥിതിയായിരുന്നു. മൂന്ന് സ്കൂളുകളാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചത്. ആ സ്കൂളുകൾ ഉൾപ്പെടെ തുറന്ന് പ്രവർത്തിപ്പിച്ചുകൊണ്ടാണ് പുതിയ വിദ്യാഭ്യാസ നയം/പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം 2016-ലെ ഒന്നാം പിണറായി ഗവൺമെന്റ് ആരംഭിച്ചത്. അതിന് വലിയ പുരോഗതിയല്ലേ ഉണ്ടായത്; കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം ഒട്ടേറെ മെച്ചപ്പെട്ടിട്ടില്ലേ; നല്ല കെട്ടിടങ്ങൾ വന്നില്ലേ; സ്മാർട്ട് ക്ലാസ് റൂമുകൾ വന്നില്ലേ; ഇന്ന് നമുക്ക് ഹൈടെക് വിദ്യാഭ്യാസം പുതിയ തലമുറയ്ക്ക്, സാധാരണ ജനങ്ങളുടെ വീട്ടിലെ

കുട്ടികൾക്ക് നൽകാൻ സാധിക്കുന്നില്ലേ; സമയത്ത് പാഠപുസ്തകം നൽകുന്നില്ലേ; പരീക്ഷ നടത്തുന്നില്ലേ; ഈ നിലയിൽ പരിശോധിച്ചാൽ വിദ്യാഭ്യാസ രംഗത്തെ പുരോഗതി നിങ്ങൾ കണ്ടില്ലെന്ന് നടിച്ചാൽ എന്താണ് ചെയ്യാൻ സാധിക്കുന്നത്?

കലോത്സവംപോലും പരാതിയില്ലാതെ ഇപ്പോൾ നടത്താൻ സാധിക്കുന്നുണ്ട്. എല്ലാവരുടെയും സഹകരണമുണ്ടായിരുന്നു. ഇപ്പോൾ തിരുവനന്തപുരത്താണ് നടന്നത്. ഞങ്ങളെല്ലാം ഉണ്ടായിരുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നല്ല പ്രവർത്തനം നടത്തിയും സുതാര്യമായും ജനാധിപത്യപരമായും സംഘാടന പ്രവർത്തനം നടത്തിയും ഒരു പരാതിയുമില്ലാതെ കേരളത്തിൽ കലോത്സവം നടത്താൻ സാധിച്ചു. എ.ഐ. (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സങ്കേതികവിദ്യ പുതിയ തലമുറ പരിചയപ്പെട്ടുവരികയാണ്. നിങ്ങൾ പ്രശ്നമുണ്ടാക്കാനും ബഹളമുണ്ടാക്കാനും വരാതിരുന്നാൽ എല്ലാ സുഗമമായി കേരളത്തിൽ നടക്കും. അതിന്റെ സമീപകാലത്തെ ഉദാഹരണമാണ് ശബരിമല. ശബരിമല തീർത്ഥാടനം കഴിഞ്ഞല്ലോ, എന്തെങ്കിലും പരാതിയുണ്ടായിരുന്നോ? കൂടുതൽ ആളുകൾ തീർത്ഥാടനത്തിന് വന്നില്ലേ? കൊടി ഉപേക്ഷിച്ചുകൊണ്ട് നിങ്ങളും കൊടി ഉയർത്തി ബി.ജെ.പി.-യും സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ

വിശ്വാസ സമൂഹത്തിൽനിന്ന് ഇടതുപക്ഷത്തെ ഒറ്റപ്പെടുത്താമെന്നുള്ള വ്യാമോഹത്തിൽ സമരത്തിന് ഇറങ്ങിപ്പോഴുണ്ടായ പ്രശ്നമായിരുന്നു മുമ്പ് ശബരിമലയിലുണ്ടായത്. ഇടതുപക്ഷക്കാർ വിശ്വാസികളെ സംരക്ഷിക്കുന്നവരാണെന്ന് ജനങ്ങൾക്ക് മനസ്സിലായി. വർഗീയതയെ ചെറുക്കുകയല്ലാതെ വിശ്വാസികളെ കൂടെ നിർത്താൻ നിലപാടെടുക്കുന്ന ഒരു പ്രസ്ഥാനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. ആ പ്രസ്ഥാനമാണ് കേരളത്തിൽ ഭരിക്കുന്നത്. മുഖ്യമന്ത്രിയെ വാഴ്ത്തുന്നുവെന്നുള്ള ആരോപണവും ആക്ഷേപവുമാണ് നിങ്ങൾ ഉയർത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. ടി. സിദ്ദിഖ് പ്രതിപക്ഷ നേതാവിനെ വാതോരാതെ വാഴ്ത്തുന്നുണ്ട്. ഞങ്ങൾ അദ്ദേഹത്തെ കുറ്റം പറയുന്നില്ല. പക്ഷെ മുഖ്യമന്ത്രിക്കുനേരെ നിങ്ങൾ നടത്തുന്ന വ്യക്തിപരമായ വേട്ടയാടൽ എന്ന് തുടങ്ങിയതാണ്; എത്രയെത്ര ആരോപണങ്ങളാണ് കൊണ്ടുവന്നത്; അതെല്ലാം വെറും പുകമറ സൃഷ്ടിക്കുകയായിരുന്നില്ലേ; എന്തെങ്കിലും തെളിവ് കണ്ടെത്താൻ സാധിച്ചോ; ആളുകളെ കണ്ടെത്തിയോ; ആരെയെല്ലാം കൊണ്ട് അന്വേഷിപ്പിക്കാൻ നോക്കി? കേരളത്തിൽ ഇങ്ങനെ വേട്ടയാടപ്പെടുന്ന നേതാവ് കേരളത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും പുരോഗതിക്കുവേണ്ടിയും ചങ്കുറ്റത്തോടെ നയിക്കുന്നതുകൊണ്ടാണ് കേരളത്തിന് ഈ അഭിവൃദ്ധിയുണ്ടാകുന്നത്.

അങ്ങനെ വരുന്ന ആളെ നിങ്ങൾ വേട്ടയാടുമ്പോൾ കുറച്ചൊന്ന് പാടിപുകഴ്ത്തിയെന്ന് വരും. അതിന് ഇത്ര വേവലാതി എന്തിനാണ്? പിണറായി വിജയനെ അംഗീകരിക്കുന്ന വലിയ സമൂഹം കേരളത്തിലുണ്ടെന്നത് നിങ്ങൾ മറന്നുപോകരുത്. അത് അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ്. കേരളത്തിന് ഒരു പ്രതിസന്ധിയുണ്ടായാലും അപകടമുണ്ടായാലും വ്യക്തികൾക്ക് അപകടമുണ്ടായാലും അദ്ദേഹത്തിന്റെ നേതൃത്വപാടവവും മാനവികതയും അവിടെ ഉയർന്നുകാണും. നിങ്ങൾ പലരോടും ചോദിച്ചാൽ അത് മനസ്സിലാകും. അതുകൊണ്ടാണ് നിങ്ങളുടെ വേട്ടയാടലുകളും പത്രമാധ്യമങ്ങളിലൂടെയുള്ള പ്രചാരവേലകളും നടക്കുമ്പോൾ അതല്ല സഖാവ് പിണറായി വിജയനെന്ന് ചിലരെങ്കിലും പറഞ്ഞുപോകുന്നത്. അതിൽ നിങ്ങൾ അസ്വസ്ഥപ്പെട്ട് നടക്കുന്നുവെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മൂല്യം ചോരുന്നുവെന്നും പറയേണ്ടതില്ല. ഒരു വ്യക്തിപൂജയെയും അംഗീകരിച്ച് മുന്നോട്ടുപോകുകയോ വ്യക്തിപൂജയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും ആനുകൂല്യങ്ങൾ നേടാൻ സാധിക്കുന്നതോ അല്ല കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും ഇടതുപക്ഷ ഭരണവുമെന്ന് മനസ്സിലാക്കിയാൽ മതി. നിങ്ങൾ പ്രചാരണം നടത്തുമ്പോൾ കേരളത്തിൽ കടുത്ത പ്രതിസന്ധി സൃഷ്ടിക്കാൻ നടത്തുന്ന

കേന്ദ്ര ഗവൺമെന്റിന്റെ പരിശ്രമങ്ങളെ അപലപിക്കുന്നുണ്ടോ? ഇപ്പോൾ വില്ലേജ് റോഡുകളുടെ പുനരുദ്ധാരണ ജോലി ആരംഭിച്ചപ്പോൾ കുറഞ്ഞുപോയിയെന്ന് പരാതി പറയുകയാണ്. കേരളം എന്ന സംസ്ഥാനത്തെ ശത്രുതാ മനോഭാവത്തോടുകൂടിയല്ലേ കേന്ദ്രം കാണുന്നത്? പത്താം ധനകാര്യ കമ്മീഷന്റെ വിഹിതം 3.875 ശതമാനമായിരുന്നു നമുക്ക് ലഭിച്ചത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിഹിതം 1.92 ശതമാനമാണ്. ഈ വെട്ടിക്കുറവ് കേരളത്തിലെ ജനങ്ങളെയാണ് ബാധിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവരല്ലേ പ്രതിപക്ഷം? ഞങ്ങൾ സമരത്തിൽ പങ്കെടുക്കാമെന്ന് നിങ്ങൾ പറയുന്നു. ഏത് സമരത്തിൽ നിങ്ങൾ പങ്കെടുത്തു? മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ സമരം നടത്തി. ഇന്ത്യാ മുന്നണിയിലെ പലരുംവന്ന് അതിനെ അഭിവാദ്യം ചെയ്ത് പിന്തുണ പറഞ്ഞു. നിങ്ങൾ വന്നോ; നിങ്ങളെ വിളിച്ചില്ലേ? എം.പി.-മാരെല്ലാം ചേർന്ന് നിവേദനം നൽകാൻ നിങ്ങളോട് അഭ്യർത്ഥിച്ചു. നിങ്ങൾ സഹകരിച്ചോ; നിങ്ങൾ കരുതുന്നത് എന്താണ്? കേരളം നശിക്കട്ടെ. കേരളത്തിലെ ജനങ്ങൾക്ക് മുമ്പിൽ നിങ്ങൾ വെല്ലുവിളിക്കുകയാണ്. അതിൽ ബി.ജെ.പി.-യും നിങ്ങളും തമ്മിൽ ഒരു വ്യത്യാസവുമില്ല. എന്റെ നാട്ടിൽ പണ്ട് രണ്ട് ചട്ടമ്പിമാരുണ്ടായിരുന്നു. മേലെമുക്കിൽനിന്ന് ഒരാളും കീഴെ

മുക്കിൽനിന്ന് മറ്റൊരാളും ഭരണം തുടങ്ങും. മേലെ മുക്കിൽനിന്ന് ജംഗ്ഷൻ വരെയുള്ള കടകളുടെയും മറ്റും ചുമതല ഒരാൾക്കും കീഴെമുക്കിൽനിന്നുള്ള ചുമതല മറ്റൊരാൾക്കുമായിരുന്നു. ഇവരെകൊണ്ടാണ് ഓരോ തെരുവും സംരക്ഷിക്കപ്പെടുന്നതെന്നാണ് ആളുകൾ ധരിച്ചുവച്ചിരിക്കുന്നത്. രണ്ടുപേരും രണ്ട് സമയത്താണ് ഭരണം മുഴുവൻ നടത്തുന്നത്. യാദൃശ്ചികമായി ഒരു ദിവസം ഒരേസമയത്ത് രണ്ടുപേരുംകൂടി കവലയിൽ വന്നു. ജനങ്ങൾ അന്തംവിട്ട് നോക്കിനിൽക്കുകയാണ്. ഇപ്പോൾ രക്തചൊരിച്ചിൽ നടക്കും, രണ്ടുപേരും കത്തിയൂരി മുഖത്തോട് മുഖം നോക്കി 'അളിയാ' എന്നുപറഞ്ഞ് കെട്ടിപ്പിടിച്ചു. പിന്നെ രണ്ടുപേരും ചേർന്നാണ് ജനത്തെ വെല്ലുവിളിക്കുന്നത്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ഇതാണ് സ്ഥിതി. ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഇത്തരത്തിൽ ഒന്നിച്ചുനിന്ന് തോളോടുതോൾ ചേർന്നുനിൽക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങളെ വെല്ലുവിളിക്കുകയും കേരളത്തിന്റെ വികസനത്തെയും അഭിവൃദ്ധിയെയും തടസ്സപ്പെടുത്തുകയും ചെയ്യുകയാണ്. ഇതിനെതിരായുള്ള സമീപനമാണ്, അതിനുതകുന്ന നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. അതുകൊണ്ട് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ വീണ്ടും അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ജനുവരി മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.18-ന് പിരിഞ്ഞു.)

*************